# കിനാനൂർ - കരിന്തളം ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

# സമഗ്രവികസന രേഖ-'96

അധികാരം ജനങ്ങളിലേക്ക്



METRO.

2

**ജനകീയ ആസൂത്രണ സംരംഭത്തിന് ആശംസകൾ:**

**ജനകീയ സഹകരണത്തോടെ**

**വിജയവീഥിയിലേക്ക്**

ഫോൺ : 795340

**സഹകരണ ബേങ്കിംഗ് രംഗത്തെ പഞ്ചായത്തിലെ ഒന്നാം നിര സ്ഥാപനം**

# കരിന്തളം സർവ്വീസ് സഹകരണബേങ്ക്

**N. F. F. 109**

## കരിന്തളം

**നിരവധി കാർഷിക - കാർഷികേതര വായ്പാ പദ്ധതികൾ**
**വളം, തുണി വിൽപ്പന ഡിപ്പോകൾ, കൊപ്ര**
**റബർ സംഭരണ ഡിപ്പോകൾ**

പ്രസിഡണ്ട്:
**കെ. ലക്ഷ്മണൻ**

സെക്രട്ടറി:
**ശാന്തകുമാരി പി. വി.**

152-8

000 3

ഒമ്പതാം പദ്ധതി - ജനകീയ പദ്ധതി

കിനാനൂർ-കരിന്തളം ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസന രേഖ - 1996

ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

1996 നവമ്പർ 23ന് ശനിയാഴ്ച

**കുമ്പളപ്പള്ളി കരിമ്പിൽ ഹൈസ്ക്കൂളിൽ.**

# കിനാനൂർ-കരിന്തളം
# ഗ്രാമ പഞ്ചായത്ത്

## ലൊക്കേഷൻ മാപ്പ്





കിനാനൂർ-കരിന്തളം ഗ്രാമ
പഞ്ചായത്ത്. വിസ്തീർണ്ണം 77.49 [ച:കി:മീ]
സൂചന
പഞ്ചായത്ത്-അതിരുകൾ
വാർഡ് അതിരുകൾ
ടാർ റോഡുകൾ
ടാർചെയ്യാത്ത റോഡുകൾ
തോടുകൾ-ചാലുകൾ
പുഴ
വനം
വ
പ
കി
തെ
കയ്യൂർ-ചീമേനി പഞ്ചായത്ത്

8



"എല്ലാവരുടേയും അത്യാവശ്യം നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടേയും ദുരയെ തൃപ്തിപ്പെടുത്താൻ വിഭവങ്ങളില്ലതാനും"

- ഗാന്ധിജി -

# ഇപ്പോഴത്തെ പഞ്ചായത്തംഗങ്ങൾ - 1995 ഒക്ടോബർ 2 മുതൽ



ശ്രീ പി. വി. ചന്ദ്രൻ
വൈസ് പ്രസിഡണ്ട്



ശ്രീ. കെ വി. കുഞ്ഞിരാമൻ നായർ
പ്രസിഡണ്ട്



ശ്രീമതി . വി. എൻ. ലീലാമ്മ ടീച്ചർ
സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേർസൻ



ശ്രീ. പി. നാരായണൻ



ശ്രീമതി. ടി. വി. കാർത്യായനി



ശ്രീ. ഭാസ്കരൻ പള്ളത്താൻ



ശ്രീ. കെ. കുഞ്ഞിനാരായണൻ



ശ്രീമതി. പി. നാരായണിയമ്മ



ശ്രീമതി. വി. കുഞ്ഞുമാണി



ശ്രീ. ടി. അബ്ദുൾ റഹിമാൻ

# വിഷയ വിവരം


1. ആമുഖം
2. പൊതു സ്ഥിതി വിവരങ്ങൾ
3. സാമൂഹ്യ സാംസ്കാരിക ചരിത്രം
4. ഭൂപ്രകൃതി, ജനപ്രകൃതി, ജല പ്രകൃതി, ജൈവ പ്രകൃതി
5. സാമൂഹ്യ സാമ്പത്തിക മേഖല
    1. കൃഷിയും ജലസേചനവും
    2. മൃഗ പരിപാലനം, മത്സ്യ ബന്ധനം
    3. വ്യവസായം
    4. വിദ്യാഭ്യാസം
    5. പൊതുജനാരോഗ്യവും, കുടിവെള്ളവും
    6. ഗതാഗതം, ഊർജം, മാർക്കറ്റ്
    7. പാർപ്പിടവും, സാമൂഹ്യക്ഷേമവും
    8. സംസ്കാരം
    9. വനിത
    10. സഹകരണം
    11. പട്ടിക ജാതി - പട്ടിക വർഗ ക്ഷേമം
    12. വിഭവ സമാഹരണം
6. ഉപസംഹാരം

# മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാർ



ശ്രീ. കെ. ചിണ്ടൻ (1956-62)
ചീമേനി വില്ലേജ് പഞ്ചായത്ത്



ശ്രീ. കരിമ്പിൽ കുഞ്ഞമ്പു (1956-62)
കരിന്തളം വില്ലേജ് പഞ്ചായത്ത്
കിനാനൂർ കരിന്തളം പഞ്ചായത്ത് (1962-79)



ശ്രീ. പുതിയ പറമ്പൻ കുഞ്ഞിരാമൻ (1956-62)
കിനാനൂർ വില്ലേജ് പഞ്ചായത്ത്



ശ്രീ. പി. വി അമ്പൂഞ്ഞി (1979-88)



ശ്രീ. കെ. പി. നാരായണൻ (1988-95)

# ആമുഖം

മാനവ നാഗരികതയുടെ ഹരിത ഭൂമികളിൽ സഹസ്ര കിരണങ്ങളോടെ ജ്വലിച്ചുനിന്ന മഹനീയ സംസ്കാരത്തിന്റെ ഉടമകളാണ് ഭാരതീയർ. അഞ്ചു സഹസ്രാബ്ദം പഴക്കമുള്ള സംസ്കൃതി, വൈദ്യശാസ്ത്രം, ഗണിതം, ജ്യോതിശാസ്ത്രം, ലോഹകർമം, വാസ്തു വിദ്യ, സാഹിത്യം, കലകൾ, തത്വചിന്ത എന്നിങ്ങനെ, ജീവിതത്തിന്റെ, വിജ്ഞാനത്തിന്റെ സർവ്വതലങ്ങളിലും ഭാരതത്തിന്റെ നേട്ടങ്ങൾ അദ്വിതീയമാണ്.

രണ്ടു നൂററാണ്ടുകാലം ബ്രിട്ടീഷ്മേധാവിത്വത്തിന്റെ കാൽക്കീഴിലെ തുണ്ടുഭൂമിയായിരുന്നു ഭാരതം. അതുവഴി തകർക്കപ്പെട്ടത് ഭാരതത്തിന്റെ കൃഷിയും കൈത്തൊഴിൽ പാടവവും മററു പലതുമായിരുന്നു. തകർക്കപ്പെട്ട ജീവിതം പുതുക്കിപ്പണിയാൻ ഹിമശൃംഖങ്ങളും മഹാസാഗരങ്ങളും അതിരിടുന്ന ഭാരതത്തെ സർവ്വമംഗല്യയായി പുതുക്കിപ്പണിയാൻ ഒരു ജനത ചൊരിഞ്ഞ ചോരയുടെയും കണ്ണീരിന്റെയും സഹിച്ച ത്യാഗത്തിന്റെയും വിലയത്രെ 1947 ആഗസ്റ്റ് 15.

രാഷ്ട്രപിതാവ് മഹാത്മജിയുടെ പ്രിയപ്പെട്ട സ്വപ്നത്തിൽനിന്നും - എല്ലാവർക്കും ആഹാരവും ആരോഗ്യ രക്ഷയും, വസ്ത്രവും, പാർപ്പിടവുമുള്ള, എല്ലാ കട്ടികളും പാഠശാലകളിലെത്തുന്ന, എല്ലാ കരങ്ങളും അധ്വാനിക്കുന്ന പുതിയൊരിന്ത്യൻ സ്വപ്നത്തിൽ നിന്നും - നാമെത്രയോ അകലെയാണ്.

സ്വാതന്ത്ര്യത്തിന്റെ 50 വസന്തങ്ങൾക്കും എട്ട് പഞ്ചവത്സര പദ്ധതികൾക്കും ശേഷവും നമ്മുടെ പ്രാഥമികവും അടിസ്ഥാനപരവുമായ ആവശ്യങ്ങൾ നിറവേററപ്പെട്ടിട്ടില്ല. വികസനത്തിന്റെ നേട്ടങ്ങൾ ഭൂരിപക്ഷത്തിനും ഇന്നും അപ്രാപ്യമാണ്. തീർത്തും കേന്ദ്രീകൃതമായ പദ്ധതികളും ആസൂത്രണവും അധികാരങ്ങളും നയങ്ങളും നാടിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സഹായകമായിരുന്നില്ല.

ഈ ഇന്ത്യൻ യാഥാർത്ഥ്യങ്ങൾ കേരളത്തിനും ബാധകമാണെങ്കിലും കൊച്ചു കേരളത്തിന്റെ അതിരുകളെ ലോകത്തിന്റെ സാമൂഹ്യ - സാംസ്കാരിക ഭൂപടത്തിൽ വിസ്തൃതമാക്കിയ സവിശേഷതകൾ ഇവിടെ നിലനിൽക്കുന്നു. ജാതീയതയ്ക്കും അനാചാരങ്ങൾക്കുമെതിരെ വളർന്നു വന്ന സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ ഉഴുതുമറിച്ച വളക്കൂറുള്ള മണ്ണിൽ മുളയെടുത്ത കേരളത്തിലെ ദേശീയ പ്രസ്ഥാനവും കൃഷിക്കാരന്റെയും തൊഴിലാളിയുടെയും അടിച്ചമർത്തപ്പെട്ട ഇതര ജന വിഭാഗങ്ങളുടെയും പോരാട്ടങ്ങളും, സാമൂഹ്യ നവോത്ഥാനത്തിനു വഴിയൊരുക്കി, ഭൂമിക്കും കൂലിക്കുംവേണ്ടി നടന്ന അസംഖ്യം പോരാട്ടങ്ങളും വിദ്യാഭ്യാസ - ആരോഗ്യാദി മേഖലകളുടെ വിപുലനവുമെല്ലാം പേർന്നൊരുക്കിയ അടിത്തറയിലാണ് കേരളത്തിന്റെ സവിശേഷ നേട്ടങ്ങൾ പടുത്തുയർത്തിയത്.

ഭദ്രമല്ലാത്ത സാമ്പത്തീക അടിത്തറയും ഗുണനിലവാരത്തകർച്ച നേരിടുന്ന ആരോഗ്യ-വിദ്യാഭ്യാസാദി സേവന മേഖലകളും ചേർന്നു് ഈ നേട്ടങ്ങൾക്കുനേരെ ഗൗരവതരമായ വെല്ലുവിളിയുയർത്തുകയാണ്. കാർഷിക-വ്യാവസായാദി ഉൽപാദന മേഖലകളിലെയും ആരോഗ്യ-വിദ്യാഭ്യാസാദി സേവന മേഖലകളിലെയും കാര്യക്ഷമതയും നിലവാരവും വർദ്ധിപ്പിച്ചുകൊണ്ടുമാത്രമേ ഈ വെല്ലുവിളി നേരിടാനാവു. 73, 74 ഭരണഘടനാ ഭേദഗതികളിലൂടെ വ്യവസ്ഥാപിതമാക്കപ്പെട്ട പ്രാദേശിക ജനാധികാര സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനങ്ങളുടെ പങ്കാളിത്തത്തോടെ ഈ വെല്ലുവിളി ഏറെറടുക്കുകയെന്നതാണ് ജനകീയാസൂത്രണത്തിന്റെ മുഖ്യലക്ഷ്യം.

ദീർഘകാലത്തെ സാമൂഹ്യ-രാഷ്ട്രീയ പ്രക്രിയയിലൂടെ രൂപപ്പെട്ട ഈ നേട്ടങ്ങൾ നിലനിർത്താനും കേരളീയ സമൂഹത്തെ മുന്നോട്ടു നയിക്കാനുമുള്ള മഹനീയ ദൗത്യമാണ് ജനകീയാസൂത്രണ പരിപാടിയിലൂടെ നമുക്കു നിറവേററാനുള്ളത്. സംസ്ഥാന പദ്ധതി അടങ്കലിന്റെ 40 ശതമാനത്തോളം ഇതിനായി പഞ്ചായത്ത്‌രാജ് - നഗരസഭാ സ്ഥാപനങ്ങൾക്കു നൽകുമെന്നു് ഇതിനകം വ്യക്തമാക്കിയിട്ടുണ്ട്.

ജനകീയാസൂത്രണ പദ്ധതിയുടെ ആദ്യഘട്ടമായ വിശേഷാൽ ഗ്രാമസഭകൾ '96 സെപ്റ്റംബറിലാണ് ചേർന്നത്. 312 സ്ത്രീകളും 1323 പുരുഷന്മാരുമുൾപ്പെടെ 1635 പേർ പങ്കെടുത്തു.

## വാർഡ്തല വിശദാംശങ്ങൾ ചുവടെ

| വാർഡ് | ഗ്രാമസഭയുടെ തീയ്യതി | സ്ത്രീകൾ | പങ്കെടുത്ത പുരുഷന്മാർ | ആകെ | പങ്കെടുത്തവർ എത്ര ഗ്രൂപ്പുകളായി രജിസ്റ്റർചെയ്തു | പങ്കെടുത്തവരുടെ എണ്ണം വോട്ടർമാരുടെ ശതമാനമായി |
|---|---|---|---|---|---|---|
| I | 29—9—96 | 23 | 163 | 186 | 12 | 9.7 |
| II | 28—9—96 | 21 | 124 | 145 | 12 | 9.3 |
| III | 28—9—96 | 57 | 230 | 287 | 12 | 18.0 |
| IV | 15—9—96 | 13 | 137 | 150 | 11 | 9.0 |
| V | 14—9—96 | 1 | 65 | 66 | 4 | 4.3 |
| VI | 14—9—96 | 21 | 119 | 140 | 11 | 9.1 |
| VII | 21—9—96 | 80 | 215 | 295 | 12 | 20.6 |
| VIII | 22—9—96 | 53 | 116 | 169 | 12 | 14.7 |
| IX | 22—9—96 | 36 | 87 | 123 | 12 | 11.5 |
| X | 29—9—96 | 7 | 67 | 74 | 11 | 5.5 |
| ആകെ | — | 312 | 1323 | 1635 | — | 11.0 |

ഗ്രാമസഭകൾ നയിക്കുന്നതിലും വിവരശേഖരണം വികസന രേഖ തയ്യാറാക്കൽ എന്നീ കാര്യങ്ങളിലും പഞ്ചായത്തു ഭരണസമിതിയെ സഹായിക്കുന്നതിനായി 100 സന്നദ്ധ പ്രവർത്തകർക്ക് രണ്ടു ഘട്ടങ്ങളിലായി പരിശീലനം നൽകി. ആദ്യ പരിശീലനത്തിൽ 15 സ്ത്രീകൾ ഉൾപ്പെടെ 69 പേരും രണ്ടാം ഘട്ടത്തിൽ 13 സ്ത്രീകളും 55 പുരുഷന്മാരും പങ്കെടുത്തു. ജില്ലാ പരിശീലനത്തിൽ രണ്ടു ഘട്ടങ്ങളിലായി 10 പേർ പങ്കെടുത്തു.

10 ഗ്രാമസഭകളിലെ ചർച്ചകളും നിർദ്ദേശങ്ങളും, വിവിധ മേഖലകളുമായി ബന്ധപ്പെട്ട സ്ഥിതിവിവരങ്ങൾ, അഭിമുഖങ്ങൾ, നാട്ടറിവുകൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് 14 ഗ്രൂപ്പുകളായി തിരിഞ്ഞ് ഈ വികസന രേഖയ്ക്ക് രൂപം നൽകിയത്. വിവര ശേഖരണത്തിനായി ആലടിത്തട്ട് മുതൽ കണ്ടൂർ വരെയും ചാപ്പോം മുതൽ കറുഞ്ചേരി വരെയും രണ്ടു പഠന പര്യടനങ്ങൾ നടത്തുകയുണ്ടായി.

ജനകീയ സന്നദ്ധ പ്രവർത്തനങ്ങൾക്കാമുഖമായി കേരളപ്പിറവിയുടെ 40-ാം വാർഷികദിനത്തിൽ (96 നവം 1ന്) പഞ്ചായത്തിലെ 10 വാർഡുകളിലെയും ജനങ്ങൾ പങ്കെടുത്ത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

മറേറതൊരു മലബാർ ഗ്രാമത്തെയുംപോലെ നാടുവാഴിത്തത്തിനും ജന്മി മേധാവിത്വത്തിനും വൈദേശിക മേൽകോയ്മയ്ക്കുമെതിരെ നടത്തിയ വീറാന്ന പോരാട്ടത്തിലൂടെ പുതിയ കാലത്തെ വരവേററ നമ്മുടെ പൈതൃകം മനുഷ്യാധ്വാനത്തിലും, അവൻെറ കൂട്ടായ്മയിലും ഊന്നുന്ന ജനകീയ വികസന ശൈലി ഏറെറടുക്കാനും കാലത്തിൻെറ വെല്ലുവിളികളെ നേരിടാനും നമുക്ക് കരുത്തേകും.

## കിനാനൂർ - കരിന്തളം പഞ്ചായത്ത് പൊതുസ്ഥിതി വിവരങ്ങൾ:

| | | | |
|---|---|---|---|
| 1. | ഉൾപ്പെടുന്ന വില്ലേജുകൾ | : | കരിന്തളം, കിനാനൂർ, പരപ്പ |
| 2. | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | കിനാനൂർ - കരിന്തളം |
| 3. | ബ്ലോക്ക് പഞ്ചായത്ത് | : | നീലേശ്വരം |
| 4. | താലൂക്ക് | : | ഹൊസ്ദുർഗ്ഗ് |
| 5. | ജില്ല | : | കാസറഗോഡ് |
| 6. | അസംബ്ലി മണ്ഡലം | : | ഹൊസ്ദുർഗ്ഗ് |
| 7. | ലോകസഭാ മണ്ഡലം | : | കാസറഗോഡ് |
| 8. | വിസ്തീർണ്ണം | : | 77.49 ച. കിലോമീറ്റർ |
| 9. | ജനസംഖ്യ | : | 22219 (1991-ലെ സെൻസസ്) |
| | | | സ്ത്രീ: 11284 പു: 10935 |
| 10. | ജനസാന്ദ്രത | : | 287 |
| 11. | സാക്ഷരതാ നിരക്ക് | : | 84.53 (1991-ലെ സെൻസസ് പ്രകാരം) |
| 12. | വാർഡുകളുടെ എണ്ണം | : | 10 |
| 13. | കിടപ്പ് അക്ഷാംശം | : | 12° 16′ 20″ N - 12° 22′ 20″ N |
| | രേഖാംശം | : | 75° 10′ 10″ E - 75° 17′ 40″ E |
| 14. | അതിരുകൾ കിഴക്ക് | : | വെസ്റ്റ് എളേരി, ബളാൽ പഞ്ചായത്തുകൾ |
| | പടിഞ്ഞാറ് | : | നീലേശ്വരം, മടിക്കൈ പഞ്ചായത്തുകൾ |
| | വടക്ക് | : | കോടോം - ബേളൂർ, മടിക്കൈ പഞ്ചായത്ത് |
| | തെക്ക് | : | കാര്യങ്കോട് പുഴ, കയ്യൂർ - ചീമേനി പഞ്ചായത്ത് |

### പൊതു സ്ഥാപനങ്ങൾ:

| | | | | | |
|---|---|---|---|---|---|
| 1 | കൃഷിഭവൻ | 1 | 5 | ഗ്രാമീൺ ബേങ്ക് ശാഖ | 1 |
| 2 | വില്ലേജ് ഓഫീസുകൾ | 3 | 6 | ഹൈസ്കൂളുകൾ | 3 |
| 3 | സഹകരണ ബേങ്കുകൾ | 3 | 7 | യു. പി. സ്കൂളുകൾ | 4 |
| 4 | ദേശസാൽകൃത ബേങ്ക് ശാഖ | 1 | 8 | എൽ. പി. സ്കൂളുകൾ | 4 |

| | | | | | |
|---|---|---|---|---|---|
| 9 | ടെലിഫോൺ എക്സ്ചേഞ്ച് | 2 | 14 | ആയുർവേദ ഡിസ്പെൻസറി | 2 |
| 10 | തപ്പാൽ ആപ്പീസുകൾ | 6 | 15 | പി. എച്ച്. സി | 1 |
| 11 | മൃഗാശുപത്രി | 1 | 16 | വി. ഇ. ഒ. ഓഫീസ് | 2 |
| 12 | ഐ. സി. ഡി. പി. സബ്സെൻറർ | 1 | 17 | കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ | 3 |
| 13 | ഹോമിയോ ഡിസ്പെൻസറി | 1 | | | |

ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് : ശ്രീ. കെ. വി. കുഞ്ഞിരാമൻ നായർ

വൈസ് പ്രസിഡണ്ട് : ശ്രീ. പി. വി. ചന്ദ്രൻ

സ്റ്റാൻറിംഗ് കമ്മിററി ചെയർപേഴ്സൺ : ശ്രീമതി. വി. എൻ. ലീലാമ്മ ടീച്ചർ

## ഭരണ ചരിത്രം:

1960 ലെ കേരള പഞ്ചായത്ത് ആക്ട് അനുസരിച്ച് കിണാവൂർ ഗ്രാമവും കരിന്തളം ഗ്രാമവും ചീമേനി ഗ്രാമത്തിലെ കാര്യങ്കോട് പുഴയുടെ വടക്കഭാഗത്തുള്ള ഭാഗങ്ങളും (ഇന്നത്തെ ഒമ്പതാം വാർഡ്) ചേർത്ത് കിനാനൂർ-കരിന്തളം പഞ്ചായത്ത് 1962ൽ രൂപീകൃതമായി. 1962 വരെയും ഈ പ്രദേശങ്ങൾ കിനാനൂർ, കരിന്തളം, ചീമേനി ഗ്രാമ പഞ്ചായത്തുകളിലായാണ് ഉൾപ്പെട്ടിരുന്നത്. 1956ൽ മദ്രാസ് വില്ലേജ് പഞ്ചായത്ത് ആക്ടനുസരിച്ച് രൂപം കൊണ്ട ഗ്രാമപഞ്ചായത്തുകളാണിവ. അതുപ്രകാരം പരേതനായ ശ്രീ. പുതിയ പറമ്പൻ കഞ്ഞിരാമൻ കിണാനൂരിലും ശ്രീ. കരിമ്പിൽ കുഞ്ഞമ്പു കരിന്തളത്തും ശ്രീ കെ. ചിണ്ടൻ ചീമേനിയിലും പഞ്ചായത്തു പ്രസിഡണ്ടുമാരായി 1962വരെ ഭരണ സാരഥ്യം വഹിച്ചു. ഈ ഗ്രാമ പഞ്ചായത്തുകൾക്ക് ഗ്രാമക്കോടതികളുടെ ചുമതലകൂടി ഉണ്ടായിരുന്നു. ആളുകളെ സമൻസ് അയച്ച് വരുത്തികേസ് തീർപ്പുണ്ടാക്കാനും വിധി നടപ്പിലാക്കാനുമുള്ള അധികാരാവകാശങ്ങളും ഇതനുസരിച്ച് ഉണ്ടായിരുന്നു. ഗ്രാമ പഞ്ചായത്തിലേക്കുള്ള തെരഞ്ഞെടുപ്പ് വോട്ടർമാർ ഒരു സ്ഥലത്ത് ഒത്തുകൂടി പരസ്യമായി കൈപൊക്കി വോട്ടു ചെയ്താണ് നടത്തിയിരുന്നത്.

1962 ൽ കിനാനൂർ കരിന്തളം ഗ്രാമ പഞ്ചായത്ത് നിലവിൽ വന്നപ്പോൾ ശ്രീ. കരിമ്പിൽ കുഞ്ഞമ്പു പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. തുടർന്നു പരേതനായ ശ്രീ. പി. വി. അമ്പൂഞ്ഞിയും ശ്രീ.കെ. പി നാരായണനും പ്രസിഡണ്ടുമാരായുള്ള ഭരണ സമിതികൾ നിലവിൽവന്നു.

73-ാം ഭരണ ഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ നിലവിൽ വന്ന 199ലെ കേരള പഞ്ചായത്തു് രാജ് ആക്ടനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. കെ. വി. കുഞ്ഞിരാമൻ നായർ പ്രസിഡണ്ടായുള്ള നിലവിലുള്ള ഭരണ സമിതി 1995 ഒക്ടോബർ 2 നാണ് ചുമതലയേററത്.

## സാമൂഹ്യ പശ്ചാത്തലം

ബ്രിട്ടീഷ് ഭരണകാലത്ത് മദ്രാസ്പ്രവിശ്യയിലെ തെക്കൻ കനറാ ജില്ലയുടെ ഭാഗമായിരുന്നു നമ്മുടെ പ്രദേശങ്ങൾ ഉൾപ്പെട്ട പഴയ കാസറഗോഡ് താലൂക്ക്. 1663 ലും 1667ലും ഡച്ചുകമ്പനി കോലത്തിരിയുമായി സഖ്യമുണ്ടാക്കിയപ്പോൾ നീലേശ്വരം രാജാവിൻെറഅധീനതയിലായിരുന്ന കിണാവൂർ ഡച്ച് സങ്കേതമായിരുന്നു എന്നും അവർ കുരുമുളകും മററു സുഗന്ധ വ്യഞ്ജനങ്ങളും പുഴമാർഗം കൊണ്ടു പോയിരുന്നു എന്നും വില്യം ലോഗൺ മലബാർ മാനുവലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഐതീഹ്യകഥയുടെ പിൻബലത്തോടെ മഹത്വമവകാശപ്പെടുന്ന പ്രദേശങ്ങളാണ് കിണാവൂരും കരിന്തളവും, മതസൗഹാർദ്ദത്തിൻെറ ഉത്തമദൃഷ്ടാന്തമത്രെ കമ്മാടം പള്ളി.

കിരാതൻ (ശിവൻ) കണ (പശുപതാസ്ത്രം) ഊരുന്ന പ്രദേശമാണത്രെ കിണാവൂർ. ഇവിടത്തെ ക്ഷേത്ര പ്രതിഷ്ഠയും ഇതുതന്നെ കരിമ്പാറപ്പരപ്പിൻ നടുവിലെ ഐശ്വര്യ ദേവതയുടെ നൃത്തശാലയാണത്രെ കരിന്തളം. കരിന്തളത്തെ കളരി ഏറെ പഴക്കം ചെന്നതും പ്രസിദ്ധവുമാണ്. ആരാധനയിലും ഉത്സവനടത്തിപ്പിലുമെല്ലാം സവിശേഷത പുലർത്തുന്ന കമ്മാടം പള്ളി എക്കാലവും ഹിന്ദു–മുസ്ലീം മൈത്രിയുടെ സംഗമവേദിയായിരുന്നു. ഈ പള്ളിയുടെ വാസ്തുവിദ്യയും ത്രിസന്ധ്യകളിൽ തെളിക്കുന്ന ചുററുവിളക്കുകളുടെ തിരിനാളങ്ങളും മൈത്രി സന്ദേശമാണ് ചുരത്തി നിൽക്കുന്നത്. നെരോത്തെ ഹിന്ദു തറവാട്ടിലെ കളിയാട്ടവും കമ്മാടംപള്ളി നേർച്ചയും പരസ്പരം മൈത്രീബന്ധം പുലർത്തുന്ന ഉത്സവങ്ങളാണ്.

1799ൽ ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമായിത്തീർന്നതോടെ ജൻമിമാർ പാട്ടംപിരിവു തുടങ്ങി. നാട്ടിൻപുറങ്ങളിൽ ബ്രിട്ടീഷു വാഴ്ചയുടെ നെടുംതൂണുകൾ ജൻമിമാരായിരുന്നു. കർഷകൻെറ അജ്ഞത മുതലെടുത്ത് സർക്കാർ ഭൂമിയിൽ നിന്നുപോലും അവരോട് പാട്ടം ഈടാക്കി. ജൻമിഭോഗത്തിൻെറ വിവിധ രൂപങ്ങൾ പാട്ടം, വാരം, വാശി, നുരി, പത്തിനു രണ്ട് തുടങ്ങിയവയെല്ലാം ഇവിടെയും കർഷകജനതക്കുമേൽ തേർവാഴ്ച നടത്തി.

പുൽമേടുകളും കാടും നിറഞ്ഞ പ്രദേശങ്ങളിൽ ജനവാസം കുറവായിരുന്നു. കാടുകൾ വെട്ടിത്തെളിച്ച് പുനംകൃഷിനടത്തി ഭക്ഷ്യാവശ്യങ്ങൾ നിറവേററി പിന്നീട് കുരുമുളകും കശുമാവും തെങ്ങും കവുങ്ങുമെല്ലാം വിളഭൂമികളിൽ കുടിപാർത്തു.

ജാതീയമായ തരംതിരിവും ശക്തമായിരുന്നു. അയിത്തവും തൊട്ടുകൂടായ്മയും, തീണ്ടിക്കൂടായ്മയും ജാത്യാടിസ്ഥാനത്തിലുള്ള തൊഴിൽവിഭജനവും ഇവിടേയും നിലനിന്നുപോന്നു. ഈ ദുരാചാരങ്ങളുടെയെല്ലാംനീക്കിബാക്കി പല പ്രദേശങ്ങളിലും ഇന്നും നിലനിന്നുപോകുന്നു.

ഭൂവുടമസ്ഥതാവകാശം ഏറെ കേന്ദ്രീകൃതമായിരുന്നു. പഞ്ചായത്തിലെ 70% കൃഷിഭൂമിയും 23 പേരുടെ കൈവശമായിരുന്നുവെന്ന് 1960ലെ വില്ലേജ് രേഖകൾ വ്യക്തമാക്കുന്നു.

ജാതീയമായ അനാചാരങ്ങൾക്കെതിരായ സംഘടിതമായ ചെറുത്തുനിൽപ്പുകൾ നമ്മുടെ പഞ്ചായത്തിൽ ഉയർന്നുവരികയുണ്ടായില്ല. ദേശീയപ്രസ്ഥാനത്തിൻെറഅലയൊലികൾ ഈ കുഗ്രാമങ്ങളിലെത്തിയത് 30 കളുടെ ഒടുവിലാണ്. വി. ചന്തു ഓഫീസർ തുടങ്ങി പലരും കോൺഗ്രസിൽ ചേരുകയും വളണ്ടിയർ പരിശീലനം നേടുകയും ചെയ്തു. കോൺഗ്രസ് പ്രവർത്തകർ കർഷകസംഘം യൂനിററുകൾ ഉണ്ടാക്കുകയും വളണ്ടിയർ പരിശീലനം നടത്തുകയും ചെയ്തു. 1937ൽ കീഴ്മാലയിൽ കർഷകസംഘം രൂപീകരിച്ചതായി ആണ്ടലാട്ടിൻെറ 'രേഖയില്ലാത്ത ചരിത്രം' എന്ന പുസ്തകത്തിൽ പറയുന്നു. പിന്നീട് കർഷകസംഘം സമ്മേളനത്തിൻെറ ഭാഗമായി അവിടെ ബാലസംഘവും രൂപംകൊണ്ടു. ഇതേതുടർന്ന് അണ്ടോളിലും കർഷകസംഘം നിലവിൽവന്നു.

പി. കൃഷ്ണപ്പിള്ള 1940കളുടെ ആദ്യത്തോടെ ഇവിടെ എത്തുകയുണ്ടായി. ടി. എസ്. തിരുമുമ്പ് എൻ. ജി. കമ്മത്ത് തുടങ്ങിയ നേതാക്കളും ഇവിടത്തെ കർഷക പ്രസ്ഥാനത്തിൻെറ പ്രവർത്തനങ്ങൾക്കു മാർഗ ദർശനം നൽകി.

1940 കളിൽ ജന്മി ചൂഷണത്തിനും മർദ്ദനങ്ങൾക്കുമെതിരായ കർഷകരുടെ ചെറുത്തുനില്പ് ശക്തമായി ദേശീയസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടങ്ങളും ജൻമിത്വത്തിനെതിരായ ചെറുത്തുനിൽപ്പും ഇക്കാലങ്ങളിൽ പരസ്പര പൂരകമായിരുന്നു. ബ്രിട്ടീഷ് ഭരണത്തെ താങ്ങിനിർത്തുന്ന ജന്മിമാരും ജന്മിത്വചൂഷണത്തിൻെറ സംരക്ഷകരായ ബ്രിട്ടീഷുകാരും രണ്ടും സാധാരണ ജനങ്ങളുടെ പൊതു ശത്രുക്കളായിരുന്നു. ഈ കാലത്തുനടന്ന അസംഖ്യം സമരങ്ങളിൽ ബഹുഭൂരിപക്ഷം വരുന്ന കർഷക ജനത ഒരു ഭാഗത്തും ജന്മിമാരും ബ്രിട്ടീഷ് പോലീസും മറുഭാഗത്തുമായി നിലകൊണ്ടു. സമീപ ഗ്രാമങ്ങളിലെ കർഷക സമരങ്ങളുമായി ഈ പ്രദേശത്തെ ജനങ്ങളും ബന്ധപ്പെട്ടു. ചരിത്രപ്രസിദ്ധമായ കയ്യൂർസമരത്തിലും ചീമേനി തോലും വിറകും സമരത്തിലും പ്രതികളായവരിൽ കിനാനൂർ, കരിന്തളം പഴയ ചീമേനി ഗ്രാമങ്ങളിലെ പ്രവർത്തകരുമുണ്ടായിരുന്നു. വി. ചന്തു ഓഫീസർ കയ്യൂർ സമരത്തിലും കെ. ചിണ്ടൻ മുഴക്കോം തീവെപ്പ്കേസിലും പ്രതികളായവരാണ്. കിണാവൂരിലെ കെ. നാരായണൻ ചന്തു ഓഫീസർ എന്നിവരുൾപ്പടെ നിരവധിപേർ തീവെപ്പുകേസുകളിലും മററും പ്രതികളായിരുന്നു.

1948 ൽ രൂക്ഷമായ പട്ടിണിയുടെ നാളുകളിൽ കരിന്തളം ജൻമിയുടെ പത്തായപ്പുരയിലേക്ക് മാർച്ച് ചെയ്ത കർഷകർ ജൻമിയുടെ പക്കൽനിന്ന് പത്തുപറനെല്ല് അളന്നുവാങ്ങി വിതരണംചെയ്തു. പ്രതിഫലമായി കൺട്രോൾ നിരക്കിൽ വില നൽകാൻ തയ്യാറാകാതിരുന്നജൻമി ടി.എസ്. തിരുമുമ്പ് ടി. കെ ചന്തൻ എന്നിവരുൾപ്പെടെയുള്ള നേതാക്കൾക്കും കർഷകസംഘം പ്രവർത്തകർക്കുമെതിരെ കള്ളക്കേസ് ചുമത്തി. നമ്മുടെ പഞ്ചായത്തിലെ

ജൻമിത്വവിരുദ്ധ പോരാട്ടത്തിലെ ഉജ്ജ്വലമായ ഈ സംഭവം കരിന്തളം നെല്ലെടുപ്പ് സമരമെന്നറിയപ്പെടുന്നു.

ആഹാരം, പാർപ്പിടം, ഭാഷ, വേഷം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിലെല്ലാം അടിമത്തസമാനമായ അവഗണനകൾ പേറേണ്ടിവന്ന ജനതയായിരുന്നു നമ്മുടേത്. ഈ ജനതയെ അഭിമാനബോധത്തോടെ ശിരസ്സുയർത്തി നിൽക്കാൻ കെല്പുള്ള മനുഷ്യരാക്കി മാററിയ ചിത്രം കഴിഞ്ഞ പത്തൊമ്പതു വർഷങ്ങളിലെ ഇവിടത്തെ ചരിത്രത്തിൽ തെളിഞ്ഞുകാണാം. 1930 കളുടെ ഒടുവിൽ എത്തിയ ഇന്ത്യൻ നാഷണൽ കോൺഗ്രസിൻെറയും കർഷക സംഘത്തിൻെറയും 1940 കളിൽ വേരുറപ്പിച്ച കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറയും പ്രവർത്തനങ്ങളാണ് ഈ മാററങ്ങൾക്ക പ്രേരകശക്തിയായത്.

വിദ്യാഭ്യാസരംഗത്ത് എഴുത്താശാൻമാരുടെ സ്ഥാനത്ത് ഈ നൂററാണ്ടിൻെറ ആദ്യപാദത്തിൽ തന്നെ പാഠശാല കിണാവൂരിൽ രൂപം കൊണ്ടു. അമ്പതുകളിലാണ് ഗ്രന്ഥശാലകൾ ആരംഭിച്ചത് ആദ്യം ചോയ്യംകോട്ടും തുടർന്ന് മുക്കടയിലും എന്നാൽ കലാസമിതികളും നാടകാവതരണവുമെല്ലാം അതിനുമുമ്പും ഉണ്ടായിരുന്നിരിക്കണം.

റോഡും റോഡുവാഹനങ്ങളും എത്തിയതു വൈകിയായിരുന്നു. പക്ഷെ കാര്യങ്കോട്ടുപുഴ നൂററാണ്ടുകളായി ഗതാഗതത്തിനും ചരക്കുകടത്തിനും പാതയൊരുക്കി. ഒരു ഡസനിലേറെ യന്ത്രവൽകൃതയാത്രാബോട്ടുകൾ സർവ്വീസ് നടത്തിയത് കഴിഞ്ഞ രണ്ടു മൂന്നു ദശകം മുമ്പായിരുന്നു.

കഴിഞ്ഞ പത്തമ്പത് കൊല്ലക്കാലത്തിനിടയിൽ കിനാനൂർ-കരിന്തളത്തെ സാമൂഹ്യ സാംസ്കാരിക ജീവിതത്തിലുണ്ടായ മാററങ്ങൾ വിസ്മയാവഹമാണ്, കൃഷി, ഗതാഗതം, വിദ്യാഭ്യാസം വാർത്താവിനിമയം സാംസ്കാരികമേഖല, ആചാരാനുഷ്ഠാനങ്ങൾ, വേഷം, പാർപ്പിടം, സംസാരരീതി തുടങ്ങി ജീവിതത്തിൻെറ സമസ്ഥതലങ്ങളിലും സർവ്വതല സ്പർശിയായ മാററങ്ങൾ വന്നു. ഇതിൻെറ നൻമകളുയർത്തിപ്പിടിക്കാൻ, ഇന്നത്തെ പുതിയ പ്രശ്നങ്ങൾക്ക പരിഹാരം കാണാൻ, ഇന്നലെകളുടെ പൈതൃകത്തിൽ ചുവടുറപ്പിച്ച് നമുക്ക മുന്നോട്ടു പോകാം.

❋ ❋

# ഭൂപ്രകൃതി

കാസർകോട് ജില്ലയിലെ ഹൊസ്ദുർഗ്ഗിൽപെട്ട നീലേശ്വരം ബ്ലോക്കിലെ ഒരു പഞ്ചായത്താണ് കിനാനൂർ കരിന്തളം ഭൂപ്രകൃതിയനുസരിച്ച് അറുപത് ശതമാനത്തോളം ഇടനാടൻ പ്രദേശങ്ങളും നാൽപത് ശതമാനത്തോളം മലനാടൻ പ്രദേശങ്ങളും ഉൾപ്പെടുന്നു.

തേജസ്വിനിപുഴയെന്ന കാര്യങ്കോട്ട നദിയുടെ തീരപ്രദേശമാണ് തെക്കുഭാഗം നീലേശ്വരം, മടിക്കൈ, കോടോം ബേളൂർ, ബളാൽ, വെസ്റ്റ്എളേരി പഞ്ചായത്തുകളിലെ പ്രദേശങ്ങൾ ഈ പഞ്ചായത്തിന്റെ അതിർത്തി ദേശങ്ങളാണ്. കിഴക്കുപടിഞ്ഞാറ് നീണ്ടു കിടക്കുന്ന ഭൂമിയുടെ ദൂരം ഏകദേശം 25 കിലോമീററർ വരും. പഞ്ചായത്തിന്റെ മൊത്തം വിസ്തൃതി 77.49 ചതുരശ്ര കിലോമീറററാണ്. $1992 Km^2$ വരുന്ന ജില്ലയുടെ വിസ്തൃതിയുടെ 2.6% പ്രദേശമാണിത്

വടക്കേ അക്ഷാംശം $12^{0}\ 16^{1}\ 20^{11}$ നും $12^{0}\ 22^{1}\ 20^{11}$ നും കിഴക്കേ രേഖാംശം $75^{0}\ 10^{1}\ 10^{11}$ നും $75^{0}\ 17^{1}\ 40^{1}$ നും ഇടയിലായി സ്ഥിതിചെയ്യുന്നു.

# നിമ്നോന്നതസ്ഥിതി

പഞ്ചായത്തിന്റെ തെക്കുഭാഗത്തുള്ള. പുഴയോരം ഓരുജലം കയറുന്ന പ്രദേശങ്ങളാണ്. കിഴക്കുഭാഗത്തുള്ള വടക്കാംകുന്നാണ് ഏററവും ഉയരം കൂടിയ മല. ഇതിന് ഏകദേശം 375 മീററർ ഉയരമുണ്ട്.

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം അനുസരിച്ച് പഞ്ചായത്തിനെ അഞ്ചായി തരംതിരിക്കാം.

| | | ഏകദേശം വിസ്തൃതി |
| --- | --- | --- |
| 1. | പുഴയോരം | 140 ഹെക്ടർ |
| 2. | സമതല പ്രദേശങ്ങൾ | 2074 ഹെക്ടർ |
| 3. | കുത്തനെയുള്ള ചെരിവ് | 1040 ഹെക്ടർ |
| 4 | ഉയർന്ന സമതലം | 1160 ഹെക്ടർ |
| | ചെറിയ ചെരിവ് | 2635 ഹെക്ടർ |

(അവലംബം കൃഷിഭവൻ രേഖ)

## 1. പുഴയോരം

കാര്യങ്കോട്ട പുഴയുടെ തീരങ്ങൾ മുക്കട മുതൽ നീലായി വരെ ഇടുങ്ങിയ സമതല പ്രദേശം. 24.54 ഹെക്ടർ വീതിയുള്ള കിണാവൂർ വയൽ ആണ് ഏററവും വിസ്തൃതമായത്. ജനസാന്ദ്രത കൂടുതലാണ്. നെൽവയലുകൾ ഏറെയും ഈ പ്രദേശത്താണ്. നെൽപ്പാടങ്ങൾ നികത്തി മററു കൃഷി ചെയ്യുന്ന പ്രവണത കൂടുതൽ കാണുന്നു. ഒരു ജലം കയറാറുണ്ട്. ഇടതൂർന്ന് തെങ്ങും, കവുങ്ങും കൃഷി ചെയ്യുന്നു. ഉത്പാദനക്ഷമത സംസ്ഥാന ശരാശരിയെക്കാൾ ഈ പ്രദേശത്ത് കിട്ടുന്നുണ്ട്.

## 2. സമതലപ്രദേശങ്ങൾ:

പുഴയോരത്തിന് സമാനമായ പ്രത്യേകതകളാണുള്ളത്. കൊച്ചരുവികളുടെ തീർത്ത് വീതികുറഞ്ഞ് കാണുന്നു. സമുദ്രനിരപ്പിൽ നിന്നും 20 മീററിനു താഴെയുള്ള പ്രദേശങ്ങൾ ഈ ഗണത്തിലുള്ളതാണ്. തോടിന്റെ കരയിടിച്ചൽ കണ്ടുവരുന്നുണ്ട്. കാലവർഷത്തിൽ വെള്ളപ്പൊക്കം ചെറിയ തോതിൽ നേരിടുന്നു.

## 3. കുത്തനെയുള്ളചെരിവ്

സമുദ്രനിരപ്പിൽ നിന്നും 81 മുതൽ 120 മീററർ വരെ ഉയരത്തിൽ കാണപ്പെടുന്ന പ്രദേശങ്ങൾ. പുഴയോരത്തുള്ള കുന്നിൻ പ്രദേശവും പരപ്പ ഭാഗങ്ങളിലെ കുത്തനെയുള്ള കുന്നിൻ പ്രദേശവും ഈ വിഭാഗത്തിൽപെടുന്നു. മണ്ണൊലിപ്പ് രൂക്ഷമാണ്. റബ്ബർ, കശുമാവ് എന്നിവ കൃഷിചെയ്യുന്നു. തെങ്ങിന് ഉദ്പാദനക്ഷമത കുറഞ്ഞ പ്രദേശങ്ങളാണിത്. കശുമാവിന് ഹെക്ടറിന് 700 ടൺ ലഭിക്കുന്നുണ്ട്.

## 4. ഉയർന്നസമതലം (വെട്ടുകൽ പ്രദേശം)

സമുദ്രനിരപ്പിൽ നിന്ന് 41 മുതൽ 120 വരെ ഉയരങ്ങളിൽ പരന്നുകിടക്കുന്നു. പ്രധാന റോഡിന്റെ ഇരുവശങ്ങളിലും കാണുന്ന തരിശ്ശു പ്രദേശങ്ങൾ ഈ പട്ടികയിൽപ്പെടും. മേൽമണ്ണ് ഇല്ലാത്ത വെട്ടുകല്ലാണ് അധികവും. ചില തുരുത്തുകളിലുള്ളിൽ അഞ്ചടിയോളം മേൽമണ്ണുകാണാം. പുൽമേടുകളും കുററിക്കാടുകളും നിറഞ്ഞതാണ്. മററുള്ള സ്ഥലങ്ങളിൽ കശുമാവ് കൃഷിചെയ്യുന്നു. ജലസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തണം.

## 5. ചെറിയ ചെരിവുകൾ

സമുദ്രനിരപ്പിൽ നിന്നും 21 മുതൽ 50 മീററർ വരെ ഉയരങ്ങളിൽ കാണുന്ന ചെരിവുകൾ. ഏററവും കൂടുതൽ നാണ്യവിളകൾ കൃഷിചെയ്യുന്നു. പുരയിടങ്ങളിലാണ് ഏറിയ കൂറും. ജനസാന്ദ്രത 250/ച.കി. മീററർ. മണ്ണൊലിപ്പ് ഭാഗികമായുണ്ട്.

കേരള ലാൻഡ് യൂസ് ബോർഡ് തയ്യാറാക്കിയ ഭൂപടം - 1 ചുവടെ കൊടുക്കുന്നു.

(ഹൈഡ്രോ ജിയോ മോർഫോളജി ഭൂപടം)

ഭൂഗർഭ ജലസമ്പത്തിന്റെ വിതരണവും ഭൂപടത്തിൽ കാണാം.

## കാർഷിക കാലാവസ്ഥ

സെൻറർഫോർ എർത്ത് സയൻസ് സ്ററഡീസും കേരള ലാൻഡ് യൂസ് ബോർഡും നൽകിയിട്ടുള്ള വിശദാംശങ്ങളിൽ നിന്നും ഈ പ്രദേശം നോർത്തേൺ മിസ് ലാൻസ് സോണിൽപെടുന്നുവെന്ന കാണാം. മഴയുടെ ലഭ്യത, ഉയർച്ച താഴ്ച, താപനില എന്നിവ കണക്കിലെടുത്താണ് ഈ വിഭജനം.

കേരളത്തിലെ കാലാവസ്ഥ ചന്ദ്രനിൽ നിന്നും കാര്യമായ മാററം ഇവിടെ അനുഭവപ്പെടാറില്ല. കാലവർഷത്തിൽ കനത്ത മഴ തുലാവർഷത്തിൽ താരതമ്യേന കുറവാണ്. തണുപ്പ് കാലാവസ്ഥ കൂടുതലും ഡിസംബർ ജനുവരി മാസങ്ങളിൽ അനുഭവപ്പെടുന്നു. താപനില ഏററവും കൂടുതൽ മാർച്ച് മുതൽ ഏപ്രിൽ വരെയാണ്.

1995ലെ താപനില ചുവടെ നൽകുന്നു

(അവലംബം - RA RS പിലിക്കോട്, സോയിൽ സർവ്വെ വകുപ്പ്)

| 1 മാസം | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് |
|---|---|---|---|---|---|---|---|
| 2 കൂടിയ താപനില C⁰ | 31.9 | 31.9 | 32.9 | 32 | 31.9 | 26.1 | 27.6 |
| 3 കുറഞ്ഞതാപനില C⁰ | 20.7 | 22.2 | 22.8 | -4.8 | 25.6 | 23.8 | 23.2 |

| 1 മാസം | ആഗസ്ററ് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|
| 2 | 28.7 | 29.1 | 30.2 | 31.6 | 31.8 |
| 3 | 23.6 | 23.3 | 23.8 | 22.5 | 15.6 |

ശരാശരി താപനില ഉയർന്നത് 30.48°C ആണെങ്കിൽ കുറഞ്ഞത് 22.90°C ആണെന്നു കാണാം. കഴിച്ചവർഷങ്ങളിലെ പട്ടികയെടുത്താലും കാര്യമായ വ്യതിയാനം ദർശിക്കാനില്ല.

പഞ്ചായത്തിലെ ശരാശരി മഴദിനങ്ങളുടെ പട്ടിക ചുവടെ

അവലംബം :— **കേരള ലാൻഡ് യൂസ് ബോർഡ്**

| വർഷം | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1991 | 0 | 0 | 0 | 2 | 6 | 27 | 29 | 25 | 4 | 5 | 2 | 0 | 100 |
| 1992 | 0 | 0 | 0 | 1 | 5 | 19 | 24 | 27 | 10 | 7 | 7 | 0 | 100 |
| 1993 | 0 | 0 | 1 | 0 | 5 | 26 | 30 | 21 | 8 | 5 | 5 | 3 | 107 |
| 1994 | 0 | 0 | 2 | 7 | 6 | 28 | 31 | 24 | 11 | 5 | 5 | 0 | 131 |
| ശരാശരി | 0 | 0 | 1 | 3 | 6 | 25 | 28 | 24 | 8 | 5 | 5 | 1 | 109 |

## മണ്ണുതരങ്ങൾ

പ്രകൃതി ശക്തികളുടെയും സസ്യജാലങ്ങളുടെ പ്രവർത്തനഫലമായി ശിലാഘടന തകർന്നുള്ള ഭൂതലത്തിൽ ഉറപ്പില്ലാത്ത കിടക്കുന്ന മണ്ണിൻെറ ഘടന കാലാവസ്ഥ പോലെ തന്നെ ഏറെ പ്രധാനപ്പെട്ടതാണ്.

സോയിൽ സർവ്വെ വകുപ്പും ലാൻഡ് യൂസ് ബോർഡും നൽകിയ വിവരവും പഠന പര്യടന വിവരവും ചേർത്ത് പട്ടികപ്പെടുത്തിയ മൺതരങ്ങൾ താഴെ കൊടുക്കുന്നു.

### 1 മലഞ്ചെരിവുകളിലെ മണ്ണ്

(പയാളം അല്ലെങ്കിൽ മാലാത്ത് സീരീസ്)

അടിത്തട്ടിൽ കട്ടത്ത പാറകളുള്ളതും ഘടനാപരമായി ഗുണമുള്ളതുമായ ചെങ്കൽ കലർന്ന മണ്ണ് മേൽ തട്ടിൽ ജൈവ പദാർത്ഥങ്ങൾ അടങ്ങിയിരിക്കുന്നു ജലസംഭരണ ശേഷി 15cm ആണ്. കുത്തനെയുള്ള ചെരിവു പ്രദേശങ്ങളിലും 30മുതൽ 50%വരെ ചായ്‌വുള്ള പ്രദേശങ്ങളിൽ കാണുന്നു. കരിങ്കൽ പാറകൾ ഇതോടൊപ്പം കാണാം. ഒരു മീററാളം മണ്ണിന് ഘനമുണ്ട് മണ്ണൊലിപ്പ് കൂടുതലാണ്. അമ്ളസ്വഭാവമുള്ള മണ്ണ് പി. എച്ച്. മൂല്യം 5.3 അഞ്ച്, പത്ത് വാർഡുകളിൽ കാണുന്നു.

### 2 വനമണ്ണ് (അറത്തിൽ സീരീസ്)

പഞ്ചായത്തിലെ ഏറിയ കൂറും ചരിവ് പ്രദേശങ്ങളിൽ കാണുന്ന മണ്ണ്. കാട്ടിലെ മരങ്ങളും അവശിഷ്ടങ്ങളും വീണ് പൂരിതമായ മണ്ണാണിത്. നൈട്രജൻ കൂടുതൽ ഉണ്ട്. മണ്ണൊലിപ്പ് താരതമ്യേന കുറവാണ്. പോഷകാംശങ്ങൾ പെട്ടന്ന് നഷ്ടപ്പെടും. വളരെ ആഴത്തിലുള്ളതും സുഷിരതമുള്ളതുമാണ്. ഈർപ്പസംരക്ഷണശേഷി 6 മുതൽ 12cm വരെയാണ്. അമ്ളസ്വഭാവമുണ്ട്. പി. എച്ച്. മൂല്യം 5 ആണ്. മഞ്ഞ കലർന്ന ചുവപ്പ് നിറം അല്ലെങ്കിൽ കടും ചുവപ്പ് നിറമാണിതിന്. അമ്പതുമുതൽ നൂററമ്പതുവരെ മീററർ ഉയരമുള്ള പ്രദേശങ്ങളിൽ കാണുന്നു. ഒന്നര മീററർ താഴ്ചയിൽ കാണാം. കരിങ്കല്ലുകൾ കാണാം.

### 3 ചെങ്കൽ മണ്ണ് (മുട്ടത്തിൽ സീരീസ്)

സ്വാഭാവിക ഫലഭൂയിഷ്ഠതയും ജലസംഭരണശേഷിയും കുറവാണ്. മൂന്നു മുതൽ 11% ചെരിവുള്ള പ്രദേശങ്ങളിൽ കാണപ്പെടുന്നു. രണ്ടുമുതൽ രണ്ടരവരെ ജലാഗിരണ ശേഷിയുണ്ട്. ചെറിയ തോതിൽ മണ്ണൊലിപ്പ് ഉണ്ട്. പി. എച്ച്. മൂല്യം 5.55 അമ്ളസ്വഭാവമുണ്ട്. കുവാററിവാട്ടർഷെഡ് മേഖലയിലെ ചെറിയ സമതലം മുതൽ ചെരിവുപ്രദേശങ്ങളിൽ വരെ വ്യാപകമായി കാണുന്നു. നമ്മുടെ34% പ്രദേശവും ഇത്തരം മണ്ണാണ്. കട്ടപ്പമുള്ള കരിങ്കല്ലുകൾ കുറവാണ്.

### 4 ചെങ്കല്ലും ചെമ്മണ്ണും (കൊളക്കര സീരീസ്)

ചരൽ നിറഞ്ഞ ചുകന്ന മണ്ണ് ചെങ്കല്ലിൽ നിന്നും ഉണ്ടായതാണ്. 1 to 5% വരെ ചെരിവുള്ള പ്രദേശങ്ങളിൽ കാണുന്നു. ജലാഗിരണ ശേഷി വളരെ കുറവാണ്. വരൾച്ച അതിജീവിക്കുന്നതും നേരിയ തോതിൽ വെള്ളം ആവശ്യമുള്ളതുമായി കൃഷി മാത്രമെ സാധ്യമാവുകയുള്ളൂ. അമ്ളസ്വഭാവമുള്ളതാണ്. ഇതിനോടു മുകൾ ഭാഗത്ത് ചെങ്കൽ പാറകൾ കാണാം. വീട്ടുണ്ടാക്കാൻ വേണ്ടി കല്ല് കൊത്തിയെടുക്കാൻ പററിയ പ്രദേശം. ചെങ്കൽ മണ്ണു പ്രദേശങ്ങളിൽ കൃഷിക്ക പാറും എന്ന് ചെങ്കൽ പാറ പ്രദേശത്ത് കൃഷിക്ക് സാധ്യമല്ല. മുകൾ ഭാഗത്തുള്ള സസ്യാവരണം നഷ്ടപ്പെട്ട് കട്ടിപിടിച്ച് കിടക്കുന്നു. ഉയർന്ന തട്ടു പ്രദേശങ്ങളിൽ കാണുന്നു. സസ്യാവരണം വർദ്ധിപ്പിച്ചുകൊണ്ട് ജലസംഭരണ പ്രവർത്തനങ്ങൾ നടത്തണം. അടിഭാഗത്ത് കളിമണ്ണാണ്. പി. എച്ച്. മൂല്യം 4 6 അമ്ളസ്വഭാവമുള്ളത്.

### 5 ചരൽ കലർന്ന കളിമണ്ണ്

തീരപ്രദേശത്തും 0 to 5% വരെ ചരിവുള്ള പ്രദേശങ്ങളിലും കാണുന്നു. ജലാഗിരണ ശേഷി 17cm ആണ്. അമ്ളസ്വഭാവമുള്ളവയാണ്. പി. എച്ച്. മൂല്യം 5 3 കാത്സ്യം കുറവാണ്.

(ചിത്രം രണ്ട് നോക്കുക.)

പട്ടിക. I

ഭൂവിനിയോഗം:– (അവലംബം കൃഷിഭവൻ രേഖാ ജില്ലാ ഇൻഫോമാററിക് സെൻറർ)

| ഉപയോഗം | | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1 നെല്ല് | ഒന്നാംവിള | 95ഹെ. | I.23 |
| | രണ്ടാംവിള | 20 ,, | 0 2I |
| | മൂന്നാം വിള | I0,, | 0.23 |
| 2 തെങ്ങ് | | 957 ,, | I2.34 |
| 3 കുരുമുളക് | | 258 ,. | 3.32 |
| 4 കശുമാവ് | | I794 ,, | 23,I5 |
| 5 റബ്ബർ | | I448 ,, | I8.68 |
| 6 കവുങ്ങ് | | 360 ,, | 4.64 |
| 7 മററുള്ളവ | | 236 ,, | 3,11 |
| 8 വനം | | 359 ,, | 4 56 |
| 9 കൃഷിയോഗ്യതരിശ് | | 95 ,, | I.22 |
| 10 കൃഷി യോഗ്യമല്ലാത്ത തരിശ് | | 20I0, | 25 93 |
| II കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭൂമി, (പുഴ, തോട്, റോഡ് etc) | | I37 ,, | I.78 |
| ആളോഹരി വിസ്തൃതി — 0.35 Hector | | 77.49,, | |

ചിത്രം 3

ചിത്രം 4

# കിനാനൂർ- കരിന്തളം ഗ്രാമ പഞ്ചായത്ത്

## മൺതരങ്ങൾ
[അവലംബം_ലാന്റ് യൂസ് ബോർഡ്]




| ഗ്രൂപ്പ് | മൺതരങ്ങൾ | ശതമാനം |
|---|---|---|
| 1 | മലഞ്ചെരിവിലെ മണ്ണ് | 13% |
| 2 | വനമണ്ണ് | 8% |
| 3 | ചെങ്കൽ മണ്ണ് | 46% |
| 4 | ചെങ്കല്ലും ചെമ്മണ്ണും | 8% |
| 5 | ചരൽകലർന്ന കളിമണ്ണ് | 23% |
| 6 | കളിമണ്ണ് | 2% |


കിനാനൂർ-കരിന്തളം
ഗ്രാമ പഞ്ചായത്ത്
ഭൂവിനിയോഗം
[അവലംബം-ലാന്റ് യൂസ് ബോർഡ്]
വ
കി
പ
തെ
കൃഷിഭൂമി
വനഭൂമി
തരിശ്
ചെങ്കൽ
കശുമാവ്

## ഭൂവിനിയോഗം

പഞ്ചായത്തിലെ ഭൂവിനിയോഗ തോത് പട്ടിക 1ൽ കൊടുത്തിരിക്കുന്നു. 1991ലെ കണക്കനുസരിച്ചാണിത്. സംസ്ഥാന ആളോഹരി വിസ്തൃതി വനപ്രദേശം ഉൾപ്പെട്ട 0.12 ഹെക്ടറാണെങ്കിൽ നമ്മുടെ പ്രതിശീർഷഭൂലഭ്യത 0.35 ഹെക്ടറാണെന്ന് കാണാം. ഇതിൽ തരിശുപ്രദേശവും വനവും പെടും. വർദ്ധിച്ചുവരുന്ന ജനസംഖ്യ, ഭൂമിയുടെ ലഭ്യതയെ കാര്യമായി ബാധിക്കുന്നുണ്ട്. ശാസ്ത്രീയമായ ഭൂവിനിയോഗത്തിനുള്ള സംവിധാനങ്ങൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

ഭൂപടം മൂന്ന് നോക്കുക

## ജലസമ്പത്ത്

ചെറിയ അരുവികളും, നീരുറവകളും. ചെറുകുളങ്ങളും. തേജസ്വിനി പുഴയും കൊണ്ട് സുജലമാണീ മണ്ണ്. പഞ്ചായത്തിൽ പെയ്യുന്ന മഴയുടെ ശരാശരി അളവ് 339 സെ.മീററർ ആണ്. സംസ്ഥാന ശരാശരി അളവ് 253.98 മാത്രമാണ്. (അവലംബം എക്കണോമിക് റിവ്യൂ 1995 പേജ് 29) 260cm മുതൽ മുകളിലോട്ട് 380cm വരെ മഴ ലഭിച്ച വർഷങ്ങളുമുണ്ട്

### പട്ടിക 3 തോടുകൾ

(അവലംബം: പഠനപര്യടനം, ഗ്രാമസഭറിപ്പോർട്ട്

| വാർഡ് നംമ്പർ | തോടിൻെറ പേരു് |
|---|---|
| I | കൂവ്വാററി – മാനൂരി ചാൽ. കണിയാട തോട്, ചോയ്യോംതോട്— വായനിങ്ങ കൈ തോട്, |
| II | ചാലായി മുതൽ ബോട്ട് കടവ് വരെയുള്ള തോട്, ചാലായി മുതൽ കോളിക്കാൽ വരെയുള്ള തോട്, കോട്ടക്കുന്ന് പറയങ്ങാട് ചാൽ പയ്യംകുളം ചാൽ, മഞ്ഞളംപാടി തോട്. ചാമക്കുഴി ചാൽ |
| III | ചെന്നതോട് - കിളിയളം ചാൽ, ബാനം — കിളിയളം തോട് |
| IV | പെരിയങ്ങാനം തോട്, കുറുഞ്ചേരി തോട്, മാളൂർ കയം തോട് തുമ്പച്ചാൽ തോട്, ചീമ്മത്തോട് - തോട്, മയ്യങ്ങാനം തോട്. വരയിൽ തോട് |
| VIII | മൂരിക്കാനം തോട്, മുണ്ടവളപ്പ് തോട്, കൊരവംതല തോട്, തായലെ വയലിൽ തോട്, ഓമച്ചേരി ചാൽ, പാററക്കാൽ മൂലക്ക് തോട്, കയനിതോട്, കൊട്ടോടി ചാൽ, കീക്കാനം തോട്, വേളൂർ വയലിൽ തോട്, |
| X | പട്ളം തോട്, പാറക്കടവ് തോട്, പരപ്പച്ചാൽ ചാൽ, പിലാത്തടം ചാൽ |

എന്നാൽ ജനുവരി പകുതിയോടെ വരൾച്ചയുടെ പിടിയിലേക്ക് നമ്മുടെ പഞ്ചായത്ത് അമരുന്നു. തോടുകളുടെ ഉത്ഭവ പതന വ്യത്യാസം കുറവും, നീരൊഴുക്ക് വേഗത കൂടുതലായാലും, ജലസംഭരണ സാധ്യതകൾ കുറക്കുന്നു. ചെങ്കുത്തനെയുള്ള മലനിരകളിൽ നിന്നും ഉത്ഭവിക്കുന്ന കൊച്ചരുവികളെല്ലാം കുത്തനെയുള്ള അടിത്തട്ടുകളോടു കൂടിയതുമാണ്, വ്യാപകമായി തടയണകൾ നിർമ്മിച്ച് ജലസംരക്ഷണ പദ്ധതികൾ ആവിഷ്ക്കരിക്കണം,

കിണാവൂർ വില്ലേജിലെ 1.37 മീൻ സീലെവലിൽ [MSL) നിന്നാണ് നീലേശ്വരം പുഴയുടെ ഉത്ഭവമെന്ന് കണക്കുകൾ പറയുന്നു, കൂടോൽ പ്രദേശത്തു നിന്നുള്ള തോടാകും ഇത്.

പഞ്ചായത്തിൽ പെയ്യുന്ന മഴയുടെ അളവ് 1981 മുതലുള്ളത് പട്ടികപ്പെടുത്തിയിരിക്കുന്നു. ]പട്ടിക 2]

പഞ്ചായത്തിലെ 10 പൊതുകുളങ്ങളും 37 കുഴൽ കിണറും 33 ഓളം തോടുകളമുണ്ട്. [പട്ടിക 3]



പട്ടിക– 2

മഴയുടെ അളവ് (എം.എ

| വർഷം | ജനവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലൈ |
|---|---|---|---|---|---|---|---|
| 1981 | 16.0 | — | 6.0 | 19.2 | 137.6 | 1234.2 | 689.1 |
| 1982 | — | 12.0 | — | — | 101.6 | 884.4 | 1003.1 |
| 1983 | — | — | 62.2 | — | – | 374.4 | 1134.4 |
| 1984 | – | – | – | 92.8 | 107.11 | 1356.8 | 740.6 |
| 1985 | — | – | — | — | 293.2 | 841.4 | 568.2 |
| 1986 | 9.0 | — | 8;0 | 3.0 | 49.0 | 1177.8 | 538.2 |
| 1987 | — | — | – | 4.0 | 104,5 | 863.2 | 373.1 |
| 1988 | – | – | – | 132.8 | 143.6 | 1172.2 | 996.7 |
| 1989 | ... | .... | | 213.5 | 530.0 | 1114.2 | 804.9 |
| 1990 | .... | .... | | .... | 641.9 | 808.1 | 952.2 |
| 1991 | ... | .... | | 21.2 | 148.0 | 1270.5 | 149.1 |
| 1992 | ... | .... | 18.2 | 18.2 | 55.2 | 885.2 | 1231.5 |
| 1993 | ... | .... | 94.8 | 1.4 | 110.6 | 976.6 | 1155.1 |
| 1994 | .... | ... | ... | 150.0 | 67.4 | 1334.4 | 1450.6 |
| 1995 | ... | .... | ... | 23.0 | 233.9 | 728.8 | 1102,2 |
| 1996 | .... | ... | 6.0 | 41.6 | 24.2 | 1,220.1 | 945.2 |

## നീർതടപ്രദേശങ്ങൾ: [Water Shed]

പഞ്ചായത്തിലൂടെ ഒഴുകുന്ന അരുവികളും തോടുകളും തെക്ക് ഭാഗത്ത് ഒഴുകുന്ന തേജസ്ഥിനിപ്പുഴ കൊണ്ടെന്നപോലെ ഈ പ്രദേശത്തെ ഫലഭൂയിഷ്ഠമാക്കുന്നു, പ്രധാന കാർഷിക വിളകളെല്ലാം തന്നെ ഈ കൊച്ചരുവികളുടെ തീരത്താണ്:

കേരളാ ലാൻറ് യൂസ് ബോർഡ് പ്രസിദ്ധീകരിച്ച കാസർഗോഡ് ജില്ലയുടെ സ്ഥായിയായ വികസനത്തിന് വേണ്ടിയുള്ള സംയോജിത പഠന റിപ്പോർട്ടനുസരിച്ച് കാര്യങ്കോട് ബേസിൻ നീർമറിയുടെ ഉപശാഖകളായി രണ്ട് നീർമറി (Major Water Shed) ഈ പഞ്ചായത്തിലുണ്ട്,

1 കൂവ്വാററി വാട്ടർ ഷെഡ് 1380 ഹെക്ടർ
ii പരപ്പച്ചാൽ വാട്ടർഷെഡ്

കൂവ്വാററി വാട്ടർ ഷെഡിൻെറ പരിധിയിൽ 8 മൈക്രോ വാട്ടർ ഷെഡുകളും

| | |
|---|---|
| 1 കടോൽ | 2 പെരിങ്ങാനം |
| 3 ആറളം | 4 കാറളം |
| 5 മാനൂരി | 6 നെല്ലിയടുക്കം |
| 7 കൂവ്വാററി | 8 വാച്ചാൽ |

പരപ്പച്ചാൽ നീർമറിയുടെ പരിധിയിൽ 12 മൈക്രോ വാട്ടർ ഷെഡുണ്ട്

| | |
|---|---|
| 1 വീട്ടിയോടി | 7 കോളംകളം |
| 2 പന്നിയെറിഞ്ഞകൊല്ലി | 8 കൊട്ടമടൽ |
| 3 പ്ലാച്ചിക്കല്ല് | 9 കുറുഞ്ചേരി |
| 4 പടളം | 10 മീരകാനം |
| 5 കാരാട്ട് | 11 ചേനററാടി |
| 6 പന്നിത്തടം | 12 തുള്ളൻകല്ല് |

ഉപഗ്രഹ ഏരിയ മേപ്പിംഗ് ആയതിനാൽ സൂക്ഷ്മതയുടെ കുറവുണ്ട്. പ്രാദേശികമായി തയ്യാറാക്കുന്ന നീരൊഴുക്ക ഭൂപടത്തിൻെറ അടിസ്ഥാനത്തിൽ മാത്രമെ പദ്ധതി ആവശ്യങ്ങൾക്കുള്ള നീർതറങ്ങൾ ചിട്ടപ്പെടുത്താൻ കഴിയൂ.

## ഭൂഗർഭ ജലസമ്പത്ത്

നമ്മുടെ പഞ്ചായത്തിലെ ഭൂഗർഭജലസമ്പത്ത് ചൂഷണം ചെയ്യാൻ കാര്യമായ പ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല. ഭൂഗർഭജലവകുപ്പിൻെറ കണക്കനുസരിച്ച് ശരാശരിയിൽ അധികം ഭൂജല സമ്പത്തുള്ള പഞ്ചായത്താണിത്. ഭൂമിക്കടിയിലെ വിള്ളലുകൾ കണ്ടെത്തി അവിടെ കുഴൽ കിണർ കുഴിക്കുകയും ഭൂഗർഭ ജലം ശേഖരിക്കുകയും വേണം. ഇതിന്നിവശ്യമായ ഭൂഗർഭജല പഠന സംവിധാനങ്ങൾ ആവിഷ്കരിക്കേണ്ടതുണ്ട്. ഹൈഡ്രോ ജിയോ മോർഫോളജി മേപ്പ് ഭൂപടം-1 ഭൂഗർഭജലവിതാനം സംബന്ധിച്ച വിവരങ്ങൾ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുക.

## ധാതുസമ്പത്ത്

കരിങ്കല്ല് (ഗ്രാനൈററ്), ചെങ്കല്ല് (ലാററൈററ്) എന്നിവ പഞ്ചായത്തിലെ പ്രധാന ധാതുസമ്പത്ത് ലിഗ്നൈററിൻെറ അംശങ്ങൾ ഉള്ള ലാററൈററുകൾ [വർക്കല സീരീസ് ടൈപ്പ്] ചായ്യോം പ്രദേശങ്ങളിൽ കാണുന്നുവെന്ന് പഠനങ്ങൾ തെളിയിക്കുന്നു. [അവലംബം ; ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യാ മേപ്പ്]

പ്രധാനമായും ഗവേഷണം നടന്നിട്ടുള്ളത് ബോക്സൈററ് നിക്ഷേപം സംബന്ധിച്ചാണ്. മൈനിംഗ് അൻഡ് ജിയോളജി വിഭാഗം നടത്തിയ സർവ്വെയിൽ നിന്ന് നാൽപ്പതു ശതമാനം മുതൽ എഴുപതു ശതമാനം വരെ ബോക്സൈററ് അടങ്ങിയ ശിലകൾ ശേഖരിച്ചിട്ടുണ്ട്. ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യ നടത്തുന്ന സർവ്വെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ബോക്സൈററ് നിക്ഷേപത്തെ ചൂഷണം ചെയ്യുന്നതിനുള്ള പഠന, ഖനന പദ്ധതികൾ ആവിഷ്ക്കരിക്കണം.

കളിമണ്ണ് ശേഖരിച്ച് മൺപാത്രങ്ങളും, ഓടുകളും ഉണ്ടാക്കാനുള്ള സാധ്യതയുണ്ട്. ബിരിക്കുളം പാടങ്ങൾക്ക് പററിയ കളിമണ്ണുണ്ട്. മുൻപ് ഉപയോഗിച്ചിരുന്നതുമാണ്. കിണാവൂർ വില്ലേജിൽ ലഭ്യമായ കളിമണ്ണ് പ്രയോജനപ്പെടുത്തണം.

## മനുഷ്യസമ്പത്ത്

പഞ്ചായത്തിൻ 1991ൽ നടത്തിയ കനേഷുമാരി കണക്കനുസരിച്ച് 22219 ജനങ്ങളുണ്ട്. ഇവരിൽ 10,935 പുരുഷന്മാരും 11,284 സ്ത്രീകളുമാണ് സ്ത്രീ പുരുഷാനുപാതം 1000ന് 1032 ആകുന്നു. സംസ്ഥാന ശരാശരിക്ക് തുല്യമാണിത്. ജില്ലയിൽ ആകെയുള്ള 10,71,508 ജനങ്ങളിൽ 2.07% പേർ ഈ പ്രദേശത്താണ്. ജനസാന്ദ്രത 287/ച.കി.മീ. ആണ് ജനങ്ങളിൽ 49.21% പുരുഷന്മാരും 50.79% സ്ത്രീകളുമാണ്. പട്ടികജാതിയിൽപെട്ട 12.26% ജനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. 2724 പേർ. 1368 പുരുഷന്മാരും 1356 സ്ത്രീകളും. സ്ത്രീ പുരുഷാനുപാതം 1000ന് 991.

പഞ്ചായത്ത് ജനസംഖ്യ തുടങ്ങിയ വിവരങ്ങൾ പട്ടിക IIIൽ കാണാം. ഇതിൽ അഞ്ച്, ആറ് വാർഡുകളിലുള്ള വിവരങ്ങൾ പത്താം വാർഡിലേതുൾപ്പെടെയാണ്.

| പ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ | ആകെ | ശരാശരി |
|---|---|---|---|---|---|
| 9.5 | 223.0 | 142.9 | — | 3609 6 | 300.8 |
| 0.5 | 53.4 | 48 4 | — | 3391.4 | 282.62 |
| 1.8 | 120.8 | 8.2 | — | 3404.6 | 283.72 |
| 8.6 | 304.8 | 50.2 | 2.0 | 3221.4 | 268.45 |
| 7 4 | 413 4 | 84 4 | 46 4 | 2821.0 | 235 02 |
| 1.9 | 53.0 | 113.4 | — | 2732.5 | 227.71 |
| 4.3 | 180.8 | 198.9 | 70 8 | 2618.9 | 218.11 |
| 2.6 | 67.2 | 39.0 | 4.0 | 3385.3 | 282.11 |
| 1.3 | 339.8 | 76.8 | .... | 3513.1 | 292.76 |
| 3.5 | 254.8 | 36.9 | 1.2 | 3534.5 | 294.54 |
| 6.3 | 164.2 | 162.0 | .... | 3753.2 | 321.77 |
| 3.6 | 173.2 | 567.6 | .... | 3981.7 | 331.80 |
| 35.0 | 291.0 | 82.7 | 32.0 | 3348.8 | 279.07 |
| 6.4 | 433.7 | 84.4 | .... | 4525.5 | 377.13 |
| 06.8 | 216.8 | 122.6 | ... | 3147.0 | 262.25 |
| 93.1 | 334.6 | ... | ... | 3229.4 10 മാസത്തേത്] | 322.94 |

ശരാശരി 3388.62 ശരാശരി


കിനാനൂർ-കരിന്തളം
ഗ്രാമപഞ്ചായത്ത്
ഭൂഗർഭ ജല ലഭ്യത
അവലംബം - ലാന്റ് യൂസ് ബോർഡ്
DHL
VP
DHL
DHSL
L4
L4
L4
VP
VP
DT
DHSL
L2
L4
L2
L4
L2
L4
L2
L4
L4
L2
L3
L2
L2
L4
L2
VP
മടിക്കൈ
വെസ്റ്റ് എളേരി
നീലേശ്വരം
കയ്യൂർ
ഭൂഗർഭ ജലലഭ്യത
അടയാളം
DHL 201-300 മീ.
DHSL 200 മീ.
L2 21-40 മീ.
L3 41-80 മീ
L4 81-120 മീ
DT 121-200 മീ
VP

| | പുരുഷൻ | സ്ത്രീ |
|---|---|---|
| കൃഷി | 864 | 102 |
| കർഷകതൊഴിലാളി | 1430 | 798 |
| മൃഗസംരക്ഷണം അനുബന്ധം | 999 | 249 |
| ക്വാറ | 100 | 32 |
| കുടിൽവ്യവസായം (സംസ്കരണം, നിർമ്മാണം) | 11 | — |
| നിർമ്മാണം | 432 | 506 |
| കച്ചവടം | 408 | 21 |
| വാർത്താവിനിമയം ഗതാഗതം | 162 | 3 |
| മററ് സേവനം | 457 | 207 |
| ഭാഗീക തൊഴിലുള്ളവർ | 514 | 722 |
| തൊഴിലില്ലാത്തവർ | 5564 | 8664 |

ജൈവ സമ്പത്ത് പ്രത്യേകം പട്ടികപ്പെടുത്തിട്ടുണ്ട്.

" നാടിനു വേണ്ടൊരു പദ്ധതി നമ്മുടെ
നാട്ടിൽ നിന്നു തുടങ്ങേണം
ആസൂത്രണവും ജനതതിയുമൊന്നായ്
കൂടിയിരുന്നു നടത്തേണം."

## തൊഴിലാളികൾ

| | Total Main Workers | | Cultivators [I] | | Agricultual Labourers [II] | | Livestock, Forestry, Fishing, Hunting and Plantation Orchards & alied activities [III] | | Mining and Quarrying [IV] | | Manufacturing Processing, Servicing and Repairs in Household Industry [Va] | |
|---|---|---|---|---|---|---|---|---|---|---|---|---|
| | M | F | M | F | M | F | M | F | M | F | M | F |
| | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 |
| | 4857 | 1918 | 864 | 102 | 1430 | 798 | 999 | 249 | 100 | 32 | 11 | .... |
| 1 | 460 | 222 | 79 | 6 | 114 | 59 | 31 | 1 | 23 | 6 | 1 | .... |
| 2 | 564 | 244 | 86 | 10 | 162 | 108 | 144 | 41 | 1 | ... | 4 | .... |
| 3 | 536 | 290 | 160 | 34 | 230 | 197 | 27 | .... | 14 | — | — | .... |
| 4 | 696 | 242 | 76 | 3 | 62 | 27 | 341 | 97 | 18 | 1 | 2 | .... |
| 5 | 837 | 270 | 150 | 16 | 234 | 104 | 181 | 65 | 10 | 2 | — | .... |
| 6 | 542 | 137 | 136 | 15 | 130 | 50 | 127 | 27 | 10 | — | 3 | .... |
| 7 | 586 | 173 | 49 | 1 | 298 | 98 | 34 | 6 | 3 | — | 1 | .... |
| 8 | 347 | 179 | 115 | 17 | 132 | 85 | 16 | 1 | 7 | 4 | — | .... |
| 9 | 289 | 161 | 4 | .... | 63 | 70 | 98 | 11 | 14 | 19 | — | .... |

| | Mauufacturing Processing Servicing and Repairs in other than household Industry (Vb) | | Construction (VI) | | Trade and Commerce (VII) | | Transport, Storage & Communications (VIII) | | Other Service (IX) | | Marginal Workers | | Non-workers | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | M | F | M | F | M | F | M | F | M | F | M | F | M | F |
| | 30 | 31 | 32 | 33 | 34 | 35 | 36 | 37 | 38 | 39 | 40 | 41 | 42 | 43 |
| | 284 | 501 | 148 | 5 | 402 | 21 | 162 | 3 | 457 | 207 | 514 | 722 | 5564 | 8644 |
| 1 | 65 | 122 | 23 | 1 | 43 | 4 | 34 | 1 | 47 | 22 | 30 | 40 | 704 | 1017 |
| 2 | 53 | 69 | 14 | — | 32 | 3 | 16 | 1 | 52 | 12 | 124 | 23 | 573 | 923 |
| 3 | 4 | 40 | 5 | — | 34 | ... | 12 | ... | 41 | 19 | 66 | 112 | 635 | 888 |
| 4 | 36 | 83 | 39 | 3 | 57 | 4 | 19 | ... | 46 | 24 | 135 | 220 | 818 | 1265 |
| 5 | 36 | 38 | 25 | — | 77 | 2 | 26 | ... | 93 | 43 | 19 | 36 | 926 | 1435 |
| 6 | 19 | 8 | 14 | — | 47 | ... | 20 | ... | 36 | 37 | 16 | 5 | 550 | 894 |
| 7 | 28 | 31 | 19 | ... | 51 | 3 | 16 | 1 | 87 | 33 | 51 | 32 | 740 | 1234 |
| 8 | 15 | 62 | 4 | .... | 19 | 1 | 8 | ... | 31 | 9 | 15 | 98 | 325 | 472 |
| 9 | 28 | 48 | 5 | 1 | 42 | 4 | 11 | | 19 | 8 | 58 | 56 | 293 | 523 |

## പട്ടിക IV

| വാർഡ്/പഞ്ചായത്ത് | | Area of Panchayat in Hectares/sq·Kas, | No.of Occuied Residential House | No.of House-holds | Total Papulation (Including Institutional and House less Population) | | |
|---|---|---|---|---|---|---|---|
| | | | | | P | M | F |
| (1) | (2) | (3) | (4) | (5) | (6) | (7] | 8] |
| 0034 | Kinenool Karindala Panchayat | 77.49 | 4559 | 4561 | 22219 | 10935 | 11284 |
| 1 | Ward I | — | 506 | 507 | 2473 | 1196 | 1279 |
| 2 | Ward II | — | 539 | 539 | 2551 | 1261 | 1290 |
| 3 | Ward III | — | 517 | 517 | 2520 | 1237 | 1287 |
| 4 | Ward IV | — | 687 | 687 | 3376 | 1649 | 1723 |
| 5 | Ward IV | — | 713 | 713 | 3523 | 1782 | 1741 |
| 6 | Ward V | — | 414 | 414 | 2166 | 1108 | 1036 |
| 7 | Ward VI | — | 585 | 585 | 2816 | 1377 | 1439 |
| 8 | Ward VII | — | 300 | 300 | 1436 | 687 | 749 |
| 9 | Ward IX | — | 293 | 299 | 1380 | 640 | 740 |

| | Total Population in the age group | | | Scheduled Castes | | Scheduled Tribes | | Literates | |
|---|---|---|---|---|---|---|---|---|---|
| | P | M | F | M | F | M | F | M | F |
| | (9] | [10) | (11] | [12] | (13) | (14) | (15) | (16 | [17) |
| | 3130 | 1562 | 1568 | 1368 | 1356 | .... | .... | 8430 | 7706 |
| 1 | 393 | 197 | 196 | 78 | 9 | .... | ... | 926 | 892 |
| 2 | 313 | 153 | 160 | 45 | 39 | .... | ... | 1069 | 972 |
| 3 | 360 | 185 | 175 | 145 | 155 | .... | .... | 932 | 836 |
| 4 | 454 | 235 | 219 | 216 | 195 | ... | .... | 1256 | 1168 |
| 5 | 545 | 272 | 273 | 440 | 433 | .... | ... | 1255 | 1058 |
| 6 | 291 | 152 | 139 | 183 | 176 | .... | ... | 887 | 776 |
| 7 | 390 | 193 | 197 | 229 | 243 | .... | .... | 1025 | 938 |
| 8 | 178 | 81 | 97 | 19 | 27 | ... | ... | 566 | 519 |
| 9 | 206 | 94 | 112 | 13 | 9 | .... | .... | 514 | 547 |

# വനം - വനപരിപാലനം

ഈ നൂററാണ്ടിൻെറ ആദ്യ ദശകങ്ങളിലെ കണക്കുപ്രകാരം നമ്മുടെ പഞ്ചായത്തിലെ ഭൂവിസ്തൃതിയിൽ 50 ശതമാനത്തിലേറെ വനപ്രദേശങ്ങളായിരുന്നു, ഹിംസ്രജന്തുക്കളും, പക്ഷികളും, മനുഷ്യരും ഇടകലർന്ന് അധിവസിച്ച പ്രദേശം. നമുക്ക് വേണ്ടുന്ന ഒട്ടുമിക്ക വിഭവങ്ങളും ഇവിടെതന്നെ ഉണ്ടായിരുന്നു. ഈ കാട് തന്നെയായിരുന്നു നമ്മുടെ ആശ്രയവും.

എന്നാൽ 1937-ലെ സർവ്വെ അനുസരിച്ച് സംരക്ഷിത മേഖലയാക്കി മാററിയ കിനാനൂർ റിസർവ്വ് വനവും ഏതാനും കാവുകളും മാത്രമെ വനമായി ഇവിടെയുള്ളു

നമുക്ക് നഷ്ടപ്പെട്ട ജൈവ വൈവിധ്യത്തിൻെറ കണക്കെടുക്കുക എളുപ്പമല്ല. വർധിച്ചുവന്ന ജനസംഖ്യ, ഭൂവിനിയോഗത്തിലെ അശാസ്ത്രീയത എന്നിവമൂലം വനസമ്പത്ത് നഷ്ടമാവുന്നു.

## കിണാവൂർ റിസർവ്വ് വനം:

പഞ്ചായത്തിൻെറ വടക്കുകിഴക്കെ അതിർത്തിയിൽപ്പെടുന്ന 359 ഹെക്ടർ പ്രദേശം തെക്കുവടക്ക് നീളം 6 കിലോമീററർ വരും. മൊത്തം ചുററളവ് 21 കിലോമീററർ. വനത്തിനകത്ത് മണ്ണൊലിപ്പ് മൂലം അനാവൃതമായ പാറപ്രദേശമാണ് 40%. പ്രകൃതിക്ഷോഭംമൂലം 40% മരമുള്ള പ്രദേശങ്ങൾ തരിശായിട്ടുണ്ട്.

ഇലപൊഴിയും കാടുകളുള്ള ഈ വനഭൂമിയിൽ ഇടക്കാടുകൾ ഉണ്ട്. അടിക്കാടുകൾ കുറഞ്ഞുവരുന്നു.

വൃക്ഷങ്ങളിൽ ഇരൂൾ (40%), മരുത് (30%), തടിച്ചിൽ (5%). ഈട്ടി (2%), നാടൻ തേക്ക് (2%). മാവ്, പ്ലാവ് എന്നിവയും കാട്ടുനാരകങ്ങളും അടിയിൽ നിലനാരകവും കാണാം.

ഇലവ്, പാല, വട്ട, നുകമരം പോലുള്ള കാതലില്ലാത്ത മരങ്ങളും, മലഇഞ്ചി, കാട്ടുമഞ്ഞൾ, കാട്ടുകുരുമുളക്, ചൂരൽ. ഈഞ്ച എന്നിവയും ഒട്ടേറെ ഔഷധ സസ്യങ്ങളും കാണാം (പട്ടിക വേറെ നൽകിയിട്ടുണ്ട്).

പുലിയും, നരിയും, കുറുക്കനും, പന്നിയും, മാനും ഉണ്ടായിരുന്നു. നിലവിൽ കുരങ്ങ്, പന്നി, കുറുക്കൻ, മുള്ളൻപന്നി, കാട്ടുകോഴി, പെരുമ്പാമ്പ് എന്നിവയുണ്ട്. സഹ്യപർവ്വതങ്ങളിൽമാത്രം കാണുന്ന ചിലയിനം പക്ഷികളുമുണ്ട്. വർഗ്ഗീകരിക്കാൻ ശ്രമം നടന്നിട്ടില്ല. മയിൽ, വിവിധയിനം തത്ത, മൈന, വേഴാമ്പൽ എന്നിവയെ കാണാം. ഇഴജന്തുക്കളിൽ വിഷപാമ്പുകളും അല്ലാത്തവയും, വിവിധയിനം അട്ടകളും എന്നിവയും കാണുന്നുണ്ട്.

(അവലംബം: ഫോറസ്റ്റ് ആഫീസ്, ഭീമനടി)

## സാമൂഹ്യ വനവൽക്കരണം:

സാമൂഹ്യ വനവൽക്കരണത്തിൻെറ ഭാഗമായി പഞ്ചായത്തിൽ 1995—'96ൽ 5978 രൂപയുടെ മരങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഒന്നാംനിര വനങ്ങൾ നഷ്ടപ്പെട്ട റിസർവ്വ് വനത്തിലെ നാൽപതു ശതമാനം പ്രദേശത്ത് രണ്ടാമതും മരങ്ങൾ വെച്ചു പിടിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ സാമൂഹ്യ വനവൽക്കരണ ഡിപ്പാർട്ട്മെൻറ് ചെയ്യുന്നുണ്ട്. കഴിഞ്ഞ വർഷം ഉണ്ടായ അഗ്നിബാധ ഒട്ടേറെ നാശം ഉണ്ടാക്കിയിട്ടുണ്ട്. പ്രദേശിക ജനപങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങളല്ല നടക്കുന്നത്.

മഹാഗണി, തേക്ക്, കനിമരുത്, നരിവേങ്ങ, നെല്ലി, താന്നി, നാടൻമുള, കുമിഴ്, പ്ലാവ്, പുളി കുരങ്ങാട്ടടി എന്നീ മരങ്ങളാണ് നടുന്നതിനു പദ്ധതിയുണ്ടായിരുന്നത്.

സഹായക വന നിർമ്മാണത്തിന് (Compensatory afforestation) 1994—'95ൽ 5,73,636 രൂപയും 1195—'96ൽ 11,85 581 രൂപയും ചിലവഴിച്ചുകഴിഞ്ഞു

(അവലംബം: സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, കാസർകോട്)

## കാവുകൾ:

നീലേശ്വരം രാജവംശത്തിൻെറ അധീനതയിലുണ്ടായിരുന്ന ജന്മികുടുംബങ്ങളുടേയും മററു സ്വകാര്യ

വ്യക്തികളുടേയും കീഴിൽ 20 കാവുകരം ഉണ്ടായിരുന്നു. കാലാന്തരത്തിൽ സ്വത്തുഭാഗം ചെയ്യലിന്റെയും, പുതിയ കൃഷിയിറക്കലിന്റെയും ഫലമായി ഇവയിൽ പലതും നശിപ്പിക്കപ്പെട്ടു. മാതോത്ത് കാവ്, കോട്ടയിൽ കാവ്, ചാല്ലോത്ത് കാവ്, തുടങ്ങി അഞ്ചോളം കാവുകരം ഇതിൽപ്പെടുന്നു. കാവുകരം ആ വിസ്തൃതിയിൽ പകുതികണ്ട് കുറഞ്ഞിരിക്കുന്നു.

ആചാരത്തിന്റെ വിശ്വാസത്തിന്റെയും പേരിൽ ഹിന്ദുമതത്തിലെ വിവിധ വിഭാഗത്തിൽപ്പെട്ടവരാണ് ഇവയിലേറെയും സംരക്ഷിക്കുന്നത്. ഈയിടെയായി ഇവ ജനകീയ കമ്മിററികളുടെ കീഴിലായി കഴിഞ്ഞിട്ടുണ്ട്.

## അവശേഷിക്കുന്ന പ്രധാന കാവുകൾ

1. പെരിയങ്ങാനം ശ്രീധർമ്മ ശാസ്താംകാവ്
2. ചെറുപുളിയടുക്കം കാവ്, നെല്ലിയടുക്കം
3. പയ്യംകുളം കാവ്
4. കളരിയാൽ കാവ്, കരിന്തളം
5. കാരാട്ടുകാവ്, തലയടുക്കം
6. വരഞ്ഞൂർ കാഞ്ഞാററിക്കാവ്
7. ശ്രീശാസ്താം കാവ്, കോയിത്തട്ട
8. ബിരിക്കുളം പൊഴാട്ടുക്കത്ത് കാവ്
9. ആറളം ഭഗവതികാവ്
10. കാവുതിയോട്ട് കാവ്, അണ്ടോരം
11. പുതിയറകാവ് അണ്ടോരം
12. കിണാവൂർ അയ്യപ്പക്ഷേത്രകാവ്
13. കിണാവൂർ കണ്ണൻകുന്ന്കാവ്
14. കണിയാട കാവുന്തലയ്ക്കൽകാവ്
15. ഉമിച്ചി ചാമുണ്ഡികാവ്
16. ആറളം പരദേവതകാവ്
17. പരപ്പച്ചാൽ മുണ്ട്യകാവ്
18. മുഡുപ്പ്കാവ്, മാന്തരി

അപൂർവ്വവും ഔഷധഗുണമേറിയതുമായ സസ്യജാലങ്ങരം ഈ കാവുകളിലുണ്ട്. വിവിധയിനം പക്ഷികളെയും ജന്തുജാലങ്ങളേയും കാണപ്പെടുന്നു. ആകെ വിസ്തീർണ്ണം 25 ഏക്കർവരും. പയ്യംകുളം കാവ് പൂമാല ഭഗവതിക്കാവാണ്, ഇവയ്ക്ക് $1\frac{1}{2}$ ഏക്കർ വിസ്തൃതിയുണ്ട്. നെല്ലിയടുക്കം ചെറുപുളിയടുക്കം കാവ് വിഷ്ണുമൂർത്തി കാവാണ്, 2 ഏക്കർ വിസ്തൃതി. പെരിയങ്ങാനം, കോയിത്തട്ട, കാരാട്ടുകാവ് എന്നിവ ശാസ്താംകാവുകളാണ്. ഇവയ്ക്ക് യഥാക്രമം 2, 1, 1 ഏക്കർ വിസ്തീർണ്ണമുണ്ട്. വരഞ്ഞൂർ കാഞ്ഞാററിക്കാവ് നാഗാരാധനയുള്ള കാവാണ്.

വനമുല്ലയും, കാശാവും, താന്നിയും, കരിംകുവളവും ഇവയുടെ പ്രത്യേകതയാണ്. ഒട്ടേറെ പുനരുദ്ധാരണ പ്രവർത്തനങ്ങരം കാവുകളിൽ നടന്നുവരുന്നു.

വിവിധ ആരാധനമൂർത്തികളുടെ ആവാസ കേന്ദ്രമെന്ന വിശ്വാസത്തിൽ ഒട്ടേറെ ഒററപ്പെട്ട സർപ്പകാവുകരം, മരങ്ങളും ഇവിടെ കാണും. കാലിച്ചാൻ ദൈവം അധിവസിക്കുന്നുവെന്നു കരുതുന്നു. കാഞ്ഞിരങ്ങളും ഗുളികന്റെ ആവാസകേന്ദ്രമായ ചെമ്പകങ്ങളും ഏറെയുണ്ട്.

## പ്രശ്നങ്ങൾ:

1. റിസർവ്വ് ഫോറസ്റ്റിൽ വനം കയ്യേററം നടന്നതായി കാണുന്നു.
2. റിസർവ്വ് വനത്തിന്റെ അതിർത്തികരം വേർതിരിക്കുന്ന സ്ഥിരം സംവിധാനമില്ല
3. റിസർവ്വ് വനത്തിൽ തരിശുഭൂമികരം ഏറെയുണ്ട്.
4. സാമൂഹ്യ വനവത്കരണ പ്രവർത്തനത്തിൽ ജനപങ്കാളിത്തമില്ല.
5. മണ്ണൊലിപ്പുമൂലം പുൽമേടുകരം നഗ്നമാവുന്നു
6. കാവുകളിലെ ജൈവസമ്പത്ത് നഷ്ടമാവുന്നു.

## സാധ്യതകൾ:

1. റിസർവ്വ് വന സംരക്ഷണം കാര്യക്ഷമമാക്കുന്നതിന് ഫലപ്രദമായ ഔദ്യോഗിക സാമൂഹ്യ നിയന്ത്രണമുണ്ടാക്കണം.
2. വനത്തിന്റെ അതിർത്തികളിലുള്ള താൽക്കാലിക അതിരു മാററി സ്ഥിരം സംവിധാനമുണ്ടാക്കണം.
3. റിസർവ്വ് വനത്തിലെ സാമൂഹ്യവനവൽക്കരണ പ്രവർത്തനത്തിൽ പ്രാദേശിക ജനപങ്കാളിത്തവും ബോധവൽക്കരണവും നടത്തുക.
4. തരിശു സ്ഥലങ്ങളിൽ പ്രാദേശിക കമ്മിററികളുടെ സഹായത്തോടെ പുൽചെടികരം, കാലിത്തീററയ്ക്കും വിറകിനുമുള്ള വിദ്യകരം ജൈവവളചെടികരം വെച്ചുപിടിപ്പിക്കുക.
5. നിലവിലുള്ള കാവുകരം സംരക്ഷിക്കുന്നതിനുള്ള പദ്ധതികരം തയ്യാറാക്കുക.
6. വനത്തിലെ അഗ്നിബാധ തടയാൻ പദ്ധതി തയ്യാറാക്കണം.

**കിനാനൂർ കരിന്തളം പഞ്ചായത്തിൽ സാധാരണമായി കാണപ്പെടുന്ന സസ്യങ്ങളിൽ ചിലത്**

1 ആലം (പേഴ്) - കരേയ അർബോറിയ

2 ഇടംപിരി വലമ്പിരി (കയ്യൂള) - ഹെലിക്ടറസ് ഐസോറ

(സഹ്യപർവ്വതത്തിന്റെ തനതായ ഒരു സസ്യം)

3 ഈഞ്ച - അക്കേഷ്യ ഇൻസിയ

4 ഈശ്വരമുലി(ഉറുതൂക്കി) - അരിസ്റ്ററലോക്കിയ ഇൻഡിക്ക

5 ഓരില - ഡെസ്മോസ്ഡിയം ഗാൻജററിക്കം

6 കണിക്കൊന്ന - കാഷ്യംഫിസ്റ്റുല

7 കുടകപ്പാല - ഹോളറീന പബ്സെൻസ്

8 പാണൻ (കുറുമാണ) - ഗ്ളൈക്കോസ്മിസ് പെൻഡാഫില്ല

9 ഗൂമുള്ള് - ടീറോലോബിയം ഇൻഡിക്കം

10 ചന്ദനം - സൻഡാലം ആൽബം
(പരപ്പ പ്രദേശങ്ങളിൽ സമൃദ്ധമായി കാണുന്നവ)

11 ചെന്നാർവള്ളി - സ്മൈലാക്സ് ആസ്പെരാ

12 ചെറുതേക്ക് - ക്ലായൊഡെൻഡ്രം സെറേററം
വിരളമാണ് ഈ സസ്യം

13 തേക്ക് - ടെക്റേറാണടാൻഡിസ്

14 നറുനീണ്ടി - ഹെമിഡെസ്മസ് - ഇൻഡിക്കസ്

15 നെല്ലി - എംപ്ലിക്ക ഒഫിഷ്യാന്നലിസ്

16 പുല്ലാഞ്ഞിവള്ളി - കാലിക്കോപ്ററസ് ഫ്ളോറിബുൻഡ
(കാവുകളിലും മററും സമൃദ്ധം)

17 പൂവം - സ്ലെച്ചിറ ഓലിയോസ

18 പെരുകിലില - ക്ലിറോഡെൻഡ്രം
(വട്ടാപലം) വിസ്കോഡ

19 മുക്കററി - ബ്രയോഫൈററം റിയിൻവാഡ്ടീ

20 വള്ളികുറുന്തോട്ടി - സൈഡാ വെറോണിക്ക ഫോളിയ

21 ശതാവരി - അസ്പാരഗസ്ററിമോസ

22 സർപ്പഗന്ധി - റാവോൾഫിയ സർപൻറീന

23 അത്തി - ഫൈക്കസ് റസിമോസ

24 അപ്പ - അജിററം കോനിഡോയഡ്സ്

25 അരയാൽ - ഫൈക്കസ്റിലിജിയോസ

26 ആടലോടകം - ആടത്തോഡവാസിക്ക

27 ഇലഞ്ഞി - മൈമൂഡോപസ് ഇലഞ്ഞി

28 ഇലമുളച്ചി - കാലജ്ഗോയിപിന്നേററ

29 ഇലിപ്പ - മധുകലോൻജിഫോളിയ

30 ഏഴിലംപാല - അസ്റ്റോണിയ സ്കോളാരിസ്

31 കരക്കഞ്ചാവ് - സ്ലകാപ്പരിയ ഡസഡിസ്
(ശ്ലഷ്മ ഭക്ഷണം)

(അപൂർവ ഔഷധം പുഴയുടേയും തോടുകളുടെയും സമീപങ്ങളിൽ സുലഭം)

32 കരിങ്കൂവളം - മോണക്കോറിയ റജിനാലിസ്

33 കരിനൊച്ചി - വൈറക്സ് നെഗുണ്ടോ പൈറോ പർവ്യൂറൻസസ്

34 തുവക്കായ - നീഗംയുള

35 ക്ടാരപ്പുല്ല്

36 കല്ലുരുക്കി - പൗസോഡിയ സെയ്ലാനിക്ക

37 കാശാവ് - മെമിസിലോൺ അംബല്ലേററം
(കിനാനൂർ-കരിന്തളം പഞ്ചായത്തിന്റെ പാറ പ്രദേശങ്ങളിൽ സുലഭമായി കാണപ്പെടുന്ന കുററിച്ചെടി, അന്യംവരുന്ന ഒരു സസ്യം)

38 കൂവളം - ഈഗിറം മർമ്മലോസ്

39 കൃഷ്ണതുളസി - ഒസിമംസാജ്ററം

40 കാട്ടുതുളസി - ഒസിമംകാനം

41 ഞാവൽ - സിസിയംകുമിനി

42 താന്നി - ടെർമാനേലിയ ബെല്ലരിക്ക

43 തുമ്പ - ലൂക്കാസ് ആസ്പെരാ

44 തൊട്ടാവാടി - മൈമോസപൂസിക്ക

45 നറുംപാണൽ - യുവേരിയ നാരം

46 നിലനാരകം - നരഗാമിയ അലേററം (പഞ്ചായത്തിൽ ധാരാളമായി കാണപ്പെടുന്നുണ്ട്)

47 നിലപ്പന - കർക്കിലോ കർക്കിയോസസ്

48 നിലമ്പരണ്ടി - ഡെഡ്മോസിയം ട്രൈപ്ലോറം

49 പുഴക്കടിക്കായ (കുരീൽ) - കൊന്നാറസ് മോണാക്കറംപസ്

50 പേരാൽ - ഫൈക്കസ്ബംഗാളൻസിസ്

51 മലയിഞ്ചി - സിഞ്ചിബർസൈററബെററ്

52 മുത്തങ്ങ - സൈപ്രസ് റോട്ടൻസ്

53 മുത്താൾ - സെൻറല്ലാ ഏഷ്യാററിക്ക

54 വയറ - മെറേമിയ അംബല്ലേററ

55 വാതംകൊല്ലിമരം - സിസിജിയം ട്രാവൻടൂറിക്കം

56 വാതംകൊല്ലി - ജസ്റ്റീഷ്യജൻഡറൂസ

57 വെള്ളകുറുഞ്ഞി - ചസ്സേലിയ കർവിഫ്ലോറ

58 കുന്നി - അ്രസസ്കാററിയോറസ്

59 മരവാഴ - അക്രാസെപ്രിമോർസ

60 മഞ്ചാടി - അഡ്നാതീറപാവോനിന

61 കാട്ടുചേന - Amorpho phallin sylvaticus

62 മൂക്കിട്ടകായ - Bulbuphyllumneilphervence

63 ചൊറിവള്ളി - Cayratia earnoya

64 കാര - Canthium parviflerum

65 പാടത്താളി - ക്രിനംസ്പിഷീസ്

66 ചെറുകടലാടി - Cyathuta prostata

67 ഈന്ത് - Cycas circinalivs

68 കൊടംപുളി - Garcinina gunnigatta

69 മത്തിപ്പുളി - ഹൈബിസ്കസ് ഹിസ്പിസിസ്മസ്

70 ചേര് - ഹോളിഗാരൻ ആർണോററിയാന

71 മരോട്ടി - ഹൈഡ്നോകാർപസ് ആൽപിനിയ

72 കാട്ടുചെത്തി - ഇക്സോറ കോക്സീനിയ

73 പാൽവള്ളി - ഇക്നോകാർപസ് ഫ്രൂട്ടിസെൻസ്

74 പിള്ളമരുത് - ടെർമിനാലിയ പാനികുലേററ

75 കനിമരുത് - ടെർമിനിയാലിയ ടൊമൻേറാസ

76 കാട്ടമൃത് - Tinospora Malabalica

77 വള്ളിപാല - Thylophera Asthmalica (ആസ്മക്കുള്ള നല്ല ഔഷധം)

78 കാട്ടുള്ളി - അർജീനിയ ഇൻഡിക്ക

79 കാക്കപ്പൂവ് - യൂട്രിക്കുലേറിയ ഗ്രാമിനിഫോളിയ

80 നൊച്ചിൽ - വൈറെക്സ് ട്രൈഫോളിയ

81 ചൂരിമുള്ള് - സിസിഫസ് ഇനോപ്ലിയ

82 കൊട്ടമുള്ള് - സിസിഫസ്റൂഗോസ

83 റബ്ബർ - ഹിവിയാ ബ്രസിലിയാൻ

84 പുന്ന - സിസ്

85 കശുമാവ് - അനാർക്കാർസിയം ഓക്സിസെൻറാലം



കിനാനൂർ കരിന്തളം പഞ്ചായത്ത് കൊച്ചരുവികൾ, തോടുകൾ, കുളങ്ങൾ എന്നിവയാൽ സമ്പന്നമാണ്. കൃഷിയോഗ്യമല്ലാത്ത ഉയർന്ന പാറപ്രദേശങ്ങൾ റോഡിന്റെ ഇരുവശങ്ങളിലും കാണാം. സർക്കാർ സംരക്ഷിത വന മേഖലയിൽപ്പെടുന്ന പ്രദേശം 359 ഹെക്ടറാണ്. നീലേശ്വരം രാജവംശത്തിന്റെ കീഴിലുള്ള (അള്ളട സ്വരൂപം) ഭൂപ്രദേശങ്ങളായിരുന്നു. ഇവിടങ്ങളിൽ ഭൂരിഭാഗവും ഹിംസ്ര ജന്തുക്കളും കൊടും കാടുകളാലും നിബിഡമായിരുന്നു.

ഈ പ്രദേശത്ത് കാടുകൾ വെട്ടിത്തെളിച്ച് വ്യാപകമായ പുനം കൃഷി ചെയ്യാറുണ്ടായിരുന്നു. നെൽകൃഷിയോടൊപ്പം തുവര തുടങ്ങിയ പയർവർഗ്ഗങ്ങളും ചാമ മുത്താറി തിന മുതലായ ധാന്യ വർഗ്ഗങ്ങളും വിവിധ ഇനം പച്ചക്കറികളും കൃഷിചെയ്തിരുന്നു. 19-ാം നൂറ്റാണ്ടിൽ എള്ളുല്പാദന രംഗത്ത് ഈ പ്രദേശം മുൻപന്തിയിലായിരുന്നുവെന്ന് വില്യം ലോഗന്റെ മലബാർ മാന്വലിൽ കാണുന്നു. പുനം കൃഷിയെത്തുടർന്ന് കുരുമുളക് കൃഷിയും കശുമാവ് കൃഷിയും ആരംഭിച്ചു. ഭൂവുടമകളുടെയും ജന്മിമാരുടെയും ആധിപത്യത്തിലായിരുന്ന ഈ കൃഷിസമ്പ്രദായത്തിന് തൊഴിലാളികളെ നിയോഗിച്ചിരുന്നത് അടിമരീതിയിൽ പാട്ടം വ്യവസ്ഥയിലായിരുന്നു. പുനം കൃഷിയുടെ ഫലമായി വ്യാപകമായ വന നാശവും ജൈവവിനാശവും വ്യാപകമായ മണ്ണൊലിപ്പും ഉണ്ടായിരുന്നു. പുനം കൃഷിക്ക് കയമ, കോയിവാലൻ, പൊന്നരിയൻ, ചെമ്മോള്, വെള്ളരിയൻ തുടങ്ങിയവയും സമതല പ്രദേശങ്ങളിൽ ജലലഭ്യത അനുസരിച്ച് കരിയടക്കൻ, രാജാക്കയമ, മലയുടുമ്പൻ, തവളക്കണ്ണൻ, കുഞ്ഞിവാലൻ, രാജധാനി, കീരിപ്പല്ലൻ, ജീരകശാല, വാച്ചൻ തുടങ്ങിയവയും കൃഷിചെയ്തിരുന്നു. ക്രമേണ തെങ്ങ്, കവുങ്ങ് കശുമാവ്, കുരുമുളക് എന്നിവ കൃഷി ചെയ്തുതുടങ്ങി. വാരം, പാട്ടം തുടങ്ങിയ സമ്പ്രദായങ്ങൾ അന്ന് നിലവിൽ ഉണ്ടായിരുന്നു. കുരുമുളകിന് 10ൽ 2 വാരം ജന്മിക്കായിരുന്നു. നാല് വർഷം കൃഷി ചെയ്തു കഴിഞ്ഞാൽ അഞ്ചാം വർഷം വിളവ് ജന്മിക്ക് നൽകണമായിരുന്നു. കാലം ജന്മി നിശ്ചയിക്കും. പാട്ടമോ, വാരമോ കൊടുക്കാതെ വന്നാൽ ജന്മിമാർ കൃഷിയിടങ്ങൾ 'തോല് കെട്ടി' വിളവിൽനിന്ന് ഒഴിപ്പിക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു. ശക്തമായ കർഷകസമരത്തിന്റെ ഫലമായി ഇത്തരം ചൂഷണത്തിൽ നിന്നും ജനങ്ങൾ മുന്നേറി. ജന്മിമാരുടെ പിറന്നാളിലും മറ്റ് ആഘോഷസന്ദർഭങ്ങളിലും കുടിയാനവന്മാർ കാണിക്ക വെച്ച് കാണുന്ന സമ്പ്രദായം നിലനിന്നിരുന്നു.

കേരളത്തിന്റെ തെക്കൻ ജില്ലകളിൽ നിന്നുള്ള കുടിയേറ്റ കർഷകരുടെ ആഗമനത്തോട് കൂടി പുതിയ കൃഷിമുറകൾ ആരംഭിച്ചു. പ്രത്യേകിച്ച് മരച്ചീനി, പുൽത്തൈല കൃഷി, റബ്ബർ, തുടങ്ങിയവ വ്യാപകമായി. ഇതു കൂടാതെ ചേന, ചേമ്പ്, കാമത്ത്, കുണ്ട് കിഴങ്ങ്, മധുരക്കിഴങ്ങ് എന്നിവ കൃഷി ചെയ്തിരുന്നു. ആദിമ ജനവിഭാഗങ്ങൾ നര, കുരണ്ട്, കാട്ട് ചേന, തകര, മുള അരി, തുവക്കുരു, ഉറുമ്പരി തുടങ്ങിയവയും ആഹാരത്തിന് ഉപയോഗിച്ചിരുന്നു. ഭൂപരിഷ്കരണം നടപ്പിലായതോടുകൂടി കൃഷിഭൂമി കൃഷിക്കാരന്റേതായിമാറി എന്നിരുന്നാലും ഏതാനും വ്യക്തികൾ തോട്ടം, ട്രസ്റ്റ് എന്നീ മാർഗ്ഗങ്ങൾ ഉപയോഗിച്ച് കൂടുതൽ ഭൂസ്വത്തുക്കൾ കൈവശം വച്ച് വരുന്നുണ്ട്.

അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമായതോട് കൂടി കാർഷിക ഉല്പാദനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. പട്ടിക ഒന്ന് നോക്കുക.

പട്ടിക ഒന്ന്

| നെൽകൃഷി | വിസ്തീർണ്ണം |
|---|---|
| വിരിപ്പ് (ഒന്നാം വിള) | 95 ഹെക്ടർ |
| മുണ്ടകൻ (രണ്ടാം വിള) | 25 ,, |
| പുഞ്ച (മൂന്നാം വിള) | 10 ,, |

അവലംബം : കൃഷിഭവൻ രേഖ.

നാടിന്റെ ഭക്ഷ്യാവശ്യത്തിന്റെ ഒരു ശതമാനം പോലും ഉല്പാദിപ്പിക്കാൻ നമുക്ക് കഴിയുന്നില്ല.

## കാർഷിക കാലാവസ്ഥ

ഈ പ്രദേശം നോർത്ത് മിഡ്‌ലാന്റ് ഏരിയാ കാർഷിക ഘടകത്തിൽ പെടുന്നു. (അവലംബം ലാൻഡ് യൂസ് ബോർഡ്).

## ജലലഭ്യത

പ്രാദേശികമായി ശരാശരി 338 സെ.മീ. മഴ ലഭിക്കുന്നുണ്ട്. ഉത്തരകേരളത്തിലെ മറ്റിടങ്ങളിലെപോലെത്തന്നെ കാലവർഷത്തിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. തുലാവർഷം താരതമ്യേന ശക്തി കുറവാണ്. മഴക്കാലത്ത് ശക്തിയായ വെള്ളപ്പൊക്കം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്

കിണാവൂർ, കീഴ്മാല, പാറക്കോൽ, വേളൂർ, അണ്ടോൾ, പുലിയന്നൂർ, മാന്നൂരി തുടങ്ങിയവ. ശക്തമായ കുത്തൊഴുക്കുള്ള തോടുകളാണ് ഈ പഞ്ചായത്തിലുള്ളത്. സമുദ്രനിരപ്പിൽ നിന്ന് 100 മീറ്ററിൽ അധികം ഉയരങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന തോടുകൾ പത്തോളം കി.മീ. സഞ്ചരിച്ച് ഉപ്പ് വെള്ളം കയറുന്ന പുഴകളിൽ പതിക്കുന്നു. തോടുകളുടെ അടിത്തട്ടുകൾ കുത്തനെയുള്ള ചരിവ് പ്രദേശങ്ങളായി കാണുന്നു. അതുകൊണ്ട് മിക്ക തോടുകളും ഏപ്രിൽ മാസത്തോടെ വറ്റി വരളുന്നുണ്ട്. പുഴയുടെയും തോടുകളുടെയും തീരങ്ങളിൽ സ്വകാര്യ വ്യക്തികളുടെ കുളങ്ങളും, പഞ്ചായത്തിൻെറ 10 പൊതു കുളങ്ങളും കാണാം. ഉയർന്ന പാറപ്രദേശങ്ങളിൽ 18 ഓളം പള്ളങ്ങളുണ്ട്. പട്ടിക രണ്ട് ചുവടെ ചേർക്കുന്നു.

പട്ടിക രണ്ട്

| | |
|---|---|
| 1 | ബിരിക്കുളം |
| 2 | കടലാടിപ്പാറ |
| 3 | കടയംകയം തട്ട് |
| 4 | പയ്യംകുളം |
| 5 | പാത്തടുക്കം |
| 6 | ചൂരിപ്പാറ |
| 7 | മാങ്കൈത്തട്ട് |
| 8 | കരിന്തളം പാറ |
| 9 | എടോം പൊയിൽ |
| 10 | പറമ്പത്തടുക്കം |
| 11 | പള്ളപ്പാറ |
| 12 | കുഞ്ഞിപ്പാറ |
| 13 | ഉമിച്ചിപ്പൊയിൽ |
| 14 | കയനിപ്പാറ |
| 15 | കൂളിപ്പാറ |
| 16 | വാളൂർ കുണ്ട് |
| 17 | കുണ്ടനടുക്കം |
| 18 | ചാമക്കുഴി |

അവലംബം : ഗ്രാമസഭ റിപ്പോർട്ട്

മണ്ണൊലിപ്പ്മൂലം അനാവൃതമായതാണ് പഞ്ചായത്തിൽ കാണുന്ന ഉയർന്ന പാറ പ്രദേശങ്ങൾ. പഞ്ചായത്തിൻെറ ഭൂവിഭാഗത്തിൻെറ കിടപ്പനുസരിച്ച് കൂടുതൽ പ്രദേശങ്ങളും മണ്ണൊലിപ്പിന് വിധേയമാവുന്നു. മണ്ണ്, ജലസംരക്ഷണ പ്രവർത്തനത്തിന് അർഹമായ പരിഗണന നൽകിയിട്ടില്ല. ജീവിതരീതിയിലുള്ള മാറ്റങ്ങളും കാർഷികേതര വരുമാനങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നതുമാണ് ഈ അശ്രദ്ധയ്ക്കുള്ള പ്രധാന കാരണം.

## ഭൂവിനിയോഗം

വില്ലേജാഫീസിലെ സെറ്റിൽമെൻറ് രേഖാ പ്രകാരം കരിന്തളം വില്ലേജിൽ 3134.04 ഏക്കർ സ്ഥലം പട്ടയ ഭൂമിയായിട്ടുണ്ട്. 1960ന് ശേഷം 1003.82 ഏക്കർ സ്ഥലം പതിച്ച് നൽകിയിട്ടുണ്ട്. ചീമേനി II വില്ലേജിലെ 819.49 ഏക്കർ സ്ഥലം പട്ടയ ഭൂമിയാണ്. കിനാനൂർ വില്ലേജിലെ രേഖകളിൽ കാണുന്ന 10351.89 ഏക്കർ സ്ഥലം പതിച്ച് നൽകിയിട്ടുണ്ട്. കൈവശക്കാർക്ക് പട്ടയം ലഭിക്കാൻ ഇനിയും അവശേഷിക്കുന്നു. എന്നാൽ കൃത്യമായി തിട്ടപ്പെടുത്താനുള്ള ശ്രമം നടത്തേണ്ടതുണ്ട്. കൈവശഭൂമിസംബന്ധമായ പട്ടിക മൂന്ന് ചുവടെ കൊടുക്കുന്നു. പയർ, പച്ചക്കറി കൃഷികൾ എന്നിവ കൃഷി ചെയ്യുന്ന പാട ശേഖരങ്ങളുണ്ട്. ആകെ ഭൂവിസ്തൃതി 5090 ഹെക്ടർ പുരയിടമാണ്. പുറമ്പോക്കായി 1000 ഹെക്ടർ സ്ഥലമുള്ളപ്പോൾ സംരക്ഷിത വനമേഖല 359 ഹെക്ടറുമാണ്. 95 ഹെക്ടർ കൃഷിയോഗ്യ തരിശുഭൂമിയുള്ള ഈ പഞ്ചായത്തിൽ കൃഷിയോഗ്യമല്ലാത്ത തരിശ് 2010 ഹെക്ടറാണ്. ജനസംഖ്യയുടെ വർദ്ധനവും കൃഷിരീതിയിൽവന്ന മാറ്റവും കൃഷിയോഗ്യമല്ല എന്ന് കരുതിയിരുന്ന പ്രദേശങ്ങളെ കൃഷിയോഗ്യമാക്കി മാറ്റി.

കൈവശഭൂമി വിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ പട്ടിക രണ്ട് എ-യിൽ ചേർത്തിട്ടുണ്ട്.

# പട്ടിക III

## കൈവശഭൂമി (വില്ലേജ് ഓഫീസ് രേഖ 1960)

| നമ്പർ | വില്ലേജ് | കൈവശഭൂമി | ഏക്കർ | സെൻറ് |
|---|---|---|---|---|
| 1 | കിനാനൂർ | എടത്തിൽ ദേവസ്വം | 875 | 66 |
| | പരപ്പ | ചെറുവത്തൂർ | 1329 | 82 |
| | ഉൾപ്പെടെ | എം.സി.മഹാപ്രഭ തമ്പുരാട്ടി | 386 | 78 |
| | | കെ.അബ്ദുൾ റഹിമാൻ | 149 | 81 |
| | | മാധവ പട്ടേരി | 101 | 68 |
| | | കെ.കോരൻ നമ്പ്യാർ | 79 | 22 |
| | | ,, | 96 | 65 |
| | | സി.കെ.കുഞ്ഞിരാമൻ നമ്പ്യാർ | 62 | 70 |
| | | ക്ഷേത്രപാല ദേവസ്വം | 45 | 75 |
| | | കെ.സി.രാമവർമ്മ രാജ | 89 | 10 |
| | | കെ.കുഞ്ഞിക്കണ്ണൻ നമ്പ്യാർ | 80 | 82 |
| | | കുഞ്ഞിക്കോമൻ നായർ | 986 | 37 |
| | | കുഞ്ഞിക്കണ്ണൻ നായർ | 169 | 40 |
| | | മറ്റുള്ളവർ 525 പേർ | 5898 | 13 |
| | | | 10351 | 89 |
| 2 | കരിന്തളം | ചെറുവത്തൂർ ദേവസ്വം | 937 | 99 |
| | | എടത്തിൽ ദേവസ്വം | 209 | 65 |
| | | ,, | 191 | 99 |
| | | ചിരുകണ്ടൻ | 179 | 00 |
| | | കരിന്തളം രാമൻ | 345 | 10 |
| | | കോമൻ ഗുരുക്കൾ | 169 | 61 |
| | | ഗോവിന്ദൻ തിരുമുമ്പ് | 156 | 10 |
| | | കെ.സി.യു.രാജ | 151 | 66 |
| | | മറ്റുള്ളവർ 160 പേർ | 792 | 94 |
| | | | 3134 | 04 |
| 3 | ചീമേനി II | ചെറുവത്തൂർ ദേവസ്വം | 73 | 07 |
| | | മറ്റുള്ളവർ | 746 | 42 |
| | | | 819 | 49 |

## കാർഷിക വിളവുകൾ

പഞ്ചായത്തിലെ നെൽകൃഷിയുടെ ഉല്പാദനക്ഷമത സങ്കരയിനം നെല്ലിനങ്ങൾക്കാണ് കൂടുതൽ. ഹെക്ടറിന് 2550 കി.ഗ്രാം ഉല്പാദനമുണ്ട്. സംസ്ഥാന ശരാശരി 1937 കി.ഗ്രാമിനെക്കാൾ അധികമാണിത്. നാടൻ വിത്തിനങ്ങൾക്ക് രോഗപ്രതിരോധശേഷി കൂടുതലാണ്. പയറിൻെറ ഉല്പാദനക്ഷമത ഹെക്ടറിന് 210 കിലോ, തെങ്ങ് ഹെക്ടറിന് 6400 എണ്ണവും. ഉള്ള തെങ്ങുകളിൽ ഉയർന്ന പാറ പ്രദേശത്തിന് ചുറ്റുമുള്ളവയ്ക്ക് ഉല്പാദന ക്ഷമത താരതമ്യേന കുറവാണ്. എന്നാൽ ചരിഞ്ഞ പ്രദേശങ്ങളിലേയും പുഴയോരങ്ങളിലേയും തെങ്ങുകൾ വളക്കൂറ് മൂലവും ശാസ്ത്രീയ കൃഷി രീതി മൂലവും ഉയർന്ന ഉല്പാദന ക്ഷമത പ്രകടിപ്പിക്കുന്നുണ്ട്. പഞ്ചായത്തിൻെറ ശരാശരി തെങ്ങൊന്നിന് 45 എണ്ണവുമാണ്. വിത്ത് തെരഞ്ഞെടുക്കുന്നതിലുള്ള അപാകത, അശാസ്ത്രീയ ജലസംരക്ഷണ പ്രവർത്തനം മണ്ണ് പരശോധനയിലൂടെയല്ലാതെ ശാസ്ത്രീയമായ വളപ്രയോഗം ഇവ പരിഹരിക്കാൻ കഴിഞ്ഞാൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാവുന്നതാണ്.

പഞ്ചായത്തിലെ വിളകളുടെ ഉല്പാദനക്ഷമത സംസ്ഥാനത്തിൻെറ ശരാശരി ഉല്പാദക്ഷമതയിൽ നിന്നും കുറവല്ല എങ്കിലും ജലസേചന സൗകര്യം ജൈവവളത്തിൻെറ ലഭ്യത എന്നിവ വർദ്ധിപ്പിക്കാൻ രോഗ കീടനിയന്ത്രണം എന്നിവ മൂലം ഉല്പാദനം വർദ്ധിപ്പിക്കാവുന്നതാണ്. വിവിധ വിളകളുടെ വിസ്തീർണ്ണവും ഉല്പാദനവും താഴെ ചേർക്കുന്നു.

### പട്ടിക IV

വിവിധ വിളകളുടെ വിസ്തീർണ്ണവും ഉല്പാദനവും
(അവലംബം : അടിസ്ഥാനവിവര രജിസ്റ്റർ കൃഷിഭവൻ രേഖ)

| വിള | വിസ്തീർണ്ണം ഹെക്ടറിൽ | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത ഹെക്ടറിൽ |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 95 ഹെക്ടർ | 242.250 M.T | 2550kg |
| നെല്ല് (രണ്ടാം വിള) | 25 „ | 57 M.T | 2300kg |
| നെല്ല് (മൂന്നാം വിള) | 10 „ | 21 M.T | 2100kg |
| പയർ | 35 „ | 7.35 M.T | 210kg |
| പച്ചക്കറികൾ | 18 „ | 63 M.T | 3500kg |
| തെങ്ങ് | 957 „ | 3189720nuts | 6400nuts |
| വാഴ | 83 „ | 1328 M.T | 16000kg |
| മരച്ചീനി | 90 „ | 720 M.T | 8000kg |
| കുരുമുളക് | 258 „ | 129 M.T | 500kg |
| കശുമാവ് | 1794 „ | 2009.28 M.T | 1120kg |
| റബ്ബർ | 1448 „ | 7602 M.T | 5250kg |
| കവുങ്ങ് | 360 „ | 972 M.T | 2700kg |
| ഇഞ്ചി, മഞ്ഞൾ | 15 „ | 48 M.T | 3200kg |

## ജലസേചന സൗകര്യങ്ങൾ

പഴയകാലങ്ങളിൽ നെൽകൃഷി, പച്ചക്കറികൃഷി, നേന്ത്രവാഴ കൃഷി എന്നിവയ്ക്ക് മാത്രമെ കാര്യമായി ജലസേചനം നടത്തി വരാറുള്ളു. പ്രധാനമായും ചാലുകളിലും തോടുകളിലും താൽക്കാലികമായി തടയണകൾ (ചിറ) കെട്ടി വെള്ളം തടുത്ത് നിർത്തി ചാലുകളിൽ കൂടി കൃഷി സ്ഥലങ്ങളിലേക്ക് വെള്ളം എത്തിച്ചായിരുന്നു ജലസേചനം നടത്തിയിരുന്നത്. താഴ്ന്ന പ്രദേശങ്ങളിൽ വയലുകളിലും മറ്റും ജലസേചനം നടത്തിയിരുന്നത് 'ഉവ്വേണി' എന്ന ഉപകരണം ഉപയോഗിച്ചിരുന്നത്. അത് കൂടാതെ കുളം, കിണർ എന്നിവയിൽ നിന്നും വെള്ളം മുകളിലേക്ക് ഉയർത്തുന്നതിന് 'ഏത്താം കൊട്ട' എന്ന ഉപകരണവും ഉപയോഗിച്ചിരുന്നു. ക്രമേണ ചാൽക്കരകളിലും മറ്റും തെങ്ങ്, കവുങ്ങ് തുടങ്ങിയവ കൃഷി ചെയ്യുകയും മുകളിൽ പറഞ്ഞ രീതിയിൽ തടയണ കെട്ടി ജലസേചനം നടത്തിയിരുന്നു. തുടർന്ന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ജലസേചനത്തിന് വായ്പ സൗകര്യത്തോട് കൂടി പമ്പ് സെറ്റുകൾ ഉപയോഗിച്ച് തുടങ്ങിയിട്ടുണ്ട്. ജലസേചനത്തിന് ഉപയോഗിക്കുന്ന പമ്പുസെറ്റുകൾ അധികവും മണ്ണെണ്ണ കൊണ്ട് പ്രവർത്തിക്കുന്നവയാണ്. കൂടാതെ ഡീസൽ, വൈദ്യുതി,

പമ്പുസെറ്റുകളുംഉപയോഗിച്ച് വരുന്നു. അശാസ്ത്രീയമായ പമ്പിംഗ് ജലവിതാനത്തെ താഴ്ത്തുകയും കിണറിൻെറയും കുളം തോട് എന്നിവയുടെയുംജലസംഭരണ ശേഷി കാര്യമായും താഴ്ത്തുകയും ചെയ്യുന്നുണ്ട്. ശാസ്ത്രീയമായ ജലസേചന രീതി സ്വീകരിക്കണം. ധാരാജലസേചനം, കണിക ജലസേചനരീതി ഉപയോഗിക്കണം. ജലസേചിത മേഖലകളിലും ജലസേചനം കുറഞ്ഞ പ്രദേശത്തും ഉല്പാദനം വർദ്ധിപ്പിക്കാൻ പര്യാപ്തമായ കൃഷിരീതി സ്വീകരിക്കണം.

പഞ്ചായത്തിൽ നിലവിലുള്ള ജലസേചന സൗകര്യങ്ങളുടെ പട്ടിക 5-ൽ ചേർത്തിരിക്കുന്നു.

### പട്ടിക V

ജലസേചന സംവിധാനങ്ങൾ

അവലംബം : കൃഷിഭവൻ രേഖ

| വാർഡ് | പൊതു ജലസേചനക്കിണർ | കുഴൽ കിണർ | കുളം | ക്രോസ് ബാർ | അണക്കെട്ട് വിസ്തീർണ്ണം ഹെക്ടർ |
|---|---|---|---|---|---|
| 1 | - | 3 | 2 | - | 5 |
| 2 | 1 | 5 | 3 | 2 | 10 |
| 3 | - | 3 | - | - | - |
| 4 | - | 10 | 2 | 1 | 2 |
| 5 | - | 8 | - | - | - |
| 6 | - | 1 | 1 | - | 1 |
| 7 | 2 | 3 | 1 | 1 | 3 |
| 8 | - | - | 1 | - | 2 |
| 9 | 1 | 11 | - | - | - |
| 10 | - | 3 | - | - | - |
| ആകെ | 4 | 37 | 10 | 4 | 23 |

### പട്ടിക VII

രാസവളം കീടനാശിനി വിപണനം

| വർഷം | രാസവളം കി.ഗ്രാം | കീടനാശിനി | |
|---|---|---|---|
| | | ദ്രവ രൂപത്തിലുള്ളവ | ഖര രൂപത്തിലുള്ളവ |
| 1993-94 | 236746 | 12.63Ltr. | 2104kg |
| 1994-95 | 248264 | 14.47 ,, | 2758kg |
| 1995-96 | 249640 | 16.58 ,, | 2676kg |

അവലംബം : കൃഷിഭവൻ രേഖ

### ഉല്പന്നങ്ങളും വിപണനവും

ആദ്യകാലങ്ങളിൽ കാർഷിക ഉല്പന്നങ്ങൾ ജലമാർഗ്ഗവും, കാളവണ്ടി, തലച്ചുമട് തുടങ്ങിയ മാർഗ്ഗങ്ങളിലൂടെയായിരുന്നു നീലേശ്വരത്തെ ആഴ്ച ചന്തയിലേക്ക് എത്തിച്ചിരുന്നത്. തേങ്ങ, അടക്ക തുടങ്ങിയ ഉല്പന്നങ്ങൾ പ്രാദേശികമായി ശേഖരിച്ച് പുഴമാർഗ്ഗം കൊണ്ടുപോയിരുന്നു. ഇടത്തട്ടുകാരായ കച്ചവടക്കാർ വ്യാപകമായി ഉണ്ടായിരുന്നു. ഇപ്പോൾ പഞ്ചായത്തുകളിൽത്തന്നെ പരപ്പ, ചോയ്യംകോട്, കൊല്ലമ്പാറ, കരിന്തളം തുടങ്ങിയ സ്ഥലങ്ങളിൽ സ്വകാര്യ സ്ഥാപനങ്ങളിലും സഹകരണസ്ഥാപനങ്ങളിൽ ഭാഗികമായ വിപണന സൗകര്യങ്ങളുണ്ട്.

### കൂലി നിരക്ക്

1950 കളിൽ സ്ത്രീകൾക്ക് $1^1/_4$ ഇടങ്ങഴി നെല്ല്, പുരുഷന്മാർക്ക് 2 ഇടങ്ങഴിയും നെല്ലായിരുന്നു നിശ്ചിച്ച കൂലി നിരക്കുകൾ. കർഷകത്തൊഴിലാളികളുടെ സംഘടിത മുന്നേറ്റങ്ങളുടെ ഫലമായി കൂലിനിരക്കുകളിൽ സാരമായ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. 1989 മുതൽ 1995 വരെയുള്ള കൂലി നിരക്കുകൾ താഴെ പട്ടിക 6-ൽ ചേർത്തിരിക്കുന്നു.

പട്ടിക VI :കൂലി നിരക്ക് (അവലംബം : നാട്ടുവിവരണ ശേഖരണം

| കൊല്ലം | സ്ത്രീ | പുരുഷൻ |
|---|---|---|
| 1989 | 12 | 20 |
| 1990 | 15 | 20 |
| 1991 | 15 | 25 |
| 1992 | 20 | 25 |
| 1993 | 20 | 30 |
| 1994 | 20 | 35 |
| 1995 | 25 | 40 |
| 1996 | 30 | 50 |

46 <u>വളപ്രയോഗം</u>

പഞ്ചായത്തിൽ സമ്പന്നമായിരുന്ന ജൈവവസ്തുക്കൾ (ചെടികളും ചാണകവും) ഉപയോഗിച്ചുതന്നെ കാർഷികാവശ്യങ്ങൾക്കുള്ള വളത്തിന് പര്യാപ്തമായിരുന്നു.

## രാസവള വില്പന കേന്ദ്രങ്ങൾ

സഹകരണ മേഖലയിലുള്ള 4 വില്പന കേന്ദ്രങ്ങളാണ് പഞ്ചായത്തിലുള്ളത്. കരിന്തളം സർവ്വീസ് സഹകരണ ബേങ്കിൻെറ കീഴിൽ കരന്തളത്തും, കിനാനൂർ സർവ്വീസ് സഹകരണ ബേങ്കിൻെറ കീഴിൽ ചോയ്യംകോടും, ബിരിക്കുളം സർവ്വീസ് സഹകരണ ബേങ്കിൻെറ കീഴിൽ വെള്ളരിക്കുണ്ടും, റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ കീഴിൽ പരപ്പയിലും. രാസവളങ്ങൾ ലഭിക്കുന്ന കേന്ദ്രങ്ങളുണ്ട്. പരപ്പയൊഴികെ കീടനാശിനി വിപണനം ഇല്ല. ആവശ്യങ്ങൾക്ക് മതിയാവോളം വളം ഇവിടെ നിന്നും വിതരണം ചെയ്യുവാൻ കഴിയുന്നില്ല. അത് കൊണ്ട് തന്നെ പഞ്ചായത്തിൻെറ പുറമെനിന്നുമുള്ള കേന്ദ്രങ്ങളിൽ നിന്നും വളം വാങ്ങാൻ നിർബ്ബന്ധിതരാവുന്നു.

ശാസ്ത്രീയമായ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല പഞ്ചായത്തിൽ കൃഷിക്കാർ വളം ഉപയോഗിക്കുന്നത്. ലഭ്യമായ ഇടങ്ങളിൽ ജൈവവളങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിലും സാദ്ധ്യത അനുസരിച്ചുള്ള ശാസ്ത്രീയ സമീപനം ഈ മേഖലയിൽ ഉണ്ടാവുന്നില്ല. കൃഷിഭവൻ നിലവിൽ വന്നതിന് ശേഷം നമ്മുടെ പഞ്ചായത്തിൽ വിറ്റ വളത്തിൻെറ അളവ് പട്ടിക 7-ൽ ചേർത്തിരിക്കുന്നു.

## രോഗങ്ങൾ

നാടൻ വിത്തിനങ്ങൾക്ക് രോഗപ്രതിരോധ ശക്തി ഏറെയുണ്ട്. പഴയകാലങ്ങളിൽ ജൈവകീട നിയന്ത്രണ സംവിധാനം നിലവിലുണ്ടായിരുന്നു. നെൽപാടങ്ങളിൽ കീടങ്ങളെ അകറ്റുന്നതിന് മുറം എടുത്ത് വീശുന്ന രീതിയും ആവണക്കെണ്ണ പുകയില കഷായം തുടങ്ങിയ ജൈവ കീടനാശിനികളും കരിനെച്ചി തുടങ്ങിയവയുടെ ഇലകളെ കീടനിയന്ത്രണത്തിന് ഉപയോഗിച്ചിരുന്നു. നിലവിൽ പഞ്ചായത്തിലെ വിളകളെ ബാധിക്കുന്ന രോഗങ്ങളുംസ്വീകരണ നിവാരണ മാർഗ്ഗങ്ങളും ചുവടെ പട്ടിക 8-ൽ ചേർക്കുന്നു.

അവലംബം : പഠനപര്യടനം കൃഷിഭവൻ രേഖ

## പട്ടിക VIII

| വിളകൾ | പ്രധാന രോഗങ്ങൾ | ഉപയോഗിക്കുന്ന കീടനാശിനി |
|---|---|---|
| നെല്ല് | തണ്ട് തുരപ്പൻ പുഴു<br>ഓല ചുരുട്ടിപ്പുഴു<br>ബ്ലാസ്റ്റ രോഗം | എക്കാലക്ക്സ് മോണോ ക്രോട്ടോഫോസ് ഫിനോസാൻ |
| തെങ്ങ് | കൂമ്പുചീയൽ, ചെന്നീര്, ഒലിപ്പ്, കൊമ്പൻ ചെല്ലി | കോൾടാർ, ബോഡോ പേയ്സ്റ്റ്, പൂഴി, ബി.എച്ച്.സി. മിശ്രിതം ഓലയടുക്കിൽ ഇടുന്നു. |
| കവുങ്ങ് | മഹാളി, ഇലയിൽ പുള്ളിക്കുത്ത് | ബോർഡോ മിശ്രിതം തളിക്കൽ |
| റബ്ബർ | ചീക്ക് രോഗം, പട്ടമരപ്പ് രോഗം | ബോർഡോ പേയ്സ്റ്റ് |
| കുരുമുളക് | ധ്രുതവാട്ട രോഗം | കോപ്പർ ഓക്സി ക്ലോറൈഡ്, ബോർഡോ മിശ്രിതം |
| കശുമാവ് | തേയില കൊതുക്, തണ്ടുതുരപ്പൻ | എൻഡോസൾഫാൻ, റോഗർ സ്പ്രേയിംഗ് |
| നേന്ത്രവാഴ | കുറുനാമ്പ് രോഗം | നടുന്ന സമയത്ത് ഫ്യൂറഡാൻ ചേർക്കൽ |
| പച്ചക്കറി | കായ് ഈച്ച | മാലത്തിയൻ സ്പ്രേയിംഗ്, പുകയില കഷായം |
| ഇഞ്ചി | തണ്ട് തുരപ്പൻ, മൂടുചീയൽ | എക്കാലക്സ്, ബോർഡോ മിശ്രിതം തടത്തിൽ ഒഴിക്കൽ |

## വായ്പാ സൗകര്യങ്ങൾ

ആദ്യകാലത്ത് നിലവിലുണ്ടായിരുന്ന ഇടത്തട്ടുകാരിൽ നിന്നും കൊള്ള പലിശയ്ക്ക് കടം വാങ്ങിയാണ് കൃഷി പണികൾ ചെയ്തിരുന്നത്. ഇതിൽനിന്നും കൃഷിക്കാർക്ക് മോചനം നേടാൻ കഴിഞ്ഞിരുന്നില്ല. ഈ ചൂഷണ വ്യവസ്ഥ ഒരളവോളം ഇല്ലാതാക്കാൻ സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. നിലവിൽ 3 സഹകരണ ബേങ്കുകളും ഒരു ഗ്രാമീണ ബേങ്കും ഒരു ദേശസാൽകൃത ബേങ്കും കർഷകർക്ക് സഹായം നൽകുന്നു. കാർഷിക ആവശ്യങ്ങൾക്ക് ബേങ്കിൽ നിന്നും കിട്ടുന്ന സാമ്പത്തിക സഹായം യഥാവിധി വിനിയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. വർദ്ധിച്ച് വരുന്ന കാർഷികച്ചിലവ് കണക്കിലെടുത്ത് വായ്പാ പരിധി കാലോചിതമായി ഉയർത്തണം.

## കാർഷിക ഉപകരണങ്ങൾ

കാർഷിക ഉകപരണങ്ങൾ കൃഷിഭവൻ മുഖാന്തിരം താഴെ പറയുന്ന ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

സ്വന്തമായി കർഷകർ ഉപയോഗിക്കുന്ന കാർഷിക ഉപകരണങ്ങളും, പമ്പുസെറ്റുകളുമാണ്. പ്രധാനമായും മണ്ണെണ്ണ പമ്പ് സെറ്റുകളാണ്. നിലം ഉഴുന്നതിന് കീഴ്മാല, പാറക്കോൽ, കിണാവൂർ, ബിരിക്കുളം, പ്രതിഭാ നഗർ, പെരിയങ്ങാനം, അണ്ടോൾ, വടക്കേ പുലിയന്നൂർ, വേളൂർ എന്നീ പ്രദേശങ്ങളിൽ ഉഴുവു കാളകളെയാണ് ഉപയോഗിക്കുന്നത്. ഐ.ആർ.ഡി.പി. സ്കീമിൽ പെട്ട ആളുകൾക്ക് ഗ്രാമവികസന വകുപ്പും കാർഷിക ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. മരം കൊണ്ടുള്ള കലപ്പ നിർമ്മിക്കാൻ അറിയാവുന്ന ആളുകൾ കുറഞ്ഞുവരുന്നു. കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്ത കാർഷികോപകരണങ്ങൾ പട്ടിക 9-ൽ നൽകിയിട്ടുണ്ട്.

പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ വിതരണം ചെയ്ത തുക സംബന്ധിച്ച വിവരം പട്ടിക 10–ൽ ചേർത്തിരിക്കുന്നു.

പട്ടിക II എ.

കൈവശഭൂമി വിസ്തീർണ്ണം

അവലംബം : കൃഷിഭവൻ രേഖ

| | ഇനം | എണ്ണം |
|---|---|---|
| 1 | നാമമാത്ര കർഷകർ (ഒരു ഹെക്ടറിൽ താഴെ കൈവശഭൂമി) | 2143 |
| 2 | ചെറുകിട കർഷകർ (1.2 ഹെക്ടർ വരെ) | 1189 |
| 3 | വൻകിട കർഷകർ (2 ഹെക്ടറിന് മുകളിൽ) | 194 |

പട്ടിക IX

കാർഷികോപകരണങ്ങൾ

അവലംബം : കൃഷിഭവൻ രേഖ

| ഉഴവ് ഉപകരണങ്ങൾ | | | മരുന്ന് തളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങ് കയറ്റ യന്ത്രം | പോർട്ടബിൾ പമ്പ് സെറ്റ് |
|---|---|---|---|---|---|---|---|---|
| ട്രാക്ടർ | ടില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രേയർ | നാപ്ഷ് ബാക് സ്പ്രേയർ | മറ്റുള്ളവ | | | |
| ഇല്ല | 1 എണ്ണം | 27 | 52 | 17 | | 3 | 5 | 538 |

പട്ടിക X

ദുരിതാശ്വാസ വിതരണം

പ്രശ്ന ബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടറിൽ)

| വർഷം | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | ധന സഹായം ലഭിച്ച വരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| 1993–94 | -- | | 24 ഹെക്ടർ | | - | - |
| 1994–95 | 7 ഹെക്ടർ | | 198 „ | | 43<br>495 | 360kg നെൽവിത്ത<br>Rs.79257 |
| 1995–96 | | | 32 „ | | 80 | Rs.37181 |

അവലംബം : കൃഷിഭവൻ രേഖ

## നടപ്പുപദ്ധതികളുടെ അവലോകനം

കൃഷിഭവന്റെ പ്രവർത്തനം പഞ്ചായത്തിന്റെ എല്ലാ വാർഡിലും ഒരേപോലെ വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. കർഷകരുടെ പ്രധാനപ്പെട്ട പ്രശ്നങ്ങൾക്ക് ആവശ്യമായ തുകയോ, പദ്ധതികളോ ഇല്ലെന്നുള്ളതാണ് പ്രധാന പ്രശ്നം.

കൃഷിഭവൻ മുഖാന്തിരം ലഭ്യമായ തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ പട്ടിക 11–ൽ നടീൽ വസ്തു വിതരണം സംബന്ധിച്ചകാര്യങ്ങൾ പട്ടിക 12–ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചെറുകിട ജലസേചന വകുപ്പിന്റെ കീഴിൽ പഞ്ചായത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവർത്തനങ്ങൾ പട്ടിക 13–ൽ പട്ടിക14 ലും ചേർത്തിട്ടുണ്ട്.

മണ്ണു സംരക്ഷണ വിഭാഗം പഞ്ചായത്തിൽ ചിലവഴിച്ച തുക സംബന്ധിച്ച വിവിരങ്ങൾ പട്ടിക 15–ൽ ചേർത്തിട്ടുണ്ട്

കൃഷിഭവൻ മുഖേന നടപ്പിലാക്കിയ സ്കീമുകളിൽ പ്രധാനമായവ താഴെ ചേർക്കുന്നു.

പട്ടിക XI

| ക്രമ നമ്പർ | സ്കീമിൻെറ പേര് | ഭൗതിക ലക്ഷ്യം | സാമ്പത്തിക ലക്ഷ്യം | അവലോകനം |
|---|---|---|---|---|
| 1 | Area Expansion of Pepper<br>(കുരുമുളക് കൃഷി വികസനം) | 1ഹെക്ടർ | Rs.4125/- | ഭൗതിക ലക്ഷ്യവും സാമ്പത്തിക ലക്ഷ്യവും കൈവരിച്ച് തിരഞ്ഞെടുത്ത 5 കർഷകർക്ക് കൊടുത്തു. തൃപ്തികരമാണ് |
| 2 | Integrated Pepper Development scheme<br>(ഊർജ്ജിത കുരുമുളക് കൃഷി വികസന പദ്ധതി)<br>വിതരണം ചെയ്തത് 598 കർഷകർക്ക്<br>നീറ്റ് കക്ക 1600kg<br>തുരിശ് 1600kg<br>കോപ്പർ ഓക്സി ക്ലോറൈഡ് 800kg | 150 ഹെക്ടർ | Rs.558187/- | കുരുമുളകിൻെറ ദ്രുതവാട്ട രോഗ നിവാരണത്തിന് വർഷത്തിൽ രണ്ട് തവണ വീതം കീടനാശിനി വിതരണം ചെയ്തു. എല്ലാ ഗുണഭോക്താക്കളും ഇത് കുരുമുളകിന് പ്രയോഗിക്കുന്ന കാര്യത്തിൽ വേണ്ടത്ര ശ്രദ്ധിച്ചില്ല. |
| | (കുരുമുളക് സമിതികൾ(പരപ്പ, | കരിന്തളം) | മുഖേന വിതരണം ചെയ്തു) | |
| 3 | Pepper rehabilitation scheme<br>(കുരുമുളക് പുനരുദ്ധാരണ പദ്ധതി) | 15 ഹെക്ടർ | Rs.47400/- | പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി 42 കർഷകർക്ക് വേര് പിടിപ്പിച്ച കുരുമുളക് വള്ളികളും, വളം കീടനാശിനി സബ്സിഡി നൽകിയിട്ടുണ്ട്. പല കൃഷിക്കാരും പരിചരണത്തിൽ വേണ്ടത്ര ശ്രദ്ധിച്ചില്ല. പൂർണ്ണമായും വിജയിച്ചില്ല. |
| 4 | കവുങ്ങിൻെറ മഹാളി രോഗത്തിന് കീടനാശിനി തളിക്കൽ (തുരിശ്-സബ്സിഡി നിരക്കിൽ എല്ലാ വർഷവും പെർമിറ്റ് നൽകുന്നു.) | 20 ഹെക്ടർ | Rs8000/- | വിവധ ഭാഗങ്ങളിലായി 50 കർഷകർക്ക്. സ്കീം കാലവർഷം തുടങ്ങുന്നതിന് മുമ്പ് ചെയ്യാൻ കഴിയുന്നില്ല. |
| 5 | Cashew Renovation scheme<br>(കശുമാവ് പുനരുദ്ധാരണ പദ്ധതി)<br>ഗുണഭോക്താക്കൾ 288 പേർ | 90 ഹെക്ടർ | Rs178200/- | വിവിധ ഭാഗങ്ങളിലായി 14400 കശുമാവ് ഗ്രാഫ്റ്റ് തൈകളും വളം, കീടനാശിനി, സംരക്ഷണച്ചിലവ് എന്നിവയ്ക്ക് സബ്സിഡി നൽകിയിട്ടുണ്ട്. പല കർഷകരും വേണ്ടത്ര ശ്രദ്ധയോടെ പരിചരിക്കാത്തതിനാൽ പൂർണ്ണമായും വിജയപ്രദമല്ല. |
| 6 | Area expansion of cashew | 40 ഹെക്ടർ | Rs13600/- | വിവിധ ഭാഗങ്ങളിലായി 182 കർഷർക്ക് കശുമാവ് ഗ്രാഫ്റ്റ് തൈകളും സംരക്ഷണത്തിനായി സബ്സിഡി നിരക്കിൽ കീടനാശിനി, രാസവളം ഇവയ്ക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്. മിക്ക കർഷകരും രാസവള, കീടനാശിനി പ്രയോഗത്തിൽ വിമുഖത കാട്ടുന്നു. |

| ക്രമ നമ്പർ | സ്കീമിൻെറ പേര് | ഭൗതിക ലക്ഷ്യം | സാമ്പത്തിക ലക്ഷ്യം | അവലോകനം |
|---|---|---|---|---|
| 7 | C.C.D.P. (സമഗ്ര നാളികേര വികസന പദ്ധതി) കിണർ കുഴിക്കുന്നതിന് ഹരിജനങ്ങൾക്ക് (മുഴുവൻ സബ്സിഡി) പമ്പ് സെറ്റ് വാങ്ങുന്നതിന് 1994-95 വർഷത്തിൽ | 63 എണ്ണം<br>2 ,,<br>34 ,, | Rs.155366/-<br>Rs.20000/-<br>Rs.84900/- | തെങ്ങ് കൃഷിക്ക് ജലസേചനം ലക്ഷ്യമാക്കി 1/3 ഭാഗം (Rs. 2500/-) സബ്സിഡി. കേരവികസന സമിതിയുടെ അറിവോടെ നടപ്പിൽ വരുത്തി. പല കർഷകരും ജലസേചനത്തിനേക്കാൾ കുടിവെള്ളത്തിനാണ് മുൻതൂക്കം നൽകിക്കാണുന്നത്. എങ്കിലും തൃപ്തികരമാണ്. |
| 8 | C.C.D.P. (സമഗ്ര നാളികേര വികസന പദ്ധതി95-96 വർഷം) കിണർ കുഴിക്കുന്നതിന് (ജനറൽ) ,, ഹരിജൻ പമ്പ് സെറ്റ് വാങ്ങുന്നതിന് | 75 എണ്ണം<br>1 ,,<br>55 ,, | Rs.187500/-<br>Rs.10000/-<br>Rs.137500/- | തെങ്ങ് കൃഷി-ജലസേചന സൗകര്യം-ഉദ്ദേശം വായ്പ അടിസ്ഥാനപ്പെടുത്തയുള്ളതായതിനാൽ പല കർഷകർക്കും വായ്പ ലഭിച്ചില്ല. കിണർ കുഴിച്ചത് മിക്കവാറും തൃപ്തികരമാണ്. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് കേരവികസന സമിതി സഹായിച്ചിട്ടുണ്ട്. |

## കൂവാറ്റി ദേശീയ നീർമറി വികസന സമിതി

പദ്ധതി 1991-ൽ പ്രവർത്തനമാരംഭിച്ചു. 8-ാം പദ്ധതിക്കാലത്ത് അവസാനിക്കേണ്ടതാണ്. കൂടോൽ, പെരളം എന്നിവിടങ്ങളിൽ നിന്ന് ഉത്ഭവിക്കുന്ന ചാലുകളെ അടിസ്ഥാനപ്പെടുത്തി ഇരുഭാഗങ്ങളിലുമുള്ള കാരക്കുന്ന്, കാളിമൂല, മയ്യങ്ങാനം, പെരിയങ്ങാനം, കുമ്പളപ്പള്ളി, വരയിൽ, ചേന്നളം, അമ്പേത്തടി, പാലിലോട്ടി, ചിമ്മത്തോട്, കാറളം, നാമ്പിയടുക്കം എന്നീ സ്ഥലങ്ങളാണ് പ്രധാനമായും പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതി പ്രദേശത്തിൻെറ ആകെ വിസ്തീർണ്ണം 1350 ഹെക്ടർ ആണ്. ഇതിൽ 50 ഹെക്ടർ പദ്ധതി പ്രകാരം പ്രവർത്തന യോഗ്യമല്ല. അവശേഷിക്കുന്ന 1300 ഹെക്ടർ സ്ഥലത്താണ് പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ആകെ തുക 65 ലക്ഷംരൂപ (അറുപത്തിയഞ്ച് ലക്ഷം രൂപ) യാണ്. ഒരു ഹെക്ടറിന് പരമാവധി 5000 രൂപയാണ് ചിലവഴിക്കാവുന്നത്. 744 കർഷക കുടുംബങ്ങളിലായി 1581 ഗുണഭോക്താക്കൾ ഉണ്ട്. ഇവരിൽ 121 പേർ പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്നവരാണ്.

സർവ്വേയും അനുബന്ധ പ്രവർത്തനങ്ങളും, നഴ്സറി തയ്യാറാക്കൽ കർഷകർക്കുള്ള പരിശീലന പരിപാടികൾ, മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ, മണ്ണൊലിപ്പ് നിവാരണത്തിനാവശ്യമായ കൃഷിരീതികൾ, വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ, ചെക്ക് ഡാം നിർമ്മിക്കൽ, മൃഗ പരിപാലനം, ക്ഷീരവികസനം മത്സ്യം വളർത്തൽ എന്നിവയ്ക്കാണ് തുക നീക്കിയിരിക്കുന്നത്. കർഷകരെ സഹായിക്കുന്നതിനായി 15 മിത്ര കിസാന്മാർ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

### പദ്ധതിയുടെ ഉദ്ദേശം:-

പദ്ധതി പ്രദേശങ്ങളിൽ ലഭിക്കുന്ന മഴവെള്ളം ഒഴുകി നഷ്ടപ്പെടുന്നത് പരമാവധി കുറയ്ക്കുകയും അതാത് പ്രദേശങ്ങളിൽ മണ്ണിൽ ആഗിരണം ചെയ്യുവാനുംഅതോടൊപ്പം മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കുക, ഓരോ പ്രദേശത്തേക്കും അനുയോജ്യമായ കൃഷിരീതികൾ നടപ്പിൽ വരുത്തുക. കൂടാതെ മൃഗ പരിപാലന പ്രവർത്തനങ്ങൾ, മത്സ്യം വളർത്തൽ , ക്ഷീരവികസനം, വനവൽക്കരണം [അഗ്രോ ഫോറസ്ട്രി] തുടങ്ങിയ പദ്ധതികൾ ഈ പ്രദേശത്തിൻെറ സമഗ്രമായ വികസനത്തിന് പ്രയോജനപ്പെടുത്തുക തുടങ്ങിയവ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽ പ്രധാനമായവയാണ്.

ചിലവാക്കിയ തുകയുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്കീമിൻെറ പേര് | ചിലവായ തുക |
|---|---|---|
| 1 | കർഷകർക്കുള്ള പരിശീലന പരിപാടി | 54943 |
| 2 | നേഴ്സറി | 118471 |
| 3 | മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ | 612540 |
| 4 | പ്രൊഡക്ഷൻ സിസ്റ്റംസ് | 284950 |
| 5 | ചെറുകിട ജന്തു സംരക്ഷണം | 116000 |
| 6 | കൂട്ട മെടയൽ | 25000 |
| 7 | ആയുർവേദ മരുന്ന് നിർമ്മാണം | 3000 |
| 8 | ലൈവ് സ്റ്റോക്ക് മാനേജ്മെൻറ് | 47500 |
| 9 | സേവന വിഭാഗം | 10000 |
| | ആകെ ചിലവായ തുക | 1272404 |

കിനാനൂർ കരിന്തളം കൃഷിഭവന്റെ കീഴിലുള്ള കർഷക വികസന സമിതികൾ ഗ്രൂപ്പ് ഫാമിംഗ് ( പാടശേഖരം)

| ക്രമ നമ്പർ | പാട ശേഖരത്തിന്റെ പേര് | വിസ്തീർണ്ണം | വിളകൾ | പ്രവർത്തന ക്ഷമത |
|---|---|---|---|---|
| 1<br>2<br>3<br>4<br>5<br>6 | കിണാവൂർ പാടശേഖരം<br>കീഴ്മാല ,,<br>കോട്ടക്കുന്ന് ,,<br>പെരിയങ്ങാനം ,,<br>ബിരിക്കുളം ,,<br>പരപ്പ ,, | 20.54<br>14.11<br>6.188<br>4.92<br>11.42<br>8.26 | നെല്ല് പയർ വർഗ്ഗങ്ങൾ പച്ചക്കറി<br>,,<br>,,<br>,,<br>,, | പാടശേഖര സമിതികളുടെ പ്രവർത്തനം പൊതുവെ തൃപ്തികരമാണെങ്കിലും കർഷകരുടെ സഹകരണവും കൂട്ടായ്മയും വേണ്ടത്ര ലഭിക്കുകയാണെങ്കിൽ കൂടുതൽ അഭിവൃദ്ധിപ്പെടുത്താവുന്നത്. |
| | കുരുമുളക് | സംരക്ഷണ | സമിതി | |
| 1 | പരപ്പ കുരുമുളക് സംരക്ഷണ സമിതി (സ്വന്തമായി ഓഫീസ് ഇല്ല) | | | ഫലപ്രദമായി പ്രവർത്തിക്കുന്നു. |
| 2 | കരിന്തളം കുരുമുളക് സംരക്ഷണ സമിതി (സ്വന്തമായി ഓഫീസ് ഇല്ല) | | | ,, ,, |
| | കേരവികസന | സമിതി | | |
| | 1994-ൽ നിലവിൽ വന്നു.<br>കിനാനൂർ കരിന്തളം പഞ്ചായത്ത് കേരവികസന സമിതി.<br>ഓഫീസ് ചോയ്യംകോട് കിനാനൂർ ബേങ്കിന് സമീപം. | | | പ്രവർത്തനം തൃപ്തികരമാണ്. |
| 4 | ഇത്തരം സംരംഭങ്ങളിൽ അർഹതയുള്ള മുഴുവൻ കർഷകരെയും അംഗങ്ങളാക്കാൻ കഴിയണം | | | |

## തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

അവലംബം : കൃഷിഭവൻ രേഖകൾ

| വാർഡ് നമ്പർ | തെങ്ങ് വിസ്തീർണ്ണം (ഹെ.) | തെങ്ങുകളുടെ എണ്ണം | | | രോഗങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ്റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 86.5 | 7160 | 6540 | 13700 | - | - | 15 | 96 | 2 | 113 |
| 2 | 101 | 9200 | 7465 | 16665 | - | - | 20 | 105 | 1 | 126 |
| 3 | 92 | 6840 | 7660 | 14500 | - | - | 22 | 98 | - | 120 |
| 4 | 96 | 7870 | 7430 | 15300 | - | - | 30. | 120 | - | 150 |
| 5 | 96 | 7775 | 7425 | 15200 | - | - | 18 | 98 | - | 116 |
| 6 | 94.5 | 7445 | 7255 | 14700 | - | - | 25 | 85 | - | 110 |
| 7 | 97 | 8230 | 7370 | 15600 | - | - | 32 | 92 | 1 | 125 |
| 8 | 102 | 8815 | 7685 | 16500 | - | - | 26 | 102 | 1 | 129 |
| 9 | 99 | 8758 | 7280 | 16038 | - | - | 25 | 98 | 2 | 125 |
| 10 | 93 | 7650 | 7230 | 14880 | - | - | 18 | 72 | 1 | 91 |
| | 957 | 79743 | 73340 | 153083 | - | - | 231 | 966 | 8 | 1205 |

നടീൽ വസ്തു വിതരണം

| ഇനം | എണ്ണം 93–94 | | എണ്ണം 94–95 | | എണ്ണം 95–96 | |
|---|---|---|---|---|---|---|
| | ജനറൽ | പദ്ധതി | ജനറൽ | പദ്ധതി | ജനറൽ | പദ്ധതി |
| തെങ്ങ് | 1200 | – | 1850 | 1300 | 1250 | – |
| കശുമാവ് | 1200 | 4000 | 2080 | 16226 | – | 3400 |
| കുരുമുളക് | – | 1800 | – | 2200 | – | 7000 |
| കവുങ്ങ് | – | – | – | 500 | – | 600 |
| നെൽവിത്ത് | 1430 കി. | – | 890 കി. | – | 500 കി. | – |
| പച്ചക്കറി വിത്ത് | 1.5 കി. | 30 കി. | 16 കി | 22 കി. | – | 17 കി. |
| ഫലവൃക്ഷത്തൈകൾ | – | 684 | – | 2725 | – | – |
| ഇഞ്ചി, മഞ്ഞൾ | – | 30കി. | – | – | – | 250 കി. |
| തേക്കിൻ തൈ | – | – | – | 2000 | – | 3000 |
| കൊക്കോ | 1000 | – | – | – | –– | – |
| ഗ്രാമ്പൂ | – | – | 100 | – | – | – |
| പുൽവിത്ത് | – | | 390 കി. | – | – | |

പണി പൂർത്തിയായതോ, നടന്ന് കൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ
അവലംബം : ചെറുകിട ജലസേചന വകുപ്പിന്റെ റിപ്പോർട്ട്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക | ആയ കെട്ട് വിസ്തീർണ്ണം ഹെക്ടറിൽ | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | തുമ്പ ഹരിജൻ കോളനിയിൽ ജലസേചന സൗകര്യത്തിന് ടാങ്കും പമ്പ് ഹൗസ് നിർമ്മാണവും | 1988 | 1991 | 110000/- | 8.07 ഹെ. | പവർ സപ്ലൈ ലഭിച്ചിട്ടില്ല. |
| 2 | പിലാത്തടം എന്ന സ്ഥലത്ത് ജലസേചന സൗകര്യത്തിന് പാലത്തോട് കൂടിയ അണക്കെട്ട് | 1994 | 1995 | 4 Lakh | 28 ഹെ. | |
| 3 | തുമ്പ തോടിൽ പ്രതിഭാനഗറിൽ പാലത്തോട് കൂടിയ അണക്കെട്ട്. | 1995 | 1996 | 3.3 Lakh | 16.9 ഹെ. | |
| 4 | വട്ടിപ്പുന്നച്ചാലിൽ പാലത്തോട് കൂടിയ അണക്കെട്ട്. | 1995 | 1996 | 2.9 Lakh | 16 ഹെ. | |
| 5 | പരപ്പച്ചാലിൽ പാലന്തടം എന്ന സ്ഥലത്ത് പാലത്തോട് കൂടിയ അണക്കെട്ട്. | 1995 | | 4 Lakh | 18.4 ഹെ. | ഏകദേശം പൂർത്തിയായി വരുന്നു. |

## പട്ടിക XIV

നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ
അവലംബം : ചെറുകിട ജലസേചന വകുപ്പിൻെറ റിപ്പോർട്ട്

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ആയക്കെട്ട് വിസ്തീർണ്ണം | എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിൽ അടങ്കൽ തുക | ലക്ഷ്യം |
|---|---|---|---|---|
| 1 | ഭൂതത്താൻ കുണ്ട് എന്ന സ്ഥലത്ത് ഒരു ക്രോസ് ബാർ നിർമ്മാണം. | 18 ഹെക്ടർ | 4 ലക്ഷം | നെൽകൃഷിക്കും മറ്റ് നാണ്യ വിളകൾക്കും ജലസേചനം മെച്ചപ്പെടുത്തുക |
| 2 | ആനപ്പെട്ടി കൂവാറ്റിച്ചാലിൽ ചാമക്കുഴി എന്ന സ്ഥലത്ത് പാലത്തോട് കൂടിയ ക്രോസ് ബാർ നിർമ്മാണം | 16 „ | 4 ലക്ഷം | തെങ്ങ്, കവുങ്ങ് മറ്റ് നാണ്യ വിളകൾക്ക് ജലസേചനം കൂവാറ്റി-കിളിയളം റോഡ് ബന്ധപ്പെടുത്തുക. |
| 3 | കിനാനൂർ വയലിൽ ചാലിയാ കുളത്തിൻെറ പുനരുദ്ധാരണവും മറ്റ് അനുബന്ധ പ്രവൃത്തികളും | 19 „ | 4.5 ലക്ഷം | നെൽകൃഷി രണ്ടാം വിളകൾക്ക് ജലസേചനം |
| 4 | കാളിയാനം കൂവാറ്റിച്ചാലിൽ കാളിയാനം എന്ന സ്ഥലത്ത് ഒരു ക്രോസ് ബാർ നിർമ്മാണം | 15.66 „ | 4 ലക്ഷം | തെങ്ങ്, കവുങ്ങ് നേന്ത്രവാഴ തുടങ്ങിയ കൃഷിക്ക് ജലസേചനം |
| 5 | പരപ്പച്ചാലിൽ ഓമനഞ്ഞാനം എന്ന സ്ഥലത്ത് ഒരു ക്രോസ് ബാർ നിർമ്മാണം | 16 „ | 3.55 ലക്ഷം | തെങ്ങ്, കവുങ്ങ് നേന്ത്രവാഴ എന്നിവയ്ക്ക് ജലസേചനം |
| 6 | പരപ്പച്ചാലിൽ പട്ളം എന്ന സ്ഥലത്ത് ഒരു ക്രോസ് ബാർ നിർമ്മാണം | 16 „ | 4 ലക്ഷം | നെൽകൃഷി, തെങ്ങ്, കവുങ്ങ് എന്നിവയ്ക്ക് ജലസേചനം |
| 7 | തുമ്പത്തോടിന് കുറുകെ ഒരു ക്രോസ് ബാർ നിർമ്മാണം | 50 „ | 10 ലക്ഷം | നെൽകൃഷി, തെങ്ങ്, കവുങ്ങ് എന്നിവയ്ക്ക് ജലസേചനം |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതി പ്രദേശ വിസ്തീർണ്ണം | പദ്ധതി പ്രദേശത്തെ നീർച്ചാലുകളുടെ എണ്ണം | അടങ്കൽ തുക | മൊത്തം ഗുണഭോക്താക്കൾ | പദ്ധതി ആരംഭിച്ച വർഷം | പദ്ധതി പൂർത്തിയാക്കിയ വർഷം | സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ചിലവായ തുക | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | അവുളക്കോട് | 894 | | 66000 | 24 | 1982-83 | 1983-84 | 8.94 Ht. | 24 | 42872 | |
| 2 | കരിന്തളം | 210.47 | | 205300 | | 1966-67 | 1967-68 | 29.00Ht. | 2 | 25528 | |
| 3 | ചീമേനി | 227.65 | | 603000 | | 1950 | 1982-83 | 20.00Ht. | | 60442 | |
| 4 | ചിമ്മത്തോട് ഹരിജൻ കോളനി | 10.10 | | 164500 | 101 | 1991-92 | 1992-93 | 10 Ht. | | 157856 | |
| 5 | പന്നിത്തടം ഹരിജൻ കോളനി | 7.26 | | 108705 | | 1991-92 | 1992-93 | 7 Ht. | | 81655 | |
| 6 | മുണ്ടത്തടം മാലൂർക്കയം ഹരിജൻ ഗ്രാമം | 5.68 | | 154000 | 12 | 1991-92 | 1992-93 | 5.68Ht. | | 88672 | |
| 7 | കൂവാറ്റി വാട്ടർ ഷെഡ് | 1300 | | 412500 | | 1994-95 | | | | 730449 | |

അവലംബം : ജില്ലാ മണ്ണ് സംരക്ഷണ ആഫീസ് രേഖ

## പ്രശ്നങ്ങൾ

1. ജലസേചനത്തിൻെറ അപര്യാപ്തത കൃഷിയെ നേരിടുന്നു.

56

2. മണ്ണൊലിപ്പ് തടയാൻ വ്യക്തമായ സംവിധാനമില്ല.

3. കൃഷിയോഗ്യമായ ഭൂമി മുഴുവനായും ഉപയോഗപ്പെടുത്തിയില്ല.

4. നെൽകൃഷി മുഖ്യ വരുമാനമാർഗ്ഗമല്ലാത്തതും ആദായകരമല്ലാത്തതിനാലും കൃഷിക്കാർ കൃഷിയിൽ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല.

5. നെൽപാടങ്ങൾ നികത്തി മറ്റ് നാണ്യവിളകൾ കൃഷിചെയ്യാൻ നിർബന്ധിതരായിത്തീരുന്നു.

6. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പാറപ്രദേശങ്ങൾ യാതൊരുവിധ ആവശ്യത്തിനും ഉപയുക്തമാക്കാതെ ഇന്നും തരിശായിക്കിടക്കുന്നു.

7. ഈ പാറകളിൽ കൂടി ഒഴുകിയെത്തുന്ന വെള്ളം പലപ്പോഴും താഴ്ന്ന പ്രദേശങ്ങളിൽ കൃഷി ചെയ്യുന്ന നെൽകൃഷിക്കാർക്ക് നീർക്കെട്ട് മൂലം വിളനാശത്തിന് കാരണമായിത്തീരുന്നു.

8. വർദ്ധിച്ച ഉല്പാദനച്ചിലവിന് ആനുപാതികമായിട്ടുള്ള വില കർഷകന്, കാർഷികോല്പന്നങ്ങൾക്ക് ലഭിക്കുന്നില്ല.

9. രോഗപ്രതിരോധശേഷിയുള്ളതും ഉല്പാദന ശേഷിയുമുള്ള നടീൽ വസ്തുക്കൾ ലഭ്യമല്ല.

10. കുരുമുളകിനെ ബാധിക്കുന്ന ദ്രുതവാട്ടം, തെങ്ങിൻെറ കൂമ്പുചീയൽ, ചെന്നീരൊലിപ്പ് രോഗം, കവുങ്ങ് കൃഷിയുടെ മാഹാളിരോഗം, തണ്ടുതുരപ്പൻ, ഓല ചുരുട്ടിപ്പുഴു, ചാഴി എന്നീ കീട ബാധകൾ വ്യാപകമായി കാണുന്നു.

11. കാർഷികാവശ്യത്തിന് ആവശ്യാനുസരണം തൊഴിലാളികളെ കിട്ടാനില്ല.

12. തെങ്ങ്, കവുങ്ങ് കയറ്റ തൊഴിലാളികളെ പഞ്ചായത്തിൻെറ മിക്ക പ്രദേശങ്ങളിൽ കിട്ടാനില്ല.

13. ജൈവവളങ്ങളുടെ ലഭ്യത കുറവാണ്.

14. മണ്ണ് പരിശോധന കാര്യക്ഷമമായി നടന്നിട്ടില്ല.

15. കാർഷിക ആവശ്യത്തിന് മണ്ണെണ്ണ ലഭ്യമാകുന്നില്ല. കൂടാതെ വോൾട്ടേജ് ക്ഷാമംമൂലം വൈദ്യുതി പമ്പ് സെറ്റുകൾ പ്രവർത്തിപ്പിക്കുവാൻ കഴിയുന്നില്ല.

16. കൃഷിഭവൻ മുഖാന്തിരം നൽകുന്ന ധന സഹായങ്ങൾ വേണ്ടവിധം ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സംവിധാനങ്ങളില്ല.

17. പൊതുമേഖലാ സഹകരണ ധനകാര്യസ്ഥാപനങ്ങൾ കാർഷികമേഖലയ്ക്കുനൽകുന്ന സഹായം കൃത്യമായും വിനിയോഗിക്കപ്പെടുന്നില്ല. കാർഷിക വായ്പകൾ യഥാസമയം മിതമായ നിരക്കിൽ നൽകുന്നുല്ല.

18. കാർഷിക മേഖലയിൽ കൂലിക്കുറവായതിനാൽ ചെറുപ്പക്കാരായ തൊഴിലാളികൾ പുതിയ മേഖല തേടുന്നു. കാര്യമായി നിർമ്മാണ പ്രവർത്തനങ്ങളിലേക്കും വ്യവസായ മേഖലകളിലേക്കും കുതിക്കുന്നു.

19. കൃഷിഭവൻ മുഖേന ഇന്ന് ലഭിക്കുന്ന കാർഷിക സൗകര്യങ്ങൾ അപര്യാപ്തമാണ്. ഏറ്റവും ശാസ്ത്രീയ കൃഷി മുറകളെക്കുറിച്ചുള്ള സാങ്കേതിക പരിജ്ഞാനം കർഷകർക്ക് കുറവാണ്.

20. വയലുകളിലും സമതലപ്രദേശങ്ങളിലും മുൻകാലങ്ങളിൽ ഇടവിളയായി ചെയ്തിരുന്ന പച്ചക്കറി, ധാന്യകൃഷി മുതലായവ കൃഷിചെയ്യാൻ കർഷകർ തീരെ താല്പര്യം കാണിക്കുന്നില്ല. അതിലൊരു പ്രധാന കാരണം അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പച്ചക്കറികൾ സുലഭമായി കിട്ടുന്നത് കൊണ്ടും കൃഷിക്കാർക്ക് അലസത ഉണ്ടാകുന്നു.

21. നാണ്യ വിളകൾ വിപണനം ചെയ്യുന്നതിനും സംസ്കരണത്തിനും സൗകര്യങ്ങൾ അപര്യാപ്തമാണ്. അത് കൊണ്ട് കൃഷിക്കാർ ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയമാകുന്നു.

22. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്വകാര്യ വ്യക്തികളും മറ്റും കാർഷിക ഉല്പന്നങ്ങളുടെ മുൻകൂർ കച്ചവടം നടത്തുന്നതുമൂലം യഥാർത്ഥ വില ഉല്പാദകന് ലഭ്യമാകുന്നില്ല. കൂടാതെ ഈ വ്യവസ്ഥയിൽ മാറ്റം വേണം.

23. പഞ്ചായത്തിലെ ഭൂജലവിഭവങ്ങളെ ശാസ്ത്രീയമായി തിട്ടപ്പെടുത്തി ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.

24. കാര്യങ്കോട് പുഴയുടെ കണിയാട് മുതൽ മുക്കട വരെയുള്ള അവശേഷിച്ച സ്ഥലങ്ങളിൽ ജന പങ്കാളിത്തത്തോടെ കരകെട്ടി സംരക്ഷിക്കാൻ പദ്ധതി തയ്യാറാക്കുക.

25. കാര്യങ്കോട് പുഴയിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുക.

26. ജലസേചന സൗകര്യത്തിന് വേണ്ടി കുളം നിർമ്മിച്ചോ, ജലസൗകര്യമുള്ള സ്ഥലങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

27. കൂടോൽ മുതൽ ചേലക്കാട്ട് വരെയുള്ള കൂവാറ്റി ചാലിനും പരപ്പച്ചാൽ തോടിനും ജലസംരക്ഷണത്തിനായി തടയണകൾ നിർമ്മിക്കുക.

28. നീരുറവകളെ, വരയിൽ, ഒറവിൻെറ മൂല, കീക്കാനം എന്നിവയെ ജലസേചനത്തിന് പര്യാപ്തമാക്കുക.

29. മണ്ണ് പരിശോധനക്ക് പഞ്ചായത്ത് തലത്തിൽ ക്ലിനിക്കുകൾ തയ്യാറാക്കുക

30. കൂവാറ്റി വാട്ടർ ഷെഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കീമുകൾ സമയബന്ധിതമായി പൂർത്തിയാക്കുക.

31. കാർഷിക മേഖലയിൽ കാർഷികോപകരണങ്ങളും യന്ത്രങ്ങളും പ്രാദേശികാടിസ്ഥാനത്തിൽ ലഭ്യമാക്കുക.

32. പമ്പുസെറ്റുകൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുക.

33. കൃഷിക്കാർക്ക് മാസത്തിൽ ഒന്ന് എന്ന തോതിൽ ബോധവൽക്കരണ ക്ലാസ്സ് ഗൃഹസന്ദർശന പരിപാടികളും സംഘടിപ്പിക്കുക.

34. കുറ്റിമുല്ല, ഓർക്കിഡ്, അലങ്കാരസസ്യം എന്നിവയുടെ വിത്ത് വിതരണം ചെയ്ത് വിപണന സൗകര്യം ഏർപ്പെടുത്തി വ്യാപാരം നടത്തുക.

35. പഞ്ചായത്തിലെ താഴെ പറയുന്ന തോടുകൾ ആഴം കൂട്ടി ജലനിർഗ്ഗമന സൗകര്യങ്ങൾ ഉണ്ടാക്കുക (പാറക്കോൽ, മൂലക്കേതോട്, ബിരിക്കുളം, കിണാവൂർ, കീഴ്മാല)

36. കയനി പ്രദേശത്തെ 20 ഏക്കറോളം വെള്ളം കെട്ടിനിൽക്കുന്ന സ്ഥലത്ത് ഓവുചാൽ നിർമ്മിക്കുക.

37. കാർഷികോല്പന്ന പ്രദർശനം നടത്തുക.

## നിർദ്ദേശങ്ങളും സാധ്യതകളും

ജലലഭ്യതയുള്ള തോടുകളിലും ചാലുകളിലും ക്രോസ് ബാറുകളും തടയണകളും ഉണ്ടാക്കുകയും നിലവിലുള്ള ഉപയോഗശൂന്യമായിക്കിടക്കുന്ന ക്രോസ് ബാറുകൾ മണ്ണെടുത്തും പലകകളെടുത്തും ഫലപ്രദമാക്കണം.

താഴെ പറയുന്ന സ്ഥലങ്ങളിൽ ക്രോസ് ബാറുകൾ/കുളങ്ങൾ എന്നിവ നിർമ്മിക്കണം

| ക്രോസ് ബാർ | കുളങ്ങൾ |
|---|---|
| തോട്ടുംബത്ത് | ബിരിക്കുളം വയൽ |
| മാനൂരി (വാര്യർ കുന്ന്) | പന്നിയെറിഞ്ഞ കൊല്ലി |
| പറയംകാട് | തുമ്പ (പരപ്പ) |
| തടിക്കുന്ന് | പ്ലാച്ചിക്കല്ല് |
| നെല്ലിയടുക്കം | മൂലോത്തും കുന്ന് |
| കണിയാട | മാളൂർക്കയം |
| വരഞ്ഞൂർ | പന്നിത്തടം |
| ഞെർലിയം | ആവുള്ളക്കോട് |
| വട്ടക്കല്ല് | താഴത്തെ വയൽ(കീഴ്മാല) |
| പുതുക്കുന്ന് | മുക്കട |
| മാളൂർക്കയം തോട് | പുലിയന്നൂർ |
| (റിപ്പയർ) | അണ്ടോൾ |
| തുമ്പച്ചാൽ(റിപ്പയർ) | നറുക്കിൽ |
| ചിമ്മത്തോട് | ചേനറ്റാടി |
| വരയിൽ | പരപ്പച്ചാൽ |
| കുമ്പളപ്പള്ളി | കൊരവും തല (കീഴ്മാല) |
| മയ്യങ്ങാനം | കാരിമൂല |
| പെരിയങ്ങാനം | തോടം ചാൽ |
| മീർക്കാനം | പാറക്കടവ് |
| ഓമച്ചേരി | പട്ടളം |
| മാവുള്ളാൽ | കാരാട്ട് |
| പാമ്പങ്ങാനം | മൂളിക്കുളം (റിപ്പയർ) |
| പട്ടളം ചാൽ | കണിയാട(റിപ്പയർ) |
| പാറക്കടവ് | കക്കോട് |
| കൊമ്പൻെറ മാടി | പാറക്കോൽ |
| മാളങ്കയം | പ്രതിഭാനഗർ (സ്ഥലം |
| ഓമനങ്ങാനം | ലഭിക്കും) |

3. നിലവിലുള്ള നെൽകൃഷിക്കാരെയും തെങ്ങ്, കുരുമുളക് കർഷകരെയും ബന്ധപ്പെടുത്തി സമഗ്രമായ കാർഷിക വികസന പദ്ധതി തയ്യാറാക്കുക.

4. കർഷകരുടെ പങ്കാളിത്തം ഉറപ്പ് വരുത്തിക്കൊണ്ട് താഴെ പറയുന്ന സ്ഥലങ്ങളിൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിലാക്കുക.

a) വേളൂർ
b) അണ്ടോൾ
c) പുലിയന്നൂർ

5. നിലവിലുള്ള കേടായ ക്രോസ് ബാറുകൾ റിപ്പയർ ചെയ്യുക.

6. മണ്ണ്-ജല സംരക്ഷണ പ്രവർത്തനത്തിന് പഞ്ചായത്തിൻെറ ഉയർച്ച താഴ്ച അനുസരിച്ച് തടയണകൾ തട്ടുതട്ടായി തിരിക്കുക, ജലസംഭരണകുഴികൾ നിർമ്മിക്കുക.

7. കരയിടിച്ചിൽ തടയാൻ തോടുകളും ഇരുകരകളും ജനപങ്കാളിത്തത്തോടെ കെട്ടി സംരക്ഷിക്കുക.

8. അത്യുല്പാദന ശേഷിയുള്ള നെല്ല്, കവുങ്ങ്, തെങ്ങ്, കുരുമുളക്, റബ്ബർ, വാഴ എന്നിവയുടെ വിത്തിനങ്ങൾ ലഭ്യമാക്കുക. (പഞ്ചായത്തിനകത്തുള്ള കർഷകരിൽ നിന്നോ, സീഡ് ഫാമുകളിൽ നിന്നോ നഴ്സറികൾതയ്യാറാക്കുക)

9. നിലവിലുള്ള പ്രശ്നങ്ങൾ പരിശോധിച്ച് മണ്ണൊലിപ്പ് മൂലം അനാവൃതമായ പാറപ്രദേശം മണ്ണ് സംരക്ഷിക്കുന്നതിന് അതാത് പ്രദേശങ്ങളിലെ ജനപങ്കാളിത്തത്തോടെ തട്ട് തട്ടായി തിരിക്കുകയും ഇത്തരം തരിശ് സ്ഥലങ്ങളിൽ കാലിത്തീറ്റയ്ക്കാവശ്യമായ വിത്തിനങ്ങൾ നട്ടുപിടിപ്പിക്കുക.

10. കാലിത്തീറ്റയ്ക്ക് പര്യാപ്തമായ സുബാബുൾ മുതലായ സസ്യ ഇനങ്ങൾ കൃഷി ചെയ്യുക.

11. ജൈവവളത്തിനാവശ്യമായ ശീമക്കൊന്ന, കൊയിച്ചൽ, ഡയിഞ്ച തുടങ്ങിയവ കൃഷി ചെയ്യുകയും ജൈവവേലികൾ തുടങ്ങിയവ നിർമ്മിക്കുക.

12. പച്ചക്കറി കൃഷിയിൽ പഞ്ചായത്തിന് സ്വയം പര്യാപ്തത കൈവരുത്തുക. വ്യാപകമായ ബോധ വൽക്കരണവും, പച്ചക്കറി സഹകരണ സംഘം കൂട്ടായ്മയും ഉണ്ടാക്കണം. അതിനാവശ്യമായ വിത്തിനങ്ങളും വളവും ലഭ്യമാക്കണം.

13. കൂൺ കൃഷിയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പരിശീലനവും വിത്തും നൽകുക. വിപണന സംവിധാനം ഉണ്ടാക്കുകയും വെറ്റിലക്കൃഷി, ആവണക്ക് മുതലായവയുടെ സാധ്യത പ്രയോജനപ്പെടുത്തുക.

14. പട്ടുനൂൽ കൃഷിക്ക് സാധ്യതയുള്ള പ്രദേശങ്ങളിൽ ശാസ്ത്രീയമായി കൃഷി ചെയ്യുക. വിവിധ കൃഷി ഇനങ്ങൾക്കുണ്ടാകുന്ന രോഗകീട ബാധകൾ നിയന്ത്രിക്കാൻ ജൈവ കീടനാശിനികൾ വ്യാപിപ്പിക്കുക മറ്റ് കീടനാശിനി സംവിധാനങ്ങൾ ഏർപ്പെടുത്തുക.

15. രോഗ ബാധിതമായത് കൊണ്ടും പ്രായമായത് കൊണ്ടും ഉല്പാദന ക്ഷമത കുറഞ്ഞ തെങ്ങ് തുടങ്ങിയ വൃക്ഷ വിളകളെ പുനരുദ്ധരിപ്പിക്കുക.

16. നിലവിലുള്ള വായ്പാസൗകര്യങ്ങൾ കർഷകരുടെ ആവശ്യങ്ങൾക്കനുസരിച്ച് യഥാസമയം ലഭ്യമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

17. കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുക. കർഷകർക്ക് അർഹമായ വില കിട്ടുന്നതിന് ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക. ആഴ്ച ചന്തകളും മാർക്കറ്റിംഗ് ഡിപ്പോകളും ആരംഭിക്കുക.

18. കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിനും വിപണനത്തിനും പദ്ധതികൾ തയ്യാറാക്കുക. മാങ്ങ, ചക്ക, കശുമാങ്ങ, നെല്ല്, തേങ്ങ, വാഴപ്പഴം തുടങ്ങിയവ.

19. കർഷകത്തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുക. കർഷകർക്ക് ആവശ്യമായ തൊഴിലാളികളെ ലഭ്യമാക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുക. പഞ്ചായത്തടിസ്ഥാനത്തിൽ വൈദഗ്ദ്ധ്യം അനുസരിച്ച് കർഷകത്തൊഴിലാളികളെ റജിസ്റ്റർ ചെയ്ത് പദ്ധതി തയ്യാറാക്കുക.

20. വിള ഇൻഷുറൻസ് എല്ലാ വിളകൾക്കും ബാധകമാക്കി കർഷകന് സംരക്ഷണം ഉറപ്പ് വരുത്തുക. നിലവിലുള്ള ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് പഞ്ചായത്ത് തല പദ്ധതികൾ തയ്യാറാക്കുക.

21. പ്രകൃതി ക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം കൃത്യമായി നൽകാനുള്ള പദ്ധതികൾ ആവിഷകരിക്കുക.
യഥാവസരം വിവരങ്ങൾ ശേഖരിക്കുവാനുള്ള ജനകീയ സംവിധാനമുണ്ടാക്കുക.

22. നെൽപാടങ്ങൾ നികത്തി ഇതര കൃഷി മുറകളുടെ സമ്പ്രദായങ്ങളും പാർപ്പിടങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

23. പഞ്ചായത്തിലെ ഭൂജല വിഭവങ്ങളെ ശാസ്ത്രീയമായി തിട്ടപ്പെടുത്താൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുക.

24. കാര്യങ്കോട് പുഴയുടെ കണിയാട മുതൽ മുക്കട വരെ കരകെട്ടാൻ അവശേഷിച്ച സ്ഥലങ്ങളിൽ കരകെട്ടാൻ നടപടിയെടുക്കുക.

# മൃഗപരിപാലനവും മൽസ്യബന്ധനവും

കന്നുകാലികളുടെ കഴുത്തിലെ മണിയൊച്ചയുഠ 'തട്ട'യുടെ സംഗീതവും കാലിയാൻമാരുടെ ചൂളം വിളികളും നമ്മുടെ ഗ്രാമങ്ങളിൽ നിന്ന് അപ്രത്യക്ഷമായിരിക്കുന്നു. കാലോചിതമായി എല്ലാ മേഖലയിലും കടന്നുവന്ന ശാസ്ത്രീയമായ നൂതന സങ്കേതങ്ങഠ മൃഗസംരക്ഷണ മേഖലയിലും മാററങ്ങഠക്ക് വഴിതെളിച്ചു. നമ്മുടെ പഞ്ചായത്തിൽ പൂർണമായി ശാസ്ത്രീയമായ മൃഗ പരിപാലന രീതികഠ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഒരു ദശാബ്ദത്തിന് മുൻപ് വരെ 80% നാടൻ പശുക്കളുണ്ടായിരുന്നു. കഴിഞ്ഞ പത്തു വർഷകാലത്തിനിടക്ക് നാടൻ പശുക്കളുടെ എണ്ണം 30 ശതമാനത്തോളമായി കുറക്കാനും 70 ശതമാനത്തോളം സങ്കരഇനം പശുക്കളെ വളർത്താനും കഴിഞ്ഞിട്ടുണ്ട്. ശാസ്ത്രീയ മൃഗപരിപാലന രീതി നടപ്പിലാക്കിയാൽ മാത്രമേ ഉദ്പാദന ചെലവ് കുറക്കാനും ഉദ്പാദന ക്ഷമത വർദ്ധിപ്പിക്കാനും കൃഷി ലാഭകരമാക്കി കൃഷിക്കാരന് ഈ രംഗത്ത് നിലനിൽകാനും കഴിയുകയുള്ളു. നമ്മുടെ പഞ്ചായത്തിനാവശ്യമായ പാൽ, മുട്ട, ഇറച്ചി, ജൈവവളം എന്നീകാര്യത്തിൽ നമുക്ക് സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയണം.

മേൽപ്പറഞ്ഞ നാല് കാര്യങ്ങളിൽ സ്വയം പര്യാപ്തത ലക്ഷ്യം വെച്ച് നിലവിലുള്ള സ്ഥിതിഗതികഠ അവലോകനം ചെയ്യേണ്ടതുണ്ട്. (1996ൽ നടന്ന പക്ഷി മൃഗാദികളുടെ സെൻസസ്സ് സംബന്ധിച്ച റിപ്പോർട്ട് ലഭിക്കാത്തതിനാൽ പഞ്ചായത്തിലെ മൊത്തം പക്ഷി മൃഗസമ്പത്ത് സംബന്ധിച്ച കണക്കുകഠ 1987ലെ രേഖകഠ അവലംബിച്ച് താഴെ കൊടുക്കുന്നു.

**പട്ടിക 1**

| ഇനവിവരം | എണ്ണം |
|---|---|
| വെററിനറി ഡിസ്പൻസറി | 1 |
| ഐ. സി. ഡി. പി. സബ്ബ്സെൻറർ | 1 |
| കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങഠ | 4 |
| ക്ഷീരോൽപ്പാദക സഹകരണസംഘങ്ങഠ | 5 |
| ക്ഷീരോൽപ്പന്ന നിർമ്മാണ യൂനിററ് | 1 |
| മിൽമ ബൂത്ത് | 1 |
| ബ്രോയിലർ ചിക്കൻ യൂണിററ് | 3 |
| പന്നി വളർത്തൽ യൂണിററ് | 1 |
| അറവു ശാലകഠ | 3 |

## കോഴിമുട്ട വിപണനം:–

കോഴിമുട്ടയും, താറാവിൻെറ മുട്ടയും വാണിജ്യാടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഉദ്പ്പാദിപ്പിക്കപ്പെടുന്നില്ല. സ്വകാര്യ കച്ചവട സ്ഥാപനങ്ങൾ വഴി വിപണനം നടക്കുന്നു.

## ക്ഷീര വിപണനം:–

പഞ്ചായത്തിൽ അഞ്ച് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. മൊത്തം ഉൽപാദിപ്പിക്കപ്പെടുന്ന പാലിൻെറ ഇരുപത് ശതമാനത്തിൽ താഴെമാത്രമാണ് പാൽ സൊസൈററികളിൽ ശേഖരിക്കപ്പെടുന്നത്. ബാക്കി പാൽ സ്വകാര്യ വ്യക്തികൾക്കും ഹോട്ടലുകൾക്കും വിററഴിക്കപ്പെടുന്നു. ഈ രംഗത്ത് സ്വകാര്യ ഏജൻറ്മാർ ഇല്ല. ഉൽപാദന ചെലവുമായി താരതമ്യം ചെയ്താൽ ഇപ്പോൾ ലഭിക്കുന്ന പാൽ വില പരിമിതമാണ്.

## കാലിത്തീററയുടെ ലഭ്യത:–

മിൽമ കാലിത്തീററകൾ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ വഴി വിററഴിക്കുന്നുണ്ട്. സ്വകാര്യ കമ്പനികളുടെ കാലിത്തീററകൾ കച്ചവട സ്ഥാപനങ്ങൾ വഴി വിൽക്കുന്നു. പരിമിതമായ തോതിൽ പച്ചപുല്ലും വൈക്കോലും പഞ്ചായത്തിൽ ലഭ്യമാണ്. കാലിത്തീററ നിർമ്മാണ ഫാക്ടറി ഇല്ല.

**രോഗവിവരങ്ങൾ:** അവലംബം: വെററിനറി ആശുപത്രി ഒ പി റജിസ്ററർ

പട്ടിക 2

| | | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി |
|---|---|---|---|---|---|---|---|
| 1 | ദഹന സംബന്ധമായ രോഗം | 486 | 148 | 188 | 121 | | |
| 2 | ശ്വാസകോശ സംബന്ധം | 96 | 41 | 66 | 98 | | 2800 |
| 3 | ഉപാപയ സംബന്ധം | 58 | 6 | 72 | 140 | | |
| 4 | ത്വക്ക് രോഗങ്ങൾ | 162 | 43 | 76 | 48 | 32 | |
| 5 | ധാതുലവണങ്ങളുടെ അഭാവം | 260 | 12 | 84 | 14 | | |
| 6 | പരാഗ്യ രോഗങ്ങൾ | 980 | 148 | 316 | 116 | | 1650 |
| 7 | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 162 | 14 | 56 | 12 | | |
| 8 | വന്ധ്യത | 78 | 4 | 18 | 4 | | |
| 9 | അകിടുവീക്കം | 52 | 12 | 56 | 6 | | |
| 10 | മുടന്തൻ പനി | 148 | 24 | | | | |
| 11 | പകർച്ച വ്യാധികൾ | 260 | 12 | | | | 2600 |

(1995—96 വർഷത്തെ ചികിത്സാ വിവരം)

## പട്ടിക 1

# മൃഗങ്ങളുടെ എണ്ണം

### അവലംബം: കന്നുകാലി സെൻസസ്സ് 1987

| | മൃഗങ്ങൾ | 1987 |
|---|---|---|
| പശു സങ്കരയിനം | കാള M | 124 |
| | പശു F | 511 |
| നാടൻ | കാള M | 941 |
| | പശു F | 3508 |
| പോത്ത് | M | 34 |
| എരുമ | F | 139 |
| ചെമ്മരിയാട് | | 10 |
| ആട് | M | 396 |
| | F | 1170 |
| പന്നി | | 173 |
| നായ | | 1105 |
| കോഴി | Desi | 3224 |
| | Impd | 8412 |
| താറാവ് | | 74 |

## സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന സേവനങ്ങളും ചികിൽസാ സൗകര്യങ്ങളും

പരിമിതമായ ചികിൽസാ സൗകര്യങ്ങളാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്.

പകുതിവിലക്ക് കാലിത്തീററ നൽകുന്ന കന്നുകുട്ടി പരിപാലന പദ്ധതി, ഹരിജൻ കോളനികളിൽ ആട്, പശു എന്നിവയെ സബ്ബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതി. വാട്ടർ ഷെഡ് ഏരിയൽ ആട്, കോഴി, ധാതുലവണമിശ്രിതം എന്നിവ സൗജന്യമായി വിതരണം, വന്ധ്യതാ പരിശോധനക്യാമ്പുകൾ, പേവിഷനിർമാർജ്ജന പദ്ധതി, ബോധവൽക്കരണ സെമിനാറുകൾ, കൃത്രിമ ബീജസങ്കലനം വഴി കന്നുകാലികളുടെ വർഗോദ്ധാരണം, കന്നുകാലി പ്രദർശനം എന്നീ പദ്ധതികൾ ഇപ്പോൾ മൃഗാശുപത്രി വഴി നടപ്പിലാക്കുന്നുണ്ട്. അർഹതയുള്ളവർക്കെല്ലാം പദ്ധതി ആനുകൂല്യങ്ങൾ നൽകാനോ ആവശ്യസമയത്ത് എത്തിക്കാനോ കഴിയുന്നില്ല.

## ഗ്രാമസഭകളിലൂടെ ഉയർന്നു വന്ന ആവശ്യങ്ങൾ:-

1. ചോയ്യംകോട് പ്രവർത്തിക്കുന്ന ICDP സബ്ബ്സെൻററിന് സ്വന്തമായി കെട്ടിടം
2. പശുക്കളെ വാങ്ങാൻ വായ്പയും സബ്ബ്സിഡിയും
3. DKICRA ഡയറി ഗ്രൂപ്പുകളുടെ രജിസ്ട്രേഷൻ.
4. വ്യാവസായിക അടിസ്ഥാനത്തിൽ കോഴി വളർത്തൽ.
5. വളർത്തുനായ്കൾക്ക് ലൈസൻസ്
6. പയ്യം കുളത്ത് മൃഗാശുപത്രി
7. കൊല്ലംപാറ പാൽ സൊസൈററി
8. കൂവാററിയിൽ ബീജ സങ്കലന കേന്ദ്രം
9. കാട്ടിപ്പൊയിൽ മൃഗാശുപത്രി
10. പഞ്ചായത്തിൽ കാലിത്തീററ നിർമ്മാണ ഫാക്ടറി
11. കമ്പോസ്ററ് വളം നിർമ്മാണം
12. ബിരിക്കുളത്ത് മൃഗാശുപത്രി
13. കുമ്പളപ്പള്ളിയിൽ പാൽ സൊസൈററി
14. ഗോബർ ഗ്യാസ് നിർമാണം
15. കോളനികളിൽ സൗജന്യമായ ആട്, പശു വിതരണം
16. തലയടുക്കത്ത് സബ്ബ്സെൻററും, പാൽ സംഭരണ കേന്ദ്രവും
17. പരപ്പയിൽ മൃഗാശുപത്രി, സൗജന്യമായ കൃത്രിമ ബീജ സങ്കലനം തുടങ്ങിയ നിരവധിന്യായമായ ആവശ്യങ്ങൾ ഗ്രാമസഭകളിൽഉയർന്നു വന്നിട്ടുണ്ട്.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

കാസർഗോഡ് ജില്ലയിൽ ഏററവും കുടുതൽ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്ന പഞ്ചായത്താണ് നമ്മുടേത്. എന്നാൽ പാൽ സംഭരണം വേണ്ടത്രയില്ല ഏറെ സാധ്യതകളുണ്ടായിട്ടും നമ്മുടെ ഈ പിന്നോക്കം പോക്കിന്റെ കാരണവും അപര്യാപ്തതകളും പരിമിതികളും പരിശോധിക്കണം

1 മൃഗ പരിപാലന രംഗത്ത് നമ്മുക്കുള്ള ബുദ്ധിമുട്ട് ഏററവും കുടുതൽ ബാധിക്കുന്നത് ചികിത്സാ രംഗത്താണ്. 1965ൽ സബ്ബ് സെൻററായി പ്രവർത്തനമാരംഭിച്ച് സ്ഥാപനം 1992ൽ ഡിസ്പൻസറിയായി അപ്ഗ്രേഡ് ചെയ്തു ആശുപത്രിയായി ഉയർത്തപ്പെട്ടെങ്കിലും 1965ലെ സൗകര്യങ്ങൾ മാത്രമാണ് ഇവിടെ ഇപ്പോഴുമുള്ളത് തകർന്നു വീഴാറായ കെട്ടിടം പുതുക്കി പണിയണം. ആവശ്യമായ ഫർണിച്ചറുകളും മററ് ഉപകരണങ്ങളും വേണം. ICDP സബ്ബ് സെൻറർ ചോയ്യംകോട്ടുള്ള വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. അത്യാവശ്യം വേണ്ട ഫർണിച്ചറുകളും ഉപകരണങ്ങളും വേണം. സ്വന്തമായി കെട്ടിടം നിർമിക്കാൻ ആവശ്യമായ ചെത്ത് കല്ല് ഗ്രാമസഭയിൽ വാഗ്ദാനം നൽകിയിട്ടുണ്ട്. ജനപങ്കാളിത്തത്തോട് സബ്ബ്സെൻററിന് സ്വന്തമായി കെട്ടിടം നിർമിക്കാം. വളരെ ദൂരെയുള്ള ആശുപത്രിയിലേക്ക് മൃഗങ്ങളെ എത്തിക്കാനുള്ള ബുദ്ധിമുട്ട് പരിഹരിക്കണം. കുടുതൽ ചികിത്സാ സൗകര്യം ലഭിക്കുന്നതിലേക്ക് ബിരിക്കുളത്ത് ഒരു മൃഗാശുപത്രിയും, പരപ്പ, നെല്ലിയടുക്കം എന്നിവിടങ്ങളിൽ ICDP സബ്ബ് സെൻററുകളും അനുവദിക്കണം.

2 മൃഗപരിപാലനരംഗത്തെ മറെറാരു പ്രധാന പ്രശ്നം കാലിത്തീററയുടെ അപര്യാപ്തതയാണ്. വർഷത്തിൽ 7 മാസം മാത്രമേ നമ്മുടെ പഞ്ചായത്തിൽ പച്ചപുല്ല് ലഭിക്കുന്നുള്ളു. കുറഞ്ഞ ചെലവിൽ പാൽ ഉൽ

പാദനം നടത്തുന്നതിന് തീററപ്പുൽ കൃഷി വ്യാപകമാക്കണം. ഇപ്പോൾ നടന്നുവരുന്ന തീററപ്പുൽ വിത്ത് വിതരണം വിജയകരമല്ല. കന്നുകാലികളെ വളർത്തുന്ന മുഴുവൻവീടുകളിലും പുൽകൃഷി നടത്തുന്നതിന് ആവശ്യമായ പുൽവിത്ത് (ഹൈബ്രിഡ് നേഷിയർ, ഗിനി, പാരാഗ്രസ്സ് സിഗ്നൽ, കോംഗോസിഗ്നൽ, പയറുവർഗങ്ങൾ, സ്റൈറലോസാന്തസ്, സുബാബുൾ) വിതരണം നടത്തണം. പുൽ കൃഷി നടത്തുന്നത് സംബന്ധിച്ച് ഗ്രാമീണ ജനങ്ങൾക്ക് ബോധവൽകരണ ക്ലാസ്സുകൾ നൽകണം. പാൽ സൊസൈററികൾ കേന്ദ്രീകരിച്ച് വിപണനാടി സ്ഥാനത്തിൽ തരിശുഭൂമികളിൽ പുൽകൃഷി നടത്തുന്നതിനുള്ള സാധ്യതകൾ കണ്ടെത്തണം. പഞ്ചായത്തിലെ അഞ്ച് പാൽ സൊസൈററികളുടെയും 3 സഹകരണ ബാങ്കുകളുടെയും ആഭിമുഖ്യത്തിൽ സഹകരണ മേഖലയിൽ ഒരു ചെറുകിട കാലിത്തീററ നിർമ്മാണ യൂണിററ് (Feed Compounding Unit) കാലിച്ചാമരത്ത് സ്ഥാപിക്കണം.

3 പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിലെ മുഴുവൻ പശുക്കളും ഉയർന്ന ജനുസ്സിൽ പെട്ട സങ്കര ഇനം പശുക്കളാണെന്ന് ഉറപ്പുവരുത്തണം. ആയതിന് കൃത്രിമ ബീജസങ്കലനം വ്യാപകമാക്കണം. മുഴുവൻ കന്നുകാലികൾക്കും കൃത്രിമ ബീജസങ്കലന സൗകര്യം. പഞ്ചായത്തിലെ മുഴുവൻ വിത്തു കാളകളെയും നിയമം മൂലം നിരോധിക്കണം. (1995 = 96 വർഷം പഞ്ചായത്തിൽ നടന്ന കൃത്രിമ ബീജ സങ്കലനങ്ങൾ ലഭിച്ചതുക 1630 രൂപ മാത്രമാണ്.

4 ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോട് (100) പശുക്കളെയെങ്കിലും വാങ്ങുന്നതിന് വായ്പ നൽകണം. പശുവളർത്തലിന് താല്പര്യവും, സാധ്യതയുള്ളവർക്കും മാത്രം വായ്പ നൽകണം.

5 പഞ്ചായത്ത് പരിധിയിലെ എല്ലാ ക്ഷീരോല്പാദക സഹ: സംഘങ്ങളോടും അനുബന്ധമായി ക്ഷീരോല്പന്ന നിർമ്മാണ യൂണിററുകൾ തുടങ്ങണം. ഇതുവഴി നിരവധി ചെറുപ്പക്കാർക്ക് തൊഴിൽ നൽകാനാവും.

6 ഇറച്ചി, മുട്ട, പാൽ, പാൽഉൽപന്നങ്ങൾ തുടങ്ങിയവയുടെ സംഭരണവും വിപണനവും നടത്തുന്നതിനും കർഷകർക്ക് വേണ്ട ഉൽപാദനോപകരണങ്ങളും മററും വിതരണം നടത്തുന്നതിനുമായി സഹകരണ മേഖലയിൽ സംവിധാനം ഏർപ്പെടുത്തണം.

7 പഞ്ചായത്തിലെ അനധികൃത അറവുശാലകൾ നിർത്തലാക്കണം. മുഴുവൻ അറവുശാലകൾക്കും ലൈസൻസ് ഏർപ്പെടുത്തുക. ഇതുമായി ബന്ധപ്പെട്ട നിയമങ്ങൾ പഞ്ചായത്ത് പരിധിയിൽ നിർബന്ധമായും നടപ്പിലാക്കണം.

8 എല്ലാവർഷവും പ്രതിരോധ കുത്തി വെപ്പുകൾ വാർഡുകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കണം.

### 9 ജൈവവളം:

അമിതമായ രാസവള, കീടനാശിനി പ്രയോഗങ്ങളിലൂടെ അനുദിനം നശിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ മണ്ണിനെ രക്ഷിക്കാൻ ജൈവവള നിർമാണം വ്യാപകമാക്കണം. ''ഒരു വീട്ടിൽ ഒരു കമ്പോസ്ററ് കുഴി'' എന്ന പദ്ധതി ഫലപ്രദമായി നടപ്പിലാക്കണം.

### 10 ബയോഗ്യാസ്:

നിലവിലുള്ള നമ്മുടെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് മൂന്നോ അതിലധികമോ കന്നുകാലികളെ വളർത്തുന്ന എല്ലാ വീട്ടിലും ബയോഗ്യാസ് പ്ലാൻറ് ഉണ്ടാക്കണം.

### എരുമ:-

പഞ്ചായത്തിൽ എരുമ വളർത്തൽ നാൾക്കുനാൾ കുറഞ്ഞു വരികയാണ്. പശുവിനെ അപേക്ഷിച്ച് എരുമ വളർത്തൽ കൂടുതൽ ലാഭകരമാണ്. ഇത് കൂടുതൽ പ്രോൽസാഹിപ്പിക്കുന്നതിനുള്ള ബോധവൽകരണ ക്ലാസ്സുകൾ നടത്തണം.

### ആട്:-

വ്യാവസായികാടിസ്ഥാനത്തിൽ വൻതോതിൽ ആട് വളർത്തൽനടത്തുന്നതിനുള്ള നമ്മുടെ പഞ്ചായത്തിലെ സാധ്യതകൾ കണ്ടെത്തണം. ഉപതൊഴിൽ എന്നനിലക്ക് തെരഞ്ഞെടുക്കപ്പെടുന്ന കുടുംബങ്ങൾക്ക് സാമ്പത്തിക സഹായവും പ്രോൽസാഹനവും നൽകണം.

### കോഴി:-

a നമ്മുടെ പഞ്ചായത്തിലെ യു.പി. സ്കൂൾ ഹൈസ്കൂൾ വിഭാഗത്തിൽ പഠിക്കുന്ന കുട്ടികൾക്ക് അഞ്ച്(5) വീതമെങ്കിലും മുട്ട

കോഴി' കുഞ്ഞുങ്ങളെ വിതരണം ചെയ്യണം. അതുവഴി കോഴിവളർത്തൽ വ്യാപകമാക്കാനും കുട്ടികളിൽ ഉത്തരവാദിത്വബോധവും സമ്പാദ്യശീലവും വളർത്താനും കഴിയും.

b ഈ ആവശ്യത്തിലേക്ക് പഞ്ചായത്തിൽ ഒരു എഗർ നഴ്സറിയും, ഹാച്ചറിയും സ്ഥാപിക്കണം.

c തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് വിവിധ ജനുസുകളിൽപെട്ട (ന്യൂ ഹാംഷയർ, R I R ഓസ്ട്രൻ ലോർപ്, ഓബ്ട്രേ വൈററ്, വൈററ് കോർണിഷ്, ഗിരിരാജ്) കോഴികളെ നൽകി ജനങ്ങളിൽ അവബോധം ഉണ്ടാക്കണം. ഇതോടൊപ്പം ബോധവൽകരണ ക്ലാസുകൾ സംഘടിപ്പിക്കണം.

d പുതിയ ഇറച്ചിക്കോഴിവളർത്തു കേന്ദ്രങ്ങൾ തുടങ്ങാൻ ആവശ്യമായ ബാക് ലോൺ നൽകണം.

e ഉൽപാദിപ്പിക്കപ്പെടുന്ന ഇറച്ചിക്കോഴികളെ വിപണനം നടത്തുന്നതിനുള്ള സംവിധാനം പഞ്ചായത്ത് അടിസ്ഥാനത്തിൽ നടപ്പിലാക്കണം.

## പന്നി:

പന്നി വളർത്തലിന് സാധ്യതയുള്ള നിരവധി കൃഷിക്കാറുണ്ട്. നല്ല ഇനം പന്നി കുഞ്ഞുങ്ങളെ വിതരണം നടത്താൻ കഴിയണം. അതിനാവശ്യമായ പന്നിക്കുഞ്ഞുങ്ങളെ ഉൽപാദിപ്പിക്കാൻ ഒരു 'ബ്രീഡിംഗ്' യൂണിററ് പഞ്ചായത്തിൽ രൂപികരിക്കണം.

## മുയൽ:–

മുയൽ വളർത്തലിന് ധാരാളം സാധ്യതകൾ ഉണ്ട്. വിപണന സൗകര്യമില്ലാത്തതിനാൽ കൗതുക വസ്തു എന്ന നിലയിലാണ് അപൂർവ്വം ചിലർ മുയലിനെ വളർത്തുന്നത്. തുകൽ ഉൽപ്പന്നങ്ങളുടെ സംസ്ക്കരണത്തിനും വിപണനത്തിനും ധാരാളം സാധ്യതകൾ ഉണ്ട്.

## നായ:–

പഞ്ചായത്തിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന മുഴുവൻ നായ്ക്കളെയും അടിയന്തിരമായും നശിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്പും ലൈസൻസും നിർബന്ധിതമാക്കണം.

## മത്സ്യബന്ധനം

വിപണനത്തിന് ഏറെ സാധ്യതകളുണ്ടെങ്കിലും മത്സ്യ കൃഷിക്കുള്ള സാധ്യതകൾ നമ്മുടെ പഞ്ചായത്തിൽ കുറവാണ്. രണ്ടാം വാർഡിലെ കോട്ടക്കുന്ന്, ഏഴാം വാർഡിലെ കുമ്പളപ്പള്ളി, എട്ടാം വാർഡിലെ ഓമച്ചേരി, പത്താം വാർഡിലെ വിവിധ പ്രദേശങ്ങൾ, എന്നിവിടങ്ങളിലൊക്കെ മത്സ്യ കൃഷിക്ക് സാധ്യതയുള്ളതായി ഗ്രാമ സഭകൾ സൂചിപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിയിലെ സ്വകാര്യ വ്യക്തികളുടെ കുളങ്ങളിലും പഞ്ചായത്ത് കുളങ്ങളിലും മത്സ്യകൃഷിനടത്തുന്നതിനാവശ്യമായ നല്ല ഇനം മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യണം. നമ്മുടെ പഞ്ചായത്തിലൂടെ ഒഴുകുന്ന തേജസ്വിനിപ്പുഴയിൽ പ്രത്യേക തരം കൂടുകൾ ഉപയോഗിച്ചുള്ള മത്സ്യ കൃഷിയുടെ സാധ്യതകൾ ആരായണം. നമ്മുടെ പുഴയിലും ചാലുകളിലും തോട്ടപ്പൊട്ടിച്ച് മീൻ പിടിക്കുന്നത് കർശനമായി തടയണം. മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് പുറമെ നമ്മുടെ വനങ്ങളിലും കുററിക്കാടുകളിലും കാണുന്ന വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വിവിധ ഇനം പക്ഷികളെയും സംരക്ഷിക്കാനും നമുക്ക് കഴിയണം.

> "എല്ലാ കടകളിലും മെല്ലാ വിളക്കുമണയുവാൻ
> കാത്തു കൊണ്ടേതെങ്കിലും കടത്തിണ്ണയിൽ
> തൻതൊലി മാത്രം പുതച്ചൊന്നുറങ്ങവാൻ
> ദുഃസ്വപ്നമെങ്കിലും കണ്ടൊന്നുഞെട്ടുവാൻ
> ഞെട്ടിയുണരുമ്പോഴേക്കും പുതിയൊരു
> വെട്ടം വിടരുമെന്നാശിച്ചുനിൽപുഞാൻ."

## വ്യവസായം:

കാഷിക മേഖലയെ അടിസ്ഥാനമാക്കി ഉപജീവനം നടത്തുന്ന ഭൂരിപക്ഷം ജനങ്ങൾ താമസിക്കുന്ന നമ്മുടെ പഞ്ചായത്തിന് വ്യവസായ പട്ടികയിൽ വലിയ സ്ഥാനമില്ല. പശ്ചാത്തല സൗകര്യങ്ങൾ—ഇലക്ട്രിസിററി—റോഡ് ഗതാഗത സൗകര്യങ്ങൾ എന്നിവയുടെ അപര്യാപ്തതയാണ് വ്യാവസായിക പിന്നോക്കാവസ്ഥയുടെ മുഖ്യ കാരണങ്ങളിലൊന്ന്. മൂലധനം മുടക്കാൻ ശേഷിയുമുള്ള സംരംഭകർ ഉണ്ടായില്ല എന്നതാണ് മറെറാന്ന്.

പരമ്പരാഗതമായിട്ടുള്ള കുല തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന നിരവധി കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. എണ്ണ ആട്ടൽ, ഇരുമ്പു പണി ആയുധ നിർമ്മാണം, സ്വർണ്ണപ്പണി, കുട്ടമടയൽ, പായ നെയ്ത്ത്, പനയോലകൊണ്ട് കുട നിർമ്മാണം തുടങ്ങിയവ അവയിൽ ചിലതാണ്. വ്യത്യസ്ഥമായ കാരണങ്ങളാൽ ഇവയിൽ മിക്കതും ഇന്ന് നാമാവശേഷമായി.

ഒരുപ്രത്യേക വിഭാഗത്തിന്റെ കുലത്തൊഴിലാണ് ചക്ക് കൊണ്ടുള്ള എണ്ണ ആട്ടൽ. കമ്പളപ്പള്ളി, കിണാവൂർ തുടങ്ങിയ പ്രദേശങ്ങളിൽഈ തൊഴിലിൽ വ്യാപൃതരായിട്ടുള്ള ചില കുടുംബങ്ങളുണ്ടായിരുന്നു. ചക്കുകളിൽ ആട്ടിയ ശുദ്ധമായ വെളിച്ചെണ്ണ മാത്രമാണ് അന്ന് ഭക്ഷ്യാവശ്യങ്ങൾക്ക് ഉപയോഗിച്ചിരുന്നത്. എണ്ണ മില്ലുകളുടെ ആരംഭത്തോടെ വെളിച്ചെണ്ണയുടെ ഉല്പാദനം വ്യാപകമായി. കഷകർ തങ്ങൾക്കാവശ്യമുള്ള വെളിച്ചെണ്ണ മില്ലുകളിൽനിന്നും നേരിട്ടുതന്നെ ഉണ്ടാക്കിയെടുത്തു. മററുള്ളവർ വീട്ടിനടുത്തുള്ള പലചരക്ക കടകളിൽ ലഭ്യമായ എണ്ണ വാങ്ങി ഉപയോഗിച്ചു തുടങ്ങി. ചക്കുകളിൽ എണ്ണയാട്ടുന്നത് ക്രമേണ കുറഞ്ഞ് കുറഞ്ഞ് ഇല്ലാതായി.

മറെറാരു കുലതൊഴിൽഇരുമ്പുകൊണ്ടുള്ള പണി ആയുധിർമ്മാണമാണ്. ചില കുടുംബത്തിൽപ്പെട്ടിട്ടുള്ള ആളുകളാണ് ഈ തൊഴിൽ ചെയ്യുകൊണ്ടിരുന്നത്. പണി ആയുധങ്ങളാണ് പ്രധാനപ്പെട്ട ഉല്പന്നം. കാഷിക രംഗത്ത് വന്നിട്ടുള്ള മാററം പണി ആയുധ നിർമ്മാണ ജോലികളുടെ സാദ്ധ്യത കുറച്ചു. നാമമാത്രമായി ലഭിച്ചുപോരുന്ന തൊഴിൽ ഉപജീവനത്തിന് പര്യാപ്തമാകാതെവന്നു. ചിലർ ഈ രംഗം വിട്ടുപോയെങ്കിലും വിരലിലെണ്ണാവുന്ന ആളുകൾ ഇപ്പോഴും ചെറിയ തോതിൽ പണിശാലകൾ നടത്തിപ്പോരുന്നുണ്ട്.

സ്വർണ്ണപണി കുലതൊഴിലായി ചെയ്തുപോന്നിരുന്ന ഒരു കുടുംബം ഈ പഞ്ചായത്തിലുണ്ടായിരുന്നു. ജീവിക്കാനാവശ്യമായ തൊഴിൽ ലഭിക്കാതെ വന്നപ്പോൾനീലേശ്വരംപഞ്ചായത്തിലേക്ക്താമസം മാററാൻ അവർ നിർബ്ബന്ധിക്കപ്പെട്ടു.

കുട്ടമടയൽ, പായനെയ്ത്ത്, പനയോലകൊണ്ട് ഓലക്കുട നിർമ്മാണം എന്നീ കൈത്തൊഴിലുകൾ ചെയ്തുപോന്നവരിൽ മിക്കതും ഇന്ന് കുററിയററു. അപൂർവ്വം ചിലർ കുട്ടമടയൽ കൈത്തൊഴിലായി ഇപ്പോഴും ചെയ്യുവരുന്നുണ്ട്. അസംസ്കൃത പദാർത്ഥമായ കാട്ടുവള്ളികൾ കാടില്ലാതായതിനാൽ കിട്ടാനില്ല എന്നതാണ് പ്രശ്നം.

പരമ്പരാഗത കുലത്തൊഴിലുകളിൽ ഏർപ്പെട്ടിരുന്ന ആളുകളുടെ വിവരം സംബന്ധിച്ച പട്ടിക—

പട്ടിക 1

| ക്രമ നമ്പർ | കുലത്തൊഴിലിന്റെ പേര് | തൊഴിലിൽ ഏർപ്പെട്ടിരുന്ന വരുടെഎണ്ണം | തൊഴിൽ ഇന്നും ചെയ്യുന്നവർ |
|---|---|---|---|
| 1 | എണ്ണ ആട്ടൽ | 16 | — |
| 2 | ഇരുമ്പ് പണി ആയുധ നിർമ്മാണം | 14 | 6 |
| 3 | സ്വർണ്ണപ്പണി | 2 | — |
| 4 | കുട്ടമടയൽ | 18 | 4 |
| 5 | പായനെയ്ത്ത് | 7 | — |
| 6 | ഓലക്കുട നിർമ്മാണം | 4 | — |
| | | 61 | 10 |

(അവലംബം ഗ്രാമസഭ ചർച്ച)

വൻകിട മേഖലയിലുള്ള ആധുനിക വ്യവസായങ്ങൾ ഒന്നും ഈപഞ്ചായത്തിലില്ല. ഉള്ളത്ചെറുകിട മേഖലയിൽ ചില മരമില്ലുകൾ, കരിങ്കൽക്രഷറുകൾ അരി—എണ്ണ—ധാന്യ മില്ലുകൾ, ഇഷ്ടിക നിർമ്മാണ യൂനിററുകൾ എന്നിവയാണ്. ദിനേശ് ബീഡി കമ്പനിയുടെ രണ്ടു ബ്രാഞ്ചുകളും സ്വകാര്യ ബീഡി ഉല്പാദന മേഖലകളും മററു ചില കുടിൽ വ്യവസായ സംരംഭങ്ങളും ഏതാനും ചില കൈത്തൊഴിലുകളും

എല്ലാം ചേർന്നാൽ ഈ പഞ്ചായത്തിന്റെ വ്യവസായ ചിത്രമായി.

ദിനേശ് ബീഡി കമ്പനിയുടെ ഒരു ബ്രാഞ്ച് 1979 ഡിസമ്പർ 22ന് ചായ്യോത്ത് ആരംഭിക്കുന്നതോടെയാണ് വ്യവസായ ഭൂപടത്തിൽ ഈ പഞ്ചായത്ത് സ്ഥാനം പിടിക്കുന്നത്. കൊല്ലംപാറയിൽ ഒരു ബ്രാഞ്ചുകൂടി പിന്നീട് ആരംഭിച്ചു. ചായ്യോത്ത് ബ്രാഞ്ചിൽ 111 തൊഴിലാളികളും കൊല്ലംപാറ ബ്രാഞ്ചിൽ 113 തൊഴിലാളികളുമാണുള്ളത്. ഏറിയപങ്കും വനിതകൾ ജോലി ചെയ്യുന്ന ഒരു മേഖലയാണിത്. ആകെയുള്ള 224 തൊഴിലാളികളിൽ 194 പേർ സ്ത്രീകളാണ്. ഇത് മൊത്തം തൊഴിലാളികളുടെ 93% വരും. 30 പുരുഷ തൊഴിലാളികളുമുണ്ട്.

തൊഴിലാളികൾസംഘടിതരും അവകാശബോധമുള്ളവരുമാണ്. സംഘടിത പ്രസ്ഥാനങ്ങളുടെ ശ്രമഫലമായി താരതമ്യേന മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥകൾ നേടിയെടുക്കാൻ തൊഴിലാളികൾക്ക് സാധിച്ചു. ഞായറാഴ്ച വേതനം, വാർഷിക ബോണസ്സ്, പൊതു അവധി തുടങ്ങി നിരവധി ആനുകൂല്യങ്ങൾ തൊഴിലാളികൾ നേടിയിട്ടുണ്ട്. 1000 ബീഡിക്ക് 50 രൂപ 10 പൈസ നിരക്കിൽ 200 രൂപ മുതൽ 250 രൂപ വരെയുള്ള വരുമാനം ആഴ്ചയിൽ ഓരോ തൊഴിലാളിക്കും ലഭിക്കുന്നു.

രണ്ടു് ദിനേശ് ബീഡി കമ്പനികളും ഇന്ന് പ്രവർത്തിക്കുന്നത് വാടകകെട്ടിടത്തിലാണ്. സ്വന്തമായി കെട്ടിടമുണ്ടാക്കിയാൽ വാടക ഇനത്തിൽ വലിയ ഒരു സംഖ്യ ലാഭിക്കാൻ കഴിയും.

ദീർഘദൂരം ബസ്‌യാത്ര ചെയ്താണ്മിക്ക തൊഴിലാളികളും തൊഴിൽകേന്ദ്രത്തിൽ എത്തുന്നത്. രാവിലെയും വൈകുന്നേരവും തിരക്കുള്ള ബസ്സുകളിൽ തൂങ്ങിപ്പിടിച്ചുള്ള യാത്ര പ്രത്യേകിച്ച് സ്ത്രീകൾക്ക് വളരെയേറെ ക്ലേശകരമാണ്. മതിയായ യാത്രാസൗകര്യം ഏർപ്പെടുത്തണമെന്നുള്ള ആവശ്യം തൊഴിലാളികൾ ഉയർത്തിത്തുടങ്ങിയിട്ട് നാളുകളേറെയായി.

ദിനേശ് ബീഡി കമ്പനിയുടെ നിലവിലുള്ള ബ്രാഞ്ചുകൾക്ക് പുറമെ പഞ്ചായത്തിന്റെ മററു ഭാഗങ്ങളിൽ കൂടി ബ്രാഞ്ചുകൾ ആരംഭിക്കണമെന്നുള്ള ആവശ്യം പരിഗണിക്കപ്പെടേണ്ടതാണ്. യാത്രാക്ലേശം പരിഹരിക്കാൻ അത് സഹായകരമാകും.

ദിനേശ് ബീഡി വ്യവസായ സഹകരണ സംഘം നഷ്ടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നതായി റിപ്പോർട്ടുകളുണ്ട്. പുതിയ ബ്രാഞ്ചുകൾ തുടങ്ങാനുള്ള ഒരു അവസ്ഥയിലല്ല ആ സ്ഥാപനം എന്നുകൂടി ഇവിടെ പറഞ്ഞുവെക്കട്ടെ. ബീഡി മേഖലയിൽ നിന്നും മററു മേഖലകളിലേക്ക് തൊഴിലാളികളെ പറിച്ചുനടുന്നതിനുള്ള ശ്രമവും നടന്നുവരുന്നുണ്ട്.

ദിനേശ് ബീഡി തൊഴിലാളികളുടെ പട്ടിക—

പട്ടിക 2

| ക്രമ നമ്പർ | ബ്രാഞ്ച് സ്ഥിതി ചെയ്യുന്ന സ്ഥലം | ആരംഭിച്ച തീയ്യതി | തൊഴിലാളികൾ പു | സ്ത്രീ | ആകെ | പ്രതിവാര ശരാശരി ഉല്പാദനം | ആഴ്ചയിൽ ശരാശരി കൂലി |
|---|---|---|---|---|---|---|---|
| 1 | ചായ്യോത്ത് | 22-12-1979 | 21 | 90 | 111 | 445000 | 200 - 250 |
| 2 | കൊല്ലമ്പാറ | 4-12-1985 | 9 | 104 | 113 | 450000 | 200 - 250 |

(അവലംബം ദ്വിതീയ വിവര ശേഖരണം)

മരമില്ലുകളാണ് പഞ്ചായത്തിലെ മററു പ്രധാന വ്യവസായ സ്ഥാപനങ്ങളിലൊന്ന് മൂന്ന് അറക്കമില്ലുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ആകെ 19 തൊഴിലാളികൾ സ്ഥിരമായും 6 തൊഴിലാളികൾ താല്ക്കാലിക അടിസ്ഥാനത്തിലും മൂന്നു മര മില്ലുകളിലുമായി തൊഴിലെടുക്കുന്നു. 60രൂപ മുതൽ 100രൂപ വരെയാണ് ശരാശരി കൂലിനിരക്ക്.

വീട് നിർമ്മാണത്തിനുള്ള സാമഗ്രികൾ അറുത്തുകൊടുക്കലാണ്പ്രധാനമായും ഈ മില്ലുകളിൽനിന്നും ചെയ്യുന്നത്. ഫർണ്ണിച്ചർ തുടങ്ങിയ മററു ആവശ്യങ്ങൾക്കും തടി അറുത്തുകൊടുക്കുന്നുണ്ട്.

പവർകട്ട്, വോൾട്ടേജ് കമ്മി തുടങ്ങിയ വൈദ്യുതി പ്രശ്നങ്ങൾ വ്യവസായത്തിന്റെ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നു. അതുകൊണ്ട് പ്രവർത്തനശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. മരങ്ങളുടെ ലഭ്യത കുറഞ്ഞു വരുന്നു. മരങ്ങളുടെ ഉപയോഗം വീട് നിർമ്മാണത്തിൽ പരമാവധി കുറച്ചുകൊണ്ടുവരുന്ന സ്ഥിതിയുണ്ട്. ഇതെല്ലാം ഈ വ്യവസായത്തിന്റെ ഭാവിയിൽ കരിനിഴൽ വീഴ്ത്തുന്നു.

മരമില്ലുകളുടെ വിവരം

പട്ടിക 3

| ക്രമ നമ്പർ | പ്രവർത്തിക്കുന്ന സ്ഥലം | തൊഴിലാളികളുടെ എണ്ണം | കൂലി നിരക്ക് |
|---|---|---|---|
| 1 | കിണാവൂർ റോഡ് | 14 | 60 – 100 |
| 2 | ചോയ്യംകോട് | 6 | 60 – 100 |
| 3 | ചായ്യോത്ത് | 5 | 60 – 100 |

(അവലംബം ദ്വിതീയ വിവര ശേഖരണം)

പഞ്ചായത്തിൽ രണ്ടു കരിങ്കൽ ക്രഷറുകളുണ്ട്. ഒന്ന് ചോയ്യംകോട് മറ്റൊന്ന് കോളംകുളത്ത്. രണ്ടു ക്രഷറുകളിലായി 25സ്ത്രീ തൊഴിലാളികളും 12പുരുഷ തൊഴിലാളികളും ജോലി ചെയ്യുന്നു.

ചോയ്യംകോട്ടുള്ള ക്രഷറിന് വൈദ്യുതി കണക്ഷനുണ്ട്. കുറഞ്ഞ വോൾട്ടേജ്, പവർകട്ട്എന്നിവ കാരണം പൂർണ്ണമായി പ്രവർത്തനശേഷി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. കോളംകുളം ക്രഷർ ജനറേറ്റർ ഉപയോഗിച്ചാണ്പ്രവർത്തിച്ചു വരുന്നത്. അതു കാരണം ഉല്പാദന ചെലവ് കൂടുന്നു.

40 രൂപ മുതൽ 67 രൂപവരെയാണ് തൊഴിലാളികളുടെ കൂലിനിരക്ക്. ലാഭകരമായി നടന്നുവരുന്ന വ്യവസായ സ്ഥാപനങ്ങളാണിത്. അസംസ്കൃത പദാർത്ഥം – കരിങ്കല്ല് – ഈ പഞ്ചായത്തിൽ നിന്നും സുലഭമായി കിട്ടുന്നുണ്ട്.

ക്രഷറുകളിൽനിന്നും ഉയർന്നു പൊങ്ങുന്ന പൊടി സമീപ പ്രദേശങ്ങളിൽ പരിസ്ഥിതി പ്രശ്നമുണ്ടാക്കുന്നതായി ഗ്രാമസഭാ ചർച്ചകളിൽ അഭിപ്രായങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ആവശ്യാനുസരണം വെള്ളം നനക്കാനുള്ള സംവിധാനമുണ്ടാക്കിയും പരിസര പ്രദേശങ്ങളിൽ സാധ്യതക്കനുസരിച്ച് മരം വെച്ചുപിടിപ്പിച്ചും ഈ പ്രശ്നത്തിന് പരിഹാരം തേടുന്നില്ലെങ്കിൽ ഭാവിയിൽ ഈ വ്യവസായത്തിന്റെ നിലനില്പിന്ന്തന്നെ അത് ഭീഷണിയായിത്തീരും.

ക്രഷറുകളുടെ വിവരം

പട്ടിക 4

| ക്രമ നമ്പർ | സ്ഥലം | തൊഴിലാളികൾ പു | തൊഴിലാളികൾ സ്ത്രീ | കൂലിനിരക്ക് പു | കൂലിനിരക്ക് സ്ത്രീ |
|---|---|---|---|---|---|
| 1 | ചോയ്യംകോട് | 4 | 18 | 60 | 40 |
| 2 | കോളംകുളം | 8 | 7 | 60–67 | 40–47 |

(അവലംബം ദ്വിതീയ വിവര ശേഖരണം)

കരിങ്കല്ല്അസംസ്കൃത പദാർത്ഥമായുള്ള മറ്റൊരു വ്യവസായ മേഖലയാണ് കരിങ്കൽ ക്വാറികൾ. പഞ്ചായത്തിൽ 12 ക്വാറികളുള്ളതായിട്ടാണ്കണക്ക്. പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലാണ്ക്വാറികൾ ഉള്ളത്.

ക്രഷറുകളുടെ ആരംഭത്തോടെ ക്വാറി തൊഴിലാളികളുടെ തൊഴിൽ അവസരങ്ങൾക്ക്ഉലച്ചിൽ തട്ടി. ക്വാറികളിൽവെച്ച്മുമ്പ് ചെയ്തിരുന്ന ചെറിയ ജില്ലികൾഉണ്ടാക്കുന്ന ജോലി ക്രഷറുകളിൽവെച്ചായപ്പോൾ തൊഴിലാളികൾക്ക് തൊഴിലവസരം കുറഞ്ഞു. വലിയ പാറക്കഷണങ്ങളുടെ ആവശ്യത്തിലുണ്ടായ വർദ്ധനവ് ഒന്നുകൊണ്ടു മാത്രം തല്ക്കാലം പിടിച്ചു നില്ക്കാൻ കഴിയുന്നു എന്നേ ഉള്ളൂ. ഭാവിയിൽ ഈ രംഗത്ത്പ്രശ്നങ്ങൾ ഉയർന്നുവരാൻ അത് ഇടവരുത്തും.

പുരുഷന്മാരായിട്ടുള്ള 83തൊഴിലാളികളും സ്ത്രീകളായിട്ടുള്ള 121 തൊഴിലാളികളുമടക്കം ആകെ 204 പേർ ക്വാറികളിൽ ജോലി ചെയ്തുവരുന്നു. പുരുഷന്മാർക്ക് 100 രൂപ മുതൽ 130 രൂപവരെയും സ്ത്രീകൾക്ക് 40 രൂപ മുതൽ 60 രൂപവരെയും കൂലി ലഭിച്ചുവരുന്നു.

പതുക്കെയാണെങ്കിലും ഈ മേഖലയിലേക്ക് യന്ത്രവല്ക്കരണം കടന്നു വരുന്നത് നിലവിലുള്ള തൊഴിലാളികളുടെ തൊഴിൽ ലഭ്യത അപകടത്തിലാകാതിരിക്കാൻ ശ്രദ്ധിക്കണം.

പഞ്ചായത്തിലെ ചില സ്ഥലങ്ങളിൽ ചെങ്കൽ മേഖലയിൽ കല്ല്‌വെട്ട്‌വ്യവസായം നിലവിലുണ്ട്. പൂർണ്ണമായും കൈത്തൊഴിലായി ചെയ്തുവന്നിരുന്ന ഈ തൊഴിൽ മേഖലയിലേക്ക് യന്ത്രങ്ങളുടെ കടന്നുവരവോടെ കുറേ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. അദ്ധ്വാനത്തിന്റെ കാഠിന്യം മൂലം കല്ല് വെട്ട് രംഗത്തുനിന്നും പിന്മാറിയിട്ടുള്ളവരും ഉണ്ട്.

ഈ മേഖലയിൽ 67 തൊഴിലാളികൾ ഇപ്പോഴും തൊഴിൽ ചെയ്തുവരുന്നു. ഇതിൽ 36 പുരുഷന്മാരും 31 സ്ത്രീകളുമാണുള്ളത്. നിരവധി പേർക്ക്തൊഴിൽ ലഭിക്കാനുള്ള അവസരം ഈ മേഖലയിലുണ്ട്. വെട്ടുകല്ലിന്റെ ആവശ്യം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കൈത്തൊഴിലായി കല്ലുവെട്ടുന്ന തൊഴിലാളികൾക്ക് ആവശ്യത്തിനനുസരിച്ച് ഉല്പാദനം നടത്താൻ കഴിയുന്നില്ല.

അനുകൂലമായ ഈ സാഹചര്യത്തിലാണ് യന്ത്രങ്ങൾ കടന്നുവരുന്നത്. യന്ത്രംകൊണ്ട് വെട്ടിയെടുക്കുന്ന കല്ലുകളുടെ വലുപ്പക്കൂടുതൽ ആവശ്യക്കാരെ യന്ത്രക്കല്ലുകൾ വാങ്ങാൻ പ്രേരിപ്പിച്ചു. ഈ മേഖലയിൽ വമ്പിച്ച സാദ്ധ്യതകളാണ് തുറന്നുകിട്ടുന്നത്. തൊഴിൽ അവസരങ്ങളിൽ കുറവു വന്നിട്ടുള്ള തൊഴിലാളികൾക്ക് ഈ സാഹചര്യം ഉപയോഗപ്പെടുത്താൻ കഴിയും.

ചെങ്കൽ തൊഴിലാളികളുടെ ഒരു വ്യവസായ സഹകരണ സംഘത്തിന്‌രൂപം നൽകുകയും, സംഘത്തിന്റെ ഉടമസ്ഥതയിൽ യന്ത്രവൽക്കരണം നടപ്പിലാക്കി വെട്ടുകല്ല് ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യാം.

വർദ്ധിച്ചു വരുന്ന ആവശ്യകത നിറവേററാൻ കഴിയുന്നതോടൊപ്പം കൂടുതൽ ആളുകൾക്ക് തൊഴിൽ അവസരം ലഭ്യമാവുകയും ചെയ്യും.

ബോക്സൈററ് നിക്ഷേപത്തിന്റെ പേരിൽ ചെങ്കൽ വെട്ടിയെടുക്കുന്നത് സ്റ്റേ ചെയ്തുകൊണ്ടുള്ള ചില പ്രശ്നങ്ങളുള്ളതായി ഗ്രാമസഭാ ചർച്ചകളിൽ ഉയർന്നുവന്നിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിയേണ്ടതുണ്ട്.

സ്വകാര്യ ബീഡി വ്യവസായം ഈ പഞ്ചായത്തിലെ നിരവധി പ്രദേശങ്ങളിൽ കുടിൽ വ്യവസായമായി നിലവിലുണ്ട്. കേന്ദ്രീകരിച്ച സ്വഭാവമില്ലാത്ത ഈ രംഗത്ത് ജോലി ചെയ്യുന്നത് മഹാഭൂരിപക്ഷവും സ്ത്രീ തൊഴിലാളികളാണെന്ന് പറയാം. ബീഡിയില, പുകയില എന്നിവ വിതരണം ചെയ്യുന്ന 20 മേസ്ത്രിമാർ പുരുഷന്മാരാണ്.

695 സ്ത്രീ തൊഴിലാളികളും 20 പുരുഷ തൊഴിലാളികളും അടക്കം ആകെ 715 പേർ ഈ രംഗത്ത് ജോലി ചെയ്യുന്നു. ആകെ തൊഴിൽ ചെയ്യുന്നവരുടെ 97% സ്ത്രീകളാണ്. അസംഘടിതരും ഏറെ ചൂഷണത്തിന് വിധേയരുമാണിവർ. സേവന വേതന വ്യവസ്ഥകൾക്ക് യാതൊരു മാനദണ്ഡവുമില്ല. 1000 ബീഡി തെറുത്തുകൊടുത്താൽ 34 രൂപ 13 പ നിരക്കിൽ കൂലി കിട്ടുന്നു എന്നല്ലാതെ മററു പറയത്തക്ക യാതൊരു ആനുകൂല്യവുമില്ല. തൊഴിൽ സുരക്ഷിതത്വം പോലുമില്ല.

വനിതകളുടെ മേഖലയിൽ നിലനില്ക്കുന്ന തൊഴിലില്ലായ്മ; കുറഞ്ഞ കൂലിക്ക് ബീഡി തെറുക്കാൻ അവരെ നിർബ്ബന്ധിതരാക്കുന്നു. ഉള്ള തൊഴിൽ പോലും നഷ്ടപ്പെട്ടെങ്കിലോ എന്ന് ഭയന്ന് കൂലി കൂടുതലിനായി സംഘടിച്ച് കൂട്ടായി വിലപേശാൻ ഇവർ മുന്നോട്ടു വരുന്നില്ല. ഈ ദൗർബ്ബല്യം തൊഴിൽ ഉടമകൾ പരമാവധി ചൂഷണം ചെയ്യുന്നു.

സ്വകാര്യ ബീഡി തൊഴിലാളികളെ
സംബന്ധിച്ചുള്ള വിവരം

പട്ടിക 5

| ക്രമ നമ്പർ | ബീഡി ഇല വിതരണ കേന്ദ്രം | തൊഴിലാളികളുടെ എണ്ണം സ്ത്രീ | പു |
|---|---|---|---|
| 1 | ചായ്യോം | 121 | 2 |
| 2 | നരിമാളം | 40 | 1 |
| 3 | കൊല്ലംപാറ | 40 | 1 |
| 4 | വാളൂർ | 35 | 1 |
| 5 | കരിന്തളം | 42 | 3 |
| 6 | ചേനററ | 80 | 5 |
| 7 | കാലിച്ചാമരം | 139 | 1 |
| 8 | കാട്ടിപ്പൊയിൽ | 58 | 1 |
| 9 | കോളംകുളം | 95 | 2 |
| 10 | പരപ്പ | 12 | 2 |
| 11 | നെല്ലിയടുക്കം | 33 | 1 |
| 12 | കുവ്വാററി | | |
| | ആകെ | 695 | 20 |

(അവലംബം ഗ്രാമസഭാ ചർച്ച–
പ്രാഥമിക വിവര ശേഖരണം)

# വനിതാ വ്യവസായയൂണിററ്

DWCRAയുടെ ഒരു സിമൻറ് ഇഷ്ടിക നിർമ്മാണ യൂണിററ് സഹകരണ മേഖലയിൽ പെരിയങ്ങാനത്ത് പ്രവർത്തിച്ചുവരുന്നു. ചാരിററബിൾ സൊസൈററീസ് ആക്ട് പ്രകാരം റജിസ്റ്റർ ചെയ്തിട്ടുള്ള ഒരു സഹകരണ സംഘമാണ് ഇതിൻെറ പ്രവർത്തനം നടത്തുന്നത്. ആകെ 11 വനിതകൾ ഇതിൽ അംഗങ്ങളായുണ്ട്. പ്രതിദിനം 150 സിമൻറ് ഇഷ്ടിക–യാണ് ഇപ്പോൾ നിർമ്മിച്ചുവരുന്നത്. നിലവിലുള്ള ഒരു മിഷ്യൻ ഉപയോഗിച്ച് മുഴുവൻ പേക്കും മാസത്തിൽ എല്ലാ ദിവസവും തൊഴിൽ ചെയ്യാൻ കഴിയുന്നില്ല. മാസത്തിൽ 15 ദിവസം മാത്രമാണ് ഇപ്പോൾ തൊഴിൽ ലഭിക്കുന്നത്. ശരാശരി 45 ദിവസം വരെ പ്രതിദിനം കൂലി ലഭിച്ചു വരുന്നു.

ഒരു മിഷ്യൻ കൂടി ലഭ്യമായാൽ മുഴുവൻ പേക്കും മാസംമുഴുവൻ തൊഴിൽ ലഭിക്കുകയും ഉല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്യും.

ചായ്യോത്ത് പ്രവർത്തിക്കുന്ന ചോക്ക്ലേററ് ഉല്പാദന യൂണിററിൽ 4 വനിതകൾ ജോലി ചെയ്യുന്നു. ഗുണനിലവാരമുള്ള ഉല്പന്നങ്ങൾ ഈ വ്യവസായ യൂണിററിൽനിന്ന് ഉണ്ടാകുന്നു. ഉല്പാദന ചെലവ് കൂടിയതാകയാൽ ഉല്പന്നങ്ങളുടെ വിലയിലും അത് പ്രതിഫലിക്കുന്നു. മററു കേന്ദ്രങ്ങളിൽനിന്നും ഗുണമേന്മയില്ലാത്തതാണെങ്കിലും വിലകുറഞ്ഞു കിട്ടുന്ന സാധനങ്ങൾ ആളുകൾവാങ്ങുന്നു. അതിനാൽ ഉല്പന്നം വിററഴിക്കാൻ പ്രയാസം നേരിടുന്നു. അതുകൊണ്ടു തന്നെ ഈ വ്യവസായ യൂണിററുകൾ പ്രതിസന്ധിയിലാണ്.

മേക്കാറളം കേന്ദ്രമായി ഒരു ചന്ദനത്തിരി നിർമ്മാണ യൂണിററ് പ്രവർത്തിക്കുന്നു. ഒരു കുടുംബത്തിലെ 5 പേർ ഈ മേഖലയിൽ തൊഴിലെടുക്കുന്നു. നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ മധുര, ബാംഗ്ളൂർ എന്നിവിടങ്ങളിൽനിന്നാണ് കൊണ്ടുവരുന്നത്.

വനിതാ വ്യവസായ യൂണിററുകൾ

പട്ടിക 6

| ക്രമ നമ്പർ | യൂണിററിൻെറ പേര് | തൊഴിലെടുക്കുന്നവർ |
|---|---|---|
| 1 | സിമൻറ് ഇഷ്ടിക നിർമ്മാണം DWCRA പെരിയങ്ങാനം | 11 |
| 2 | ചോക്ക്ലേററ് നിർമ്മാണം | 4 |
| 3 | ചന്ദനത്തിരി നിർമ്മാണം | 5 |

ഉല്പന്നങ്ങൾ പഞ്ചായത്തിനകത്തും പുറത്തുമായി വിററഴിക്കുന്നു. അസംസ്കൃത വസ്തുക്കൾ ലഭ്യമാകുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഉല്പന്നങ്ങൾ വിററഴിക്കാൻ ഇപ്പോൾ പ്രയാസം നേരിടുന്നില്ല. പരിമിത ഉല്പാദനം മാത്രമേ ഇപ്പോൾ നടക്കുന്നുള്ളൂ. ആവശ്യമായ അസംസ്കൃത വസ്തുക്കൾ, മൂലധനം, വിദ്യുച്ഛക്തി എന്നിവ പരിഹരിച്ചാൽ കുറേക്കൂടി വിപുലീകരിക്കാൻ കഴിയുന്ന ഒരു വ്യവസായ യൂണിററായി ഇതിനെ മാററാൻ കഴിയും.

ഫർണ്ണിച്ചർ നിർമ്മാണ വ്യവസായ മേഖലയിൽ 4 യൂണിററുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആകെ 14 തൊഴിലാളികൾ ഈ വ്യവസായ മേഖലയിൽ തൊഴിലെടുക്കുന്നു. ശരാശരി 125 രൂപ കൂലി നിരക്ക് നിലവിലുണ്ട്. നിർമ്മിക്കപ്പെടുന്ന ഫർണ്ണിച്ചറുകൾ വിററഴിക്കാൻ പ്രയാസം നേരിടുന്നുണ്ട്. ആവശ്യക്കാർ കടയിൽ വന്നുവാങ്ങുന്നു എന്നല്ലാതെ ശരിയായ മാർക്കററ് ഇല്ലാത്തതും, തടിയുടെ വില നാൾക്കുനാൾ വർദ്ധിക്കുന്നതും, ദൗർലഭ്യം നേരിടുന്നതും ഈ മേഖലയിലെ പ്രശ്നങ്ങളാണ്.

സെറികൾച്ചറൽ വ്യവസായ രംഗത്ത്പ്രവർത്തിക്കുന്ന 12 കർഷകർ നമ്മുടെ പഞ്ചായത്തിലുണ്ട്. 11 ഏക്കർ സ്ഥലത്ത് പട്ടുനൂൽ പുഴ വളർത്തൽ വ്യവസായികടിസ്ഥാനത്തിൽ നടത്തുന്ന കർഷകരടക്കം ആകെ 13 പേർ ഈ തൊഴിലിൽ വ്യാപൃതരായിട്ടുണ്ട്.

ഖാദി ഗ്രാമ വ്യവസായ മേഖലയിൽ 4 യൂണിററുകൾ പ്രവർത്തിക്കുന്നു. നൂൽ നൂല്പ്, നെയ്ത്ത് തുടങ്ങിയ തൊഴിലിൽ ആകെ 70 തൊഴിലാളികൾ ജോലി ചെയ്യുന്നു. മുഴുവൻ സ്ത്രീ തൊഴിലാളികളാണ്. ശരാശരി കൂലിനിരക്ക് 15 രൂപയാണ്. കുറഞ്ഞ

കൂലി നിരക്ക് കാരണം ഈ രംഗത്തുനിന്നും തൊഴിലാളികൾ കൊഴിഞ്ഞുപോകുന്നു. ആരംഭകാലത്ത് 30 തൊഴിലാളികളുമായി തുടങ്ങിയ കോളംകുളം ഖാദി സെൻററിൽ ഇന്ന് 3 തൊഴിലാളികൾ മാത്രമേയുള്ളു. ചക്ക് പഴയതായതു കാരണം കൂടുതൽ അദ്ധ്വാനം വേണ്ടിവരുന്നു. കൂലിയാകട്ടെ കുറഞ്ഞ നിരക്കിലുമാണ്. തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കിന് പ്രധാന കാരണങ്ങൾ ഇതെല്ലാമാണ്.

പെരിയങ്ങാനം ഖാദി സെൻറർ മെച്ചപ്പെട്ട നിലയിൽ പ്രവത്തിച്ചു വരുന്നു. 41 വനിതകൾ ജോലി ചെയ്യുന്നുണ്ട്. 36 തൊഴിലാളികൾ നെയ്ത്ത് നടത്തുന്നവരാണ്. ശരാശരി 25 രൂപ – 33 രൂപ ഇതിൽ കൂലിയായി ലഭിക്കുന്നു. കൂടാതെ നൂല് ചുററൽ, പാവ് ചുററൽ എന്നിവയിൽ 5 തൊഴിലാളികളുണ്ട്. 20 രൂപ മുതൽ 30 രൂപ വരെയാണ് കൂലി നിരക്ക്.

ഖാദി സെൻററിന്ഏതാനും മീററുകൾ അടുത്തു വരെ വിദ്യുച്ഛക്തി എത്തിയിട്ടുണ്ട്. എന്നാൽ ഖാദി സെൻററിൽ വൈദ്യുതി കണക്ഷനില്ല. വെള്ളം ലഭ്യമല്ലാത്തതിനാൽ ഈ ഖാദി സെൻറർ വലിയ പ്രയാസത്തിലാണ്. വേനൽക്കാലത്താണ് മഴക്കാലത്തേക്കുകൂടി ആവശ്യമായത്രയും നൂൽ പുഴുങ്ങി ഉണക്കി സൂക്ഷിക്കുന്നത്. നൂൽ പുഴുങ്ങാൻ ധാരാളം വെള്ളം ആവശ്യമാണ്. വളരെ അകലെനിന്നാണ് വെള്ളം കൊണ്ടുവരുന്നത്. വേനൽക്കാലത്ത് വെള്ളത്തിൻെറ ലഭ്യത കുറവാണ്. വരൾച്ച അനുഭവപ്പെടുന്നു. വെള്ളം അടിയന്തിരമായി ലഭ്യമാക്കിയില്ലെങ്കിൽ ഖാദി സെൻററിൻെറ പ്രവർത്തനം താറുമാറാകും.

പരപ്പ ഖാദി സെൻററിൽ ആവശ്യമായത്ര തൊഴിലാളികൾ ഇല്ലാത്ത വിഷമം നേരിടുന്നു. വിദ്യുച്ഛക്തിയില്ല. തൊട്ടടുത്ത്വരെ വൈദ്യുതി ലഭിച്ചിട്ടുണ്ട്. കുറഞ്ഞ കൂലി നിരക്ക് കാരണം തൊഴിലാളികൾ കൊഴിഞ്ഞു പോകുന്നു. മൊത്തം 26 പേർ തൊഴിൽ ചെയ്യുന്നു. നെയ്ത്ത് രംഗത്ത് 12പേരും നൂൽ നൂല്പ് രംഗത്ത് 14 പേരുമാണ് തൊഴിലെടുക്കുന്നത്. ശരാശരി 15 രൂപമുതൽ 20 രൂപവരെയാണ് കൂലി നിരക്ക്. ഇവിടെ ഉൽപാദിപ്പിക്കുന്ന തുണിക്ക് 1 മീററിന് നെയ്ത്ത് കൂലി ഇനത്തിൽ 12 രൂപ 36 പൈസ കൂലി കൊടുക്കുന്നുണ്ട്. പഴഞ്ചൻ രീതിയിലുള്ള യന്ത്രങ്ങൾക്ക് പകരം പുതിയവ ലഭ്യമാക്കിയാൽ ഈ മേഖലയെ കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും.

ഖാദി വ്യവസായം

പട്ടിക 7

| ക്രമ നമ്പർ | വ്യവസായ കേന്ദ്രത്തിൻെറ പേര് | തൊഴിലാളികളുടെ എണ്ണം | | ഉൽപ്പന്നങ്ങൾ നൂൽ | തുണികൾ | കൂലി നിരക്ക് |
|---|---|---|---|---|---|---|
| 1 | പെരിയങ്ങാനം<br>(10–2–1991) | 41 | 36 നെയ്ത്ത്<br>4 നൂൽ ചുററൽ<br>1 പാവ് | നൂൽ | തുണികൾ | രൂ 25 – 35<br>20<br>30 |
| 2 | കോളംകുളം | 3 | 3 നെയ്ത്ത് | | തുണികൾ | 15 |
| 3 | പരപ്പ | 24 | 12 നെയ്ത്ത്<br>14 നൂൽനൂൽപ് | നൂൽ | തുണികൾ | 15 – 20<br>10 – 20 |

സിമൻറ് ഇഷ്ടിക നിർമ്മാണം വ്യാവസായിക അടിസ്ഥാനത്തിൽ നടത്തുന്ന 2 യൂണിററുകൾ സ്വകാര്യ മേഖലയിൽ നമ്മുടെ പഞ്ചായത്തിൽ പ്രവത്തിക്കുന്നു. 12 പുരുഷ തൊഴിലാളികളും 5'സ്ത്രീ തൊഴിലാളികളും ഇതിൽ ജോലി ചെയ്യുന്നു. ശരാശരി 100 രൂപ പുരുഷന്മാർക്കും 40 രൂപ സ്ത്രീകൾക്കും കൂലി നിലവിലുണ്ട്.

മററു തൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ വിവരം—

പട്ടിക 8

| ക്രമ നമ്പർ | സ്ഥാപനം/തൊഴിൽ | തൊഴിലാളികളുടെ എണ്ണം പു | സ്ത്രീ | കൂലി നിരക്ക് |
|---|---|---|---|---|
| 1 | ടയർ കമ്പനി | 3 | | |
| 2 | വെൽഡിങ്ങ് | 6 | | |
| 3 | അരി/ധാന്യ/എണ്ണമില്ലുകൾ | 7 | | |
| 4 | മരപ്പണി | 300 | | 125 |
| 5 | കൊപ്ര സംസ്കരണം | 1 | | |
| 6 | ഫോട്ടോ ഫ്രെയിം | 4 | | |
| 7 | സ്റ്റുഡിയോ | 3 | | |
| 8 | പ്രിൻറിംഗ് പ്രസ്സ് | 7 | | |
| 9 | ഇരുമ്പു പണി | 6 | | |
| 10 | സ്വർണ്ണപ്പണി | 2 | | |
| 11 | തയ്യൽക്കാർ | 265 | | |
| 12 | എൻജിനിയറിങ്ങ്‌വർക്സ് | 12 | | |
| 13 | റേഡിയോ/വാച്ച് റിപ്പേർ | 5 | | |
| 14 | മരുന്ന് നിർമ്മാണം | 3 | | |
| 15 | കുമ്മായ വ്യവസായം | 4 | | |
| 16 | പലചരക്ക കട | 105 | | |
| 17 | സ്റ്റേഷനറി | 20 | | |
| 18 | മലഞ്ചരക്ക് വ്യാപാരം | 7 | | |
| 19 | ഹോട്ടൽ | 45 | | |
| 20 | ബാർബർ ഷോപ്പ് | 18 | | |
| 21 | ഓട്ട് പാത്ര നിർമ്മാണം | 2 | | |
| 22 | വയറിംഗ് & പ്ലംബിംഗ് | 27 | | |

പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ

പട്ടിക 9

| ക്രമ നമ്പർ | അസംസ്കൃത പദാർത്ഥം |
|---|---|
| 1 | കരിങ്കല്ല് |
| 2 | ചെങ്കല്ല് |
| 3 | കശുവണ്ടി_കശുമാങ്ങ |
| 4 | ചക്ക |
| 5 | തേങ്ങ—ചകിരി_ചിരട്ട |
| 6 | കപ്പ |
| 7 | മാങ്ങ |
| 8 | അടക്ക |

പ്രശ്നങ്ങൾ—

1 ആധുനിക വ്യവസായ രംഗത്ത് പിന്നോക്കാവസ്ഥയിലാണ്. പഞ്ചായത്തിൻെറ സാദ്ധ്യതകളെ കുറിച്ചും വിപണന മേഖലകളെ കുറിച്ചും പഠിച്ച് പുതിയ വ്യവസായം ആരംഭിക്കുന്നില്ല.

2 വനിതകൾക്ക് വ്യവസായ സംരംഭങ്ങളിൽ വേണ്ടത്ര പങ്കാളിത്തമില്ല.

3 പഞ്ചായത്തിൽ എല്ലാ ഭാഗത്തും വൈദ്യുതി ലഭ്യമല്ലാത്തതിനാൽപുതിയ വ്യവസായ യൂണിററുകൾ ആരംഭിക്കുവാൻ കഴിയുന്നില്ല.

4 ക്ഷീരോല്പന്നങ്ങൾ വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ല.

5 വ്യവസായികയൂണിററുകളായി രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ പ്രവർത്തനക്ഷമമല്ലാതാകുന്നതു കാരണം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നില്ല.

6 കാഷികോല്പന്നങ്ങൾ വ്യവസായിക രംഗത്ത് ഉപയോഗപ്പെടുത്തുന്നില്ല.

ഉദാഹരണം: കശുവണ്ടി, കശുമാങ്ങ, ചക്ക, കപ്പ മററു പഴവർഗ്ഗങ്ങൾ എന്നിവ.

7 ചെങ്കൽ വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്ന ജിയോളജി വകുപ്പിന്റെ സ്റ്റേ നീക്കം ചെയ്യണം. കല്ല് വെട്ട് നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് നിലനില്ക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കണം.

8 സ്റ്റോൺ ക്രഷറുകൾക്ക് അനുമതി നൽകുമ്പോൾ പരിസ്ഥിതിയിൽ നിലനില്ക്കുന്ന പ്രശ്നങ്ങൾ കണക്കിലെടുക്കുന്നില്ല.

9 ഖാദി ഗ്രാമവ്യവസായങ്ങൾക്ക് കൂടുതൽ യൂണിററുകൾ സ്ഥാപിക്കുന്നില്ല.

10 പഞ്ചായത്തിൽ സുലഭമായ റബ്ബർ വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.

11 സ്വകാര്യ ബീഡി വ്യവസായ രംഗത്ത് തൊഴിലെടുക്കുന്ന തൊഴിലാളികൾ ചൂഷണത്തിനിരയാകുന്നു.

12 കൊപ്ര സംഭരണം നടത്തി വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്തണം.

13 ഖാദി വ്യവസായത്തിന്റെ ഭാഗമായി കുട നിർമ്മാണം ആരംഭിക്കാനുള്ള സാദ്ധ്യത ഉപയോഗപ്പെടുത്തുന്നില്ല.

14 കുമ്മായ വ്യവസായം വേണ്ടത്ര ശ്രദ്ധിക്കപ്പെടുന്നില്ല. അതുണ്ടാക്കുന്ന പരിസര മലിനീകരണം പുക, പ്രശ്നങ്ങൾ നിലനില്ക്കുന്നു.

15 കശുവണ്ടി സംസ്കരണ ശാലയില്ലാത്തതിനാൽ ലഭ്യമായ കശുവണ്ടി അന്യ സ്ഥലങ്ങളിൽ കൊണ്ടുപോയി സംസ്കരിക്കപ്പെടുന്നു. ഇവിടെ ലഭിക്കുമായിരുന്ന തൊഴിൽ അവസരങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

16 പായ, കൊട്ട എന്നിവ മടയുന്ന തൊഴിലാളികൾക്ക് അവക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ— കാട്ടുവള്ളി, പായമുണ്ട എന്നിവ കിട്ടുന്നില്ല.

17 കൊപ്ര, ചകിരി എന്നിവ വ്യവസായ ആവശ്യത്തിനു് ഉപയോഗപ്പെടുത്തുന്നില്ല.

18 ഖാദി കേന്ദ്രങ്ങളിൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ മററ് സാദ്ധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. മെഴുകുതിരി, സോപ്പ്, ചന്ദനത്തിരി എന്നിവകളുടെ നിർമ്മാണം നടത്താൻ കഴിയുന്നില്ല. പെരിയങ്ങാനത്ത് ഖാദി സെൻററിൽ വെള്ളം ലഭ്യമല്ല.

19 തോളേനി ഓട്, ഇഷ്ടിക നിർമ്മാണ ഫാക്ടറി, കോയിത്തട്ടയിലെ അലുമിനിയം ഫാക്ടറി എന്നിവ പ്രവർത്തനം ആരംഭിക്കാൻ ശ്രമം നടത്തുന്നില്ല.

20 ബോക്സൈററ് നിക്ഷേപം ഉപയോഗപ്പെടുത്തി വൻകിട ഫാക്ടറികൾ തുടങ്ങാനും തൊഴിൽ രംഗത്ത് വമ്പിച്ച സാദ്ധ്യത ഉണ്ടാക്കാനും ശ്രമം നടക്കുന്നില്ല.

21 ചെറുകിട വ്യവസായങ്ങളിൽനിന്നു് ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് മാർക്കററ് ലഭ്യമല്ല.

22 വ്യവസായങ്ങൾ ആരംഭിക്കാനുള്ള സന്നദ്ധത ഉള്ളവർക്ക് മൂലധനം ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകുന്നില്ല.

23 വ്യവസായ യൂണിററുകൾ ആരംഭിക്കാൻ തയ്യാറുള്ള വയിതാ ഗ്രൂപ്പുകൾക്ക് അവസരം ലഭിക്കുന്നില്ല. (അച്ചാർ, ചിപ്സ്)

24 റെഡിമെയിഡ് വസ്ത്ര നിർമ്മാണം, കയർ വ്യവസായം, ഇറച്ചി കോഴി വിപണനം മുട്ട ശേഖരണകേന്ദ്രം എന്നിവ ആരംഭിക്കാൻ നടപടി എടുക്കുന്നില്ല.

25 സ്വകാര്യ ബീഡി വ്യവസായ തൊഴിലാളികളെ ചൂഷണത്തിൽനിന്നു് രക്ഷിക്കാൻ ഉതകുന്ന നടപടികൾ ഉണ്ടാകുന്നില്ല.

26 കാലിത്തീററ നിമ്മാണത്തിനുള്ള സാദ്ധ്യത ഉപയോഗപ്പെടുത്തുന്നില്ല.

27 രാസവളത്തിൻെറ ആവശ്യകത അനുസരിച്ച് പഞ്ചായത്തിൽതന്നെ രാസവള നിർമ്മാണം ആരംഭിക്കാൻ ശ്രമം നടക്കുന്നില്ല.

## നിർദ്ദേശങ്ങൾ:

1 പഞ്ചായത്തിൻെറ വ്യാവസായിക പിന്നോക്കാവസ്ഥ പരിഹരിക്കാൻ ബോക്സൈററ് ഖനനം കേന്ദ്ര–സംസ്ഥാന സക്കാർ തലത്തിലോ അതായത് പൊതുമേഖലയിലോ അല്ലെങ്കിൽ സ്വകാര്യമേഖലയിലോ ആരംഭിക്കുക.

2 പഞ്ചായത്തിൽ ഒരു കശുവണ്ടി സംസ്കരണ ഫാക്ടറി സഹകരണ മേഖലയിൽ സ്ഥാപിക്കുക.

3 കശുമാങ്ങ ഉപയോഗപ്പെടുത്തി ജാം നിർമ്മാണം ആരംഭിക്കുക. പഴം പച്ചക്കറി സംസ്കരണ ഫാക്ടറി ആരംഭിക്കുക.

4 ചക്ക, കപ്പ, നേന്ത്രക്കായ എന്നിവ കൊണ്ടുള്ള ചിപ്സ് നിർമ്മാണ ഫാക്ടറി ആരംഭിക്കൽ.

5 ഖാദി ഗ്രാമവ്യവസായ രംഗത്ത് പുതിയതൊഴിൽ സാദ്ധ്യതകണ്ടെത്തുന്ന ഉല്പാദന സംരംഭങ്ങൾ സോപ്പ്, ചന്ദനത്തിരി, മെഴുകുതിരി നിർമ്മാണം ആരംഭിക്കുക.

6 കൊപ്ര സംഭരണ കേന്ദ്രം ആരംഭിച്ച് അതുപയോഗപ്പെടുത്തി പുതിയ വ്യവസായ യൂനിററുകൾ തുടങ്ങുക.

7 ചകിരി, ചിരട്ട എന്നിവ ഉപയോഗപ്പെടുത്തി കരകൗശല ഉല്പന്നങ്ങളും മററും നിർമ്മിക്കുന്ന ഫാക്ടറി ആരംഭിക്കുക.

8 തോളേനി ഓട് ഇഷ്ടിക നിർമ്മാണ ഫാക്ടറി സാങ്കേതിക തടസ്സങ്ങൾ തീർത്ത് ഉല്പാദനം ആരംഭിക്കാൻ സജ്ജമാക്കുക.

9 റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, അച്ചാറ്, ചിപ്സ് എന്നിവയുടെ നിർമ്മാണത്തിന് വനിതാ വ്യവസായ യൂണിററുകൾ തുടങ്ങുക.

10 കാലിതീററ, കോഴിതീററ നിർമ്മാണ ഫാക്ടറി ആരംഭിക്കുക.

11 അടക്കഉപയോഗപ്പെടുത്തി പുതിയവ്യവസായം ആരംഭിക്കാനുള്ള സാദ്ധ്യത ആരായുക.

12 ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ– റേഡിയോ, കാൽക്കുലേററർ, വാച്ച് എന്നിവയുടെ നിർമ്മാണ ഫാക്ടറി ആരംഭിക്കുക.

13 കട നിർമ്മാണ ഫാക്ടറി ആരംഭിക്കുക.

14 ഇളനീർ ഉപയോഗപ്പെടുത്തി പുതിയ പാനീയ വ്യവസായം ആരംഭിക്കുക.

## വിദ്യാഭ്യാസം

നാടിൻെറ സാമൂഹ്യ സാംസ്കാരിക പുരോഗതിയുടെ അടിസ്ഥാന ഘടകം വിദ്യാഭ്യാസമാണ്. കേരളത്തിൻെറ സമസ്ത മേഖലകളിലുമുള്ള മുന്നേറ്റത്തിൻെറ നിദാനമായി വർത്തിക്കുന്നത് നാം ആർജ്ജിച്ച വിദ്യാഭ്യാസ വളർച്ചയാണ്.

സ്വാതന്ത്ര്യ ലബ്ദിക്ക് മുമ്പുമുതൽ തന്നെ നമ്മുടെ പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ വ്യത്യസ്തരീതിയിലുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ആദ്യകാലങ്ങളിൽ കർഷകത്തൊഴിലാളികൾ വാമൊഴിയായി കുട്ടികൾക്ക് വിദ്യാഭ്യാസം നൽകി. തുടർന്ന് എഴുത്തച്ഛന്മാരെ വരുത്തി പഠിപ്പിച്ചിരുന്നു. ദൂര സ്ഥലങ്ങളിൽ പോയി പഠിക്കാനുള്ള സൗകര്യം പാവപ്പെട്ട കുട്ടികൾക്ക് ലഭിച്ചിരുന്നില്ല. പഞ്ചായത്തിൽ ആവശ്യമായ വിദ്യാഭ്യാസ സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. തന്മൂലം വിദ്യാഭ്യാസം സാർവ്വത്രികമായി നേടുന്നതിന് കഴിയാതെ വന്നു. വിദ്യാഭ്യാസം അനാവശ്യമാണെന്ന ധാരണ കീഴ്ത്തട്ടുകാരുടെ മേൽ അടിച്ചേൽപിക്കുവാൻ മേലാള വർഗ്ഗം ചെറിയ ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. ജീവിതത്തിൻെറ അവശ്യഘടകമായി വിദ്യാഭ്യാസത്തെ കാണുവാൻ ഭൂരിപക്ഷം ജനങ്ങൾ തയ്യാറായില്ല. അതിനാൽ ഇവിടെ ഉയർന്നുവന്ന വിദ്യാഭ്യാസ ശ്രമങ്ങളും സ്ഥാപനങ്ങളും തകർന്നു പോകുകയാണുണ്ടായത്. കരിന്തളം, കമ്മാടം എന്നിവിടങ്ങളിൽ ഉണ്ടായിരുന്ന സ്കൂളുകൾ കുട്ടികളില്ലാതെ നിർത്തലാക്കി.

മലബാർ ഡിസ്ട്രിക്ട് ബോർഡിൻെറ കീഴിൽ 1907-ൽ കിനാനൂരിൽ ആരംഭിച്ച ഏകാധ്യാപക വിദ്യാലയമാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. ന്യൂനപക്ഷ വിഭാഗങ്ങൾ താരതമ്യേന കൂടുതൽ അധിവസിക്കുന്ന കമ്മാടത്ത് 1930 കളിൽ മൊയ്തീൻകുഞ്ഞി എന്നയാൾ വിദ്യാലയം ആരംഭിച്ചത് സവിശേഷതയായിക്കാണുന്നു. ഇതേ കാലയളവിൽ കരിന്തളത്തും വിദ്യാലയം പ്രവർത്തിച്ചിരുന്നു. ബിരിക്കുളത്തും പെരിയങ്ങാനത്തും കീഴ്മാലയിലും എളിയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.

പഞ്ചായത്തിലെ-

ആദ്യത്തെ അധ്യാപകൻ-കമ്മാരൻ മാസ്റ്റർ-കീഴ്മാല

" SSLC ജയിച്ച ആൾ-പി.കുഞ്ഞിക്കോരൻ നായർ-ബിരിക്കുളം

" ബിരുദധാരി-പി.കെ.നാരായണൻ നായർ-കിണാവൂർ

" ഡോക്ടർ-കെ.ഗംഗാധരൻ-കരിന്തളം

" വക്കീൽ-കെ.എ.നായർ- " "

(അവലംബം : കാരണവന്മാരുമായുള്ള മുഖാമുഖം)

പട്ടിക 1. പഞ്ചായത്തിൽ നിലവിലുള്ള വിദ്യാലയങ്ങൾ സ്ഥാപിച്ചത്

| ക്രമ നമ്പർ | വിദ്യാലയത്തിൻെറ പേര് | ആരംഭിച്ച വർഷം |
|---|---|---|
| 1 | GHS ചായ്യോത്ത് | |
| 2 | GLPS കിനാനൂർ | 1907 |
| 3 | GUPS ചാമക്കുഴി-കൂവാറ്റി | |
| 4 | ALPS കീഴ്മാല | |
| 5 | GLPS വടക്കേ പുലിയന്നൂർ | 1956 |
| 6 | KHS കുമ്പളപ്പള്ളി | 1964 |
| 7 | SKGMAUPS കുമ്പളപ്പള്ളി | 1962 |
| 8 | GLPS പെരിയങ്ങാനം | |
| 9 | AUPS ബിരിക്കുളം | 1952 |
| 10 | AUPS നെല്ലിയടുക്കം | |
| 11 | GHS പരപ്പ | |

അവലംബം : ദ്വിതീയ വിവരശേഖരണം

ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായി പുരോഗമന കർഷക പ്രസ്ഥാനങ്ങളുടെ ശ്രമഫലമായി വിവിധ പ്രദേശങ്ങളിൽ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏറിയും കുറഞ്ഞും നടന്നിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ സർക്കാർ എയ്ഡഡ് മേഖലയിൽ 11 വിദ്യാലയങ്ങളുണ്ട്. ഹൈസ്കൂൾ-3, യു.പി-4, എൽ.പി-4. ഇതിൽ സർക്കാർ മേഖലയിൽ 6-ഉം എയ്ഡഡ് മേഖലയിൽ 5-ഉം ഉണ്ട്.

പട്ടിക 2 മാനേജ്മെൻറ് സംബന്ധിച്ച വിവരം.

| | എൽ.പി | യു.പി. | എച്ച്.എസ് |
|---|---|---|---|
| എയ്ഡഡ് | 1 | 3 | 1 |
| സർക്കാർ | 3 | 1 | 2 |

അവലംബം : ദ്വിതീയ വിവര ശേഖരണം

5, 6 വാർഡുകളിലൊഴികെ മറ്റെല്ലാ വാർഡുകളിലും സ്കൂളുകൾ ഉണ്ട്. കോടോം-ബേളൂർ, ബളാൽ, നീലേശ്വരം, വെസ്റ്റ് എളേരി പഞ്ചായത്തിലെ വിദ്യാലയങ്ങളിലും ഇവിടെയുള്ള കുട്ടികൾ പഠിക്കുന്നു. ആകെ വിദ്യാലയങ്ങളിൽ 45.5 ശതമാനം എയ്ഡഡ് മേഖലയിലും 54.5 ശതമാനം സർക്കാർ മേഖലയിലും പ്രവർത്തിക്കുന്നു. അദ്ധ്യാപകരിൽ 37.6 ശതമാനം എയ്ഡഡ് മേഖലയിലും 62.4 ശതമാനം സർക്കാർ മേഖലയിലും ആകുന്നു. 35.97 ശതമാനം വിദ്യാർത്ഥികൾ എയ്ഡഡ് സ്കൂളുകളിലും 64.03 ശതമാനം സർക്കാർ സ്കൂളുകളിലും പഠിക്കുന്നു.

പട്ടിക 2 എ. സർക്കാർ എയ്ഡഡ് വിദ്യാലയം, അദ്ധ്യാപകർ, വിദ്യാർത്ഥികൾ

| | വിദ്യാലയം | | | അധ്യാപകർ | | | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|---|---|---|
| ആകെ | | | | | | | | | |
| വിദ്യാലയം-11<br>അദ്ധ്യാപകർ-173<br>വിദ്യാർത്ഥികൾ-5401 | 6 | 5 | 54.5% / 45.5% | 108 | 65 | 62.4% / 37.6% | 3458 | 1943 | 64.03% / 35.97% |

അവലംബം: സ്കൂൾ രേഖകൾ

പഞ്ചായത്തിലെ 11 വിദ്യാലയങ്ങളിൽ 142 ക്ലാസ്സുകളിലായി 5401 വിദ്യാർത്ഥികൾ പഠിക്കുന്നു. എൽ.പി. 1886, യു.പി. 1708, എച്ച്. എസ് 1807 എന്നിങ്ങനെ വിദ്യാർത്ഥികളുണ്ട്. ശരാശരി 1 ക്ലാസ്സിന് 38 കുട്ടികൾ എന്നതോതിലുണ്ട്. ഒന്നാം ക്ലാസ്സിൽ പ്രവേശിക്കുന്ന മുവുവൻ കുട്ടികളും പത്താം ക്ലാസ്സിൽ എത്തുന്നില്ല. പഠനം നിർത്തിയവർ 91-92 വർഷം 4.8 ശതമാനം ആയിരുന്നത് 95-96 വർഷത്തിൽ 2.7 ശതമാനമായി കുറഞ്ഞത് ആശാവഹമാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളാണ് ഭൂരിപക്ഷവും. വിദ്യാഭ്യാസത്തെക്കുറിച്ച് രക്ഷിതാക്കളുടെ അവബോധക്കുറവ്, കുട്ടികളുടെ താല്പര്യമില്ലായ്മ എന്നിവ മൂലം കുട്ടികൾ ഇടയ്ക്ക് വച്ച് പഠനം നിർത്തി കണ്ടുവരുന്നു. പുറം പ്പേശങ്ങളിൽ വീട്ടു ജോലിക്കും മറ്റുമായി ഈ കുട്ടികളെ അപൂർവ്വമായി ഉപയോഗിക്കുന്നു. പട്ടികജാതി വിദ്യാർത്ഥികൾ എൽ.പി. 287, യു.പി.267, എച്ച്.എസ്.183 എന്നിങ്ങനെ പഠിക്കുന്നു. പഠനം നിർത്തിയ കുട്ടികളിൽ 95-96 വർഷം പട്ടിക ജാതി വിഭാഗത്തിൽ 38-ഉം മറ്റുള്ളവർ 108-ഉം ആണ്.

പട്ടിക 3 ആൺ-പെൺ വിദ്യാർത്ഥികലുടെ വിവരം 95-96

| എൽ.പി വിഭാഗം | | | | | യു.പി. | | | | | ഹൈസ്കൂൾ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ആകെ | ആൺ | ശതമാനം | പെൺ | ശതമാനം | ആകെ | ആൺ | ശതമാനം | പെൺ | ശതമാനം | ആകെ | ആൺ | ശതമാനം | പെൺ | ശതമാനം |
| 1886 | 965 | 51% | 921 | 49% | 1708 | 859 | 50.3% | 849 | 49.7% | 1807 | 893 | 49.7% | 914 | 50.6% |

പട്ടിക 4 പട്ടികജാതി വിദ്യാർത്ഥികലുടെ കണക്ക്. ആകെ 737

| എൽ.പി വിഭാഗം | | യു.പി. | | ഹൈസ്കൂൾ | |
|---|---|---|---|---|---|
| ആകെ | ശതമാനം | ആകെ | ശതമാനം | ആകെ | ശതമാനം |
| 287 | 38.9% | 267 | 36.27% | 183 | 24.8% |

പട്ടിക 5 പഠനം നിർത്തിയവരുടെ കണക്ക് 95-96

ആകെ 146

| പട്ടികജാതി | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 20 | 18 | 38 | 69 | 39 | 108 |

അവലംബം : സ്കൂൾ രേഖകൾ

പഞ്ചായത്തിലെ 11 വിദ്യാലയങ്ങളിലായി 173 അധ്യാപകർ ജോലി ചെയ്യുന്നു. അതിൽ.................. പുരുഷന്മാരുംയ......................സ്ത്രീകളുമാണ്. പഞ്ചായത്തിൽ സ്ഥിരതാമസമുള്ളവരേക്കാൾ കൂടുതൽ പുറമെ നിന്നുള്ളവരാണ്.

വേണ്ടത്ര വിദ്യാർത്ഥികളില്ലാത്തതിനാൽ കമ്മാടം സ്കൂൾ 1980നു ശേഷം നിർത്തലാക്കി. നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവ സംബന്ധിച്ച വിവരം.

പട്ടിക 6 95-96

| | സ്കൂൾ | വിദ്യാർത്ഥികൾ | | | പട്ടികജാതി | | | അധ്യാപകർ | | | ക്ലാസ്സ് ഡിവിഷൻ |
|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | പു. | സ്ത്രീ. | ആകെ | |
| 1 | GHS ചായ്യോത്ത് | 661 | 623 | 1284 | 34 | 36 | 70 | | | 41 | 32 |
| 2 | GLPS കിനാനൂർ | 58 | 62 | 120 | 2 | 1 | 3 | 3 | | 3 | 4 |
| 3 | GUPS ചാമക്കുഴി | 98 | 74 | 172 | 5 | 3 | 8 | | | 7 | 7 |
| 4 | ALPS കീഴ്മാല | 57 | 55 | 112 | 1 | | 1 | 2 | 2 | 4 | 4 |
| 5 | GLPS വടക്കേ പുലിയന്നൂർ | 49 | 51 | 100 | 1 | 1 | 2 | 3 | 1 | 4 | 4 |
| 6 | KHS കുമ്പളപ്പള്ളി | 224 | 269 | 493 | 8 | 19 | 27 | 9 | 10 | 19 | 12 |
| 7 | SKGMAUPS കുമ്പളപ്പള്ളി | 276 | 332 | 608 | 43 | 59 | 102 | | | 19 | 17 |
| 8 | GLPS പെരിയങ്ങാനം | 68 | 72 | 140 | 14 | 9 | 23 | 2 | 3 | 5 | 5 |
| 9 | AUPS ബിരിക്കുളം | 167 | 159 | 326 | 22 | 30 | 52 | 3 | 5 | 8 | 7 |
| 10 | AUPS നെല്ലിയടുക്കം | 222 | 182 | 404 | 33 | 32 | 65 | 6 | 9 | 15 | 13 |
| 11 | GHS പരപ്പ | 837 | 805 | 1642 | 180 | 204 | 384 | | | 48 | 37 |
| | | 2717 | 2684 | 5401 | 343 | 394 | 737 | | | 173 | 142 |

അവലംബം : സ്കൂൾ രേഖകൾ

പഞ്ചായത്തിലെ അധ്യാപക-വിദ്യാർത്ഥി അനപാതം 1:38 ആണ്. നിലവിൽ 4 ഒഴിവുകളുണ്ട്. ഗവൺമെൻറ് വിദ്യാലയങ്ങളിൽ വിദ്യാലയ വർഷാരംഭം തന്നെ മുഴുവൻ ഒഴിവുകളും നികത്താത്തത് പഠനത്തെ ബാധിക്കുന്നുണ്ട്. അധ്യാപകരിൽ ന്യൂനപക്ഷം മാത്രമേ സാമൂഹ്യ-സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നുള്ളു.

പട്ടിക 7 അദ്ധ്യാപക തസ്തിക സംബന്ധിച്ച വിവരം 95-96

| ക്രമ നമ്പർ | പേര് | അനുവദിച്ചത് | നിലവിലുള്ളത് | ഒഴിവുകൾ |
|---|---|---|---|---|
| 1 | GHS ചായ്യോത്ത് | 42 | 41 | 1 |
| 2 | GLPS കിനാനൂർ | 4 | 3 | 1 |
| 3 | GUPS ചാമക്കുഴി-കൂവാറ്റി | 7 | 7 | |
| 4 | ALPS കീഴ്മാല | 4 | 4 | |
| 5 | GLPS വടക്കേ പുലിയന്നൂർ | 4 | 4 | |
| 6 | KHS കുമ്പളപ്പള്ളി | 19 | 19 | |
| 7 | SKGMAUPS കുമ്പളപ്പള്ളി | 19 | 19 | |
| 8 | GLPS പെരിയങ്ങാനം | 5 | 5 | |
| 9 | AUPS ബിരിക്കുളം | 9 | 8 | 1 |
| 10 | AUPS നെല്ലിയടുക്കം | 15 | 15 | |
| 11 | GHS പരപ്പ | 49 | 48 | 1 |

അവലംബം : ദ്വിതീയ വിവര ശേഖരണം

അവലംബം : ദ്വിതീയ വിവര ശേഖരണം

എല്ലാ വിദ്യാലയങ്ങളും സ്വന്തമായി സ്ഥലം ഉള്ളവയാണ്. കെട്ടിട സൗകര്യങ്ങളുടെ കാര്യത്തിൽ ബിരിക്കുളം, കാട്ടിപ്പൊയിൽ കീഴ്മാല, ചാമക്കുഴി, പെരിയങ്ങാനം, കുമ്പളപ്പള്ളി യു.പി സ്കൂളുകളിൽ അപര്യാപ്തതയുണ്ട്. സ്വന്തമായി ഓഫീസ് മുറിയും, സ്റ്റാഫ് മുറിയും പകുതിയോളം വിദ്യാലയങ്ങൾക്ക് ഇല്ല. എ.യു.പി.എസ് ബിരിക്കുളം ഒഴികെ മറ്റെല്ലായിടത്തും ലൈബ്രറി സംവിധാനമുണ്ട്. എന്നാൽ കുട്ടികൾക്ക് ഇരുന്ന് വായിക്കനുള്ള സൗകര്യം ഒരു വിദ്യാലയത്തിലും ഇല്ല എന്ന പരിമിതിയുണ്ട്. ചാമക്കുഴി, പരപ്പ, കിനാനൂർ, കുമ്പളപ്പള്ളി സ്കൂളുകളിൽ മാത്രമേ കക്കൂസ് സൗകര്യമുള്ളൂ. ബിരിക്കുളം, പെരിയങ്ങാനം, സ്കൂളുകൾക്ക് മൂത്രപ്പുര ഇല്ല. ആൺ-പെൺ കുട്ടികൾക്ക് പ്രത്യേകം മൂത്രപ്പുരകളില്ലാത്ത 5 വിദ്യാലയങ്ങളുണ്ട്. വൈദ്യതീകരിച്ച വിദ്യാലയങ്ങൾ 2 എണ്ണം മാത്രമാണ്. എല്ലാ വിദ്യാലയങ്ങൾക്കും ആവശ്യത്തിന് കളിസ്ഥലമില്ല.

നമ്മുടെ പ്ഞ്ചായത്തിലെ ഒരു വിദ്യാലയത്തിനു മാത്രമേ ചുറ്റമതിലുള്ളൂ. മൊത്തം വിദ്യാലയങ്ങൾക്ക് കീഴിൽ 14 ഏക്കർ 75 സെൻറ് സ്ഥലം തരിശായിക്കിടക്കുന്നു. ഈ തരിശുപ്രദേശങ്ങളെ കുട്ടികളുടെയും നാട്ടുകാരുടെയും സഹായത്തോടെ കാർഷിക പച്ചക്കറി വിഭവങ്ങളുണ്ടാക്കുന്നതിനും കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും സാധിക്കും.

**ജനസമുദായത്തിൽ പകുതിഭാഗവും അടുക്കളയിലെ അടിമച്ചങ്ങലയിൽ ബന്ധിക്കപ്പെട്ടിരിക്കുമ്പോൾ ഒരു രാഷ്ട്രത്തിനും സ്വതന്ത്രമാകുവാൻ സാധ്യമല്ല.**

വി.ഐ.ലെനിൻ

എല്ലാ വിദ്യാലയങ്ങളിലും പി.ടി.എ., മദർ പി.ടി.എ. എന്നിവ ഉണ്ട്. സ്കൂളിൻെറ ഭൗതിക സാഹചര്യങ്ങൾ ഉയർത്തുന്നതിൽ സജീവമായി പ്രവർത്തിക്കുന്ന രക്ഷാകർത്തൃ സമിതികൾക്ക് സഹായിക്കാൻ കഴിയാറുണ്ട്. മദർ പി.ടി.എ. നിലവിലുള്ള വിദ്യാലയങ്ങളിൽ കുട്ടികളുടെ വിദ്യാഭ്യാസ കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിൽ ഏറെ സഹായിച്ചിട്ടുണ്ട്. സജീവമായി പ്രവർത്തിക്കുന്ന പി.ടി.എ കമ്മിറ്റികൾ 8-ഉം മദർ പി.ടി.എ-7-ഉം ആകുന്നു. വിദ്യാലയങ്ങളിൽ ദൃശ്യ-ശ്രവ്യ ഉപകരണങ്ങളുടെ അപര്യാപ്തത കാര്യമായി നിലനിൽക്കുന്നു.

പഞ്ചായത്തിലെ വദ്യാലയങ്ങളിലെ പഠന നിലവാരം വേണ്ടത്ര തൃപ്തികരമല്ല. ഇതിനടിസ്ഥാനമായി വിവിധ കാരണങ്ങൾ നിലനിൽക്കുന്നു. പ്രൈമറി വിദ്യാഭ്യാസരംഗത്തെ നിലവാരത്തകർച്ച പരിഹരിക്കാൻ ഗണ്യമായ പ്രവർത്തനങ്ങൾ ആവശ്യമാണ്. 1996-97 വർഷത്തെ പാദവാർഷിക പരീക്ഷയിൽ 2528 പേർ 30% ൽ താഴെയും 1031 പേർ 60% ൽ കൂടുതലും മാർക്ക് ലഭിച്ചവരാണ്. മറ്റുള്ളവർ 30% നും 60% നും ഇടയിൽ മാർക്ക് നേടി.

പട്ടിക 9 അക്കാദമിക് സൗകര്യങ്ങൾ- രക്ഷാകർത്തൃ സമിതി.

| | റേഡിയോ | ടേപ്പ് റെക്കോർഡർ | ടി.വി. | വി.സി.ആർ വി.സി.പി | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ്ഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | മദർ പി.ടി.എ. സജീവം | പി.ടി.എ സജീവം |
|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 7 | 7 | – | | 2 | 2 | 2 | – | 7 | 8 |
| ഇല്ലാത്തത് | 4 | 4 | 11 | 11 | 9 | 9 | 9 | 11 | 4 | 3 |

അവലംബം : സ്കൂൾ രേഖകൾ

പട്ടിക 10 പഠന നിലവാരം.
1996-97 പാദവാർഷിക പരീക്ഷ

| ക്രമ നമ്പർ | സ്കൂൾ | 30% ൽ താഴെ | 30%-40% | 40%-60% | 60%നു മുകളിൽ |
|---|---|---|---|---|---|
| 1 | GHS ചായ്യോത്ത് | 615 | 149 | 219 | 256 |
| 2 | GLPS കിനാനൂർ | 10 | 14 | 25 | 71 |
| 3 | GUPS ചാമക്കുഴി-കുവാറ്റി | 11 | 41 | 35 | 31 |
| 4 | ALPS കീഴ്മാല | 04 | 03 | 32 | 67 |
| 5 | GLPS വടക്കേ പുലിയന്നൂർ | | | 25 | 70 |
| 6 | KHS കുമ്പളപ്പള്ളി | 333 | 99 | 53 | 08 |
| 7 | SKGMAUPS കുമ്പളപ്പള്ളി | 205 | 82 | 105 | 209 |
| 8 | GLPS പെരിയങ്ങാനം | 08 | 03 | 36 | 92 |
| 9 | AUPS ബിരിക്കുളം | 42 | 124 | 84 | 76 |
| 10 | AUPS നെല്ലിയടുക്കം | 70 | 74 | 179 | 81 |
| 11 | GHS പരപ്പ | 1230 | 250 | 99 | 70 |
| | | 2528 | 839 | 892 | 1031 |

അവലംബം : സ്കൂൾ രേഖകൾ

പട്ടിക 8 ഭൗതിക സാഹചര്യങ്ങൾ

| ക്രമ നമ്പർ | | സർക്കാർ/ എയ്ഡഡ് | വിസ്തീർണ്ണം ഏക്ര.സെൻറ് | ഓഫീസ് മുറി | സ്റ്റാഫ് മുറി | സയൻസ് കോർണ്ണർ/ ലാബ് | ലൈബ്രറി | കക്കൂസ് എണ്ണം | മൂത്രപ്പുര | പാചകമുറി | വൈദ്യുതി | ചുറ്റു മതിൽ | കളിസ്ഥലം | തരിശ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | GHS ചായ്യോത്ത് | സർക്കാർ | 5.20 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 3 | 3 | ഇല്ല | ഉണ്ട് | ഇല്ല | 3.00 | 0.50 |
| 2 | GLPS കിനാനൂർ | ,, | 1.25 | ,, | ഇല്ല | ,, | ,, | 1 | 2 | ,, | ഇല്ല | ഇല്ല | 0.70 | 0.25 |
| 3 | GUPS ചാമക്കുഴി- | ,, | 3.00 | ഉണ്ട് | ഉണ്ട് | ,, | ,, | 1 | 1 | ,, | ,, | ,, | 0.10 | – |
| 4 | ALPS കീഴ്മാല | എയ്ഡഡ് | 0.50 | ഇല്ല | ,, | ,, | ,, | ഇല്ല | 1 | ,, | ,, | ,, | 0.20 | – |
| 5 | GLPS വടക്കേ പുലിയന്നൂർ | സർക്കാർ | 0.87 | ഉണ്ട് | ഉണ്ട് | ,, | ,, | ,, | 1 | ,, | ,, | ,, | ഇല്ല | 0.40 |
| 6 | KHS കുമ്പളപ്പള്ളി | എയ്ഡഡ് | 10.00 | ,, | ,, | ,, | ,, | 2 | 2 | ,, | ,, | ,, | 2.00 | 7.00 |
| 7 | SKGMAUPS കുമ്പളപ്പള്ളി | ,, | 5.00 | ,, | ,, | ,, | ,, | ഇല്ല | 1 | ,, | ,, | ,, | ഇല്ല | 3.00 |
| 8 | GLPS പെരിയങ്ങാനം | സർക്കാർ | 3.50 | ,, | ഇല്ല | ഇല്ല | ,, | ,, | ഇല്ല | ,, | ,, | ,, | 0.50 | – |
| 9 | AUPS ബിരിക്കുളം | എയ്ഡഡ് | 4.50 | ഇല്ല | ,, | ഇല്ല | ഇല്ല | ,, | ഇല്ല | ,, | ഇല്ല | ,, | 2.00 | 1.00 |
| 10 | AUPS നെല്ലിയടുക്കം | ,, | 3.00 | ,, | ,, | ഉണ്ട് | ഉണ്ട് | ,, | 1 | ഉണ്ട് | ഇല്ല | ,, | 0.50 | 2.00 |
| 11 | പരപ്പ | സർക്കാർ | 3.02 | ഉണ്ട് | ഉണ്ട് | ,, | ,, | 5 | 4 | ഇല്ല | ഉണ്ട് | ഉണ്ട് | 1.50 | 0.75 |

അവലംബം : സ്കൂൾ രേഖകൾ

പഞ്ചായത്തിൽ 3 ഹൈസ്കൂളുകൾ ഉണ്ട്. 91-92 മുതൽ 95-96 വരെയുള്ള എസ്.എസ്.എൽ.സി വിജയ ശതമാനം സൂചിപ്പിക്കുന്നത് വിദ്യാർത്ഥികളുടെ പഠനം ആശാവഹമല്ല എന്നാണ്.

പട്ടിക 11 SSLC വിജയ ശതമാനം 1991-92 മുതൽ 95-96 വരെ

| | സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|
| 1 | GHS ചായ്യോത്ത് | 39% | 26% | 28% | 32% | 22% |
| 2 | KHS കുമ്പളപ്പള്ളി | 43% | 31% | 27% | 40% | 27% |
| 3 | GHS പരപ്പ | | | | | |

അവലംബം : സ്കൂൾ രേഖകൾ

തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിലെവിടെയുമില്ല. എസ്.എസ്.എൽ.സി. പൂർത്തിയാക്കുന്ന കുട്ടികൾക്ക് ഉന്നത പഠനത്തിനുള്ള സാഹചര്യമില്ലാത്തതിനാൽ എളേരിത്തട്ട്, കാഞ്ഞങ്ങാട്, കാസർഗോഡ് ആർട്ട്സ് കോളേജുകളേയും പഞ്ചായത്തിനകത്തും പുറത്തുമുള്ള സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളേയും ആശ്രയിക്കേണ്ടി വരുന്നു.

നിലവിലുള്ള സമാന്തര-സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ചുവടെ :

| | |
|---|---|
| പാരലൽ കോളേജ് | 3 |
| ട്യൂഷൻ സെൻറർ | 7 |
| ഹിന്ദി വിദ്യാലയം | 1 |
| ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് | 4 |

പ്രീ-പ്രൈമറി വിദ്യാഭ്യാസമേഖല ഏതാനും ബാലവാടികളിലും നഴ്സറികളിലും ഒതുങ്ങുന്നു. വിവിധ വാർഡുകളിലായി 7 ബാലവാടികൾ ശിശുമന്ദിരം എന്നിവ പ്രവർത്തിക്കുന്നു. 2 ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂൾ പ്രവർത്തിച്ചു വരുന്നുണ്ട്. അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ദശാബ്ദങ്ങളുടെ പാരമ്പര്യം നമുക്കുണ്ട്. സമ്പൂർണ്ണ സാക്ഷരതാ പ്രവർത്തനത്തിൽ മഹത്തായ പങ്കുവഹിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വിവിധ പ്രദേശങ്ങളിൽ ഇപ്പോഴും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

| | |
|---|---|
| ഗ്രന്ഥാലയങ്ങൾ | 14 |
| ജനവിദ്യാകേന്ദ്രം | 6 |
| ജനശിക്ഷണനിലയം | 1 |

എന്നിങ്ങനെ പ്രവർത്തിക്കുന്നു.

പട്ടിക 12 ഗ്രന്ഥശാലകളെ സംബന്ധിച്ച വിവരം

| | |
|---|---|
| ആകെ | 14 |
| പ്രവർത്തിക്കുന്നത് | 12 |
| ഗ്രാൻറ് കിട്ടുന്നത് | 10 |
| സ്ഥലമുള്ളത് | 11 |
| കെട്ടിടമുള്ളത് | 7 |
| ടി.വി,.,റേഡിയോ | (2+2) 4 |
| പുസ്തകങ്ങൾ | 25815 |
| വില | 188786/- |
| അംഗങ്ങൾ | 2204 |
| പുരു. | 1972 |
| സ്ത്രീ. | 232 |
| സ്ഥലവിസ്തീർണ്ണം | 66 cents |
| സ്ഥലം കെട്ടിടം, വില | 5,53,352 |

അവലംബം : ദ്വിതീയ വിവരശേഖരണം

അൺ-എയ്ഡഡ് വദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല. ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിൽ കുട്ടികളെ പഠിപ്പിക്കാനുള്ള പ്രവണത രക്ഷിതാക്കളിൽ നാമമാത്രമായെങ്കിലും കണ്ടുവരുന്നു.

അക്കാദമിക് തലത്തിലും ഇതര പ്രവർത്തനങ്ങളിലും ജില്ലാ-സംസ്ഥാന നിലവാരത്തിലുള്ള നമ്മുടെ മികവ് ശുഷ്കമാണെങ്കിലും ചായ്യോം എച്ച്.എസ്, കരിമ്പിൽ എച്ച്.എസ്, കിനാനൂർ, കീഴ്മാല സ്കൂളുകൾ പ്രസ്തുത തലങ്ങളിലുള്ള മത്സരങ്ങളിൽ സമ്മാനം നേടിയിട്ടുണ്ട്.

## നിലവിലുള്ള പ്രശ്നങ്ങൾ

[അവലംബം : ഗ്രാമസഭാ റിപ്പോർട്ട്]

### പഠനനിലവാരം :-

അദ്ധ്യാപക വിദ്യാർത്ഥി അനുപാതക്കൂടുതൽ, സിലബസ് കാഠിന്യം, പരീക്ഷാസമ്പ്രദായത്തിലെ അശാസ്ത്രീയത, അധ്യാപകർക്ക് ഇടക്കാല പരിശീലനമില്ലായ്മ, പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിൻെറ ലഭ്യതക്കുറവ് എന്നിവ നിലനിൽക്കുന്നു.. പി.ടി.എ യുടെ ഇടപെടൽ ശക്തമല്ല, അധ്യാപക ഒഴിവുകൾ അധ്യന വർഷാരംഭത്തിൽ നികത്തുന്നില്ല. പുസ്തകങ്ങൾ എത്തിക്കുന്നതിൽ താമസം നേരിടുന്നു. പഠനോപകരണങ്ങളുടെ അപര്യാപ്തത സ്പെഷ്യലിസ്റ്റ് അധ്യാപക നിയമനം നടത്താത്തത് എന്നിവ പരിഗണനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

അക്കാദമിക് സൗകര്യങ്ങൾ :

ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ കാര്യക്ഷമമല്ല. ദൃശ്യ ശ്രാവ്യ ഉപകരണങ്ങളുടെ ലഭ്യതകുറവ്, കോച്ചിംഗ് സൗകര്യങ്ങൾ ഫലപ്രദമല്ല, എസ്.എസ്.എൽ.സി തോറ്റ വിദ്യാർത്ഥികൾക്ക് തുടർപഠനത്തിനുള്ള അവസരക്കുറവ് എന്നിവയുണ്ട്.

ഭൗതിക സാഹചര്യങ്ങൾ :

കെട്ടിടം, ഓഫീസ് മുറി, സ്റ്റാഫ് മുറി, കക്കൂസ്, മൂത്രപ്പുര, പാചകപ്പുര, കുടിവെള്ളം, വൈദ്യുതി, കളിസ്ഥലം, ചുറ്റുമതിൽ, ഫർണീച്ചർ, ക്ലാസുമുറികൾ എന്നീ കാര്യങ്ങളിൽ ഭൂരിപക്ഷം വിദ്യാലയങ്ങളും സ്വയം പര്യാപ്തത നേടിയിട്ടില്ല. ഉച്ചക്കഞ്ഞി വിതരണം അർഹതയുള്ള മുഴവൻ കുട്ടികൾക്കും ലഭിക്കുന്നില്ല. പി.ടി.എ., മദർ പി.ടി.എ. ജനകീയ സമിതികൾ ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല.

ഉന്നത വിദ്യാഭ്യാസ സ്ഥാപനം, തൊഴിലധിഷ്ടിത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം എന്നിവ ഇല്ല. ക്ലബ്ബുകൾ, മഹിളാ സമാജങ്ങൾ, വായനശാലകൾ, എന്നിവയ്ക്ക് കെട്ടിടം, മറ്റ് പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക ബാധ്യത നിലനിൽക്കുന്നു. കലാകായിക രംഗങ്ങളിൽ മികവ് ഇല്ല. DPEP-ൻെറ പ്രവർത്തനം ജനകീയമല്ല. മുഴുവൻ കുട്ടികളും വിദ്യാലയങ്ങളിൽ എത്തുന്നില്ല. പുതിയ വിദ്യാലയങ്ങൾ അനുവദിക്കാനുള്ള സാഹചര്യം നിലനിൽക്കുന്നു.

ഗ്രാമസഭാ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലുള്ള നിർദ്ദേശങ്ങൾ :

പഠനനിലവാരം:

അധ്യാപക-വിദ്യാർത്ഥി അനുപാതം 1:30 ആക്കണം.
സിലബസ് കാഠിന്യം ലഘൂകരിച്ച് ശാസ്ത്രീയമായി പരിഷ്കരിക്കണം.
പരീക്ഷാ സമ്പ്രദായം ഏകീകരിക്കണം.
6, 7 ക്ലാസുകളിൽ പൊതുപരീക്ഷ ഏർപ്പെടുത്തണം.
എല്ലാ പ്രൈമറി വിദ്യാലയങ്ങളോടും ചേർന്ന് പ്രീ-പ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിക്കണം.
വർഷാരംഭത്തിൽ തന്നെ പുസ്തകങ്ങൾ എത്തിക്കുകയും അധ്യാപക ഒഴിവുകൾ നികത്തുകയും ചെയ്യണം.
97-98 അധ്യയന വർഷാരംഭം സ്കൂൾ കോംപ്ലക്സ് സംവിധാനം നിലവിൽ വരുത്തണം.
എല്ലാ യു.പി. വിദ്യാലയങ്ങളിലും കമ്പ്യൂട്ടർ വിദ്യാഭ്യാസം ആരംഭിക്കണം.
പഠനോപകരണങ്ങൾ നിർമ്മിക്കാനാവശ്യമായ സഹായം ലഭ്യമാക്കണം.
എല്ലാ വിദ്യാലയങ്ങളിലും സ്പെഷ്യലിസ്റ്റ് അധ്യാപകരെ നിയമിക്കണം. ജനകീയ വിദ്യാഭ്യാസസമിതി രൂപീകരിച്ച് വിദ്യാലയ പ്രവർത്തനം കാര്യക്ഷമമാക്കണം.
DPEP സംവിധാനം ജനകീയ ഇടപെടലിലൂടെ കുറ്റമറ്റതാക്കണം. പഞ്ചായത്തിലെ മാതൃകാധ്യാപകരെ തിരഞ്ഞെടുത്ത് ആദരിക്കണം.

അക്കാദമിക് സൗകര്യം :-

എല്ലാ വിദ്യാലയങ്ങളിലും ലൈബ്രറി, ലാബോറട്ടറി, ദൃശ്യ ശ്രാവ്യ ഉപകരണങ്ങളുടെ ലഭ്യത എന്നിവ കാര്യക്ഷമമാക്കണം.
അധ്യാപകർക്ക് സമയബന്ധിതമായും, ശാസ്ത്രീയമായും പരിശീലന കോഴ്സുകൾ നടത്തണം.
എല്ലാ വാർഡുകളിലും കോച്ചിംഗ് സെൻററുകൾ ആരംഭിക്കണം.
എസ്.എസ്.എൽ.സി. തോറ്റ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലന സ്ഥാപനം പഞ്ചായത്തിൽ സ്ഥാപിക്കണം.

ഭൗതിക സാഹചര്യങ്ങൾ:-

സ്കൂൾ കെട്ടിടം, കക്കൂസ്, മൂത്രപ്പുര, വൈദ്യുതി, ഓഫീസ് മുറി, സ്റ്റാഫ് മുറി എന്നിവ ഭൂരിപക്ഷം വിദ്യാലയങ്ങളിലും പര്യാപ്തമല്ല. പ്രൈമറിയിലെ അർഹതയുള്ള മുഴുവൻ കുട്ടികൾക്കും ഉച്ചക്കഞ്ഞി നൽകണം. ചുറ്റുമതിൽ, ഫർണീച്ചർ, ക്ലാസുമുറികൾ എന്നിവ എല്ലാ വിദ്യാലയങ്ങൾക്കും ആവശ്യമുണ്ട്. പരപ്പ, കുമ്പളപ്പള്ളി, ചായ്യോം എച്ച്.എസ്. ഒഴികെയുള്ള വിദ്യാലയങ്ങൾക്ക് കളിസ്ഥലം നിർമ്മിക്കണം.
പി.ടി.എ., മദർ പി.ടി.എ. എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. കുടിവെള്ള ക്ഷാമം പരിഹരിക്കണം.

അനൗപചാരിക വിദ്യാകേന്ദ്രങ്ങൾ :-

ഗ്രന്ഥാലയങ്ങൾ, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ, മഹിളാസമാജങ്ങൾ എന്നിവയുടെ സൗകര്യങ്ങൾ എന്നിവയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.
ജനവിദ്യാകേന്ദ്രങ്ങൾ തുടർവിദ്യാഭ്യാസ കേന്ദ്രമെന്ന നിലയിൽ കാര്യക്ഷമമാക്കണം.
എല്ലാ വാർഡുകളിലും പുതുതായി അംഗൻവാടികൾ, ബാലവാടികൾ സ്ഥാപിക്കണം.
ചായ്യോത്ത് പ്രവർത്തിക്കുന്ന ശിശുമന്ദിരത്തിൻെറ പ്രവർത്തനം മെച്ചപ്പെടുത്തണം.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ:-

കരിമ്പിൽ, പരപ്പ, ചായ്യോം എച്ച്.എസിനോട് ചേർന്ന് പ്ലസ്ടു വിദ്യാലയം അനുവദിക്കണം.
സർവ്വകലാശാലാവിദ്യാഭ്യാസസ്ഥാപനം, തൊഴിലധിഷ്ഠിതവിദ്യാഭ്യാസസ്ഥാപനം എന്നിവ പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കണം. കിനാനൂർ, പുലിയന്നൂർ, പെരിയങ്ങാനം എൽ.പി വിദ്യാല്യങ്ങൾ യു.പിആയി ഉയർത്തണം
കാരാട്, പന്നിത്തടം, ബേളൂർ, കൊല്ലംപാറ എന്നിവിടങ്ങളിൽ എൽ.പി വിദ്യാലയങ്ങൾ ആവശ്യമുണ്ട്.
കൂവാറ്റി എൽ.പി വിദ്യാലയം എച്ച്.എസ് ആയി ഉയർത്തണം.
ബിരിക്കുളം, കാട്ടിപ്പൊയിൽ പുതിയ ഗവ: ഹൈസ്കൂൾ അനുവദിക്കണം.
ചായ്യോം എച്ച്.എസിൻെറ എൽ.പി വിഭാഗത്തിന് പ്രത്യേകം പ്രവർത്തിക്കാനാവശ്യമായ ബിൽഡിംഗ് നിർമ്മിക്കണം.
പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠിക്കുവാൻ പരപ്പയിൽ വിദ്യാഭ്യാസസ്ഥാപനവും ഹോസ്റ്റലും അനുവദിക്കണം.
3-ാം വാർഡിൽ കരിയർ ഇൻഫർമേഷൻ കോച്ചിംഗ് സെൻറർ സ്ഥാപിക്കണം.
അൺ-എയ്ഡഡ് സ്ഥാപനങ്ങൾ നിരോധിക്കണം.

## പൊതുജനാരോഗ്യവും കുടിവെള്ളവും

ഏതൊരുനാടിന്റെയും സമ്പത്ത് അവിടത്തെ ആരോഗ്യമുള്ള ജനതയാണ്. ആരോഗ്യത്തെ അതിന്റെ ശരിയായ അവസ്ഥയിലേക്ക് എത്തിക്കുന്നത് ശുദ്ധജലം, ശുദ്ധവായു, ശുചിത്വം എന്നിവയാണ്. രണ്ടായിരമാണ്ടോടുകൂടി എല്ലാവർക്കും ആരോഗ്യം എന്ന മഹത്തായ ലക്ഷ്യം മുൻനിർത്തികൊണ്ടുള്ള പ്രവർത്തനവുമായി നമ്മുടെ രാജ്യം മുന്നേറുമ്പോൾ നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഈ ലക്ഷ്യത്തിന്റെ ഏററവും താഴെതട്ടിൽ തന്നെയാണ് എന്നുള്ളതാണ് വസ്തുത. ആരോഗ്യചികിത്സാരംഗത്ത് ഗുണപരമായ പുരോഗതി കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഈ രംഗത്ത് ഇനിയും നാം ഏറെ മുന്നോട്ട് പോകേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ ആതുര ശുശ്രൂഷാരംഗത്തെ സ്ഥാപനങ്ങൾഎന്ന നിലയിൽ ഒരു അലോപ്പതി (PHC), പരപ്പ, കാട്ടിപ്പൊയിൽ എന്നിവിടങ്ങളിൽ ഓരോ ആയുർവ്വേദ ഡിസ്പൻസറികളും ചോയ്യങ്കോട് ഒരു ഹോമിയോ ഡിസ്പൻസറിയും ഇതിനുപുറമെ ആരോഗ്യകുടുംബക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി പരപ്പ, ബിരിക്കുളം, ചോയ്യങ്കോട്, കോഴിത്തട്ട എന്നീ കുടുംബക്ഷേമ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു.

നമ്മുടെ പഞ്ചായത്തിലെ പൊതുമരണനിരക്ക് 4.21 ആണെങ്കിൽ സംസ്ഥാന നിരക്ക് 5.9 ആണ്. ഇത് സംസ്ഥാന നിരക്കിനേക്കാൾ കുറവാണെന്ന് കാണാം. പഞ്ചായത്തിൽ നടക്കുന്ന മരണങ്ങൾ യഥാസമയത്ത് പഞ്ചായത്തിൽ രജിസ്ററർ ചെയ്യാത്തതുകൊണ്ടും, അപകടമരണങ്ങൾ താരതമ്യേന കുറവുള്ളതും, പകർച്ചവ്യാധികൾകൊണ്ടുള്ള മരണം കുറവുള്ളതും. കുറഞ്ഞ ജനസാന്ദ്രതയുള്ളതും ജനങ്ങൾക്കിടയിലുള്ള ആരോഗ്യബോധം കൊണ്ടുമാണ് വ്യതിയാനത്തിന് കാരണം,

കഴിഞ്ഞ വർഷത്തിൽ നമ്മുടെ പഞ്ചായത്തിൽ മാതൃമരണം റിപ്പോർട്ട് ചെയ്തിട്ടില്ല. സംസ്ഥാന നിരക്ക് ഒന്നാണ്. ആശുപത്രികളിൽ വെച്ച്തന്നെ നടക്കുന്നപ്രസവം, ഉയർന്ന സ്ത്രീ സാക്ഷരത ആരോഗ്യരംഗത്തെ സമീപ കാല മാററങ്ങൾ എന്നിവ ഇതിലേക്ക് വിരൽ ചൂണ്ടുന്നു.

നമ്മുടെ പഞ്ചായത്തിലെ ജനന നിരക്ക് 6.7 ആയിരിക്കെ സംസ്ഥാനത്ത് 17 ആണ്. പഞ്ചായത്തിൽ ജനിക്കുന്ന കുട്ടികളുടെ വിവരം പഞ്ചായത്തിൽ രജിസ്ററർ ചെയ്യുന്നില്ല. അർഹരായ ദമ്പതികളുടെ കുറവ് കുടുംബാസൂത്രണ മാർഗങ്ങളെകുറിച്ചുള്ള അറിവ് എന്നിവ ജനന നിരക്കിന്റെ കുറവിന് മററ് കാരണങ്ങളാവുന്നു.

പഞ്ചായത്തിലെ മുഴുവൻ ജനന മരണങ്ങളും പഞ്ചായത്തിൽ തന്നെ രജിസ്ററർ ചെയ്യുവാനുള്ള നടപടികൾ ഉണ്ടാവണം.

പഞ്ചായത്തിലെ ജന സംഖ്യയിൽ 23% 14വയസ്സിനുതാഴെ പ്രായമുള്ളവരും, 7% 60 വയസ്സിന് മുകളിൽ പ്രായമുള്ളവരുമാണ്.

അംഗവൈകല്യമുള്ളവരുടെ നിരക്ക് 3.9ഉം മന്ദബുദ്ധികളുടെ നിരക്ക് 0.4ഉം ആണ്. (അവലംബം: പഞ്ചായത്ത് രജിസ്റററുകൾ, PH C റിപ്പോർട്ടുകൾ)

### രോഗാതുരത

ആശുപത്രികളിൽ ചികിത്സക്ക് എത്തുന്ന രോഗികളിൽ സാധാരണയായി ശ്വാസകോശ രോഗങ്ങൾ താരതമ്യേന കൂടുതലായി കാണുന്നു. ഇതിനുപുറമേ ജലദോഷപ്പനി, വാതരോഗങ്ങൾ, ചർമ്മരോഗങ്ങൾ എന്നിവയും മഴക്കാലത്ത് വയറിളക്കരോഗങ്ങൾ, വളംകടി വേനൽക്കാലങ്ങളിൽ പൊതുവെ കണ്ണുരോഗങ്ങളും കണ്ടുവരുന്നു. ആസ്തമ, മാനസിക രോഗങ്ങൾ ക്ഷയം, കാൻസർ എന്നിവയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ ഒരു കുഷ്ഠരോഗി മാത്രമേയുള്ളു

| |
|---|
| ചർമ്മരോഗങ്ങൾ 10% |
| ജലജന്യരോഗങ്ങൾ 15% |
| വാതരോഗങ്ങൾ 10% |
| വായുജന്യരോഗങ്ങൾ 25% |
| മററുള്ളവ 40% |

അവലമ്പം: PHC റിപ്പോർട്ട്, GHD, GAD റിപ്പോർട്ട്

### പാരമ്പര്യ ചികിത്സാരീതികൾ

അന്യം നിന്നുപോയ പാരമ്പര്യ ചികിത്സാ രീതികൾ പുനരുജ്ജീവിപ്പിക്കുന്നതിന് 'നാട്ടറിവുകളെ' കണ്ടെത്തി അവർക്കാവശ്യമായ പ്രോത്സാഹനം നൽകുകയും, ഒററമൂലികളാ

യ ഔഷധ സസ്യ ലഭ്യത ഉറപ്പുവരുത്തുവാനുള്ള പ്രവർത്തനങ്ങൾ നടത്തുകയും വേണം.

## സ്വകാര്യ ചികിത്സാ സൗകര്യങ്ങൾ

ഇവിടെ സ്വകാര്യ ആശുപത്രികളോ, ലബോറട്ടറികളൊ ഇല്ല. രണ്ട് സ്വകാര്യ മെഡിക്കൽ ഷാപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ബീഡിമേഖലയിലും മററ് തൊഴിലാളികളും ഏറെയുള്ളതിനാൽ ഒരു E S I ഡിസ്പെൻസറി ആരംഭിക്കണം. ആയുർവേദ രംഗത്ത് പാരമ്പര്യ വൈദ്യന്മാരും, വൈദ്യശാലകളും പഞ്ചായത്തിലുണ്ട്.

## പോഷണ നിലവാരം

പോഷണ നിലവാരത്തിന്റെ കാര്യത്തിൽ നാം ഏറെ പുറകിലാണ് കുട്ടികൾക്ക് പോഷകാഹാരം വിതരണം ചെയ്യുവാനുള്ള പരിപാടി ആരംഭിക്കുകയും സ്കൂൾ ഉച്ചക്കഞ്ഞി വിതരണ പരിപാടി സാർവ്വത്രീകമാക്കുകയും ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്തിൽ വിവിധ സംഘടനകൾ നടത്തിയ രക്ത പരിശോധനയിൽ ഹീമോഗ്ലോബിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## പരിസ്ഥിതി

ഗ്രാമ പ്രദേശമായതിനാൽ കാര്യമായ പരിസ്ഥിതി പ്രശ്നങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല. എങ്കിലും മണ്ണൊലിപ്പ് ഒരു പ്രധാന പ്രശ്നമാണ്. വർഷംതോറും നല്ലൊരു ശതമാനം ഫലഭൂയിഷ്ടമായ മേൽമണ്ണ് മണ്ണൊലിപ്പ്മൂലം നമുക്ക് നഷ്ടപ്പെടുന്നു. നമ്മുടെ മിക്ക കുടിനീർസ്രോതസ്സുകളും ജലമലിനീകരണ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നു. മിക്ക ചാലുകളുടെയും കരയിടിച്ചിൽ ഒരു പ്രധാന പ്രശ്നം തന്നെയാണ്. വർധിച്ചു വരുന്ന വന നശീകരണം പ്രകൃതിയുടെ സംതുലനാവസ്ഥയെ തകിടം മറിക്കുന്ന സ്ഥിതിയിലാണ്. കുറെ യേറെ പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ടെങ്കിലും നിബന്ധനകൾ പാലിച്ചു മാത്രമേ സ്റേറാൺ ക്രഷറിന്റെ പ്രവർത്തനം നടത്താവൂ. അല്ലാത്ത പക്ഷം ഭാവിയിൽ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കും. പയ്യങ്കുളം തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും വിപുലമായ തോതിൽ മണ്ണ് കുഴിച്ചെടുത്ത് കടത്തികൊണ്ടു പോവുന്നത് ആ പ്രദേശത്തെ കുടിവെള്ള ലഭ്യതയേയും കാർഷിക മേഖലയേയും ബാധിക്കുവാൻ സാധ്യതയുണ്ട്. (അവലംബം ഗ്രാമസഭാറിപ്പോർട്ടുകൾ പഠനപര്യടനം)

## മയക്കു മരുന്നുകളുടെ ഉപഭോഗം

അങ്ങിങ്ങായുള്ള വ്യാജവാററും അതിന്റെ അമിതമായ ഉപഭോഗവും താഴെത്തട്ടിലുള്ള ജനങ്ങളുടെ ആരോഗ്യത്തേയും, സാമ്പത്തികവും സമത്വവുമായ അധ:പതനത്തിനും ഒരു പരിധി വരെ കാരണമാവുന്നു. പുകവലിയും മദ്യപാനാസക്തിയും പഠനവിധേയ മാക്കേണ്ടതുണ്ട്. വാർഡ് അടിസ്ഥാനത്തിൽ ജനകീയ കമ്മററികൾ രൂപികരിച്ചുകൊണ്ട് വ്യാജവാററിനും, മയക്കു മരുന്നിനും, പുകവലിക്കുമെതിരെ ശക്തമായ ബോധവൽക്കരണ പരിപാടികൾ നടത്തണം.

## പേവിഷ നിർമാർജ്ജനം

ഫലപ്രദമായ പേവിഷ നിർമാർജ്ജന പരിപാടി ആവിഷ്ക്കരിച്ച് പേവിഷ വിമുക്തത പഞ്ചായത്തായി മാററുവാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യണം. വളർത്തുപട്ടികൾക്ക് നിർബന്ധമായും ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തണം

## ആരോഗ്യ രംഗത്തെ സന്നദ്ധപ്രവർത്തനം

രക്തദാനസേന: രക്തദാനം ജീവദാനം എന്ന മുദ്രാവാക്യം അന്വർത്ഥമാക്കികൊണ്ട് രക്തഗ്രൂപ്പ് നിർണ്ണയം നടത്തി അത്യാസന്നനിലയിലുള്ള രോഗികൾക്ക് രക്തം ദാനം ചെയ്യാൻ സന്നദ്ധരായ 500 ൽ അധികംവരുന്ന സന്നദ്ധ പ്രവർത്തകർ യുവജന സംഘടനകളുടെയും സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ പ്രവർത്തനരംഗത്തുണ്ട്. പഞ്ചായത്തിനകത്തും പുറത്തും നിരവധിപേർക്ക് രക്തം നൽകാൻ സാധിച്ചിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ വ്യാപകവും സജീവവുമായി നിലനിർത്തണം.

## നേത്രദാനസേന

അന്ധരില്ലാത്ത കേരളം സാക്ഷാൽക്കരിക്കുന്നതിനായി അഞ്ഞൂറിലധികം സന്നദ്ധ പ്രവർത്തകർ മരണാനന്തരം കണ്ണുകൾ ദാനം ചെയ്യാൻ സമ്മതപത്രം ജില്ലാ അധികാരികൾക്ക് നൽകിയിട്ടുണ്ട്. ഇത് പ്രാവർത്തികമായി സംഘടിപ്പിക്കുവാനുള്ള ഭൗതീക സാഹചര്യം ജില്ലാ ആശുപത്രിയിലോ മററൊ ഇല്ലാത്തതിലുള്ള വിഷമങ്ങളുണ്ട്.

## പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ വാർഡടിസ്ഥാനത്തിലുള്ള വിവരങ്ങൾ

| ക്രമ നമ്പർ | വാർഡ് | സ്ഥാപനത്തിന്റെ പേര് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം | സ്വന്തമായി കെട്ടിടം ഉണ്ടോ | മററ് വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | I | F W C ചോയ്യങ്കോട് | 1985 | 2 | ഉണ്ട് | |
| 2 | I | ഗവ: ഹോമിയോ ഡിസ്പൻസറി ചോയ്യങ്കോട് | 1979 | 4 | ഉണ്ട് | പഴകിയ കെട്ടിടം സൗകര്യക്കുറവുണ്ട് |
| | II | — | — | — | — | |
| 3 | III | കാട്ടിപ്പൊയിൽ ആയുർവേദ ഡിസ്പെൻസറി | 1972 | 4 | ഇല്ല | |
| 4 | IV | F W C ബിരിക്കുളം | 1985 | 2 | ഉണ്ട് | |
| 5 | V | ഗവ: ആയുർവേദ ഡിസ്പൻസറി പരപ്പ | 1959 | 4 | ഇല്ല | |
| 6 | | F W C പരപ്പ | 1985 | 1 | ഉണ്ട് | |
| | VI | — | — | — | — | |
| 7 | VII | P H C കരിന്തളം | 1972 | 12 | ഉണ്ട് | |
| 8 | VII | F W C കരിന്തളം | 1982 | 1 | ഉണ്ട് | |
| | VIII | — | — | — | — | |
| | IX | — | — | — | — | |
| | X | — | — | — | — | |

| പൊതുസ്ഥാപനങ്ങൾ | നടപ്പുപ്രവർത്തനങ്ങൾ വിലയിരുത്തലും, അവലോകനവും | കാര്യക്ഷമത ഉണ്ടാക്കുവാനുള്ള മാർഗങ്ങൾ |
|---|---|---|
| **PHC** കരിന്തളം | (ക) ആതുര ചികിത്സാ, രോഗപ്രതിരോധം, കുടുംബക്ഷേമപ്രവർത്തനങ്ങൾ, പകർച്ചവ്യാധി നിയന്ത്രണപ്രവർത്തനങ്ങൾ, ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ<br>(ഖ) ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും ഈ സ്ഥലത്തെപ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നില്ല<br>(ഗ) മരുന്നുകളും മററ് ഉപകരണങ്ങളും പരിമിതമാണ്<br>(ഘ) സ്വന്തം കെട്ടിടവും സ്ഥലവും ഉണ്ടെങ്കിലും ആശുപത്രിയെന്നനിലയിൽ സൗകര്യങ്ങൾ തീരെ പരിമിതമാണ്.<br>(ങ) കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥരുടെ ഗൃഹസന്ദർശനം കൃത്യമായി നടക്കുന്നില്ല. കാര്യക്ഷമത വർധിപ്പിക്കണം | (ക) ആശുപത്രിക്ക് നിലവിലുള്ള സ്ഥലം ഉപയോഗിച്ച്കൊണ്ട് പുതിയ കെട്ടിടം നിർമ്മിച്ച് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ അനുവദിച്ചുകൊണ്ട് കിടത്തി ചികിത്സ ആരംഭിക്കുക.<br>(ഖ) ഏററവും ചുരുങ്ങിയത് രണ്ട് ഡോക്ടർമാരെയും മററ് ആവശ്യമായ ജീവനക്കാരേയും നിയമിക്കണം.<br>(ഗ) ജീവൻ രക്ഷാ ഔഷധങ്ങളുടെ കൃത്യമായ ലഭ്യത ഉറപ്പുവരുത്തുക.<br>(ഘ) അടിയന്തിരഘട്ടങ്ങളിൽ പ്രാദേശികമായി അത്യാവശ്യ മരുന്നുകൾ വാങ്ങുവാനുള്ള നിലവിലുള്ള സംവിധാനത്തിലെ നടപടികൾ ലളിതമാക്കുക.<br>(ങ) ജനകീയ പങ്കാളിത്തത്തോടെ സമഗ്ര ആരോഗ്യ പദ്ധതികൾക്ക് രൂപം നൽകുക.<br>(ച) സ്കൂൾ ആരോഗ്യപരിപാടി കാര്യക്ഷമമാക്കുക<br>(ഛ) രക്തദാനം, നേത്രദാനം എന്നിവ പ്രോൽസാഹിപ്പിക്കുക<br>(ജ) കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക |
| **FWC** ചോയ്യംകോട് | ആരോഗ്യപ്രതിരോധ കുടുംബക്ഷേമ - പകർച്ച വ്യാധി നിയന്ത്രണം ബോധവൽക്കരണ പ്രവർത്തനങ്ങൾ<br>പ്രവർത്തന പരിധി I, II വാർഡുകൾ<br>ആഴ്ചയിൽ ഒരു ദിവസം ഗർഭിണികളെ പരിശോധിക്കുകയും മാസത്തിൽ ഒരു തവണ പ്രതിരോധകുത്തിവെയ്പ്പ് ഡോക്ടറുടെ നേതൃത്വത്തിൽ നടത്തുകയും ചെയ്യുന്നുണ്ട്. | ജനസംഖ്യാനുപാതികമായി പരിഗണിക്കുമ്പോൾ 2500 ജനങ്ങൾക്ക് (മലയോര മേഖലയിൽ) ഒരു കുടുംബക്ഷേമ ഉപകേന്ദ്രം എന്നതാണ് സർക്കാരിൻെറ നിലവിലുള്ള നയം. എന്നാൽ 6000–7000 ജനസംഖ്യ എന്ന നിലയിലാണ് ഒരു കുടുംബക്ഷേമ കേന്ദ്രം ഇന്ന് പ്രവർത്തിച്ചു വരുന്നത്. അതിനാൽ ജനസംഖ്യാനുപാതികമായി പുതിയ കുടുംബക്ഷേമ കേന്ദ്രങ്ങൾ അനുവദിക്കുക. |

| പൊതുസ്ഥാപനങ്ങൾ | നടപ്പുപ്രവർത്തനങ്ങൾ-വിലയിരുത്തലും അവലോകനവും | കാര്യക്ഷമത ഉണ്ടാക്കുവാനുള്ള മാർഗങ്ങൾ |
|---|---|---|
| FWC കരിന്തളം | പ്രവർത്തനപരിധി VIII,IX വാർഡുകൾ നിലവിൽ അനുയോജ്യമായ കെട്ടിടം ഇല്ലാത്തതിനാൽ VII-ാം വാർഡിൽ (കോയിത്തട്ടയിൽ) ആണ് പ്രവർത്തിക്കുന്നത്. | (ക) അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കുക<br>(ഖ) അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തുവാനുള്ള റിക്കാർഡുകൾ രജിസ്ററുകൾ എന്നിവ ലഭ്യമാക്കുക. |
| FWC ബിരിക്കുളം | പ്രവർത്തന പരിധി III,IV വാർഡുകൾ വൈദ്യുതി കണക്ഷൻ ഇല്ല. | (ഗ) സന്നദ്ധ സംഘടനകളുമായി ബന്ധപ്പെട്ട് ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക. |
| FWCപരപ്പ | പ്രവർത്തനപരിധി V, VI, X വാർഡുകൾ | (ഘ) ആവശ്യമായ ഫർണിച്ചറുകൾ അനുവദിക്കുക. |
| ഗവ: ഹോമിയോഡിസ്പൻസറി ചോയ്യങ്കോട് | 8 മുതൽ 1 മണിവരെ O P വിഭാഗം പ്രവർത്തിക്കുന്നു. ഒരു ഡോക്ടർ മററ് ജീവനക്കാർ ഉണ്ട് നിലവിലുള്ള സൗകര്യങ്ങൾ അപര്യാപ്തം. വൈദ്യുതി ഇല്ല | സ്വന്തമായ സ്ഥലത്ത് ഭൗതീക സൗകര്യങ്ങളോട് കൂടിയ പുതിയ കെട്ടിടം നിർമ്മിച്ച് ആശുപത്രിയായി ഉയർത്തുക. |
| ഗവ: ആയുർവേദ ഡിസ്പൻസറി പരപ്പ | ദിവസേന ഒ പി വിഭാഗം പ്രവർത്തിക്കുന്നു. | ഡോക്ടറേയും മററ് ആവശ്യമായ ജീവനക്കാരേയും നിയമിക്കുക. ഫർണിച്ചർ അനുവദിക്കുക.<br>മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുക |
| ഗവ: ആയുർവേദ ഡിസ്പൻസറി കാട്ടിപ്പൊയിൽ | വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഡോക്ടരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നു. | നിർമ്മാണം പൂർത്തിയാക്കിയ സ്വന്തം കെട്ടിടത്തിലേക്ക് പ്രവർത്തനം മാററുക.<br>മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുക. |

## 95–96 വർഷത്തിൽ പൊതു സ്ഥാപനങ്ങളിൽ മരുന്നിന് വേണ്ടി ചെലവഴിച്ച തുക

| സ്ഥാപനത്തിന്റെ പേര് | ചെലവഴിച്ച തുക | പ്രതിശീർഷ ചെലവ് |
|---|---|---|
| PHC കരിന്തളം | 32717.00 | 1.13 രൂപ |
| ഗവ:ഹോമിയോ ഡിസ്പൻസറി | 5126.00 | 0.18 രൂപ |

★ പ്രതിവർഷം യൂണിസെഫിന്റെ സഹായത്തിൽ വാക്സിൻ കിററ, IFA എന്നിവ നൽകുന്നുണ്ട്.

★ പേപ്പട്ടി വിഷത്തിനെതിരെയുള്ള വാക്സിൻ ആശുപത്രിയിൽ ലഭ്യമാണ്.

## 1995–96 വർഷം ഗവ: ആശുപത്രികളിൽ ചികിത്സയ്ക്ക് എത്തിയവർ

| ക്രമനമ്പർ | ആശുപത്രിയുടെ പേര് | 1995 – 96 വർഷം ചികിത്സക്ക് എത്തിയവർ | മററു വിവരങ്ങൾ |
|---|---|---|---|
| 1 | PHC കരിന്തളം | 6246 | പുതിയവ മാത്രം |
| 2 | ഗവ: ആയുർവേദ ഡിസ്പൻസറി പരപ്പ | 19,792 | പുനഃപരിശോധനക്ക് എത്തുന്ന രോഗികൾ ഉൾപ്പെടെ |
| 3 | ഗവ: ആയുർവേദ ഡിസ്പ്പൻസറി കാട്ടിപൊയിൽ | 11,445 | ( ,, ) |
| 4 | ഗവ: ഹോമിയോ ഡിസ്പ്പൻസറി ചോയ്യങ്കോട് | 11,950 | ( ,, ) |

## കുടിവെള്ളം

ജീവന്റെ നിലനിൽപ്പിന് പ്രാണ വായുവിനെപ്പോലെതന്നെ ഏററവും അവശ്യമായ ഒന്നാണല്ലോ ജലം. മനുഷ്യന് അവന്റെ നിത്യ ജീവിതത്തിൽ അത്യന്താപേക്ഷിതമായ ജലം സംഭരിക്കുന്നതിലും വിനിയോഗിക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല എന്ന് കാണാം. വർഷംതോറും പെയ്യുന്ന മഴയെ കാത്തിരിക്കുന്ന നമുക്ക് ലഭ്യമാകുന്ന മഴ വെള്ളം ശരിയായ രീതിയിൽ സംരക്ഷിച്ചു നിർത്തുകയാണെങ്കിൽ നാം ഇന്ന് അനുഭവിക്കുന്ന വരൾച്ചയെ ഫലപ്രദമായി നേരിടാൻ കഴിയും.

പഞ്ചായത്തിൽ 35%ത്തോളം ജനങ്ങളും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നവരാണ്. ഒന്നര കിലോ മീററിലധികം ദൂരം വരെ കുടിവെള്ളത്തിനായി സഞ്ചരിക്കേണ്ട സ്ഥിതി ഉണ്ട് ഭൂരിഭാഗം ജനങ്ങളും കിണർ വെള്ളത്തിനെയാണ് ആശ്രയിക്കുന്നത്. താഴ്വരകളിലും ചെറിയ ചെരിവുകളിലുമായാണ് വെള്ളം സുലഭമായിട്ടുള്ളത്. കുത്തനെയുള്ള ചെരിവുകൾ, പാറ പ്രദേശങ്ങൾ എന്നീ ഭൂഭാഗങ്ങളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നു. (അവലംബം: പഠന പര്യടനം) ഇതിനൊരപവാദമായി തോളേനി ചോയ്യങ്കോട് പ്രദേശങ്ങൾ നിലനിൽക്കുന്നു. ജല ക്ഷാമം കൂടുതലായി അനുഭവപ്പെടുന്നത് മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലാണ്. കുളം, ഉറവുകൾ എന്നിവയാണ് മററ് കുടിനീർ സ്രോതസുകൾ

## പൊതു കുടിനീർ സ്രോതസുകൾ

പഞ്ചായത്തിൽ ഇപ്പോൾ 14 പൊതുകിണറുകൾ. 39 പൊതു കുഴൽകിണറുകൾ, 14 പൊതു കുളങ്ങൾ, 50 പൊതു ടാപ്പുകൾ എന്നിവ ഉണ്ട് ഇവയിൽ മിക്കവയും ഉപയോഗ്യമല്ല. ലോക ബേങ്ക് സഹായത്തോടെ രണ്ടര കോടി രൂപയോളം മുടക്കി കുമ്പളപ്പള്ളിയിൽ ഒരു ശുദ്ധജല വിതരണ പദ്ധതി K W Aയുടെ വക പ്രവർത്തനം തുടങ്ങിയിട്ടുണ്ട് പഞ്ചായത്തിലെ ഒട്ടുമിക്ക സ്ഥലങ്ങളിലേക്കും പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട് ജല ലഭ്യതയെ കണക്കിലെടുക്കാതെയുള്ള കുളം നിർമ്മാണവും ലഭ്യമായ ജലം തന്നെ വേണ്ട വിധത്തിൽ വിതരണം ചെയ്യാൻ പററാത്ത അവസ്ഥയും, വൈദ്യുതി പ്രശ്നവും ഈ പദ്ധതിയെ അതിന്റെ പൂർണ്ണമായ ലക്ഷ്യത്തിൽ നിന്നും പിന്നിലാക്കുന്നു.

ലഭ്യമാകുന്ന മഴയിൽ ഏറിയ പങ്കും ഭൂമിയിൽ കിനിഞ്ഞിറങ്ങാതെ ഉപരിതലത്തിൽ കൂടി ഒലിച്ചുപോവുന്ന ഒരവസ്ഥയാണുള്ളത്. ഇത് മൂലം ഫലഭൂയിഷ്ടമായ മേൽമണ്ണ് നമുക്ക് നഷ്ടമാവുന്നു. നഷ്ടപ്പെടുന്ന ജലം അതാത് പ്രദേശത്ത് തന്നെ സംഭരിക്കുവാനുള്ള ഒരു പ്രവണത പൊതുവേ നമുക്കിടയിൽ ഇല്ല. അതാത് പ്രദേശങ്ങളിൽ പെയ്യുന്ന മഴവെള്ളം അതാത് സ്ഥലങ്ങളിൽ സംഭരിച്ച് വെക്കുകയും അത് വഴി ഭൂഗർഭ ജലത്തിന്റെ തോത് വർദ്ധിപ്പിക്കുകയും ചെയ്താൽ മാത്രമേ ജലക്ഷാമം പരിഹരിക്കുവാൻ സാധ്യമാവൂ.

ജല വിഭവത്തിന്റെ കാര്യത്തിൽ സ്വാശ്രയത്വമുള്ള ഈ പഞ്ചായത്തിൽ പരിസ്ഥിതി സംതുലനാവസ്ഥ കൈവരിക്കുന്ന രീതിയിൽ ജല സംരക്ഷണ പരിപാലന പ്രക്രിയ വഴി ജല സമ്പത്ത് സംരക്ഷിക്കേണ്ടതുണ്ട്. കുടിവെള്ള പരിപാലനത്തിനായി ക്ലോറിനേഷൻ പ്രവർത്തനം ഊർജ്ജിതമാക്കണം.

## ജലമലിനീകരണം

ജലമലിനീകരണം താരതമ്യേന നമ്മുടെ പഞ്ചായത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നില്ല എന്നാൽ ബളാൽ പഞ്ചായത്തിലെ ഹോട്ടലുകളിൽ നിന്നും തുറന്നു വിടുന്ന മലിനജലം വെള്ളരിക്കുണ്ട് പ്രദേശത്ത് താമസിക്കുന്നവർക്ക് ദോഷകരമാവുന്നു. പരപ്പച്ചാലിൽ ഓലയിടുന്നത് മൂലവും കൈത്തോടുകളിൽ മലവിസർജ്ജനം നടത്തുന്നതുമൂലവും ജലം മലിനമാവുന്നു. (അവലംബം: ഗ്രാമസഭാ റിപ്പോർട്ട്)

## സാധ്യതകൾ

1. ജല സംഭരണ കുഴികൾ ഉണ്ടാക്കുക.
2. തടയണകൾ ഉണ്ടാക്കുക.
3. കൃഷിഭൂമി തട്ടുകളാക്കി തിരിക്കുക അതു വഴി മണ്ണൊലിപ്പും തടയുവാൻ കഴിയും.
4. നിലവിലുള്ള കുഴൽ കിണറുകൾ പൊതു കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കി ഉപയോഗ്യമാക്കുക.
5. അനിയന്ത്രിതമായ പമ്പിംഗ് നിയന്ത്രിക്കുക.
6. പ്രാദേശിക നീരുറവുകൾ ലക്ഷ്യമാക്കികൊണ്ടുള്ള ചെറുകിട ജലവിതരണ പദ്ധതികൾ ആരംഭിക്കുക.
7. ഭൂഗർഭ ജലസംപുഷ്ടമായ 2% പ്രദേശങ്ങളും, താരതമ്യേന ഭൂഗർഭജല സംപുഷ്ടമായ 55% പ്രദേശങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്. അത് ഉപയോഗ പ്രദമാക്കണം,
[അവലംബം: കേരളലാൻറ് യൂസ് ബോർഡ്]
8. ബോധവൽക്കരണങ്ങൾ ഊർജ്ജിതമാക്കുക
9, പഞ്ചായത്തിലെ ജലവിഭവങ്ങളുടേയും ജല ലഭ്യതയുടെയും അടിസ്ഥാന വിവരങ്ങൾ ശേഖരിക്കാനാവശ്യമായ പഠനപ്രവർത്തനങ്ങൾ നടത്തുക.

## പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ / നിലവിലുള്ള സംവിധാനം / പരിഹാര നിർദ്ദേശങ്ങൾ ഒരവലോകനം (ഗ്രാമസഭ റിപ്പോർട്ട്)

| വാർഡ് | കുടിവെള്ളക്ഷാമ പ്രദേശങ്ങൾ | നിലവിലുള്ള അവസ്ഥ | പരിഹാരനിർദ്ദേശങ്ങൾ / സാധ്യത |
|---|---|---|---|
| 1 | കുണ്ടാരം, ചൂരിപ്പാറ, കാരിമൂല, ചോയ്യങ്കോട് ടൗൺ പള്ളിയത്ത് | ചായ്യോത്ത് മൂളിക്കുളം, ചോയ്യങ്കോട് ഗവ: കിണർ, കാരിമൂല പൊതുകിണർ ചോയ്യങ്കോട് കുഴൽ കിണർ, | മൂളിക്കുളം ചായ്യോത്ത്, ചോയ്യങ്കോട്, പൊതുകിണർ, മാങ്കരിചാൽ, മുതലക്കുണ്ട്, കാരിമൂല കുഴൽകിണർ എന്നിവിടങ്ങളിൽ ടാങ്ക് സ്ഥാപിച്ച് ജല വിതരണം നടത്തണം കാരിമൂല പൊതു കിണർ വൃത്തിയാക്കണം, ചോയ്യങ്കോട് റേഷൻ കടക്ക് പിന്നിലുള്ള കിണർ വൃത്തിയാക്കണം. |
| 2 | ചാമക്കുഴി, ഏഴാംമൈൽ, പയകുളം ബാലിങ്കൽ, കൊല്ലംപാറടൗൺ, പയ്യങ്കള ബാലവാടി, മഞ്ഞളംകാട്, പാലാട്ട് | മഞ്ഞളംകാട് പൊതുകിണർ കിനാനൂർ പഴയ G L P Sന് സമീപം പൊതുകിണർ, കിനാനൂർ ചാലാഴി പൊതുകുളം. | മഞ്ഞളംകാട്ടുള്ള പൊതുകിണർ ആഴം കൂട്ടിയാൽ 15 കുടുംബങ്ങൾക്ക് ഉപയോഗിക്കാം.<br><br>കിനാനൂർ – ചാലാഴിയിലെ പൊതുകുളം വൃത്തിയാക്കിയാൽ ശുദ്ധ ജല പ്രശ്നം തീർക്കാം. |
| | | | K W Dയുടെ സംവിധാനം കാര്യക്ഷമമാക്കി മഞ്ഞളംകാട് പാലാട്ട് റോഡ് വേട്രാടി കാരിമൂല എന്നിവിടങ്ങളിലേക്ക് നീട്ടണം. ചോയങ്കോട് മരമില്ല് പൈപ്പ് റിപ്പയർ ചെയ്യണം.<br><br>പയ്യങ്കുളം ബാലിങ്കൽ. കൊല്ലംപാറ കുഴൽ കിണർ വേണം, പയ്യങ്കുളം ബാലവാടി, കിനാനൂർ U L P S പൊതു കിണർ വേണം, പാലാട് കുഴൽ കിണർ വേണം. |
| 3 | കാട്ടിപ്പൊയിൽ, കാരളം, വരഞ്ഞൂർതട്ട് കോളനി, പാലക്കുന്ന്, കിഴക്കൊനൊടി | നവോദയ വായനശാലക്ക് സമീപം കുഴൽ കിണർ വെള്ളമില്ല കുമ്പളപ്പള്ളി K W D പൈപ്പ് ലൈൻ | K W D കാര്യക്ഷമമാക്കണം |
| 5 | പന്നിയെറിഞ്ഞകൊല്ലി കോളനി, തുമ്പകോളനി. | പരപ്പ തീയററർ സമീപം കിണർ, മുണ്ടത്തടം വാട്ടർ ടാങ്ക് പ്ലാച്ചിക്കല്ല് കുഴൽ കിണർ, പുലിയകുളം കുഴൽ കിണർ | പ്ലാച്ചിക്കുളം, നീർക്കുളം, കുളമാക്കി ടാങ്ക് സ്ഥാപിക്കുക കമ്മാടം ചെറുകുന്ന് ജലസ്രോതസ് ഉപയോഗപ്പെടുത്തണം. തുമ്പ കുളം വൈദ്യുതി ലഭ്യമാക്കണം. പ്ലാച്ചിക്കല്ല് കുഴൽ കിണർ, പുലിയകുളം കുഴൽ കിണർ } ഉപയോഗ്യമാക്കണം |

| | | | |
|---|---|---|---|
| 6 | കുറുക്കൂട്ടി പൊയിൽ കോളനി, കുട്ടിക്കുന്ന് കോളനി ഏറാൻചിററ് (AKG നഗർ) വെള്ളരിക്കുണ്ട് | പന്നിത്തടം പഞ്ചായത്ത് കിണർ – വെള്ളമില്ല, ആവുള്ളക്കോട് കിണർ, ഏറാൻചിററ കിണർ | കുഴൽ കിണർ വേണം. ആവുള്ളക്കോട് കിണർ വൃത്തിയാക്കണം |
| 7 | കുമ്പളപ്പള്ളി കോളനി, വരയിൽ മീത്തലെ ചീററ, സ്കൂറം പരിസരം, പുല്ലുമല, മീർകാനം, വള്ളപ്പാറ കാലിച്ചമാരം, കോയിത്തട്ട, ചെന്നേററ, പെരിയങ്ങാനം തട്ട് താന്നിയടുക്കം, പെരിയങ്ങാനം സ്കൂറം പരിസരം | കോയിത്തട്ട കിണർ വാളൂർ സർക്കാർ കിണർ | ചേനററാടിയിൽ കുളം കുഴിച്ച് പുല്ലുമല ടാങ്കിലേക്ക് പമ്പ് ചെയ്യുക. വാളൂർ സർക്കാർ കിണർ ആഴം കൂട്ടി പമ്പ് സ്ഥാപിക്കുക. പൈപ്പ് ലൈൻ മററിടങ്ങളിലേക്ക് വ്യാപിപ്പിക്കുക. |
| 8 | മൊട്ടക്കുന്ന്, വേളൂർ, കയനി, ഓമച്ചേരി, പാറക്കോൽ കീഴ്മാല സ്കൂറം പരിസരം, കീഴ്മാലതാഴെ, തലയടുക്കം, കൊല്ലംപാറ, ഓമച്ചേരി. | കയനി സർകാർ കിണർ കീഴ്മാല കുളം | കീഴ്മാല കുളം വൃത്തിയാക്കി ഉപയോഗിക്കണം. കീക്കാനം സ്വകാര്യ വ്യക്തി ജലസ്രോതസ് കൊരവൻതല കുളം നിർമ്മിക്കണം 200 വീട്ടുകാർക്ക് പ്രയോജനപ്പെടും |
| 9 | GLPS പുലിയന്നൂർ, കുണ്ടൂർ, മനയംകോട്, പുല്ലാഞ്ഞിയോട്ട്, മുക്കട അന്നോറം | പുല്ലാഞ്ഞിയോട്ട് പഞ്ചായത്ത് കുളം | പുല്ലാഞ്ഞിയോട്ടിലെ പഞ്ചായത്ത് കുളം വൃത്തിയാക്കി ടാങ്ക് സ്ഥാപിക്കുക. പുലിയന്നൂർ സ്ക്കൂറം കുഴൽ കിണർ, കുണ്ടൂർ കുഴൽ കിണർ, മനയംകോട് പൊതു കിണർ, പുല്ലാഞ്ഞിയോട്ട്, മുക്കട കുഴൽ കിണർ വേണം. |
| 10 | നെല്ലിയം കോളനി, പുലിയംകുളം, കുണ്ടുകൊച്ചി | വേനൽക്കാലത്ത് ലോറിയിൽ വെള്ളം വിതരണം ചെയ്യുന്നു. | പെറുകുന്ന് സ്ഥിരമായി വെള്ളമുണ്ട്. കുളം നിർമ്മിച്ച് പമ്പ് സ്ഥാപിച്ചാൽ പരപ്പ ടൗണിൽ ഉപയോഗിക്കാം. കാരാട്ട് കുളംകുഴിക്കണം. കൂളിപ്പാറ മുണ്ടത്തടം വനത്തിലെ വെള്ളം സംരക്ഷിച്ചാൽ പരപ്പ ടൗണിലേക്ക് വെള്ളം കിട്ടും. |

## പട്ടിക

## പൊതു കുടിവെള്ള സ്രോതസ്സുകൾ

| വാർഡ് | പൊതു കിണർ | പൊതു കുഴൽ കിണർ | പൊതു കുളം | പൊതു ടാപ്പുകൾ | ഉറവകൾ |
|---|---|---|---|---|---|
| 1 | 3 | 2 | 2 | — | മുതലക്കുണ്ട് 1 |
| 2 | 3 | 3 | 1 | | — |
| 3 | 1 | 2 | — | — | കാറളം 1 |
| 4 | 3 | 4 | 2 | | ഇല്ല |
| 5 | 1 | 3 | 2 | | പ്ലാച്ചിക്കല്ല് കമ്മാടം 2 |
| 6 | 3 | — | — | | — |
| 7 | 4 | 6 | 1 | | ചേനററാടി ആറളം വരയിൽ, 3 |
| 8 | 1 | — | 2 | | കീക്കാനം കൊരന്തല 2 |
| 9 | — | — | 1 | | ഒററമൂല ചേനററാടി, 2 |
| 10 | — | — | — | | ചെറുകുന്ന് കാരാട്ട്, മുണ്ടത്തടം 3 |
| ആകെ | 19 | 20 | 11 | 50 | 14 |

★ വാർഡ് തിരിച്ചകണക്ക് ലഭ്യമല്ല

★★ പൊതുകുഴൽ കിണർ കൃത്യമായ കണക്ക് ലഭ്യമല്ല.

## ശുചിത്വം

ജീവന്റെ ആരോഗ്യകരമായ നിലനിൽപ്പിന് വ്യക്തിശുചിത്വവും പരിസര ശുചിത്വവും കൂടിയേ തീരൂ. വ്യക്തി ശുചിത്വത്തിൽ നാം കേരളീയർ പൊതുവെ ശുദ്ധാലുക്കളാണെങ്കിലും പരിസര ശുചിത്വബോധം വളരെ കുറവായിട്ടാണ് കാണുന്നത്. നമ്മുക്കിടയിൽ കാണുന്ന രോഗങ്ങളിൽ ഏകദേശം 90%ത്തോളം ജലജന്യ രോഗങ്ങളാണ് എന്നുള്ളത് കൊണ്ട് തന്നെ കുടിവെള്ളവും, ആഹാരവും മലിനമാവുന്നത് തടയുവാൻ ശാസ്ത്രീയ സംവിധാനം ചെയ്ത കക്കൂസുകളും മററ് മാലിന്യ നിർമ്മാർജന മാർഗങ്ങളും അതിനനുസൃത്തമായ ജീവിത രീതിയും ഉണ്ടാക്കിയെടുക്കുക എന്നുള്ളതായിരിക്കണം ഏററവും പ്രധാനമായത്.

പഞ്ചായത്തിൽ 50% ജനങ്ങൾക്ക് മാത്രമേ കക്കൂസുള്ളു പഞ്ചായത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതകൊണ്ടും മററും കക്കൂസ് ഒരവശ്യമായി ജനങ്ങളിലേക്ക് എത്തിയിട്ടില്ല. നിലവിൽ ഗ്രാമ വികസന വകുപ്പ് പഞ്ചായത്ത് എന്നിവ വഴി ചില കോളനികളിൽ കക്കൂസുകൾ അനുവദിച്ചിട്ടുണ്ട്. അവ വേണ്ട വിധത്തിൽ ഉപയോഗയോഗ്യമല്ല. നടപ്പിലാക്കിയ പദ്ധതികളിൽ ഉപഭോക്താക്കളുടെ പങ്കാളിത്തക്കുറവ് ഉണ്ടായിട്ടുണ്ട്.

## പരിസരശുചിത്വം

പട്ടണങ്ങളിൽ അനുഭവപ്പെട്ടുന്ന പോലെ കാര്യമായ പരിസര പ്രശ്നങ്ങൾ അനുവപ്പെടാത്ത ഒരു പഞ്ചായത്താണ് നമ്മുടേത്. പരപ്പയാണ് പഞ്ചായത്തിലെ പ്രധാന ടൗൺ. വളർന്ന് വരുന്ന ഒരു ടൗൺ എന്ന് പരപ്പയെ വിശേഷിപ്പിക്കാം. അതുകൊണ്ട് തന്നെ മലിനീകരണത്തിന് ഏറെ സാധ്യതകളും കാണുന്നു. പ്രത്യേകിച്ച് ഹോട്ടലുകൾ മററ് കച്ചവടസ്ഥാപനങ്ങൾ, അറവുശാലകൾ എന്നിവയിൽ നിന്ന് മുണ്ടാകുന്ന അവശിഷ്ടവസ്തുക്കൾ സംസ്കരിക്കുവാനുള്ള സംവിധാനം നിലവിലില്ല. വളർന്നു വരുന്ന മറെറാരു ചെറുവ്യവസായം എന്നുള്ള നിലയിൽ സ്റേറാൺ ക്രഷറിന് ഏറെ പ്രധാന്യമുണ്ട്. ഇപ്പോൾ ഒരു പാരിസ്ഥിതിക പ്രശ്നമായി അനുഭവപ്പെടുന്നില്ലെങ്കിലും ഭാവിയിൽ അതിനുള്ളസാധ്യതകൾതള്ളിക്കളയുവാൻ കഴിയുകയില്ല.

| സ്ഥിരമായത് | താൽക്കാലികം |
|---|---|
| കക്കൂസ് ഇല്ലാത്തവർ | |

## പരിഹാര നിർദ്ദേശങ്ങൾ

1 പഞ്ചായത്തിലെ കക്കൂസ് ഉള്ളവരുടേയും ഇല്ലാത്തവരുടെയും സർവെ നടത്തുക

2 പഞ്ചായത്തിലെ ഹോട്ടലുകൾ, അറവു ശാലകൾ, മൽസ്യ വിൽപന കേന്ദ്രങ്ങൾ, മററ് കച്ചവട സ്ഥാപനങ്ങൾ എന്നിവ പൊതു ജനാരോഗ്യ നിയമങ്ങൾക്ക് നിയന്ത്രണങ്ങൾക്കും വിധേയമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.

3 സാമൂഹ്യ സന്നദ്ധ സംഘടനകളുടേയും ജനപങ്കാളിത്തത്തോടേയും മററ് ഏജൻസികളുടെ സഹകരണത്തോടെയും നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പഞ്ചായത്തിലെ മുഴുവൻ പേർക്കും ചെലവ് കുറഞ്ഞ രീതിയിൽ കക്കൂസ് ലഭ്യമാക്കുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുക.

4 വ്യാപകമായ ബോധവൽക്കരണം നടത്തുക.

# ഗതാഗതം – ഊർജ്ജം – മാർക്കററ്

## ഗതാഗതം

ചരിത്ര രേഖകളിൽ നമ്മുടെ പഞ്ചായത്തിന്റെ ജലഗതാഗതത്തെകുറിച്ച് വിശദമായ പരാമർശമുണ്ട്. 18–ാം നൂററാണ്ടിൽതന്നെ കാര്യങ്കോട് പുഴയിലൂടെ പത്തേമാരികളും വഞ്ചികളും സഞ്ചരിച്ചിരുന്നു. (അവലംബം വില്യംലോഗൻ മലബാർ മാനവൽ) കാര്യങ്കോട് പുഴവഴിതന്നെയായിരുന്ന അട്ടത്തിടെ വരെ ബോട്ട് സർവ്വീസ് ഉണ്ടായിരുന്നത്. മലയോര പ്രദേശത്തെ ആളുകളുടെ യാത്ര മുക്കട വഴിയായിരുന്നു,

ഒരുഡസനോളംബോട്ടുകൾ നിത്യവും സർവ്വീസ് നടത്തിയിരുന്നു. കാർഷികോൽപ്പന്നങ്ങൾ വിപണിയിലെത്തിക്കാൻ ചീനകളെയും ഉപയോഗപ്പെടുത്തിയിരുന്നു. ആഴ്ചയിൽ നിശ്ചിത ദിവസം കാർഷികോല്പന്നങ്ങൾ വിപണിയിലെത്തിക്കാനും സാധനസാമഗ്രികൾപട്ടണത്തിലേയ്ക്കും തിരിച്ചുംഎത്തിക്കാനുള്ള ചീനകൾ സർവ്വീസ്നടത്തിയിരുന്നു. ഇപ്പോഴും ഭാഗീഗമായി നിലനിൽക്കുന്നുണ്ട്. പഞ്ചായത്തിലെ മുക്കട,പുലിയന്നൂർ,ചെറുപ്പക്കോട്, അണ്ടോൾ, പൊതാവൂർ: പാലാട്ടര, മണ്ടംവളപ്പ്, ചെറിയാക്കര, പന്നിയിൽ,അരയാക്കടവ് എന്നിവിടങ്ങളിൽ പഞ്ചായത്തുകളുടെയോ സ്വകാര്യ വ്യക്തികളുടെയോ കടത്തുതോണികൾ ഉണ്ട്.

വനപ്രദേശമായിരുന്ന ഈപഞ്ചായത്തിലെ ഊടുവഴികളിലെ കാൽനടയായിരുന്ന ഏക ആശ്രയം. കാളവണ്ടി സംസ്കാരത്തിന്റെ അവശിഷ്ടങ്ങൾ ചക്രങ്ങൾ ഉരുണ്ട് പാറകളിൽതീർത്ത ചാലുകൾ ഈ കാലത്തിന്റെ ദൃഷ്ടാന്തങ്ങൾആണ്, ഈ ഊടുവഴികളിലൂടെ കമ്മാടം ക്ഷേ ത്രോ ത്സ വ ത്തി നാ യി നീലേശ്വരം ഭാഗങ്ങളിൽ നിന്നും വിവിധ ജനവിഭാഗങ്ങളുടെ യാത്ര അരിമണിയുമായി പോകുന്ന ഉറുമ്പിൻകൂട്ടങ്ങളെ അനുസ്മരിപ്പിക്കത്തക്ക രീതിയിലായിരുന്ന എന്ന് പഴമക്കാർ പറയുന്നു. പട്ടണപ്രദേശങ്ങളിലേയ്ക്ക് എത്തിച്ചേരുക എന്നത് രണ്ടുദിവസത്തെ ശ്രമകരമായ അദ്ധ്വാനമാണ്. വഴി യാത്രക്കാർക്ക് കുടിവെള്ളം നല്ലാനുള്ള ഏർപ്പാടുകൾ വിവിധ സ്ഥലങ്ങളിലായി ഉണ്ടായിരുന്നു. പഞ്ചായത്തിലെ സ്ഥലനാമങ്ങൾ തന്നെ ഈ വിവരം സൂചിപ്പിക്കുന്നുണ്ട്. നമ്മുടെ നാടിന്റെ മുഖച്ഛായ മാറുന്നത് നീലേശ്വരം– മുക്കട റോഡിന്റെ നിർമ്മാണത്തോട് കൂടിയാണ്. മുൻപ് പ്രമാണിമാരുടെ യാത്രയ്ക്ക് പല്ലക്കും മഞ്ചലും ഉപയോഗിച്ചിരുന്നു. പരപ്പച്ചാൽ പാലം ഉണ്ടാകുന്നത്‌വരെ മുക്കടവരെയായിരുന്നു ബസ്സ്. വാഹനങ്ങളുടെ ചക്രത്തിൽ പുല്ല്നിറച്ച് കയററങ്ങൾ തള്ളിക്കയററുകയായിരുന്നു അന്നത്തെ യാത്രയെന്നത് ഇന്ന് അവിശ്വസനിയമായി തോന്നാം. ഈ റോഡിലൂടെ ആദ്യമായി സർവ്വീസ് നടത്തിയിരുന്ന ബസ്സ് 'രവി മോട്ടോർസ്' ആയിരുന്നു. നിലവിലുള്ള റോഡുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

ടാർ ചെയ്ത റോഡുകൾ – PWD അധീനത

### പട്ടിക I

### പഞ്ചായത്തിലെ ടാർ റോഡുകൾ

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം (കി. മീ.) | വീതി (മീ.) | ബസ്/മററ് യാത്രാസൗകര്യം |
|---|---|---|---|---|---|
| 1 | നീലേശ്വരം—ഇടത്തോട് | P W D | 7 | 8 | ഉണ്ട് |
| 2 | ചോയ്യംകോട്—മുക്കട | ,, | 9.5 | 8 | ,, |
| 3 | ഒടയംചാൽ–പരപ്പ -കനകപ്പള്ളി | ,, | 4 | 8 | ,, |
| 4 | വെള്ളരിക്കുണ്ട്–കുരാംകുണ്ട് | ,, | 3 | 8 | ,, |
| 5 | പ്ലാച്ചിക്കര—ചിറംകടവ് | ,, | 3.5 | 8 | ,, |
| 6 | കൊല്ലംപാറ—ബിരിക്കുളം | ,, | 9.5 | 8 | ,, |
| 7 | കാലിച്ചാമരം—ബിരിക്കുളം—പരപ്പ | ,, | 12 | 8 | ,, |
| 8 | ചായ്യോം—മാനൂരി | ,, | 1 | 8 | ,, |
| | ആകെ | | 49.5 | | |

96

## പട്ടിക 2
## പഞ്ചായത്തിലെ ടാർ റോഡുകൾ

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം (കി. മി) | വീതി (മീ.) | ബസ്/മററ് യാത്രാസൗകര്യങ്ങൾ |
|---|---|---|---|---|---|
| 1 | ചായ്യോം—അരയാക്കടവ് | പഞ്ചായത്ത് | 0.850 | 6 | ഇല്ല |
| 2 | കിനാനൂർറോഡ്–വാഴപ്പന്തൽ | ,, | 2.850 | 6 | ,, |
| 3 | കിനാനൂർ—അമ്പലം | ,, | 1.500 | 6 | ,, |
| 4 | ചോയ്യംകോട്—കക്കോൽ | ,, | 0.500 | 6 | ,, |
| 5 | കിളിയളം—ചാങ്ങാട് | ,, | 0.800 | 6 | ,, |
| 6 | കരിന്തളംപാറ—ചിമ്മത്തോട് | ,, | 0.200 | 6 | ,, |
| 7 | കാലിച്ചാമരം–വടക്കെപുലിയന്നൂർ | ,, | 0.800 | 6 | ,, |
| 8 | വെള്ളരിക്കണ്ട്—പന്നിത്തടം | ,, | 0.700 | 6 | ,, |
| 9 | പരപ്പ–പ്രതിഭാനഗർ–മാളൂർക്കയം | ,, | 2.500 | 6 | ,, |
| 10 | കോയിത്തട്ട—കമ്പളപ്പള്ളി | ,, | 1.800 | 6 | ,, |
| 11 | കുറുഞ്ചേരി—കാലിക്കടവ് | ,, | 0.950 | 6 | ,, |
| 12 | കമ്മാടം—ബാനം | ,, | 0.300 | 6 | ,, |
| 13 | പരപ്പ—മുങ്ങത്തടം | ,, | 2.500 | 6 | ,, |

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലും പഞ്ചായത്തും ഗ്രാമവികസന വകുപ്പും ടാർചെയ്ത റോഡുകൾ ഈ പഞ്ചായത്തിൽ ഉണ്ട് എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ ഒഴികെ മററുറോഡുകളുടെ അററകററപണികൾ യഥാസമയം നടക്കുന്നില്ല.

പഞ്ചായത്തുവഴി കടന്നുപോകുന്ന റോഡുകളിലുള്ള തലയടുക്കം, നരിമാളം വളവുകളിൽ വൺവേ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൊല്ലമ്പാറ, ചേനാറ, കോയിത്തട്ട, കാലിച്ചാമരം എന്നിവിടങ്ങളിലും കമ്പളപ്പള്ളി, പെരിയങ്ങാനം എന്നിവിടങ്ങളിലും നിലവിലുള്ള വളവുകൾ നികത്തേണ്ടതുണ്ട്. പൊതുമരാമത്ത് റോഡിൽ സിഗ്നൽ ബോർഡിന്റെ അഭാവം അപകടങ്ങൾ വിളിച്ചുവരുത്തുന്നു. വാഹനങ്ങളുടെയും യാത്രക്കാരുടെയും എണ്ണത്തിലുണ്ടായ വർദ്ധനവിനനുസൃതമായ വികസനം റോഡിനുണ്ടായിട്ടില്ല. നിലവിലുള്ള റോഡിന് ഓവുചാലുകളില്ലാത്തത് റോഡിന്റെ സംരക്ഷണകാര്യത്തിൽ ബുദ്ധിമുട്ടനുഭവപ്പെടുന്നു. ആകെ മൊത്തം പഞ്ചായത്തിൽ **(PWD)** ഉ ൾ പ്പെ ടെ **65.150 KM** ടാർചെയ്ത റോഡുകൾ

നിലവിലുള്ള ചെമ്മൺ റോഡുകൾ (പട്ടിക 3)

## പട്ടിക 3

അവലംബം: സെക്കണ്ടറി ഡാററ

## പഞ്ചായത്തിലെ ചെമ്മൺ റോഡുകൾ

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം (കി. മീ.) | വീതി (മീ.) | ബസ്സ്/മററ് യാത്രാ സൗകര്യങ്ങൾ |
|---|---|---|---|---|---|
| 1 | നരിമാളം—കാരിമൂല | പഞ്ചായത്ത് | 1.500 | | |
| 2 | ചായ്യോം—അരയാക്കടവ് | ,, | 0.200 | | |
| 3 | ചായ്യോം എച്ച്. എസ്.—കണിയാട അമ്പലം | ,, | 1.700 | | |
| 4 | ചായ്യോംബസാർ–ചക്ലിയകോളനി | ,, | 1.200 | | |
| 5 | ചോയ്യങ്കോട്–ചൂരിപ്പാറ–ചായ്യോം | ,, | 3.200 | | |
| 6 | മണിമുണ്ട–ആനക്കല്ല്–ക്കുവാററി | ,, | 2.400 | | |
| 7 | പള്ളിയത്ത്–മാന്നൂരി–പോണ്ടി–ചൂരിപ്പാറ | ,, | 2.000 | | |
| 8 | നരിമാളം–കാരിമൂല–കിണാവൂർ | ,, | 3.000 | | |
| 9 | ചാമക്കുഴിതട്ട്–ചാമക്കുഴിചാൽ–കരിവാർകുന്ന് | ,, | 4.000 | | |
| 10 | ക്കുവാററിചാൽ—ചാമക്കുഴി | ,, | 3,500 | | |
| 11 | ചാമക്കുഴി—ചാങ്ങാട് | ,, | 1.500 | | |

പട്ടിക 3

## പഞ്ചായത്തിലെ ചെമ്മൺ റോഡുകൾ

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം (കി. മീ.) | വീതി (മീ.) | ബസ്സ്/മററ് യാത്രാസൗകര്യങ്ങൾ |
|---|---|---|---|---|---|
| 12 | കുവാററിപാലം–കോട്ടക്കുന്ന്റോഡ് | പഞ്ചായത്ത് | 0.900 | 6 | ഇല്ല |
| 13 | കോട്ടക്കുന്ന്—ആനക്കല്ല് | ,, | 0.600 | 6 | ,, |
| 14 | മഞ്ഞളംകാട്–പാലാട്ട്കടവ്–മോലോത്തുംകുളം–ചാത്തടക്കം–കണ്ണൻകുന്ന് | ,, | 1.800 | 6 | ,, |
| 15 | ചോയ്യംകോട്–കക്കോൽ–പയ്യങ്കുളം | ,, | 2.000 | 6 | ,, |
| 16 | പെരിങ്ങകിഴക്കേക്കര–പായങ്ങാട്ട്ചാൽ–പയ്യങ്കുളംകാവ് | ,, | 2.000 | 6 | ,, |
| 17 | കൊല്ലംപാറ—കക്കോൽ | ,, | 1.000 | 6 | ,, |
| 18 | നരിമാളം–കാനത്തുംവാതുക്കൽ | ,, | 0.500 | 6 | ,, |
| 19 | ഏഴാംമൈൽത്തട്ട്–ഒടിയിട്ടമാവ്ചാൽ | ,, | 3.000 | 6 | ,, |
| 20 | വാളൂർ—നെല്ലിയടുക്കം | ,, | 1.500 | 6 | ,, |
| 21 | കാലിച്ചാനടുക്കം–ആനപ്പെട്ടി–വരഞ്ഞൂർ–മേലാഞ്ചേരി | ,, | 4.000 | 6 | ,, |
| 22 | നെല്ലിയടുക്കം–കാറളം–കാട്ടിപ്പൊയിൽ–വരഞ്ഞൂർ | ,, | 3.000 | 6 | ,, |
| 23 | പയ്യടി–ഞെരളിയം–ചെന്നക്കോട് | ,, | 2.000 | 6 | ,, |
| 24 | തോളേനി–വാച്ചാൽ–കക്കോട് കാട്ടിപ്പൊയിൽ | ,, | 1.500 | 6 | ,, |
| 25 | ബിരിക്കുളം–നായിക്കുന്ന്—കൊട്ടമടൽ–പിലാത്തടം | പഞ്ചായത്ത് | 3.000 | 6 | ഇല്ല |
| 26 | കുറുഞ്ചേരി–തുള്ളവൻകല്ല്—ഓമനങ്ങാനം | ,, | 4.500 | 6 | ,, |
| 27 | ബിരിക്കുളം–കാളിയാനം–ഒണ്ടംകുന്ന്–കരിയാംകുടൽ–ചെന്നക്കോട്വരഞ്ഞൂർ | ,, | 6.500 | ,, | ,, |
| 28 | കോളംകുളം–മയ്യങ്ങാനം—കോയിത്തട്ട | ,, | 5.000 | ,, | ,, |
| 29 | കുറുഞ്ചേരി—നീലിവരഞ്ഞൂർ | ,, | 3.000 | ,, | ,, |
| 30 | പുലിയംകുളം–ചെന്നക്കോട്—ഹരിജൻകോളനി | ,, | 2.500 | ,, | ,, |
| 31 | ബിരിക്കുളം–മീനച്ചുംകുണ്ട്—കാളാൻമൂല | ,, | 3.000 | ,, | ,, |
| 32 | കൂടോൽ—മയ്യങ്ങാനം | ,, | 2.300 | ,, | ,, |
| 33 | പുലയനടുക്കം–അഞ്ചുപൊതിപ്പാട് പെരിയങ്ങാനം വെയിററിംഗ്ഷെഡ് | ,, | 1.500 | ,, | ,, |
| 34 | ചേമ്പേന ഹരിജൻകോളനി—മയ്യങ്ങാനം | ,, | 2.000 | ,, | ,, |
| 35 | ആലടിത്തട്ട്—കനകപ്പള്ളി | ,, | 1.000 | ,, | ,, |
| 36 | പ്രതിഭാനഗർ NSS മന്ദിരം–തുമ്പ–കനകപ്പള്ളി ഹരിജൻകോളനി | ,, | 1.500 | ,, | ,, |
| 37 | പരപ്പ–വട്ടിപ്പുന്ന–മാളൂർക്കയം കപ്പമാട്–ആലിത്തട്ട് ഹരിജൻകോളനി | ,, | 3.500 | ,, | ,, |

## പട്ടിക 3
# പഞ്ചായത്തിലെ ചെമ്മൺ റോഡുകൾ

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം (കി. മീ.) | വീതി (മീ). | ബസ്സ്/മററ് യാത്രാസൗകര്യങ്ങരം |
|---|---|---|---|---|---|
| 38 | പരപ്പ–ക്ലായിക്കോട് | പഞ്ചായത്ത് | 0.700 | 6 | ഇല്ല |
| 39 | പരപ്പച്ചാൽ–പരപ്പ അമ്പലം–കനകപ്പള്ളി | ,, | 2.000 | ,, | ,, |
| 40 | പ്രതിഭാനഗർ–പ്ലാച്ചിക്കല്ല്–മുണ്ടത്തടം | ,, | 2.000 | ,, | ,, |
| 41 | കൂരാംകുണ്ട്—പന്നിത്തടം | ,, | 2.000 | ,, | ,, |
| 42 | വെള്ളരിക്കുണ്ട്–മാവുള്ളാൽ—അട്ടക്കാട് | ,, | 1.500 | ,, | ,, |
| 43 | പ്ലാച്ചിക്കര–ആവുള്ളക്കോട് ഹരിജൻകോളനി | ,, | 1.000 | ,, | ,, |
| 44 | ഏറാൻചിററ—ചെമ്പംകുന്ന് | ,, | 1.000 | ,, | ,, |
| 45 | വെള്ളരിക്കുണ്ട്–പന്നിത്തടം—കാരാട്ട് | ,, | 3.000 | ,, | ,, |
| 46 | ചിററംകടവ്–കുറുക്കട്ടിപൊയിൽ | ,, | 1.500 | ,, | ,, |
| 47 | ഭീമനടി–കുറുക്കട്ടിപൊയിൽ | ,, | 0.500 | ,, | ,, |
| 48 | പന്നിത്തടം—വടക്കാകുന്ന് | ,, | 0.500 | 6 | ,, |
| 49 | കരിന്തളംപാറ—ചിമ്മത്തോട് | ,, | 0.800 | ,, | ,, |
| 50 | വരയിൽ—കണ്ണോത്ത് | ,, | 2.500 | ,, | ,, |
| 51 | കോയിത്തട്ട–മയ്യങ്ങാനം–കോളംകുളം | ,, | 5.000 | ,, | ,, |
| 52 | കുമ്പളപ്പള്ളി–പുലയനടുക്കം—അഞ്ചുപൊതിപ്പാട് | ,, | 3.000 | ,, | ,, |
| 53 | വാളൂർ—നാന്തിയടുക്കം | ,, | 1.000 | ,, | ,, |
| 54 | കുമ്പളപ്പള്ളികരിമ്പിൽ HS | ,, | 1,000 | ,, | ,, |
| 55 | ആറളം–അമ്പേത്തടി–മുതുകുററി | ,, | 1.500 | ,, | ,, |
| 56 | കുമ്പളപ്പള്ളി–മീത്തലെ ചീററവഴി മേലടുക്കം | ,, | 1.500 | ,, | ,, |
| 57 | ചേനററ—കൊണ്ടൊടി | ,, | 1.000 | ,, | ,, |
| 58 | കുമ്പളപ്പള്ളിതട്ട്—മീക്കാനം | ,, | 3.000 | ,, | ,, |
| 59 | കോയിത്തട്ട—പുലിയന്നൂർ | ,, | 1.000 | ,, | ,, |
| 60 | കോയിത്തട്ട—അണ്ടോറം | ,, | 3.500 | ,, | ,, |
| 61 | കാവുതിയോട്ട്–വേളൂർപാറക്കോൽ–കൊല്ലമ്പാറ തീരദേശറോഡ് | ,, | 4.000 | ,, | ,, |
| 62 | കൊല്ലമ്പാറ—മൂരിക്കാനം | ,, | 1.000 | 6 | ,, |
| 63 | കാരാട്ട്—കൊല്ലമ്പാറ | ,, | 1.000 | ,, | ,, |
| 64 | കരിന്തളപാറ–ഓമച്ചേരി പാറക്കോൽ | ,, | 1.500 | ,, | ,, |
| 65 | ചേനററ–കയനി–തളിയമ്മാട | ,, | 2.500 | ,, | ,, |
| 66 | തലയടുക്കം—പാറക്കോൽ | ,, | 1.000 | ,, | ,, |
| 67 | കാരാട്ട്–കീഴ്മാല പുതിയസ്ഥാനം | ,, | 1.000 | ,, | ,, |
| 68 | കൊല്ലമ്പാറ–കീഴ്മാല മണ്ടംവളപ്പ് | ,, | 1.500 | ,, | ,, |
| 69 | പരപ്പച്ചാൽ–പാറക്കോൽ—അരയാക്കടവ് തീരദേശം | ,, | 18.000 | ,, | ,, |

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം (കി. മീ.) | വീതി (മീ.) | ബസ്സ്/മററ് യാത്രാ സൗകര്യങ്ങൾ |
|---|---|---|---|---|---|
| 70 | പരപ്പച്ചാൽ–ചേനററാടി— മീക്കാനം | പഞ്ചായത്ത് | 2.500 | 6 | ഇല്ല |
| 71 | കാലിച്ചാമരം—അണ്ടോാം | ,, | 4.000 | ,, | ,, |
| 72 | കോയിത്തട്ട—അണ്ടോാം | ,, | 3.300 | ,, | ,, |
| 73 | കഞ്ഞിപാറ—കുണ്ടൂർ | ,, | 1.000 | ,, | ,, |

## പട്ടിക 3

## പഞ്ചായത്തിലെ ടാർ റോഡുകൾ

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം (കി. മീ.) | വീതി (മീ). | ബസ്സ്/മററ് യാത്രാസൗകര്യങ്ങൾ |
|---|---|---|---|---|---|
| 74 | മുക്കട—കുണ്ടൂർ | PwD | 1.000 | 8 | ഇല്ല |
| 75 | കമ്മാടം–കാരാട്ട്— കത്തിയാക്കുണ്ട് | പഞ്ചായത്ത് | 2.500 | 6 | ,, |
| 76 | പരപ്പച്ചാൽ—കാരാട്ട് | ,, | 3.000 | ,, | ,, |
| 77 | തോടംചാൽ—മരുതുകുന്ന് | ,, | 2.500 | ,, | ,, |
| 78 | പരപ്പച്ചാൽ–പട്ളം–കമ്മാടം | ,, | 2.000 | ,, | ,, |
| 79 | പരപ്പ—പട്ളം | ,, | 0.500 | ,, | ,, |
| 80 | ബിരിക്കുളം–പിലാത്തടം–കാരാട്ട് | ,, | 3.000 | ,, | ,, |
| 81 | ആലടിത്തട്ട്—കനകപ്പള്ളി | ,, | 1.000 | ,, | ,, |
| 82 | NSS മന്ദിരം–തുമ്പ–കനകപ്പള്ളി | ,, | 1.000 | ,, | ,, |
| 83 | പരപ്പ–വട്ടിപ്പുന്ന–മാളൂക്കയം കുപ്പമാട്–ആലടിത്തട്ട് | ,, | 3.000 | ,, | ,, |
| 84 | പരപ്പ—ക്ലായിക്കോട് | ,, | 0.700 | ,, | ,, |
| 85 | പരപ്പച്ചാൽ–പരപ്പ അമ്പലം— കനകപ്പള്ളി | ,, | 2.000 | ,, | ,, |
| 86 | പ്രതിഭാനഗർ—പ്ലാച്ചിക്കല്ല് | ,, | 1.000 | ,, | ,, |
| 87 | പ്ലാച്ചിക്കല്ല്—മുങ്ങത്തടം | ,, | 1.000 | ,, | ,, |

പഞ്ചായത്തിൽ ആകെയുള്ള വിസ്തീർണ്ണത്തിൻെറ 15% പ്രദേശം റോഡ് സൗകര്യത്തിന്‌വേണ്ടിയാണ് വിനിയോഗിക്കുന്നതു്. 140 ഹെക്ടർ വരുന്ന തീരപ്രദേശത്തേക്കാളും, 95 ഹെക്ടർ നെൽപ്പാടത്തേക്കാളും വരുന്ന ഭൂരിഭാഗവും നാം റോഡിന് വേണ്ടി ചില വഴിക്കുന്നു, നിലവിലുള്ള ചെമ്മൺ റോഡുകളുടെ പ്രധാന പ്രശ്നം പാർശ്വഭിത്തികൾ സംരംക്ഷിച്ചിട്ടില്ലാത്തതും, ആവശ്യത്തിന് ഓടകൾ ഇല്ലാത്തതും, ആവശ്യമായ സ്ഥലത്ത് കലുങ്കുകൾ ഇല്ലാത്തതുമാണ്.

നമ്മുടെ പഞ്ചായത്തിലെ മിക്കറോഡുകളും നാട്ടുകാരുടെ ശ്രമദാനത്തിൻെറ ഫലമായി നിർമ്മിച്ചവയാണ്. പിന്നീട് പഞ്ചായത്ത് ഏറെറടുക്കുകയും, ഫണ്ടിൻെറ ലഭ്യതക്കുറവ് കൊണ്ട് ആവശ്യമായ അററകുററപണികൾ കാര്യമായി നടക്കാതിരിക്കുകയും ചെയ്തു. പ്രതിവർഷം ഓരോ റോഡിനും അയ്യായിരം രൂപയോളം വിനിയോഗിക്കുന്നത് ഫലപ്രദമാകുന്നില്ല. ചെങ്കുത്തായ പ്രദേശങ്ങളിലെ റോഡുകൾ കാലവർഷം കൊണ്ട് കിളകൾ ആയിത്തിരുന്നതു കൊണ്ടാണ് കാൽനടയാത്രപോലും ദുഷ്കരമാകുന്നത്. ഗ്രാമസഭയിൽ നിന്ന് വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുതുതായി ആരംഭിക്കേണ്ട റോഡുകളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

### പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

ചായ്യോം–ചൂരിപ്പാററോഡിൽ നിന്നും മടിക്കൈ പഞ്ചായത്തിലെ കാരയിലേക്ക്‌റോഡ്‌നിർമ്മിക്കണം. കലാവേദി–കാർപെൻററി ഓഫീസ്, ചോയ്യങ്കോട് വായനശാല–പാത്തടുക്കം, ഏഴാംമൈൽ–ഒടിയിട്ടമാവ്, കക്കോൽ–ചെന്നക്കോട്–പറയങ്ങാട് റോഡ്, വാളൂർ–പയ്യംകുളം, ചാങ്ങാട്–തടിക്കുന്ന്, മേക്കാറളം–ചെമ്പേന ഹരിജൻ കോളനി, കാട്ടിപ്പൊയിൽ വെയിററിംഷെഡ്, കാറളം ക്ലബ് – കക്കോട് റോഡ് ഉമിച്ചിപ്പൊയിൽ–കാറളം, വാച്ചാൽ–കക്കോട്–കാട്ടിപ്പൊയിൽ, നിടുമ്പ്–വരഞ്ഞൂർ, കൂടോൽ—മയ്യങ്ങാനം, ബിരിക്കുളം — മീനാച്ചംകുണ്ട് — കാളാൻമൂല, ബിരിക്കുളം—നായിക്കുന്ന്—കത്ത്യാർകണ്ടം, ഓമനങ്ങാനം—ചെറുവള്ളി–പാമ്പങ്ങാനം, കട്ടിക്കുന്ന്കോളനി–മാവുള്ളാൽ, തോളേനി–വാച്ചാൽ, മിത്തലെവീട്–കരയിലാത്തോട്, കോയിത്തട്ട–അമ്പേത്തടി, മയ്യങ്ങാനം–ചേമ്പേന–മേലാഞ്ചേരി, വരയിൽ–കുമ്പള

പ്പള്ളി. കാരാട്ട്, ശ്രീ ധർമ്മശാസ്താ ക്ഷേത്രം–കൊല്ലം പാറ, കീഴ്മാല ഓഫീസ്–മുണ്ടംവളപ്പ്, കീഴ്മാല മൂരിക്കാനംക്ഷേത്രം – ട്രാൻസ്ഫോർമർ, കീഴ്മാല ട്രാൻസ്ഫോർമർ–പാലാട്ട്, പിലാത്തടം ഫോറസ്റ്റ് –പന്നിത്തടം, കാരാട്ട്തട്ട്–ക്കുവപ്പാറ – പരപ്പച്ചാൽ, പരപ്പ ഹെൽത്ത്സെൻറർ–പട്ട്ളം എന്നിവയാണ് ഗ്രാമസഭയിൽ നിന്നും വന്ന പുതിയ റോഡുകളുടെ നിർദ്ദേശങ്ങൾ,

ബസ് ഗതാഗതമുള്ളത് നീലേശ്വരത്തുനിന്ന് അട്ക്കം,നെല്ലിയട്ക്കം, പെരിയങ്ങാനം, മുക്കട വഴി മലയോരപ്രദേശങ്ങളിലേക്കാണ്. ഏകദേശം നാൽപതിലേറെ ബസുകൾ സർവ്വീസ് നടത്തുന്നുണ്ട്. ബസ്സ്റ്റാൻറ് ഒന്നുമില്ലെങ്കിലും ബസ് കാത്ത് നില്ലവാനുള്ള 35 ഓളം ഷെൽട്ടറുകൾ ഉണ്ട്. ഇവയിൽ സന്നദ്ധ സംഘടനകളുടെ സഹായത്തോടെയും, പഞ്ചായത്ത് നേരിട്ടും നിർമ്മിച്ചവയാണ്. ചായ്യോം, ചോയ്യംകോട്, കൊല്ലംപാറ, കരിന്തളം, കാലിച്ചാമരം, കോളംകുളം. ബിരിക്കുളം, പരപ്പ എന്നിവടങ്ങളിൽ ഓട്ടോ–ടാക്സി സ്റ്റാൻറുകൾ ഉണ്ട്.

## പ്രശ്നങ്ങൾ

1 നിലവിലുള്ള റോഡുകൾ ഉപയോഗയോഗ്യമല്ല.

2 നിലവിലുള്ള ടാർ റോഡുകളുടെ ശോചനീയാവസ്ഥ ഓവ്ചാലുകളുടെ കുറവ്, അപകടകരമായ വളവുകൾ, കാര്യമായ അററകുററ പണികളുടെ അപര്യാപ്തത, റോഡുകളുടെ വീതിക്കുറവ്.

3 ബസ് ഷെൽട്ടറുകളുടെ അപര്യാപ്തത.

4 നിലവിൽ ടാക്സി–ഓട്ടോ സ്റ്റാൻറുകളില്ല.

## പരിഹാര നിർദ്ദേശങ്ങൾ

1 പ്രദേശങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന റോഡ് ശൃംഖലകളുടെയും ലിങ്ക് റോഡുകളുടെയും നിർമ്മാണം ത്വരിതപ്പെടുത്തണം.

2 നിലവിലുള്ള ടാർ റോഡുകൾ വീതി കൂട്ടണം.

3 അപകടകരവും അനാവശ്യവുമായ വളവുകൾ നികത്തണം.

4 റോഡുകൾക്ക് ഓടകൾ നിർമ്മിക്കണം.

5 അത്യാവശ്യമായ കലുങ്കുകൾക്ക് മുൻഗണന നല്ലണം.

6 ആവശ്യമായ സ്ഥലത്ത് ബസ് ഷെൽട്ടറുകൾ നിർമ്മിക്കണം.

7 സാധ്യതയുള്ള സ്ഥലങ്ങളിൽ സ്റ്റാൻറുകൾ പണിയുകയും, ചുങ്കം പിരിക്കുകയും വേണം.

8 റോഡിൻെറ ഇരുവശങ്ങളിലും ഓവുചാലുകൾ നിർമ്മിക്കുകയും, തണൽ മരങ്ങൾ നട്ട്വളർത്തുകയും വേണം.

## ഗ്രാമസഭകളിൽ നിന്നും വന്ന പാലങ്ങളുടെയും, കൾവർട്ടുകളുടെയും നിർദ്ദേശങ്ങൾ

വാർഡ് ഒന്ന്

തേജസ്വിനി പുഴക്ക് അരയാക്കടവിൽ പാലം, മാന്തരി നടപ്പാലം പൂർത്തിയാക്കൽ, മണിമുണ്ട–ആനക്കല്ല്–ക്കുവാററി റോഡിൽ കൾവർട്ട്, ചായ്യോം വായനശാല മുതൽ ബസാർ വരെ റോഡ് ഉയർത്തി ഓവ്ചാൽ, കല്ലടുക്കചാൽ നടപ്പാലം, ചായ്യോം അരയാക്കടവ് റോഡിൽ ശിശുമന്ദിരത്തിനുസമീപം കൾവർട്ട്, നരിമാളം – കാരിമൂല – കിണാവൂർ റോഡിൽ തടത്തിൽ കൾവർട്ട്.

വാർഡ് രണ്ട്

ചാമക്കുഴി–കരുവാർക്കുന്ന് റോഡിൽ ചാലിന് പാലം, ചാമക്കുഴി—ചാങ്ങാട് റോഡിൽ ചാമക്കുഴിയിൽ പാലം, ചാമക്കുഴി–പറയങ്ങാട് റോഡിന് പാലം, കോട്ടക്കുന്ന്ചാലിന് പാലം, മുടക്കിനി ഇടപ്പുഴയിൽ നടപ്പാലം. മണിമുണ്ട–ക്കുവാററി റോഡിന് നന്ദൻകുഴി, ആനക്കല്ല് എന്നിവിടങ്ങളിൽ കൾവർട്ട്, പുല്ലാഞ്ഞിവള്ളിയിൽ കൾവർട്ട്, ഒടിയിട്ടമാവിൽ കൾവർട്ട്.

വാർഡ് മൂന്ന്

മേലാഞ്ചേരി–വരഞ്ഞൂർചാലിന് വരഞ്ഞൂരിൽ പാലം, വാച്ചാൽ കക്കോട് റോഡിൽ വാച്ചാലിൽ പാലം, വാളൂർ – നെല്ലിയടുക്കം വായനശാല റോഡിൽ നെല്ലിയടുക്കത്ത് കൾവർട്ട്, ഉമിച്ചിപ്പൊയിലിൽ നിന്നും കാറളത്തേക്ക് റോഡ് നിർമ്മിച്ച് കാറളം ചാലിന് ക്രോസ്ബാർ കം ബ്രീഡ്ജ് പന്നിയുക, ഞെരളിയത്ത് പാലം, നിടുമ്പ്–വരഞ്ഞൂർ റോഡ് കൾവർട്ട്, കിളിയളം–പുതുക്കുന്ന് റോഡിൽ ചാങ്ങാട് കൾവട്ട്.

വാർഡ് നാല്:

ബിരിക്കുളം–കൊട്ടമടൽ റോഡിൽ കൊട്ടമടലിൽ പാലം, കൂടോൽ–മയ്യങ്ങാനം റോഡിന് മയ്യങ്ങാനം കൾവർട്ട്, കാളിയാനം–ഒണ്ടംകുന്ന്റോഡിൽ കരിയാംകടലിൽ കൾവർട്ട്, കുറുഞ്ചേരി–നീലിവരഞ്ഞൂർ റോഡിന് കുറുഞ്ചേരി, മീർക്കാനം, നീലിവരഞ്ഞൂർ എന്നീ സ്ഥലങ്ങളിൽ കൾവർട്ട്, ബിരിക്കുളം–കൊട്ടമടൽ–പാമ്പങ്ങാനം റോഡിൽ പാമ്പങ്ങാനത്ത് ക്രോസ് ബാർ കം ബ്രിഡ്ജ്.

വാർഡ് ആറ്:

കൂരാംകുണ്ട്–പന്നിത്തടം റോഡിൽ കോട്ടപടവ് പന്നിത്തടംഎന്നിവിടങ്ങളിൽ കൾവട്ട്, മാവുള്ളാൽ

കൂരാംകുണ്ട് റോഡിൽ മാവുള്ളാലിൽ കൾവർട്ട്,

ഏഴാം വാർഡ്:

കരിന്തളംപാറ – ചിമ്മത്തോട് – കമ്പളപ്പള്ളി റോഡിന് ചിമ്മത്തോട്, വരയിൽ പാലം, കമ്പള പ്പള്ളി – ഉമിച്ചിപൊയിൽ റോഡിൽ കമ്പളപ്പള്ളി പാലം, വരയിൽ-കണ്ണോത്ത് റോഡിൽ കണ്ണോ ത്ത് കൾവർട്ട്, കോയിത്തട്ട–കമ്പളപ്പള്ളി–മയ്യങ്ങാ നം–കോളംകുളം റോഡിൽ, കമ്പളപ്പള്ളി പീഠിക കമ്പളപ്പള്ളി വളവിൽ, മയ്യങ്ങാനം 2 കൾവർട്ട്, വരയിൽ കൾവർട്ട്

എട്ടാം വാർഡ്:

തേജസ്വിനിപ്പുഴക്ക് പാറക്കോൽ—മയ്യൽ കട വിൽ തൂക്കുപാലം. ചേനാറ–തളിയമ്മാട റോഡിൽ കയനിയിൽ കൾവർട്ട്, ചേനാറ–ഓമച്ചേരി റോ ഡിൽ ഓമച്ചേരിയിൽ പാലം, കൊല്ലമ്പാറ—മൂരി ക്കാനം റോഡിൽ മൂരിക്കാനം ക്ഷേത്രത്തിനു സമീപം കൾവർട്ട്, കീഴ്മാല ഇടയിൽതോടിന് കൾവർട്ട് പാറക്കോൽ-വേളൂർ റോഡിൽ പരലവളപ്പിൽ കൾ വർട്ട്, കീഴ്മാല വയലിൽ നടപ്പാത, പാറക്കോൽ ഭൂതത്താൻ കുണ്ടിൽ ക്രോസ് ബാർ കം ബ്രിഡ്ജ്.

ഒമ്പതാം വാർഡ്:

ചീമേനി – കുന്നംകൈ റോഡിൽ തേജസ്വിനി പുഴക്ക് മുക്കടയിൽ പാലം, മുക്കട തോടിന് കൾവ ർട്ട്, കാലിച്ചാമരം—അണ്ടോൾ റോഡിൽ വടക്കേ പുലിയന്നൂർ സ്കൂൾ റോഡിനു സമീപം കൾവർട്ട്, ചെറുപ്പക്കോട് തൂക്കുപാലം,

പത്താം വാർഡ്:

കാരാട്ട്—പരപ്പച്ചാൽ റോഡിൽ പാറക്കടവിൽ കൾവർട്ട്, തോടംചാൽ — മരുത്കുന്ന് റോഡിൽ തോടംചാലിൽ കൾവർട്ട്, കനകപ്പള്ളി – കാരാട്ട് റോഡിൽ മരുതുകുന്നിൽ കൾവർട്ട്, പരപ്പച്ചാൽ— പട്ളം റോഡിൽ പട്ളത്ത് കൾവർട്ട്, കാരാട്ട്— പുഞ്ചക്കര—കൊമ്പൻെറ മാടിറോഡിൽ പുഞ്ചക്കര യിൽ കൾവർട്ട്.

## പുതുതായി PWD ഏറ്റെടുത്ത റോഡുകൾ

മൂന്നാം വാർഡിലെ കിളിയളം–വരഞ്ഞൂർ–ബാ നം–കമ്മാടം റോഡും പത്താം വാർഡിലെയും 6–ാം വാർഡിലെയും പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന കമ്മാടം കാ ട്ട് പന്നിത്തടം–വെള്ളരിക്കുണ്ട്റോഡും പൊതു മരാമത്ത് വകുപ്പ് ഏറ്റെടുത്ത് ജില്ലാ പഞ്ചായ ത്തിന് കൈമാറിയിട്ടുണ്ട്.

## ഊർജ്ജം

നമ്മുടെ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിയത് ഇവിടെത്തെ നവീന പുരോഗതിയുടെ ചവിട്ട്പടിയായി കാണാം. വർഷങ്ങൾ പലത് കഴിഞ്ഞിട്ടും തൊട്ടടുത്ത പ്രദേശങ്ങളിൽ വൈദ്യുതി വിളക്കുകൾ മിഴിതുറന്നിട്ടും വൈദ്യുതി കടന്നുചെല്ലാ ത്ത പ്രദേശങ്ങൾ നിരവധിയുണ്ട്. നമ്മുടെ പഞ്ചായ ത്തിലേക്ക് വേണ്ടുന്ന വൈദ്യുതി 28 കി. മീ. അക ലെയുള്ള മാവുങ്കാൽ, കാഞ്ഞോൽ സബ്സ്റ്റേഷനുകളി ലെ ഫീഡറുകളിൽ നിന്നാണ് ലഭിക്കുന്നത്.

നീലേശ്വരം, ഭീമനടി, രാജപുരം സെക്ഷനുകളു ടെ പരിധിയിൽ പെടുന്ന വൈദ്യുതി ഉപഭോക്താക്ക ളാണ്. ഇവിടെയുള്ളത്. പഞ്ചായത്തിലെ മൊത്തം ഉപഭോക്താക്കളെ മൊത്തം ക്രമീകരിച്ചുകൊണ്ട് എ ല്ലാ പ്രദേശങ്ങളെയും ഉൾപ്പെടുത്തി ഒരു സെക്ഷൻ ആഫീസ് നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കേണ്ട തുണ്ട്. നിലവിൽപഞ്ചായത്തുപ്രദേശത്തുള്ള ട്രാൻസ് ഫോർമറുകളുടെ പട്ടിക താഴെ ചേർത്തിരിക്കുന്നു.

**പട്ടിക I** അവലംബം: ഇലക്ട്രിസിററി സെക് ഷൻ ആഫീസ് രേഖകൾ

ചായ്യോത്ത്, ചോയ്യംകോട്, കിനാനൂർ I, കിനാനൂർ II, കൂവാററി, കൊല്ലംപാറ, കീഴ്മാല, പുതുക്കുന്ന്, കാറളം, ഓമച്ചേരി, കോയിത്തട്ട, നോ ത്ത് പുലിയന്നൂർ, കമ്പളപ്പള്ളി, പെരിയങ്ങാനം, ബിരിക്കുളം, കാളിയാനം, പിലാത്തടം, പരപ്പ, നെല്ലിയര,

പഞ്ചായത്തിൽ വൈദ്യുതി എത്തിയിട്ടില്ലാത്ത കുടുംബങ്ങളുടെ എണ്ണം 75% വരും. 1991–ലെ സർ വ്വെ പ്രകാരം ജില്ലയിൽ ഏററവും കുറച്ച് വൈദ്യുതി കണക്ഷൻ നല്കിയിട്ടുള്ളത് നമ്മുടെ പഞ്ചായത്തി ലാണ്.

പഞ്ചായത്തിലുള്ള 470 ഗാർഹിക കണക്ഷനുക ളിലെ കണക്ഷൻലോഡ് 512 കിലോവാട്ടാണ്. വ്യാപാര കണക്ഷൻ 133 എണ്ണത്തിലായി 88 കിലോവാട്ട് വൈദ്യുതി നല്കുന്നു. കാഷികാവശ്യ ങ്ങൾക്ക് 193 കണക്ഷനിലായി 282 കിലോവാട്ട് ലോഡുണ്ട്. (അവലംബം: ജില്ലാ ഇൻഫോമാററിക് സെൻറർ കാസർകോട്)

മിനിമം ഗ്യാരണ്ടി അടച്ച് വൈദ്യുതിക്ക് രജി സ്റ്റർ ചെയ്തിട്ടുള്ളവയുടെ എണ്ണങ്ങൾ

രാജപുരം സെക്ഷൻ: ഓർഡിനറി–12, ഒ. വൈ. ഇ. സി.–18

നീലേശ്വരം സെക്ഷൻ ഓർഡിനറി–85.

ഒ. ടി. പി.–1, ഒ. വൈ. ഇ. സി.–21

ഗാർഹിക ഉപഭോക്താക്കൾ ഭൂരിഭാഗവും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ വോൾട്ടേജ് ക്ഷാമമാണ്. താഴെപ്പറയുന്ന പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ വേണമെന്ന നിർദ്ദേശം ഗ്രാമസഭയിൽ ഉണ്ടായിട്ടുണ്ട്. 1. അരയാക്കടവ്, 2. ചാമക്കുഴി, 3. കാട്ടിപ്പൊയിൽ, 4, കോളംകുളം, 5. അണ്ടോൾ, 6. പരപ്പച്ചാൽ.

പട്ടിക 2

| സെക്ഷ്ഷൻ ആഫീസ് | നിലവിലുള്ള ഉപഭോക്താക്കൾ | | | |
|---|---|---|---|---|
| | ഗാർഹികം | വ്യാപാരം | വ്യവസായം | കാർഷികം |
| രാജപുരം | 249 | 81 | 5 | 52 |
| നീലേശ്വരം | 1100 | 115 | 17 | 150 |

വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് 26–9–95വരെ രാജപുരം സെക്ഷനിൽനിന്നും നല്കിയിട്ടുള്ള OYEC അപേക്ഷകർക്ക് 18 കണക്ഷൻ നല്കിയിട്ടുണ്ട്. 12–3–96വരെ നീലേശ്വരം സെക്ഷനിൽ 108ഉം കണക്ഷൻ നല്കിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ നല്കാൻ രാജപുരം സെക്ഷനിൽ 12 അപേക്ഷ നല്കിയിട്ടുണ്ട്. 18 OYEC അപേക്ഷകളും നിലവിലുള്ളതായി മനസ്സിലാക്കുന്നു.

നീലേശ്വരം സെക്ഷനിൽ നിന്നാണെങ്കിൽ 85 ഓർഡിനറി അപേക്ഷകളും, ഒരു ഒ. ടി. പി. അപേക്ഷയും, 22 OYEC അപേക്ഷകളും കെട്ടിക്കിടപ്പുണ്ട്. പട്ടിക 2 കാണുക. വൈദ്യുതിബോർഡിന്റെ കണക്കനുസരിച്ച് 75 വഴിവിളക്കുകൾ പഞ്ചായത്തിനകത്തുണ്ട്. ഇനിയും സ്ട്രീറ്റ് ലൈറ്റുകൾ വേണമെന്ന നിർദ്ദേശം ഗ്രാമസഭകളിൽ നിന്നും ഉണ്ടായിട്ടുണ്ട്.

ന മ്മു ടെ പഞ്ചായത്തിൽ വൈദ്യുതീകരിച്ച ഹരിജൻ കോളനിയുടെ പട്ടിക

## പട്ടിക 3
## ഹരിജൻ കോളനി വൈദ്യുതീകരണം

| ഹരിജൻ കോളനിയുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | സൗജന്യ സ്ളാബിൽ ഉപഭോക്താക്കളുടെ എണ്ണം | പണം അടച്ച് വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| **രാജപുരം സെക്ഷൻ** | | | |
| നെല്ലിയര | 3 | 3 | — |
| കമ്മാടം (അംബേദ്കർ) | 7 | 7 | — |
| പട്ട്ളം | 15 | 14 | 1 |
| തുമ്പ | 16 | 11 | 5 |
| പന്നിയെറിഞ്ഞകൊല്ലി | 3 | 2 | 1 |
| പ്ലാച്ചിക്കല്ല് | 11 | 11 | — |
| മാളൂർക്കയം | 12 | 17 | — |
| മുണ്ടത്തടം | 11 | 11 | — |
| **ഭീമനടി സെക്ഷൻ** | | | |
| പന്നിത്തടം | 72 | 32 | 40 |
| **നീലേശ്വരം സെക്ഷൻ** | | | |
| പെരിയങ്ങാനം | 20 | 15 | — |
| കാറളം | 5 | — | — |
| മീത്തലെചീററ | — | — | — |

### വിറക്

നമ്മുടെ പഞ്ചായത്തിലെ പ്രധാന ഇന്ധനം വിറകാണ്. ആവശ്യത്തിന് സസ്യസമ്പത്ത് നിലവിലുള്ളതിനാൽ ഇന്ധന ക്ഷാമം കാര്യമായി അനുഭവപ്പെടുന്നില്ല. മൂന്ന് കല്ല് അടുപ്പുകളാണ് കൂടുതലും ഉള്ളത്. നീലേശ്വരം ബ്ലോക്ക് IREP പദ്ധതിയുടെ കീഴിലായിട്ടുകൂടി ദക്ഷതയേറിയ അടുപ്പുകൾ പഞ്ചായത്തിൽ വേണ്ടത്ര ഉപയോഗിക്കുന്നില്ല. ഉപയോഗക്രമത്തിൽ വേണ്ടത്ര ബോധവല്ക്കരണമില്ലായ്മയും വീട്ടുകാരുടെ താല്പപര്യക്കുറവുമാണ് ഇതിനൊരു പ്രധാന കാരണം. പഞ്ചായത്തിലെ എല്ലാ വാർഡി

ലും ദക്ഷതയേറിയ അടുപ്പുകൾ വ്യാപിപ്പിച്ചിട്ടുണ്ട്. ശരാശരി 100 വീതം അടുപ്പുകൾ സ്ഥാപിച്ചതിൽ പലതും നിലവിലില്ല. എന്നാൽ 1980–ൽ സ്ഥാപിച്ചതും ഇന്നും നിരന്തരം ഉപയോഗിക്കുന്നതുമായ പല അടുപ്പുകളും പ്രവർത്തനക്ഷമമായിട്ടുണ്ട്. ശാസ്ത്രസാഹിത്യപരിഷത്ത് നേരിട്ടും, IREPബ്ലോക്ക് വഴിയുമാണ് പഞ്ചായത്തിൽ അടുപ്പുകൾ സ്ഥാപിച്ചിട്ടുള്ളത്. വിറകിന്റെ 30% ലാഭം കിട്ടുന്നതും ദക്ഷതയുള്ളതുമായ അടുപ്പ് വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരേണ്ടതുണ്ട്.

പാചക ആവശ്യത്തിന് ബയോഗ്യാസുപയോഗിക്കുന്ന വ്യക്തികളും പഞ്ചായത്തിൽ ഉണ്ട്. സൗരോർജ്ജം ഉപയോഗിച്ചുകൊണ്ട് പ്രവർത്തിക്കുന്ന സ്ട്രീററ് ലൈറ്റുകൾ 5 എണ്ണമുണ്ട്. ബിരിക്കുളം, കോളംകുളം, നെല്ലിയര, ചേമ്പേന, കക്കോൽ എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. അനർട്ട് നല്കിയ സൗരോർജ്ജ ടി.വി. ആണ് കോളംകുളത്തുള്ളത്. ഇപ്പോൾ അത് പ്രവർത്തനക്ഷമമല്ല.

നമ്മുടെ പഞ്ചായത്തിൽ ആദ്യമായി പാചക വാതകമെത്തിയത് 27.3.85ലാണ്. പട്ടണസംസ്കാരത്തിന്റെ രീതിയും സമ്പ്രദായവും നമ്മുടെ നാട്ടിലും കണ്ടുതുടങ്ങിയിരിക്കുന്നു. നിലവിൽ 51 കുടുംബങ്ങൾ പാചകവാതകം ഉപയോഗിക്കുന്നുണ്ട്. നീലേശ്വരം ഗ്യാസ് ഏജൻസിയിൽ നിന്നാണ് സിലിണ്ടറുകൾ കൊണ്ടുവരുന്നത്.

വാർഡ് എണ്ണം

I–ാം വാർഡ്—9, II–ാം വാർഡ്—9, III–ാം വാർഡ്—4, IV–ാം വാർഡ്—3, V–ാം വാർഡ്—4, VI–ാം വാർഡ്—4, VII–ാം വാർഡ്—16, VIII–ാം വാർഡ്—2 മൊത്തം 88 സിലിണ്ടറുകൾ.

കാററിന്റെ ശക്തികൊണ്ട് പ്രവർത്തിക്കുന്ന ജലസേചനത്തിനും കുടിവെള്ളത്തിനുമായി ഉപയോഗിക്കുന്ന കാററാടി യന്ത്രങ്ങൾ ചോയ്യംകോട്, ചേനററാടി, കോളംകുളം, കാട്ടിപ്പൊയിൽ, ചേമ്പേന എന്നിവിടങ്ങളിൽ ഉണ്ട്. ചേനററാടി സ്വകാര്യ വ്യക്തിയുടെ പ്രദേശത്താണ്.

## പ്രശ്നങ്ങൾ

1. മുഴുവൻ കുടുംബങ്ങളിലും വൈദ്യുതി എത്തിയ ഒരു വാർഡും പഞ്ചായത്തിലില്ല.
2. വോൾട്ടേജ്ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു
3. വൈദ്യുതീകരിച്ചിട്ടില്ലാത്ത ഹരിജൻ കോളനികൾ പഞ്ചായത്തിൽ നിരവധി ഉണ്ട്.
4. തെരുവ് വിളക്കുകൾ ഇല്ലാത്തതും ഉള്ളവതണെ ഫലപ്രദമല്ലാത്തതും പ്രധാന പ്രശ്നമാണ്,
5. മിനിമം ഗ്യാരണ്ടി വച്ചിട്ടുള്ള പ്രദേശങ്ങൾക്ക് വൈദ്യുതി കിട്ടിയിട്ടില്ല.
6. സൗരോർജ്ജത്തിന്റെയും കാററാടിയന്ത്രത്തിന്റെയും സാധ്യതകളുള്ള നിരവധി പ്രശ്നങ്ങൾ ഉണ്ട്.
7. വൈദ്യുതി ബോർഡിന്റെ സെക്ഷൻ ആഫീസ് പഞ്ചായത്തിൽ ഇല്ലാത്തതിൽ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നു.
8. ദക്ഷതകൂടിയ അടുപ്പിന് ഉള്ള സാധ്യത വേണ്ടത്ര ഉപയോഗിക്കുന്നില്ല.

## സാധ്യതകൾ

1. വൈദ്യുതി എത്തിയിട്ടില്ലാത്ത താഴെപറയുന്ന പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കണം.

| വാർഡ് | സ്ഥലത്തിന്റെ പേര് | മിനിമം ഗ്യാരണ്ടി വെച്ചിട്ടുണ്ടോ ഇല്ലയോ | മററു വിവരങ്ങൾ |
|---|---|---|---|
| I | കാരിമൂല, കണിയാട, നരിമാളം, കിണാവൂർ, ആനക്കല്ല്, ചേലക്കാട് മാനൂരി | ഉണ്ട് | |
| II | ചേലക്കാട്, മാനൂരി, പാത്തടുക്കം, കല്ലടുക്കം, ബയേനിത്താൽ, ചെറുവപയ്യംകുളം, വേട്ടറാടി | ഉണ്ട് | |
| III | കക്കോട്, കാറളം, മേക്കാറളം, കാട്ടിപ്പൊയിൽ, കളയംകയം, വട്ടക്കൽ | ഉണ്ട് | |

| വാർഡ് | സ്ഥലത്തിന്റെ പേര് | മിനിമം ഗ്യാരണ്ടി വെച്ചിട്ടുണ്ടോ ഇല്ലയോ | മററു വിവരങ്ങൾ |
|---|---|---|---|
| IV | പെരിയങ്ങാനം, പുലയനടുക്കം, മയ്യങ്ങാനം, കൂട്ടോൽ, നീലിവരഞ്ഞൂർ, കുറിഞ്ചേരി, ഓമനങ്ങാനം, ബിരിക്കുളം, കോളംകുളം, കാളമൂല, മേലാഞ്ചേരി, കാളിയാനം ഓണംകുന്ന്, കരിയാംകടൽ, പുലിയംകുളം, കൊട്ടമടൽ, നായിക്കുന്ന് | ഉണ്ട് | |
| V | ആലടിത്തട്ട് | | |
| VI | കുറുക്കട്ടിപ്പൊയിൽ, ആവുള്ളക്കോട് കുട്ടിക്കുന്ന്, ചെമ്പംകുന്ന്, പാമ്പങ്ങാനം | ഇല്ല | |
| VII | തലയടുക്കം, നാന്തിയടുക്കം, കൊട്ടോടി, ചിമ്മത്തോട്, വരയിൽ പള്ളപ്പാറ, മയ്യങ്ങാനം, പെരിയങ്ങാനം, പുല്ലുമല, മീക്കാനം | ഉണ്ട് | |
| VIII | കയനി, തലയടുക്കം, കീക്കാനം | ഇല്ല | |
| IX | മുക്കട. കുണ്ടൂർ, ചേനററാടി, കുഞ്ഞിപ്പാറ, പരപ്പച്ചാൽ | ഉണ്ട് | |
| X | തോടംചാൽ, കാരാട്ട്, പ്ലാത്തടം, പുഞ്ചക്കര, കുളിപ്പാറ | ഉണ്ട് | |

## സാദ്ധ്യതകൾ

കാർഷിക ആവശ്യങ്ങൾക്കും, വ്യവസായ ആവശ്യങ്ങൾക്കും നിലവിലുള്ള സിംഗിൾ ഫേസുകൾ ത്രീ ഫേസുകളാക്കുക, താഴെ പറയുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

1-ാം വാർഡ് അരയാക്കടവ്
2-ാം വാർഡ്
3-ാം വാർഡ് കാട്ടിപ്പൊയിൽ, വരഞ്ഞൂർ
4-ാം വാർഡ് പെരിയങ്ങാനം, കോളകുളം
5-ാം വാർഡ്
6-ാം വാർഡ്
7-ാം വാർഡ് ചിമ്മത്തോട്, തലയടുക്കം, മയ്യങ്ങാനം
8-ാം വാർഡ് കയനി
9-ാം വാർഡ് പരപ്പച്ചാൽ, കാലിച്ചാമരം, ചേനട്ടാടി
10-ാം വാർഡ് കാരാട്ട്, തോടംചാൽ

2 വൈദ്യുതി ഉള്ളതും സ്ട്രീററ് ലൈററ് ഇല്ലാത്തതുമായ പ്രദേശങ്ങളിൽ സ്ട്രീററ് ലൈററുകൾ സ്ഥാപിക്കുകയും, കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയും വേണം.

3 പഞ്ചായത്തിൽ സമഗ്രഊർജ്ജാസൂത്രണ പദ്ധതി ആവിഷ്കരിക്കുകയും നടപ്പാക്കുകയും വേണം.

4 വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിൽ സൗരോർജ്ജ വിളക്കുകൾ നൽകുകയും ബോധവൽക്കരണ പരിപരിപാടികൾ നടത്തുകയും ചെയ്യുക.

5 ഫ്യൂസായ സ്ട്രീററ് ബൾബുകൾ മാററിയിടുന്നതിന് സംവിധാനം ഏർപ്പെടുത്തുകയും, ക്രമമാക്കുന്നതിന് പ്രാദേശിക സംവിധാനമുണ്ടാക്കുകയും വേണം.

6 കാററാടിയന്ത്രങ്ങൾ അനുവദിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്താവുന്ന സ്ഥലങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കുക.

7 വൈദ്യുതിബോർഡിന്റെ സെക്ഷൻ ഓഫീസ് പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കുക.

8 താഴെപ്പറയുന്ന വൈദ്യുതീകരിച്ചിട്ടില്ലാത്ത ഹരിജൻ കോളനികൾ വൈദ്യുതികരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക,

3-ാം വാർഡ് മേക്കാറളം, കടയംകയം, ചേമ്പേന, വട്ടക്കല്ല്
4-ാം വാർഡ് കോളംകുളം, തുള്ളൻകല്ല്, വെളംതട്ട്, കാളിയാനം കൊട്ടമടൽ, ചേമ്പേന
6-ാം വാർഡ് ആവുള്ളക്കോട്, കുറുക്കട്ടിപ്പൊയിൽ മുട്ടിക്കുന്ന്
7-ാം വാർഡ് പുല്ലുമല, വരയിൽ, മീർകാനംതട്ട്
8-ാം വാർഡ് ഓമച്ചേരി

9 **IREP** ആഫീസിന്റെ പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിലാക്കുക.

10 ദക്ഷത കൂടിയ അടുപ്പ് സാദ്ധ്യതയ്ക്ക് അനുസരിച്ച് വ്യാപിപ്പിക്കുക.

## മാർക്കററ് വിപണി

നമ്മുടെ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾക്ക് വിപണന സൗകര്യവും ജനങ്ങൾക്കാവശ്യമായ ഉപഭോഗവസ്തുക്കൾ വാങ്ങുകയുംചെയ്യുന്നതിന് പഞ്ചായത്തിനകത്ത് തന്നെ നിലവിലുള്ള സൗകര്യങ്ങൾ പര്യാപ്തമല്ല. കാർഷികോല്പന്നങ്ങളും മററും നീലേശ്വരം, കാഞ്ഞങ്ങാട് പോലുള്ള പട്ടണങ്ങളിൽ എത്തിച്ച് വില്ക്കുന്ന രീതിയാണ് നിലവിലുള്ളത്. സഹകരണസംഘങ്ങൾ 3 എണ്ണമുണ്ട്. ഇവയിൽ മാർക്കററിംഗ് ഡിപ്പോകൾ ഉണ്ട്. നിലവിൽ പഞ്ചായത്തിൽ ആഴ്ചചന്തകൾ ഇല്ല.

### പ്രശ്നങ്ങൾ

1. കാർഷികോല്പന്നങ്ങൾ യഥാർത്ഥ വിലയ്ക്ക് വില്കുവാൻ പററുന്നില്ല.
2. പഞ്ചായത്തിലെ പൊതു വിതരണ സമ്പ്രദായം കാര്യക്ഷമമാക്കേണ്ടതുണ്ട്.
3. കാർഷികോല്പന്നങ്ങൾ കേടുകൂടാതെ സംഭരിക്കുന്നതിനുള്ള സൗകര്യമില്ല.
4. മത്സ്യ – മാംസാദികൾ വിററഴിക്കുന്നതിനുള്ള പൊതു സ്ഥലമില്ല.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ പരപ്പ, ചോയ്യംകോട്, കാലിച്ചാമരം എന്നിവിടങ്ങളിൽ ആഴ്ചചന്തകൾ തുടങ്ങണം.
2. പഞ്ചായത്തിലെ ന്യായവില ഷോപ്പുകൾ വഴി ആവശ്യസാധനങ്ങൾ ലഭ്യമാക്കണം.
3. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ ഒരു മാവേലി സ്റ്റോർ പഞ്ചായത്തിൽ അനുവദിക്കണം.
4. മൂന്ന് സ്ഥാപനങ്ങളുടെ കീഴിലും ഉള്ള കൺസ്യൂമർ സ്റ്റോർവഴി കാർഷികോല്പന്നങ്ങൾ വാങ്ങുന്നതിലും ആവശ്യ സാധനങ്ങൾ വിററഴിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തണം.
6. പഞ്ചായത്തിൽ പരപ്പ, ചോയ്യംകോട്, കാലിച്ചാമരം തുടങ്ങിയസ്ഥലങ്ങളിൽ മത്സ്യ–മാംസാദി മാർക്കററുകൾ സ്ഥാപിക്കണം.

### പൊതുവിതരണ സമ്പ്രദായം

| വാർഡ് | ARD നമ്പർ | കാർഡുടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെഎണ്ണം | | | 1995 വർഷം വിതരണംചെയ്ത ഭക്ഷ്യവസ്തുക്കൾ (ക്വിൻറൽ) | | | | | | ഇന്ധനം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | വൈദ്യുതീകരിച്ചത് | അല്ലാത്തവ | ആകെ | മേജർ | മൈനർ | ആകെ | അരി | റവ | മൈദ | പഞ്ചസാര | ഗോതമ്പ് | മററിനം | മണ്ണെണ്ണ |
| II | 60 കിനാനൂർ | 159 | 422 | 581 | 2317 | 234 | 2551 | 1937 | 8 | 13 | 10 | 42 | — | 14146 |
| VI | 214 വെള്ളരിക്കുണ്ട് | 75 | 114 | 189 | 839 | 81 | 920 | 5265 | 3 | 12 | 454 | 16 | — | 720 |
| III | 166 നെല്ലിയടുക്കം | 79 | 293 | 372 | 1435 | 236 | 1671 | 1862 | 4 | 40 | 13 | 20 | — | 18500 |
| VI | 62 ക്ലൂരാംകുണ്ട് | 42 | 107 | 148 | 894 | 81 | 975 | 622 | 2.5 | 105 | 46.7 | 14 | — | 619 |
| VII | 58 കോയിത്തട്ട | 19 | 461 | 480 | 1839 | 335 | 2074 | 1828 | 2 | 32 | 94 | 6 | — | 2280 |
| IX | 67 പൊതാവൂർ | 22 | 40 | 62 | 199 | 26 | 225 | 1148 | 1.2 | 12 | 12.1 | 25 | — | 244 |
| IV | 149 പെരിയങ്ങാനം | 14 | 359 | 371 | 1557 | 178 | 1735 | 168 | 2 | 28 | 68.16 | 55.8 | — | 17655 |
| IV | 61 ബിരിക്കുളം | 2 | 498 | 500 | 2100 | 257 | 2357 | 490 | 5 | 33 | 10.1 | 98 | — | 2457 |

# വനിത

പഞ്ചായത്തിലെ ജനസംഖ്യയിൽ സ്ത്രീ പുരുഷാനുപാതം 1000 പുരുഷന്മാർക്ക് 1032 സ്ത്രീകൾ എന്നുള്ളതാണ്. ആകെയുള്ള 22219 ആളുകളിൽ 10935 പുരുഷന്മാരും 11284 സ്ത്രീകളുമാണ് ഉള്ളത്. ഇത് സംസ്ഥാന നിരക്കിനേക്കാൾ കുറവാണ്. 11284 സ്ത്രീകളുള്ളതിൽ 1356 പേർ പട്ടികജാതിയിൽപ്പെട്ട സ്ത്രീകളാണ്. 1991ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ സ്ത്രീ സാക്ഷരതാ നിരക്ക് 79.31% മാത്രമാണ്. ഇത് 1981ലെ നിരക്കിനേക്കാൾ വളരെ കൂടുതലാണ്. സ്ത്രീ സാക്ഷരതാ നിരക്കിൽ ആശാവഹമായ വളർച്ചയാണ് കഴിഞ്ഞ 10 വർഷങ്ങളിൽ ഉണ്ടായിട്ടുള്ളത് എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. എന്നിരുന്നാലും സ്ത്രീ സാക്ഷരത പോഷിക്കുന്നതിന് ആവശ്യമായ നടപടികൾ അധികൃതരുടെ ഭാഗത്തു നിന്നും കാലാകാലങ്ങളിൽ ഉണ്ടാകുന്നില്ല എന്ന് എടുത്തുപറയേണ്ടതായിട്ടുണ്ട്.

1–1–1993 ലെ സ്ഥിതിവിവരക്കണക്കനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെ നില്ക്കുന്ന 17900 ആളുകളിൽ 9345 പേർ സ്ത്രീകളാണുള്ളത്. ഇതിൽ 190 പട്ടികജാതി കുടുംബങ്ങളും 1711 മററു കുടുംബാങ്ങളും പെടുന്നു.

## തൊഴിൽ പങ്കാളിത്തം

ആകെ ജനസംഖ്യയിൽ 36.1% മാത്രമാണ് തൊഴിലാളികളായിട്ടുള്ളത്. ആകെ പുരുഷന്മാരിൽ 49.1% ആകെ സ്ത്രീകളിൽ 23.4% മാത്രമാണ് തൊഴിലാളികളായിട്ടുള്ളത്. ആകെയുള്ള 8011 തൊഴിലാളികളിൽ 2640 പേർ മാത്രമാണ് സ്ത്രീകളായിട്ടുള്ളത്. അതിൽ പ്രധാന തൊഴിലുകളിൽ 1918ഉം ഭാഗികമായ തൊഴിലുകളിൽ 722ഉം സ്ത്രീകൾ പങ്കെടുക്കുന്നു.

## കാർഷികമേഖലകളിലെയും മററുംപങ്കാളിത്തം

| | മേഖല | സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|---|---|
| 1. | കർഷകൻ | 102 | 864 | 966 |
| 2. | കർഷകതൊഴിലാളി | 798 | 1430 | 2228 |
| 3. | മൃഗസംരക്ഷണവും അനുബന്ധപ്രവർത്തനങ്ങളും | 249 | 999 | 1248 |
| 4. | പാറമടകൾ (ക്വാറി) | 32 | 100 | 132 |
| 5. | ബീഡി തുടങ്ങിയ മേഖല | 501 | 284 | 785 |
| 6. | നിർമ്മാണ തൊഴിലാളികൾ | 5 | 148 | 153 |
| 7. | മററു സേവനമേഖലകൾ | | | |

(അവലംബം — 1991 സെൻസസ്)

ഗ്രാമീണ വനിതാശിശുക്ഷേമ പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ വനിതകളുടെ നേതൃത്വത്തിൽ ഏഴോളം സ്ഥാപനങ്ങൾ നടത്തപ്പെടുന്നുണ്ട്.

പട്ടിക

| | സ്ഥാപനങ്ങൾ | ആരംഭിച്ച വർഷം | തൊഴിലാളികളുടെ എണ്ണം | ഉദ്ദേശ ലക്ഷ്യം | നേരിടുന്ന പ്രശ്നങ്ങൾ |
|---|---|---|---|---|---|
| 1 | ഐശ്വര്യ ഡയറി യൂണിററ് പെരിയങ്ങാനം | 1993–94 | 12 | സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കൽ | |
| 2 | DWCRA ഗ്രാമലക്ഷ്മി സിമൻറിഷ്ടിക യൂണിററ്, പെരിയങ്ങാനം | 1994–95 | 11 | ,, | മിഷ്യൻഉപയോഗിച്ചുള്ള അനധികൃത കല്ല്വെട്ടുന്നത് കൊണ്ട് ഇഷ്ടികയ്ക്ക് ഡിമാൻറില്ല |
| 3 | അമൃതേശ്വരി ആയുർവ്വേദ ഔഷധ സസ്യചെടി ഉല്പാദന യൂണിററ്, കമ്പല്ലൂർപള്ളി | 1995–96 | 12 | ,, | |
| 4 | ഗ്രാമശ്രീ പശുവളർത്തൽ യൂണിററ്, കാറളം (പട്ടികജാതി സ്ത്രീകൾക്ക്) | 1994–95 | 11 | ,, | |
| 5 | വനിത എൻറർപ്രൈസസ് ഡയറി ഫാം, പന്നിത്തടം | 1995–96 | 10 | ,, | |
| 6 | ജ്യോതി ഡയറി യൂണിററ്, കയനി | '94–95 | 15 | ,, | ലോൺ ലഭിച്ചിട്ടില്ല |
| 7 | പൂർണ്ണിമ കരിങ്കൽ ക്വാറി & ജില്ലി മേക്കിംഗ് യൂണിററ് | 1996–97 | 15 | ,, | ,, |

കൂടാതെ വനിതകളുടെ നേതൃത്വത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾകൂടി നടത്തുന്നുണ്ട്.

1. ഗ്രാമലക്ഷ്മി മഹിളാസമാജം & ബാലവാടി, പ്രതിഭാനഗർ
2. കൈരളി മഹിളാസമാജം & ക്രെഷെ, കോളംകുളം
3. ദേശസേവിനി മഹിളാസമാജം & ബാലവാടി, ബിരിക്കുളം
4. നവരശ്മി മഹിളാസമാജം, കാരാട്ട്
5. ദേശസേവിനി മഹിളാസമാജം കാരാട്ട്
6. പുലരി മഹിളാസമാജം പ്രതിഭാനഗർ, പരപ്പ

## വിദ്യാഭ്യാസം

പഞ്ചായത്തിലെ സ്കൂളുകളിൽ താരതമ്യേന ആൺ കുട്ടികളാണ് കൂടുതൽ ഉള്ളത്. പെൺകുട്ടികൾ തീരെ കുറവല്ലതാനും.

**പട്ടിക**

| | ആൺ | പെൺ | ആകെ |
|---|---|---|---|
| എൽ. പി. വിഭാഗം | 965 | 921 | 1886 |
| യു. പി. വിഭാഗം | 859 | 849 | 1708 |
| ഹൈസ്കൂൾ വിഭാഗം | 893 | 914 | 1807 |
| ആകെ | 2717 | 2684 | 5401 |

കുട്ടികൾക്ക് കിലോമീററിൽ യാത്ര ചെയ്യേണം നമ്മുടെ പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും എത്തിച്ചേരുവാൻ. അതിനാൽതന്നെ പെൺകുട്ടികളിൽ ചെറിയൊരു വിഭാഗം ഹൈസ്കൂൾ തലത്തിൽ തന്നെ വിദ്യാഭ്യാസം നിർത്തുന്നു. S. S. L. C നല്ല നിലയിൽ പാസ്സായ കുട്ടികൾപോലും ഉപരി പഠനത്തിനുള്ള സൗകര്യം പഞ്ചായത്തിൽ ഇല്ലാത്തതിനാൽ പഠിത്തം നിർത്തേണ്ടുന്ന ഒരവസ്ഥയാണ് ഇന്നുള്ളത്. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ പഞ്ചായത്തിലെ എല്ലാ ഹൈസ്കൂളുകളിലും പ്ലസ് ടു കോഴ്സുകൾ അനുവദിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ് ഒരു പരിധിവരെ തൊഴിലില്ലായ്മ വർദ്ധിക്കാൻ ഇടയായിട്ടുണ്ട്.

### ആരോഗ്യം

പുരുഷന്മാരെഅപേക്ഷിച്ച് സ്ത്രീകൾ വേഗത്തിൽ പലവിധത്തിലുള്ള രോഗങ്ങൾക്ക് അടിമകളായി തീരുന്നു. രോഗികളായ തൊഴിലാളി സ്ത്രീകളുടെ അവസ്ഥ വളരെ ദയനീയമാണ്. ആവശ്യമായ ആതുര ശുശ്രൂഷാകേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ലാത്തതാണ്. കാരണം.

പഞ്ചായത്തിൽ ഒരു പി. എച്ച്. സി. യും, 2 ആയുർവ്വേദ ആശുപത്രിയും, ഒരു ഹോമിയോ ആശുപത്രിയുമാണ് ഉള്ളത്. ഇവയിലൊന്നും തന്നെ രോഗികളെ കിടത്തി ചികിത്സിക്കാനാവശ്യമായ സൗകര്യങ്ങൾ ഇന്ന് ലഭ്യമല്ല.

അതുകൊണ്ട്തന്നെ ചികിത്സ ലഭിക്കുന്നതിന് തൊട്ടടുത്ത നീലേശ്വരം, കാഞ്ഞങ്ങാട് തുടങ്ങിയ പ്രദേശങ്ങളിലെ സ്വകാര്യആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നു. ഇത് തൊഴിലാളികളായ സ്ത്രീകൾക്ക് വളരെയധികം വിഷമമുണ്ടാക്കുന്നുണ്ട്.

കരിന്തളം പി. എച്ച്. സി. യിൽ ഡോക്ടർ ഉണ്ടെങ്കിലും മററ് ആശുപത്രികളിൽ ചാർജ്ജെടുക്കുന്നതുകൊണ്ടും കോൺഫ്രൻസുകളിലും മററും പങ്കെടുക്കേണ്ട അവസരങ്ങൾ ഉണ്ടാകുമ്പോഴും ഇത്തരം ഗ്രാമപ്രദേശങ്ങളിലെ ആശുപത്രികളിൽ രോഗികൾക്ക് ചികിത്സലഭിക്കാതെ വരുന്നുണ്ട്. ഇതിനു പരിഹാരം കാണേണ്ടത് ആവശ്യമാണ്. പഞ്ചായത്തിലെ മൂന്നോ നാലോ വാർഡുകളിൽ മാത്രമേ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുള്ളൂ.

കാര്യക്ഷമമായ ബോധവല്ക്കരണ പരിപാടികൾ നടത്താത്തതുകൊണ്ട് പകർച്ചവ്യാധികൾ പെട്ടെന്ന തന്നെ പടർന്നു വ്യാപിക്കുന്ന അവസ്ഥ ഉണ്ടാകാം.

## പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

1. സ്ത്രീകളുടെ കൂലിനിരക്ക് ഒരേ തൊഴിലിന് പുരുഷന്മാരുടേതിനേക്കാൾ കുറവാണ്.

| തൊഴിൽ | സ്ത്രീകൂലി | പുരുഷകൂലി | വ്യത്യാസം |
|---|---|---|---|
| കർഷക തൊഴിലാളി | 30 | 45–50 | 15–20 |
| നിർമ്മാണ തൊഴിലാളി | 60 | 100–120 | 40–60 |
| കയർ | 40 | 85 | 45 |
| ബീഡി | വ്യത്യാസമില്ല | — | — |

2. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ ദിവസം പ്രതി വർദ്ധിച്ചുവരുന്നതായിട്ട് കാണുന്നു.
3. സ്ത്രീധന സമ്പ്രദായം നിലവിലുള്ള കുടുംബങ്ങളിൽ സ്ത്രീധനം കൊടുക്കുവാൻ കഴിയാത്തതുകൊണ്ട് പെൺകുട്ടികളുടെ വിവാഹം നടക്കുന്നില്ല
4. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ചിലയിടങ്ങളിലെങ്കിലും രൂക്ഷമായിക്കൊണ്ടിരിക്കുന്നു.
5. അശ്ലീല പോസ്റ്ററുകളുടേയും, സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന ചുവർ പരസ്യങ്ങളും വർദ്ധിച്ചു വരുന്നു.
6. സ്ത്രീകളെ ഉപഭോഗവസ്തുവായി കാണാനുള്ള പ്രവണത വർദ്ധിക്കുന്നു.

7. സ്ത്രീകളിൽ തൊഴിലില്ലായ്മ നാൾക്കുനാൾ വർദ്ധിച്ചുവരുന്നു.

8. വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അഗതി പെൻഷൻ മുതലായവ അർഹതപ്പെട്ട എല്ലാവർക്കും ലഭിക്കുന്നില്ല.

9. കായിക കലാ രംഗങ്ങളിൽ സ്ത്രീകൾക്ക് പ്രതിനിധ്യവും അവസരങ്ങളു, ലഭിക്കുന്നില്ല.

10. പെൺകുട്ടികൾ ഹൈസ്കൂൾ തലത്തിൽ വെച്ച് തന്നെ പഠിത്തം അവസാനിപ്പിക്കാൻ നിർബ്ബന്ധിതരാകുന്നു.

11. ബഹുജന സംഘടനകളിലെ സ്ത്രീ പങ്കാളിത്തം കുറവ്.

## പരിഹാര നിർദ്ദേശങ്ങൾ

### 1. തൊഴിലില്ലായ്മ

1. സ്ത്രീകൾക്ക് സ്വയംതൊഴിൽ ലഭ്യമാക്കുന്നതിന് സഹകരണ സംഘങ്ങൾ മുഖേന പരമ്പരാഗതവും അല്ലാത്തതുമായ തൊഴിൽ സംരംഭങ്ങൾ ശക്തിപ്പെടുത്തുവാൻ ധനസഹായം നല്കുക.

2. ഗ്രൂപ്പ് അടിസ്ഥാനത്തിൽ തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പരിശീലനങ്ങൾ നല്കുക.

3. തയ്യൽ, കോഴി വളർത്തൽ, കാലി വളർത്തൽ, നേന്ത്രക്കായചിപ്പ്, മാങ്ങ, ചക്ക, പഴം എന്നിവ ഉപയോഗിച്ചുള്ള സ്ക്വാഷ് നിർമ്മാണം, കറിപൗഡർ, പപ്പട യൂണിററുകൾ എന്നിവ തുടങ്ങുക.

4. അടുക്കളത്തോട്ടം, മുല്ലപ്പൂ കൃഷി, കൂൺ കൃഷി, പട്ടുനൂൽ കൃഷി, ഔഷധത്തോട്ടം എന്നിവയുണ്ടാക്കുന്നതിന് വാർഡുതലത്തിൽ പരിശീലനം നല്കുക.

5. മുടങ്ങിക്കിടക്കുന്ന ചാത്തോത്ത് സോപ്പ്ഉല്പാദന യൂണിററ് എത്രയുംവേഗം പ്രവർത്തനം ആരംഭിക്കണം.

6. ഇലക്ട്രോണിക്ക് ചോക്ക്, മററ് ഇലക്ട്രോണിക്ക് ഉപകരണങ്ങൾ, ഗൃഹോപകരണങ്ങൾ എന്നിവയുടെ ഉല്പാദനത്തിനും സർവ്വീസിങ്ങിനുമുള്ള പരിശീലനം നല്കുക.

### വനിതാ ക്ഷേമം

1. സ്ത്രീകൾക്കുള്ള സാമൂഹ്യ ക്ഷേമപദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ എളുപ്പമാക്കുക.

2. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായം വർദ്ധിപ്പിക്കുക.

3. വിധവകളായ സ്ത്രീകൾക്ക് നല്കുന്ന പെൻഷൻ 40 വയസ് കഴിഞ്ഞ അവിവാഹിതകൾക്കും നല്കുക.

4. മന്ദബുദ്ധികളായ കുട്ടികളെ പുനരധിവസിപ്പിക്കുന്നതിന് പഞ്ചായത്തിൽ ഒരു കേന്ദ്രം സ്ഥാപിക്കുക.

5. വിധവാ പെൻഷൻ; അഗതി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ മുതലായവയുടെ തുക വർദ്ധിപ്പിച്ച് യഥാസമയംതന്നെ ഉപഭോക്താക്കൾക്ക് എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

6. എല്ലാ വാർഡുകളിലും മഹിളാസമാജങ്ങൾ രൂപീകരിച്ച് പ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.

7. വാർഡുകൾതോറും അങ്കൺവാടി, ക്രെഷെ തുടങ്ങിയ സ്ഥാപിച്ച് വനിതകളുടെ പ്രയാസങ്ങൾ കുറക്കണം.

8. കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ഇല്ലാത്ത എല്ലാ വാർഡുകളിലും കെട്ടിടങ്ങൾ നിർമ്മിക്കുക.

9. പൊതു സ്ഥലങ്ങളിൽ മൂത്രപ്പുരയും കക്കൂസും നിർമ്മിക്കുക.

10. ആഴ്ചയിൽ ഒരു ദിവസമെങ്കിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുക.

11. DWCRA യുടെ രണ്ടിൽ കുറയാത്ത യൂണിററുകൾ ഓരോ വാർഡിലും രൂപികരിച്ച് സ്ത്രീകൾക്ക് സ്വയംതൊഴിലും, സാമ്പത്തീകമായ ഉന്നമനത്തിനുംആവശ്യമായ നടപടികൾ സ്വീകരിക്കുക

12. ബഹുജന സംഘടനകളിൽ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കാനുതകുന്നവിധത്തിൽ സമൂഹത്തിൽ ബോധവല്ക്കരണം നടത്തുക.

13. സമൂഹത്തിൽ ഇറങ്ങി പ്രവർത്തിക്കുന്നതിന് സ്ത്രീകൾക്ക് സ്വാതന്ത്ര്യം അനുവദിക്കണം.

14. സ്ത്രീകളോടും കുട്ടികളോടും ഉള്ള അതിക്രമങ്ങൾക്കും അനീതികൾക്കും എതിരായും സ്ത്രീകളെ ചൂഷണം ചെയ്യുന്നതിനുമെതിരെ ശബ്ദിക്കുന്നതിനും പഞ്ചായത്ത്തലത്തിൽ ഒരു വനിതാ സെൽ രൂപീകരിക്കണം.

15. എല്ലാ വീടുകളിലും കക്കൂസ് നിർബ്ബന്ധമായും ഉണ്ടാക്കേണ്ടതും അർഹരായവർക്ക് സാമ്പത്തീക സഹായം നല്കുകയും വേണം.

16. എല്ലാ വാർഡുകളിലു, ഒന്നോ രണ്ടോ ഗ്രന്ഥശാലകൾ രൂപീകൃതമാക്കുകയും മുഴവൻ സ്ത്രീകളെയും അംഗങ്ങളാക്കുകയും വേണം.

17. സ്ത്രീകൾക്കും കുട്ടികൾക്കും ഇരുന്ന് വായിക്കുവാനാവശ്യമായ സ്ഥലസൗകര്യം എല്ലാ വായനശാലകളിലും ഉണ്ടായിരിക്കണം.

18. സ്ത്രീകൾക്കുവേണ്ടി ആഴ്ചകളിൽ മൂന്നുദിവസമെങ്കിലും പ്രവർത്തിക്കുന്ന ഒരു മൊബൈൽ ലൈബ്രറി എല്ലാ വാർഡിലും വേണം.

10. അയൽക്കൂട്ടങ്ങളുടെരൂപീകരണത്തിനുംഅവയുടെ മുമ്പോട്ടുള്ള പ്രവർത്തനങ്ങൾക്കും പഞ്ചായത്തുതല

സമിതി രൂപീകരിക്കുക.

20. പഞ്ചായത്തിൽ രണ്ടു മാവേലിസ്റ്റോറുകൾ എങ്കിലും അനുവദിക്കണം.

21, കരിന്തളം പി, എച്ച്. സി. യിൽ ഒരു മുഴുവൻ സമയ ലേഡി ഡോക്ടറെ നിയമിക്കണം.

22, കാലാകാലങ്ങളിൽ വിദഗ്ധന്മാരെ പങ്കെടുപ്പിച്ച് വിവിധ വിഷയങ്ങളിൽ ബോധവല്ക്കരണക്ലാസ്സുകൾ നടത്തണം. പ്രസ്തുത ക്ലാസ്സുകളിൽ മുഴുവൻ വനിതകളെയും എത്തിക്കുന്നതിനുള്ള പ്രവർത്തനം നടത്തണം.

23. സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതും കർശനമായി നിരോധിക്കണം.

24. ബാലികാ വിവാഹം നിരുത്സാഹപ്പെടുത്തുന്നതിന് ബോധവല്ക്കരണ ക്യാമ്പയിൻ നടത്തണം

25. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ കൂട്ടായ ബോധവല്ക്കരണം നടത്തണം.

1. ബിരിക്കുളം ദേശസേവിനി മഹിളാ സമാജത്തിന്റെ ആഭിമുഖ്യത്തിൽ ഒരു മാതൃ ശിശുസംരക്ഷണകേന്ദ്രം നടത്തുന്നുണ്ട്. ബ്ലോക്കിന്റെ കീഴിൽ പോഷകാഹാര വിതരണം നടത്തുന്നു.

2. കൈരളി മഹിളാസമാജം കോളംകുളം – കേന്ദ്ര ഗവമ്മെൻറുസഹായത്തോടുകൂടി സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ക്രെഷെ നടത്തുന്നു. ഒരു കുട്ടിക്ക് 1 രൂപവെച്ച് 25 കുട്ടികൾക്ക് മാത്രമുള്ള ധനസഹായം മാത്രമേ കിട്ടുന്നുള്ളു. പ്രസ്തുത നിരക്ക് വർദ്ധിപ്പിച്ചു കൊടുക്കേണ്ടതാണ്.

പഞ്ചായത്തിന്റെ കീഴിൽ ചായ്യോത്ത് ടി. കെ. സി. സ്മാരക ശിശുമന്ദിരം നടത്തുന്നുണ്ട്. ഇംഗ്ലീഷ് മീഡിയം നേഴ്സറികളുടെ ആധിക്യംമൂലം കുട്ടികൾ വളരെ കുറവാണുള്ളത്,

# സംസ്കാരം

തെയ്യം കലകളുടെയും, പൂരക്കളിയുടെയും നാടൻ പാട്ടുകളുടെയും, കോൽക്കളികളുടെയും ശബ്ദമധുരിമയും കലാവൈവിധ്യവും നിറഞ്ഞുനില്ക്കുന്ന കിനാനൂർ കരിന്തളം പഞ്ചായത്തിന് ഉൽകൃഷ്ടമായ ഒരു സാംസ്കാരിക പാരമ്പര്യമുണ്ട്. ജനങ്ങളിൽ ഭൂരിഭാഗവും ഹിന്ദുക്കളാണ്. ഗ്രാമമനസ്സിനെ ഉണർത്തുകയും ആഹ്ലാദം കൊള്ളിക്കുകയും ചെയ്യുന്ന മുഖ്യകേന്ദ്രങ്ങളായി ക്ഷേത്രങ്ങളും പള്ളികളും ഇന്നും നിലകൊള്ളുന്നു. ക്രിസ്ത്യൻ മുസ്ലീം വിഭാഗങ്ങൾ താരതമ്യേന കുറവാണ് എങ്കിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മുസ്ലീം പള്ളികളും ക്രിസ്ത്യൻ ചർച്ചുകളും മതസൗഹാർദ്ദത്തിന്റെ പ്രതീകമെന്നോണം നിലനില്ക്കുന്നു. മതവിഭാഗങ്ങൾ തമ്മിലുള്ള സഹിഷ്ണുതാ മനോഭാവവും, പരസ്പരസ്നേഹവും എടുത്തുപറയത്തക്കതാണ്. സമുദായാടിസ്ഥാനത്തിൽ ചില ക്ഷേത്രങ്ങളിൽ ഉത്സവങ്ങൾ നടത്താറുണ്ടെങ്കിലും ഈ രംഗത്ത് ജനകീയസ്വഭാവം നിലനിർത്താൻ ഭൂരിഭാഗം ആരാധനാലയങ്ങൾക്കും കഴിയാറുണ്ട്. കമ്മാടം മുസ്ലീം പള്ളിയിൽ നടക്കാറുള്ള ചടങ്ങുകളിൽ ഇതരവിഭാഗങ്ങളുടെ സാന്നിദ്ധ്യം ഇതിനുദാഹരണമാണ്.

മീനമാസം പിറന്നാൽ നമ്മുടെ പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിലെ വിവിധ പള്ളിയറകളിൽനിന്നും ക്ഷേത്രസ്ഥാനങ്ങളിലും നിന്നുയരുന്ന പൂരക്കളികളുടെ ആരവം നമ്മുടെ മനസ്സിനെ ആനന്ദം കൊള്ളിക്കുന്നു. സംഗീതത്തിലുള്ള പാടവവും മെയ് അഭ്യാസത്തിലുള്ള മികവും ഈ ക്ഷേത്രകലയിലൂടെ തെളിയുന്നു.

തുലാവം പത്തിന് ശേഷം അമ്പലങ്ങളിലും, ക്ഷേത്രങ്ങളിലും, തറവാട്ടുകളിലും തെയ്യം എന്നകലാരൂപം കെട്ടിയാടുന്നു. ഗ്രാമീണ തനിമ നിറഞ്ഞുനിൽക്കുന്ന ഈ കലാരൂപം നമ്മുടെ നാടിന്റെ സാംസ്കാരിക പൈതൃകം വിളിച്ചോതുന്നു. കിണാവൂർ കിരാതേശ്വര ക്ഷേത്രം, കരിന്തളം കളരിയാൽ ഭഗവതി ക്ഷേത്രം, കണിയാട താഴത്തെയറേക്ക, കിണാവൂർ കണ്ണം കുന്നുമ്മൽ ഭഗവതീക്ഷേത്രം, കീഴ്മാല മൂരിക്കാനം പൂമാല ഭഗവതീ ക്ഷേത്രം, പുതിയസ്ഥാനം ശ്രീ പൂമാല ഭഗവതീ ക്ഷേത്രം, കാരിമൂല പാടാർ കുളങ്ങര ഭഗവതീ ക്ഷേത്രം, പാറക്കോൽ ചാമുണ്ഡേശ്വരി മുണ്ഡ്യ, അണ്ടോൾകുന്നുമ്മൽ ഭഗവതീക്ഷേത്രം, പുലിയന്നൂർ ചെറുപ്പക്കോട് വിഷ്ണുമൂർത്തീ ക്ഷേത്രം, മയ്യങ്ങാനം വിഷ്ണുമൂർത്തിക്ഷേത്രം, ബിരിക്കുളം ചാമുണ്ഡീശ്വരി ക്ഷേത്രം, നെല്ലിയടുക്കം ചെറുവയലടുക്കം ചാമുണ്ഡീശ്വരി ക്ഷേത്രം, കിളിയളം സുബ്രഹ്മണ്യം കോവിൽ, പെരിയങ്ങാനം ശ്രീ ധർമ്മശാസ്താക്ഷേത്രം ബിരിക്കുളം മുത്തപ്പൻ തൊട്ടി. കാറളംചാമുണ്ഡേശ്വരി ക്ഷേത്രം. തുടങ്ങിയവയാണ് തെയ്യങ്ങൾ കെട്ടിയാടാറുള്ള പ്രധാനക്ഷേത്രങ്ങൾ. വർഷന്തോറും കളിയാട്ടം, പാട്ടുത്സവം, പൂരോൽസവം എന്നിവ ചില ക്ഷേത്രങ്ങളിൽ കൊണ്ടാടുന്നു.

സവർണ്ണ അവർണ്ണ വിഭാഗങ്ങളും പിന്നോക്ക വിഭാഗങ്ങളും ഉൾക്കൊള്ളുന്നതാണ് ജാതിപരമായ ഘടന. ഈ നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടം വരെ സവർണ്ണ–അവർണ്ണ ഭിന്നത രൂക്ഷമായിനിലനിന്നിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് ദേശീയ പ്രസ്ഥാനത്തിൽ നിന്ന് ഊർജ്ജംപകർന്ന് ജന്മിത്വത്തിനെതാരായി നടന്ന കർഷക സമരങ്ങളും അയിത്തത്തിനെതിരെ നടന്ന പ്രക്ഷോഭ പ്രവർത്തനങ്ങളും ഈ ഭിന്നത ഒരു പരിധിവരെയെങ്കിലും ഇല്ലായ്മ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

വായനശാലകൾ, കലാ സമിതികൾ, ഗ്രന്ഥശാലകൾ, സ്പോർട്സ് ക്ലബ്ബുകൾ എന്നിങ്ങനെ 65ഓളം സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിന്റെ സാംസ്കാരിക പ്രവർത്തനത്തിന്റെ ആക്കം കൂട്ടുന്നതിന് ഈ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. ആയിരകണക്കിന് പുസ്തകങ്ങളുള്ള ഗ്രന്ഥാലയങ്ങൾ ഉണ്ടെങ്കിലും ശരാശരിപുസ്തകവായനാ നിരക്ക് തിരെ കുറഞ്ഞുവരികയാണ്. ഗൗരവമേറിയവായന ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ടെലിവിഷൻ പരിപാടികളും, ഡിഷ്–കേബിൾ ടി. വി. പരിപാടികളും വായനാശീലം കുറഞ്ഞു വരുന്നതിന് കാരണമാകുന്നു എന്ന വിശ്വാസം നിലനിൽക്കുന്നു. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം തൃപ്തികരമാണ് എന്ന് പറയാൻ സാധിക്കില്ല. ചായ്യോം എൻ. ജി. സ്മാരക വായനശാല, കിണാവൂർ വായനശാല ആൻറ് ഗ്രന്ഥാലയം. പൊതുജന വായനശാല മുക്കട, ദേശസേവിനി വായനശാല അണ്ടോൾ, നെല്ലിയടുക്കം ടാഗോർ ക്ലബ്ബ് ആൻറ് റീഡിംഗ് റൂം, സഹൃദയ വായനശാല വെള്ളരിക്കുണ്ട്. കെ. എൻ. സ്മാരക വായനശാല പാറക്കോൽ, ഏ.കെ.ജി വായനശാല പെരിയങ്ങാനം, മുതുകുററി നവോദയ വായനശാല, നവോദയ വായനശാല ബിരിക്കുളം, ജ്ഞാനോദയ വടക്കേ പുലിയന്നൂർ, വയലാർ വട്ടക്കല്ല് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന ഗ്രന്ഥശാലകൾ. ഗ്രന്ഥശാലകളിലെ മൊത്തം മെമ്പർമാരുടെ കണക്ക് നോക്കിയാൽ സ്ത്രീകളുടെ പ്രാതിനിധ്യം നന്നെകുറവാണ്.

ഇത്തരം ക്ലബ്ബുകളുടെയും വായനശാലകളുടെയും വാർഷികാഘോഷങ്ങൾ നടക്കുമ്പോൾ നാടകങ്ങൾ അവതരിപ്പിക്കാറുണ്ട്. നൃത്തങ്ങളും, നാടകങ്ങളും സ്വയം പരിശീലിച്ച് നാട്ടുകാരുടെ മുമ്പിൽ അവതരിപ്പിച്ച് സ്ഥാപനങ്ങളുടെ സജീവത നില

നിൽക്കുന്നു. ചില ക്ലബ്ബുകൾ വാർഷീകാഘോഷങ്ങൾക്കായി മാത്രം പ്രവർത്തിക്കുകയും അതോടെ പ്രവർത്തന രഹിതമാവുകയും ചെയ്യുന്ന ക്ലബ്ബുകൾകൂടി നമ്മുടെ പഞ്ചായത്തിലുണ്ട് എന്നത് മാററിയെടുക്കേണ്ട ദൗർബ്ബല്യമായി കാണാൻ ഇത്തരം സ്ഥാപനങ്ങളുടെ ഭാരവാഹികൾ തയ്യാറാവണം.

ഇവകൂടാതെ ചായ്യോം, കരിന്തളം, പരപ്പ എന്നീ ഫൈൻ ആർട്സ് സൊസൈററികൾകൂടി ഈ പഞ്ചായത്തിൽ ഉണ്ട്. അടുത്തകാലത്ത് (1992-ൽ) കമ്പല്ലൂപ്പള്ളി കേന്ദ്രീകരിച്ച് കരിന്തളം ദൃശ്യ എന്നപേരിൽ ഒരു കലാ സമിതി പ്രവർത്തിച്ചുവരുന്നുണ്ട്. പോരായ്മകൾ ഉണ്ടെങ്കിൽ പോലും 8 നാടകം അവതരിപ്പിച്ച്കൊണ്ട് ജില്ലക്ക് പുറത്തടക്കം 75 ഓളം സ്റ്റേജുകളിൽ അരങ്ങേറി. സാമ്പത്തീക ബുദ്ധിമുട്ട് കാരണം അതിന്റെ പ്രവർത്തനം ഇപ്പോൾ നടക്കുന്നില്ല.

വിശാലമായ കളിസ്ഥലവും ആരോഗ്യമുള്ള യുവതലമുറയും കായികരംഗത്ത് വിസ്മയങ്ങൾ കൊയ്യാൻ സാധിക്കുന്ന ഘടകങ്ങളാണ്. പക്ഷെ സാമ്പത്തീകവും മററുമായ പ്രശ്നങ്ങൾകാരണം നമ്മുടെ കായിക രംഗം ശുഷ്കമാണ്. സ്പോർട്സ്, ഗെയിംസ് ഇനങ്ങളിൽ മികവ് പുലർത്തുന്ന താരങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടെങ്കിലും അവരുടൊഉത്സാഹവും, പ്രാവീണ്യവും പ്രകടിപ്പിക്കാനുള്ള അവസരം സൃഷ്ടിക്കാൻ കഴിയുന്നില്ല. ജില്ലാ സംസ്ഥാന തലങ്ങളിലും, യൂണിവേഴ്സിററി തലത്തിലും അംഗീകാരം പിടിച്ചുപററിയ കായികതാരങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. നമ്മുടെ പഞ്ചായത്തിലെ മൂന്ന് ഹൈസ്കൂളുകൾക്ക് മാത്രമാണ് മെച്ചപ്പെട്ട കളിസ്ഥലം ഉണ്ട് എന്ന് പറയാൻ കഴിയുകയുള്ളു.

ആനുകാലീക സംഭവവികാസങ്ങൾ അറിയുന്നതിനും പഠിക്കുന്നതിനും ഉപകരിക്കുന്ന മാദ്ധ്യമങ്ങളാണ് പത്രങ്ങളും റേഡിയോ വാർത്തകളും മററ് ആനുകാലീക പ്രസിദ്ധീകരണങ്ങളും. ദിവസം വർത്തമാന പത്രങ്ങൾവായിക്കാത്തവർ ഒരുപക്ഷെ നമ്മുടെ പഞ്ചായത്തിൽ ഉണ്ടാകാം. 5000 വീടുകളിൽ 1500 വീടുകളിൽ വിവിധ ദിനപത്രങ്ങൾവരുത്തുന്നു, മററു ആനുകാലീക പ്രസിദ്ധീകരണങ്ങൾ വരുത്തുന്ന വീടുകളും വിരളമല്ല. റേഡിയോഇല്ലാത്ത വീടുകൾ ചുരുക്കമാണ്. 5% വീടുകളിൽ മാത്രം ടെലിവിഷൻ പ്രവർത്തിക്കുന്നുണ്ട്.

## പഞ്ചായത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ

വാർഡ് 1

1 എൻ. ജി. സ്മാരക വായനശാല ആൻറ് ഗ്രന്ഥാലയം, ചായ്യോത്ത്.
2 എൻ. ജി. സ്മാരക കലാവേദി, ചായ്യോത്ത്.
3 ഉദയ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് ചായ്യോത്ത്
4 റെഡ് സ്റ്റാർ സ്പോർട്സ് ക്ലബ്, കണിയാട
5 ഗ്രാമീണ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, പുല്ലാഞ്ഞിവള്ളി.
6 ഗ്രാമീണ വായശാല, പുല്ലാഞ്ഞിവള്ളി
7 ദർപ്പണ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, ആനക്കല്ല്

വാർഡ് 2

8 കിനാനൂർ വായനശാല ആൻറ് ഗ്രന്ഥാലയം
9 കിനാനൂർ ചന്തു ഓഫീസർ സ്മാരക ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്
10 കിളിയളം അക്ഷര ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്
11 ഏ. കെ. ജി. ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, തടിക്കുന്ന്
12 പ്രണവം ചോയ്യംകോട്

വാർഡ് 3

13 റെഡ് സ്റ്റാർ നെല്ലിയടുക്കം
14 സ്പോർടസ് സെൻറർ പുതുക്കുന്ന്
15 വയലാർ വടക്കേപ്പ് — ജയ വട്ടക്കല്ല്
16 സൂര്യ വരഞ്ഞൂർ
17 ഫൈവ് സ്റ്റാർ പുതുക്കുന്ന്
18 യൂത്ത് ക്ലബ് വരഞ്ഞൂർ
19 ദീപ്തി മഹിളാ സമാജം നെല്ലിയടുക്കം
20 ജയ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ് വട്ടക്കല്ല്
21 യുവധാര കടയംകയംതട്ട്
ഗ്രാമീണ മഹിളാ സമാജം വരഞ്ഞൂർ
യുവജന കാറളം

വാർഡ് 4

22 ഏ. കെ. ജി. ക്ലബ് കാളിയാനം
23 നവോദയ വായനശാല ബിരിക്കുളം
24 നെഹറു യൂത്ത് ക്ലബ് കാളിയാനം
25 ത്രീ സ്റ്റാർ ബിരിക്കുളം
26 വികാസ് കൊട്ടമടൽ
27 ഉദയ ക്ലബ് കൂടോൽ
28 ശ്രീശാസ്ത ക്ലബ് പെരിയങ്ങാനം
29 സഞ്ജയ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ് കോളംകുളം
30 റെഡ് സ്റ്റാർ കോളംകുളം
31 ദേശസേവിനി മഹിളാ സമാജം ബിരിക്കുളം
32 പ്രിയദർശിനി ക്ലബ് കുറുഞ്ചേരിതട്ട്
33 ഏ. കെ. ജി. വായനശാല പെരിയങ്ങാനം
34 കൈരളി മഹിളാ സമാജം കോളംകുളം
35 നവജീവൻ ഫാം ക്ലബ് ബിരിക്കുളം

വാർഡ്–5

36 നേതാജി ആർട്സ് & സ്പോർട്സ് ക്ലബ്, പരപ്പ.
37 ഒളിംപസ് ക്ലബ്. പരപ്പ
38 ഗ്രാമശ്രീ മഹിളാ സമാജം പന്നിയെറിഞ്ഞകൊല്ലി
39 രാമഷമ്മ ബാലകലാകേന്ദ്രം പ്രതിഭാനഗർ
40 ഗ്രാമലക്ഷ്മി മഹിളാ സമാജം പ്രതിഭാനഗർ
41 പുലരി മഹിളാ സമാജം പരപ്പച്ചാൽ
42 നവജീവൻ ആർട്സ് & സ്പോർട്സ് ക്ലബ് പന്നിയെറിഞ്ഞകൊല്ലി
43 വനിതാ സ്വയം സഹായസംഘം പരപ്പ–പന്നിയെറിഞ്ഞകൊല്ലി

വാർഡ്–6

44 സഹൃദയ വായനശാല
45 കൈരളി ആർട്സ് & സ്പോർട്സ് ക്ലബ്
46 ബ്രദേർസ് പന്നിത്തടം

വാർഡ്–7

47 നവോദയ വായനശാല മുതുകുററി
48 ടാഗോർ ആർട്സ് & സ്പോർട്സ് ക്ലബ് കമ്പല്ലൂപ്പള്ളി
49 മയ്യത്താനം ഉദയാ ക്ളബ്

വാർഡ്–8

50 ഏ. കെ. ജി സ്മാരക വായനശാല കീഴ്മാല
51 കെ. എൻ. സ്മാരകവായനശാല പാറക്കോൽ
52 കെ. എൻ. സ്മാരക വായനശാല കീഴ്മാല
53 കെ. എൻ. സ്മാരക കലാവേദി പാറക്കോൽ
54 പ്രിയദർശിനി ആർട്സ് & സ്പോർട്സ് ക്ളബ് വേളൂർ

വാർഡ്–9

55 ദേശസേവിനി ആർട്സ് & സ്പോർട്സ് ക്ളബ് അണ്ടോറ
56 ദേശസേവിനി വായനശാല & ഗ്രന്ഥശാല അണ്ടോറ
57 ബ്രദേർസ് ആർട്സ് & സ്പോർട്സ് ക്ളബ് വടക്കെ പുലിയന്നൂർ
58 ജ്ഞാനോദയ വായനശാല വടക്കേപുലിയന്നൂർ
59 റെഡ്സ്റ്റാർ ആർട്സ് ആൻറ് സ്പോർട്സ് ക്ളബ് കാലിച്ചാമരം
60 പൊതുജനവായനശാല ആൻറ് ഗ്രന്ഥാലയം മുക്കട

വാർഡ് 10

61 ചാലഞ്ചേർസ് ആർട്സ് ആൻറ് സ്പോർട്സ് ക്ളബ്, കാരാട്ട്
62 പ്രിയദർശിനി മഹിളാസമാജം, കാരാട്ട്
63 നവരശ്മി മഹിളാസമാജം, കാരാട്ട്
64 വനിതാ സ്വയം സഹായസംഘം. കാരാട്ട്

## സാദ്ധ്യതകൾ

ഗ്രന്ഥാലയങ്ങളുടെ പ്രവർത്തനം, പുസ്തക വിതരണം, വായനാസൗകര്യങ്ങൾ ഉറപ്പ് വരുത്തണം

പഞ്ചായത്തുകളിൽ നിന്ന് പത്രവിതരണം ചെയ്യുന്നതിന് അംഗീകൃത ഗ്രന്ഥശാലകൾക്ക് മുൻഗണന നൽകുക

കെട്ടിട സൗകര്യമില്ലാത്ത ഗ്രന്ഥാലയങ്ങൾക്ക് പൊതുജന സഹകരണത്തോടെ കെട്ടിടങ്ങൾ ഉണ്ടാക്കുക.

ഗ്രന്ഥാലയ ഭരണസമിതികളിൽ സ്ത്രീകൾക്ക് മൂന്നിലൊന്ന് പ്രാതിനിത്യമെങ്കിലും ഉറപ്പ് വരുത്തുക

ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ മഹാന്മാരുടെ ജന്മദിനങ്ങൾ, ചരമദിനങ്ങൾ എന്നിവ ജനകീയ പങ്കാളിത്തത്തോടെ ഗ്രന്ഥാലയങ്ങളുടെ നേതൃത്വത്തിൽ ആചരിക്കുക.

കുട്ടികളുടെ പഠനസഹായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

സ്ത്രീകളുടെ വായനാശീലം വളർത്തുന്നതിന് വീടുകളിൽപുസ്തകംഎത്തിക്കുന്നതിനുള്ളപ്രവർത്തനങ്ങൾ.

ബാലവാടികൾ ഗ്രന്ഥശാല നേതൃത്വത്തിൽ ആരംഭിക്കുക.

ഗ്രന്ഥശാലകൾക്ക്വൈവിധ്യവൽക്കരിക്കാനും നവീകരിക്കാനുമുള്ള പദ്ധതികൾ ഉണ്ടാക്കുക.

കായിക സാംസ്കാരിക സംഘടനകൾക്ക് പൊതു കളിസ്ഥലങ്ങൾ ഉണ്ടാക്കുക.

പഞ്ചായത്തിൽ ക്ളബുകളുടെയും ഇതര സംഘടനകളുടെയും സംയുക്താഭിമുഖ്യത്തിൽ വ്യായാമ പരിശീലനം വ്യാപകമാക്കുക വഴി പുതിയൊരു കായിക സംസ്കാരം വളർത്തിയെടുക്കണം.

പഞ്ചായത്ത് കലാ–കായിക മേളകൾ കലാ സാംസ്കാരിക സംഘടനകളുടെ സഹായത്തോടെ

വാർഡ് നിലവാരത്തിലും തുടർന്ന് പഞ്ചായത്ത് നിലവാരത്തിലും സംഘടിപ്പിക്കണം.

പഞ്ചായത്തിലെ ക്ളബുകളെയും സാംസ്കാരിക സംഘടനകളെയും സംഘടിപ്പിച്ച് സാംസ്കാരിക-കലാ-കായിക പ്രവർത്തനങ്ങളുടെ വാർഷികമാസ്റ്റർ പ്ലാൻ തയ്യാറാക്കി പ്രാവർത്തികമാക്കുക.

വീഡിയോ ക്ളബുകൾ-പഞ്ചായത്തിൽ പൊതുവായ വീഡിയോ പ്ലയർ ലഭ്യമാക്കി വായനശാലയുടെയും മററുമുള്ള ടി വി സെററുകൾ ഉപയോഗിച്ച് നല്ല സിനിമകളും വിജ്ഞാനപ്രദമായ വിഭവങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക,

പഞ്ചായത്ത് ലൈബ്രറി പുനരുദ്ധരിച്ച് പഞ്ചായത്തിലെ ഗ്രന്ഥശാലകളെ ബന്ധിപ്പിക്കുന്ന ബുക്ക് ബേങ്കിംഗ് സമ്പ്രദായം നിലവിൽ കൊണ്ടുവരിക.

## പ്രശ്നങ്ങൾ

1 നമ്മുടെ പഞ്ചായത്തിലെ വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും, ക്ളബുകൾക്കും പ്രവർത്തിക്കുന്നതിന് ആവശ്യമുള്ള കെട്ടിട സൗകര്യം ഇല്ല.

2 കായിക രംഗത്ത് അവരുടെ പ്രാവീണ്യം പ്രകടിപ്പിക്കാൻ തക്കവിധത്തിൽ പൊതുകളിസ്ഥലം സ്റ്റേഡിയം എന്നിവയുടെ കുറവ്.

3 കലാ-സാംസ്കാരിക രംഗത്ത് മികവുള്ള കുട്ടികൾക്ക് സാമ്പത്തിക പ്രയാസങ്ങൾ കാരണം ആ രംഗത്ത് അവർക്ക് വളരാൻ കഴിയുന്നില്ല.

4 സ്കൂൾ ലൈബ്രറി, വായനമുറി എന്നിവയുടെ പ്രവർത്തനം തൃപ്തികരമല്ല,

5 പത്രമാസികകളിലും, പൊതു ടി വി കളിലും വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കാനുതകുന്ന പരിപാടികളുടെ അഭാവം.

6 പ്രാചീനങ്ങളായ പല കായിക രൂപങ്ങളും മൺമറഞ്ഞുപോകുന്നു.

## പരിഹാരങ്ങൾ

1 എല്ലാ സാംസ്കാരിക സ്ഥാപനങ്ങളിലും പത്രമാസികകൾ വിതരണം ചെയ്യാനുള്ള സംവിധാനം വേണം.

2 ഗ്രന്ഥശാലകൾക്ക് ഇപ്പോൾ ലഭിക്കുന്ന ഗ്രാൻറ് വർദ്ധിപ്പിക്കണം.

3 പഞ്ചായത്തിലെ എല്ലാ സാംസ്കാരിക സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സാംസ്കാരികസമിതി രൂപീകരിക്കണം.

4 ഗ്രന്ഥശാലകളും വായനശാലകളും ഇല്ലാത്ത വാർഡുകളിൽ അത് സ്ഥാപിച്ച് സൗജന്യമായി വൈദ്യുതി കൊടുക്കണം.

5 സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ മിനിസ്റേറഡിയം നിർമ്മിക്കുക.

6 സാക്ഷരതാ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് ജനവിദ്യാകേന്ദ്രങ്ങൾ സജീവമാക്കണം.

7 പഞ്ചായത്തിലെ വായനശാലകൾക്കും, ഗ്രന്ഥശാലകൾക്കും ഗവ: സഹായത്തോടെ ടി വി സെററുകൾ ലഭ്യമാക്കുകയും, ടി വി പ്രക്ഷേപണംചെയ്യുന്ന അശ്ളീല പരസ്യങ്ങൾ ഒഴിവാക്കണം.

8 പഞ്ചായത്തിനകത്തെ ഫൈൻ ആർട്സ് സൊസൈററികൾ ഇവിടത്തെ അമേചർ ക്ലബുകൾ നടത്തുന്ന നാടകങ്ങളെയും കലാപരിപാടികളെയും പ്രോൽസാഹിപ്പിക്കണം.

9 പഞ്ചായത്ത് തലത്തിൽ ഒരു ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കണം.

10 തെയ്യം, കോൽക്കളി, പൂരക്കളി തുടങ്ങിയ കലാരൂപങ്ങളെ പ്രോത്സഹിപ്പിക്കണം.

| ക്രമ നമ്പർ | പേര് | പുസ്തകങ്ങളുടെ എണ്ണം | പുസ്തക വില | അംഗസംഖ്യ ആകെ | സ്ത്രീ | പു | സ്വന്തമായി കെട്ടിടമുണ്ടോ | വില | സ്ഥലത്തിന്റെ വിസ്തീർണ്ണം | ഉപകരണ വില | ടി വി | റേഡിയോ | ഗ്രാന്റ് | ഗ്രേഡ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | കിണാലൂർ വായനശാല | 3278 | 20109 | 628 | 70 | 558 | ഉണ്ട് | 50000 | 17സെന്റ് | 12000 | — | — | 5600 | D |
| 2 | പൊതുജനവായനശാലമുക്കട | 1153 | 11610 | 80 | 8 | 72 | ഉണ്ട് | 5000 | 3സെന്റ് | 5000 | ഉണ്ട് | — | 4600 | F |
| 3 | ദേശസേവിനി അണ്ടോണം | 4049 | 35177 | 161 | 19 | 142 | ഉണ്ട് | 75000 | 5സെന്റ് | 3155 | — | ഉണ്ട് | 9000 | C |
| 4 | നെല്ലിയടുക്കം | 2776 | 20487 | 303 | 15 | 288 | ഉണ്ട് | 75000 | 10സെന്റ് | 20000 | — | — | 5600 | D |
| 5 | സഹൃദയ വായനശാല വെള്ളരിക്കുണ്ട് | 4187 | 28550 | 412 | 32 | 380 | ഉണ്ട് | 1,50,000 | 3സെന്റ് | 3850 | — | — | 5600 | D |
| 6 | K N സ്മാരക വായനശാല പാറക്കോൽ | 2739 | 2912 | 87 | 29 | 58 | ഉണ്ട് | 60352 | 6സെന്റ് | 2740 | — | — | 5600 | D |
| 7 | AKG സ്മാരക വായനശാല പെരിയങ്ങാനം | 1600 | 12004 | 119 | 25 | 94 | ഉണ്ട് | 75000 | 2സെന്റ് | 11000 | — | — | 4600 | F |
| 8 | നവോദയ മുതുകുറ്റി | 1775 | 18978 | 91 | 11 | 80 | — | 5000 | 3സെന്റ് | 4500 | — | — | 5100 | E |
| 9 | നവോദയ വായനശാല ബിരിക്കുളം | 1385 | 8464 | 103 | 2 | — | — | 6000 | 3സെന്റ് | 5000 | — | — | 4600 | F |
| 10 | ജ്ഞാനോദയ വടക്കേ പുലിയന്നൂർ | 1403 | 12587 | 65 | 17 | 48 | ഉണ്ട് | 20000 | 4സെന്റ് | 3400 | | റേഡിയോ | 4600 | F |
| 11 | വയലാർ വട്ടക്കല്ല് | 752 | 6165 | 45 | 2 | 43 | — | — | — | 1500 | — | | — | |
| 12 | N G സ്മാരക വായനശാല ചായ്യോം | 718 | 11798 | 110 | 2 | 108 | — | 15000 | 10സെന്റ് | 2750 | ടി. വി | | — | |

## പാർപ്പിടം, സാമൂഹ്യക്ഷേമം

കുന്നുകളും ചെരിവുകളും വിശാലമായ പാറകളാലും ആവരണം ചെയ്യപ്പെട്ടതാണ് കിനാനൂർ കരിന്തളം പഞ്ചായത്ത്. പഞ്ചായത്തിൻെറ കുറെ ഭാഗം പാറ പ്രദേശമായതിനാൽ പാർപ്പിട നിർമ്മാണത്തിനു വിഷമതകൾ നേരിടുന്നു. കരിന്തളം ഗ്രാമത്തിലാണ് ജനസാന്ദ്രത മററ് ഗ്രാമങ്ങളെ അപേക്ഷിച്ച് കുറവ്. സ്വന്തമായി ഭൂമി ഇല്ലാത്തതുകൊണ്ട് കൂട്ടുകുടുംബ വ്യവസ്ഥ നിലനിൽക്കുന്നു. വർഷങ്ങളായി ഏക്കർ കണക്കിനു് ഭൂമി കൈവശം വെച്ച് അതിൽ കൃഷി ചെയ്ത് ആദായങ്ങൾ എടുക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് കൈവശരേഖ ഇല്ലാത്തതിനാൽ പാർപ്പിട നിർമ്മാണത്തിനു് വിഷമതകൾ നേരിടുന്നു. വീട് നിർമ്മാണത്തിനു് ഗവൺമെൻറിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായം ഇവക്ക് ലഭിക്കുന്നില്ല. കിനാനൂർ കരിന്തളം, പരപ്പ എന്നീ മൂന്നു് ഗ്രാമങ്ങളിൽ പ്രധാനമായും കർഷക തൊഴിലാളികളും, കൃഷിക്കാരും, ബീഡി തൊഴിലാളികളും, കോറ തൊഴിലാളികളും ആണു്. കൂലിപണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതലും. അതുകൊണ്ട് തന്നെ കുടിലുകളും ഇടത്തരം വീടുകളും ആണു ഭൂരിപക്ഷവും. പ്രധാന റോഡിൻെറ ഇരുവശവും വീട് കെട്ടി താമസിക്കുന്ന സ്ഥിതി അടുത്ത കാലത്തായി നമുക്ക് കാണാൻ കഴിയുന്നു, സർക്കാർ ഭവന നിർമ്മാണ ബോർഡ് വഴി ദുർബല, ഇടത്തരം വിഭാഗക്കാർക്ക് നടപ്പാക്കികൊണ്ടിരിക്കുന്ന ഭവന വായ്പാ പദ്ധതി ദുർബല വിഭാഗക്കാർക്ക് മാത്രമായും കൂടാതെ അത് വിരലിൽ എണ്ണാവുന്നവർക്കും മാത്രമാണ് ലഭിക്കുന്നതു്.

വീടുകളുടെ തരം തിരിവ് പട്ടിക, വാർഡ്തലത്തിൽ

പട്ടിക No. I

| വാർഡ് | ഓല | ഓട് | ടെറസ് | ആകെ |
|---|---|---|---|---|
| 1 | 258 | 493 | 58 | 809 |
| 2 | 200 | 426 | 28 | 654 |
| 3 | 291 | 510 | 14 | 815 |
| 4 | 237 | 555 | 19 | 811 |
| 5 | 351 | 515 | 52 | 918 |
| 6 | 168 | 356 | 53 | 577 |
| 7 | 263 | 555 | 48 | 866 |
| 8 | 114 | 227 | 9 | 350 |
| 9 | 125 | 213 | 5 | 343 |
| ആകെ | 2007 | 3850 | 286 | 6143 |
| ശതമാനം | 32.67 | 62.67 | 4.65 | |

പഞ്ചായത്തിൽ മൊത്തം 6143 വീടുകളാണ് ഉള്ളത്. ഇതിൽ ഓലമേഞ്ഞ വീടുകളുടെ എണ്ണം 2007 (32.67%) വും ഓട്മേഞ്ഞവ 3850 (62.67%) വും കോൺക്രീററ് കെട്ടിടങ്ങൾ 286 (4.65%) വും ആണ്. ഓട് മേഞ്ഞതും ഓല മേഞ്ഞ വീടുകളും ആണ് പഞ്ചായത്തിൽ കൂടുതലായി കാണപ്പെടുന്നതെങ്കിലും അതിൽ മിക്കവയും വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാത്തവയാണ്. ഇതിനു് ഒരു പ്രധാനകാരണമായി കാണുന്നത് പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കർഷക തൊഴിലാളികളും ദാരിദ്ര്യം അനുഭവിക്കുന്നതും ആണെന്നും ഉള്ളതാണ്. കെട്ടിട സാമഗ്രികളുടെ അമിതമായ വിലവർദ്ധനയും, തിരിച്ചടക്കാൻ കഴിവില്ലാത്തവക്ക് കടം ലഭിക്കാത്തതും സാമ്പത്തിക പിന്നോക്കാവസ്ഥയും സാധാരണ ജനങ്ങൾക്ക് വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയാത്ത അവസ്ഥയാണ് ഉള്ളതു്.

പഞ്ചായത്തിൽ രണ്ട് ഐ. എച്ച്. ഡി. പി. കോളനികളും 19 ഹരിജൻ കോളനികളുമുണ്ട്. ഐ. എച്ച്. ഡി. പി. കോളനികൾ—മാളൂർക്കയം, കാറളം എന്നിവയാണ്. ഹരിജൻ കോളനികൾ–ചക്ലിയ കോളനി ചായ്യോത്ത്, കക്കോൽ, വരയിൽ, പെരിയങ്ങാനം, കാളിയാനം, പന്നിയെറിഞ്ഞകൊല്ലി, തുമ്പ, പ്ലാച്ചിക്കല്ല്, മുണ്ടത്തടം, പന്നിത്തടം, ചെമ്പൻകുന്ന്, കട്ടിക്കുന്ന്, ആവുള്ളക്കോട്, കറുക്കുട്ടിപൊയിൽ, കാരാട്ട്, തോടംചാൽ, പടളം, നെല്ലിയര, കമ്മാടം എന്നിവയാണ്. കൂടാതെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിരവധി ഹരിജൻ സങ്കേതങ്ങളുമുണ്ട്. എന്നാൽ ഹരിജൻ കോളനികളിലെ വീടുകൾ പൂർത്തിയാകാത്തതും പുതുക്കി പണിയാത്തതും കക്കൂസുകൾ ഇല്ലാത്തതുമാണെന്നുള്ളതിനാൽ വീടുകളുടെ അവസ്ഥ വളരെശോചനീയമാണ്.

വിവിധ പദ്ധതികൾ മുഖേന നിർമ്മിച്ച വീടുകളുടെ കണക്ക്—കിനാനൂർ, കരിന്തളം വില്ലേജുകളിൽ

പട്ടിക II

| വർഷം | JRY | IAY | MWS | FLOOD |
|---|---|---|---|---|
| 1991–92 | 1 | — | | |
| 92–93 | 2 | 2 | 2 | — |
| 93–94 | 3 | 2 | 5 | — |
| | | | 8 | — |

| | | | | |
|---|---|---|---|---|
| 94–95 | 5 | 8 | 59 | — |
| 95–96 | 3 | 3 | 6 | 5 |
| ആകെ | 14 | 15 | 80 | 5 |

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വിവിധ പദ്ധതികൾ മുഖേന ലഭിക്കുന്ന വീടുകളുടെ എണ്ണം വളരെ കുറവാണെന്ന് മുകളിൽ പറഞ്ഞ പട്ടികയിൽ നിന്ന് വ്യക്തമാണ്. വിവിധ പദ്ധതികൾ മുഖേന ലഭിക്കുന്ന കാശുകൊണ്ട് വീടുകൾ പൂർത്തീകരിക്കാൻ കഴിയാതെ വരുന്നു. ഇതിന്റെ ഭാഗമായി പഞ്ചായത്തിൽ പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നത് കാണാൻ കഴിയും. ഇത്തരം അവസ്ഥ പരിഹരിക്കുന്ന രീതിയിൽ പദ്ധതികൾ ഉണ്ടാകണം.

### പ്രശ്നങ്ങൾ

1. സാമ്പത്തിക പിന്നോക്കാവസ്ഥ
2. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വില വർദ്ധന
3. വായ്പ നൽകുന്ന ധനകാര്യ സ്ഥാപനങ്ങളുടെ അഭാവം.
4. വർദ്ധിച്ച പലിശ നിരക്കും സങ്കീർണ്ണമായ ഉപാധികളും. വായ്പയെടുത്ത് വീടുവെയ്ക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു.
5. വീട് പുതുക്കി പണിയാൻ സഹായം ലഭിക്കുന്നില്ല.
6. ചിലവ് കുറഞ്ഞ വീട് നിർമ്മിക്കാനുള്ള കേന്ദ്രങ്ങളുടെ കുറവ്.
7. വിദഗ്ധ തൊഴിലാളികളുടെ അഭാവം.
8. പുരയിടങ്ങളിൽ ശുദ്ധജല ലഭ്യത കുറവ്, കക്കൂസിന്റെ കുറവ്.
9. സ്വന്തം പേരിൽ സ്ഥലമില്ലാത്തത്.
10. പഞ്ചായത്തിൽ കെട്ടിട നിർമ്മാണ സാമഗ്രികളുടെ കുറവ്.

### സാധ്യതകൾ

1. പഞ്ചായത്തിൽ ഭവന നിർമ്മാണത്തിന് ആവശ്യമായ വായ്പ നൽകുന്നതിനും വില കുറച്ച് സാധന സാമഗ്രികൾ നൽകുന്നതിനും ആവശ്യമായ സംവിധാനം ഉണ്ടാക്കുക.
2. ദുർബലരായ ജന വിഭാഗങ്ങളിൽ സ്വന്തമായി സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങൾക്ക് സ്ഥലവും വീടും ഉണ്ടാക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുക.
3. ഭവന നിർമ്മാണ വായ്പാ പദ്ധതികളുടെ മേൽനോട്ടവും, നിർമ്മാണവും പഞ്ചായത്തിന്റെ പരിധിയിൽ കൊണ്ടുവരിക.
4. ചിലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.
5. കെട്ടിട നിർമ്മാണ രംഗത്ത് തൊഴിലാളികൾക്ക് പരിശീലനം നൽകുകയും വിവിധ ഗ്രൂപ്പുകളായി തിരിക്കുകയും ചെയ്യുക. [മാസ്റ്റർ സർവ്വീസ് ഗ്രൂപ്പ്)
6. വരുന്ന അഞ്ച് വർഷത്തിനുള്ളിൽ പഞ്ചായത്തിൽ കുടിലുകളിലും മറ്റും താമസിക്കുന്ന കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് കുറഞ്ഞ പലിശനിരക്കിൽ 30,000 രൂപ വായ്പ നൽകുകയും ഇതിൽ 10,000 രൂപ പഞ്ചായത്ത് സബ്സിഡി നൽകി പാർപ്പിട പ്രശ്നങ്ങൾക്ക് പരിഹാരം കാണുക.
7. പഞ്ചായത്തിലെ മുഴുവൻ വീടുകൾക്കും ഏററവും ചിലവു കുറഞ്ഞ രീതിയിൽ സന്നദ്ധ പ്രവർത്തനങ്ങളിലൂടെയും, പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെയും കക്കൂസ് നിർമ്മാണത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.

### സാമൂഹ്യക്ഷേമം

പഞ്ചായത്തിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾ സാമൂഹ്യക്ഷേമത്തിന്റെ നിലവാരം വളരെയേറെ ഉയർത്തിയിട്ടുണ്ട്. ക്ഷേമപ്രവർത്തനത്തിന്റെ ഗുണനിലവാരം വസ്തുനിഷ്ഠമായി കണക്കാക്കുകയോ ശാസ്ത്രീയമായി പഠിക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ക്ഷേമപ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടതായി ഉണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള 6143 കുടുംബങ്ങളിൽ I.R.D.P. സർവ്വെപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെക്കഴിയുന്ന കുടുംബങ്ങൾ 2479 ആണ്. ഇതിൽ പട്ടികജാതി കുടുംബങ്ങൾ 267 ആണ്. പഞ്ചായത്തിലെ 22219 ജനസംഖ്യയിൽ 2724 പേർ പട്ടികജാതി വിഭാഗത്തിൽപെട്ടവരാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ I.R D.P. ലിസ്റ്റിലുള്ള കുടുംബങ്ങൾക്ക് ഗ്രാമവികസനവകുപ്പിന്റെ പദ്ധതികൾപ്രകാരം 481 കുടുംബങ്ങൾക്ക് സഹായം ലഭിച്ചിട്ടുണ്ട്. ഈ 481 കുടുംബങ്ങളിൽ 244 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ടതാണ്. ഇതു് വഴി സഹായം ലഭിച്ച കുടുംബങ്ങളിൽ 189 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്കുമുകളിലാണെന്ന് കണക്കാക്കപ്പെട്ടു.

സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രവർത്തിക്കുന്ന പട്ടികജാതി വനിതാവികസന കോർപ്പറേഷനുകൾ മുഖേന ലഭിക്കുന്ന ആനുകൂല്യങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഒരു സാമൂഹ്യക്ഷേമ പദ്ധതി എന്ന രീതിയിൽ ഇതിന് വേണ്ടത്ര പ്രചോദനം ലഭിക്കുന്നില്ല.

പഞ്ചായത്തിൽ സാമൂഹ്യക്ഷേമരംഗത്ത് I.R.D.P മുഖേനയുള്ള പരിപാടികളാണ് നടന്നുവരുന്നതു്. ഇത്തരം പദ്ധതികൾ നടപ്പാക്കുമ്പോൾ അതിൽ പല അപര്യാപ്തതകളും കാണാൻ കഴിയുന്നുണ്ട്. ഭൂരിഭാഗം ജനങ്ങൾക്കും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യത്തെക്കുറിച്ചുള്ള അറിവില്ലായ്മ പദ്ധതിമുഖേന കിട്ടുന്ന വായ്പ ആവശ്യത്തിനും സമയത്തിനും കിട്ടാതെ വരുക, കിട്ടുന്ന സഹായങ്ങൾ ദുരുപയോഗം ചെയ്യുന്ന സ്ഥിതിയും കാണാൻ കഴിയുന്നു. പഞ്ചായത്തിൽ കർഷക തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, ബീഡി തൊഴിലാളികൾ, ക്വാറ തൊഴിലാളികൾ എന്നിവരാണ് പ്രധാനമായും ഉള്ളതു്. എന്നാൽ സാമൂഹ്യക്ഷേമപ്രവർത്തന വായ്പാക്ഷേമനിധിയിൽ അംഗങ്ങളാകാൻ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇനിയും തൊഴിലാളികളുണ്ട്.

സാമൂഹ്യക്ഷേമരംഗത്ത് പ്രധാനമായും പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്ന ബ്ലോക്ക് ഡവലപ്പ്മെൻറ് ആപ്പീസിന് താഴെയുള്ള കിനാനൂർ, കരിന്തളം എന്നീ രണ്ടു് വില്ലേജ് സർക്കിളുകൾ വഴിയാണു്.

പട്ടിക No. I

ഐ. ആർ. ഡി. പി. സർവ്വെ സഹായ ലഭ്യതാകണക്ക്–കിനാനൂർ, കരിന്തളം വില്ലേജുകളിൽ

| വർഷം | എണ്ണം | സബ്സിഡി | വായ്പ | ആകെ |
|---|---|---|---|---|
| 1991–92 | 19 | 63091 | 89049 | 1,52,140 |
| 92–93 | 39 | 1,38,098 | 1,92,630 | 3,30,728 |
| 93–94 | 40 | 1,72,837 | 2,2c,507 | 3,98,344 |
| 94–95 | 54 | 2,50,034 | 4,04,067 | 6,54,101 |
| 95–96 | 43 | 2,32,123 | 4.67,847 | 6,99 978 |
| ആകെ | 195 | 8.56 183 | 13,79,100 | 22,35283 |

പഞ്ചായത്തിൽ 1992–ലെ I R D.P. സർവ്വെ പ്രകാരം 2479 കുടുംബങ്ങൾ ദാരിദ്ര്യരേഖയക്കുതാഴെയുള്ളവരായി കണ്ടെത്തി. 92–93 മുതൽ 95–96 വരെയുള്ള കാലയളവിൽ 176 കുടുംബങ്ങൾക്ക് സബ്സിഡിയും വായ്പയുമായി 20 83,143 രൂപ വിതരണം ചെയ്തതായി കണക്കാക്കുന്നു.

പട്ടിക II

പഞ്ചായത്തിലെ വിവിധ സാമൂഹ്യക്ഷേമ പദ്ധതി സഹായ ലഭ്യതാക്കണക്ക്

| വർഷം | DWCRA | CRSP (കക്കൂസ്) | ട്രൈസം | റൂംകിററ് | കിണർ |
|---|---|---|---|---|---|
| 1991–92 | — | — | — | — | 3 |
| 92–93 | — | — | 1 | — | — |
| 93–94 | 1 | 29 | — | — | 8 |
| 94–95 | 3 | 23 | 2 | — | 13 |
| 95-96 | 2 | 19 | 4 | 91 | — |
| ആകെ | 6 | 71 | 7 | 91 | 24 |

കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സ്ത്രീകൾക്കുമാത്രം ഗ്രൂപ്പായി സഹായം ലഭിക്കുന്ന DWCRA യൂനിററുകൾ 6 എണ്ണം മാത്രമാണ് ഇവിടെയുള്ളതു്. ഇതുപ്രകാരം ഏകദേശം 70-ഓളം സ്ത്രീകൾക്ക് സ്വയംതൊഴിൽ ലഭ്യമായിട്ടുണ്ട്. ഇതു് പഞ്ചായത്തിൽ കുറേക്കൂടി വ്യാപിപ്പിച്ച് തൊഴിൽ സാധ്യത ലഭ്യമാക്കേണ്ടതായി ഉണ്ടു്. CRSP പദ്ധതിപ്രകാരം കക്കൂസ് നിർമ്മിക്കുന്നതിന് 71 കുടുംബങ്ങൾക്ക് പദ്ധതിയിൻ കീഴിലോ സഹായം ലഭിച്ചിട്ടുണ്ട്. ഓരോ കക്കൂസിനും 2500 രൂപയാണ് സഹായം നൽകുന്നതു്. അതിൽ 500 രൂപ ഗുണഭോക്താവു് കൂട്ടേണ്ടതാണ്. 18-നും 35-നും ഇടയിൽ പ്രായ

മുള്ള അഭ്യസ്തവിദ്യരായ യുവതീയുവാക്കാംക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകുന്ന പരിപാടിയാണ് ട്രൈസം. കഴിഞ്ഞ അഞ്ച് 'വർഷത്തിൽ പഞ്ചായത്തിൽ മൊത്തം 7 പേർക്ക് മാത്രമാണ് ഇതുവഴി പരിശീലനം ലഭിച്ചത്.

പഞ്ചായത്തിലെ ഗ്രാമീണ കൈത്തൊഴിലുകാം ചെയ്യുന്ന തൊഴിലാളികാംക്ക് മെച്ചപ്പെട്ട പണിയായുധങ്ങാം നൽകുന്ന പദ്ധതിയാണ് ടൂംകിററ് വിതരണ പദ്ധതി. പ്രസ്തുത പദ്ധതിപ്രകാരം 93-94 വർഷം മുതൽ 91 പേർക്ക് ഇതുവഴി പ്രയോജനം ലഭിച്ചിട്ടുണ്ട്.

ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള 50 സെൻറും അതിൽ കൂടുതൽ സ്ഥലമുള്ള പട്ടികജാതിക്കാരായ ആളുകളുടെ ജലസേചന ആവശ്യത്തിനാണ് രാജീവ് ദശലക്ഷം കിണർ പദ്ധതി ആരംഭിച്ചത്. എന്നാൽ 94-95 മുതൽ മററ് വിഭാഗങ്ങാംക്കും ഇതിൻെറ പ്രചോദനം ലഭിച്ചുതുടങ്ങി. ഇതുപ്രകാരം 24 കുടുംബങ്ങാംക്ക് സഹായം ലഭിച്ചു.

**മാതൃശിശുസംരക്ഷണം:**-ഗ്രാമവികസന വകുപ്പുമുഖേന നടപ്പിലാക്കി വരുന്ന സമഗ്ര മാതൃശിശു സംരക്ഷണപദ്ധതിപ്രകാരം രണ്ട് ബാലവാടികളും (ബിരിക്കുളം-പരപ്പ) സാമൂഹ്യക്ഷേമ വകുപ്പിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഒരു ക്രഷും (കോളംകുളം) പഞ്ചായത്തിൻെറ കീഴിൽ പ്രവർത്തിക്കുന്ന ടി. കെ സി ശിശുമന്ദിരം എന്നിവയും പഞ്ചായത്തിലുണ്ട്. മേൽപറഞ്ഞ സ്ഥാപനങ്ങളുടെ പ്രവർത്തനം സാമാന്യം തൃപ്തികരമാണ്.

**വികലാംഗർ**—പഞ്ചായത്തിൽ 5 വയസ്സു മുതൽ 10 വയസ്സുവരെ 2 ഉം, 10 മുതൽ 18 വയസ്സുവരെ 30 ഉം, 18 മുതൽ 25 വയസ്സുവരെ 15 ഉം, 25 മുതൽ 45 വയസ്സു വരെ 33 ഉം, 45 മുതൽ 60 വയസ്സുവരെ 10 ഉം 60 വയസ്സിനു മുകളിൽ 6 ഉം ആണ് ഉള്ളത്. ഇതിൽ 81 പുരുഷന്മാരും 45 സ്ത്രീകളും ആണ് ആകെ 126 വികലാംഗരാണ് ഉള്ളത്. (അവലംബം പഞ്ചായത്ത് രജിസ്ററർ)

പഞ്ചായത്തിൽ വാർദ്ധക്യകാല പെൻഷനു വേണ്ടി 218 ആളുകാം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 32 പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. 76 പേക്ക് പത്തായത്ത് വഴി പെൻഷൻ പാസാക്കിയിട്ടുണ്ട്, അഗതി പെൻഷൻ 52 പേക്കും വിധവാ പെൻഷൻ 21 പേക്കും പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്.

**പൊതുവിതരണം**-പഞ്ചായത്തിൽ 11 പൊതുവിതരണ കേന്ദ്രങ്ങളുണ്ട്. പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലെയും ജനങ്ങാം പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും വിതരണം ചെയ്യുന്ന സാധനങ്ങാം വാങ്ങി ഉപയോഗിക്കുന്നവരാണ്. റേഷൻ സാധനങ്ങളുടെ ഉപഭോഗം മററു പഞ്ചായത്തുകളെ അപേക്ഷിച്ച് കൂടുതൽ ആണെന്ന് കാണാം. മൂന്നും, നാലും കിലോമീററർ കാൽനട യാത്ര ചെയ്ത് മാത്രം പൊതുവിതരണ കേന്ദ്രങ്ങളിലെത്തിച്ചേരാൻ കഴിയുന്ന നിരവധി കുടുംബങ്ങളുണ്ട്. സൗകര്യപ്രദമായ സ്ഥലങ്ങളിൽ പൊതുവിതരണ കേന്ദ്രങ്ങാം ഇനിയും ആരംഭിക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ രൂക്ഷമായ തൊഴിലില്ലായ്മ.
2. അർഹതപ്പെട്ട മുഴുവൻ ആളുകാംക്കും പെൻഷൻ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നില്ല.
3. പഞ്ചായത്തിൽ അംഗൺവാടികാം ഇല്ല,
4. മഹിളാ സമാജങ്ങളുടെ പ്രവത്തനം ചില വാർഡുകളിൽ ഇല്ല.
5. വിവിധ മേഖലകളിൽ സ്ഥിരമായി ജോലി ചെയ്യുന്ന തൊഴിലാളികാംക്ക് ആരോഗ്യസ്ഥിതി മെച്ചപ്പെടുത്താനുള്ള സംവിധാനം ഇല്ലായ്മ.
6. സാമൂഹ്യക്ഷേമ പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ.
7. സ്വയം തൊഴിൽ പദ്ധതികാം ഗ്രൂപ്പായി ചെയ്യാൻ സ്ത്രീകാം സന്നദ്ധരാകുന്നില്ല.

## സാധ്യതകൾ

1 പെൻഷൻ പദ്ധതികാം പഞ്ചായത്തുമുഖേന നടപ്പിൽ വരുത്തുക. ഇതു് ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കുക. പെൻഷൻ തുക വർദ്ധിപ്പിക്കാനുള്ള നടപടി ഉണ്ടാക്കുക.

2 പഞ്ചായത്തിൽ വാർഡുകാംതോറും അംഗൺവാ

ടികഠം അനുവദിക്കുക. (ആയിരം ജനസംഖ്യയ്ക്ക് ഒന്ന് എന്നതോതിൽ)

3 പഞ്ചായത്തിലെ മുഴുവൻ വീടുകഠംക്കും പുകയില്ലാത്ത അടുപ്പ് നിർമ്മിക്കുക.

4 തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി വാർഡുകളിൽ ചെറുകിട വ്യവസായ സംരംഭങ്ങഠം തുടങ്ങുക.

5 തൊഴിലാളികളുടെ ആരോഗ്യ പ്രവർത്തനങ്ങഠംക്കായി പഞ്ചായത്ത് കേന്ദ്രീകരിച്ച് സ്ഥിരം സംവിധാനം ഉണ്ടാക്കുക.

6 മഹിളാസമാജങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുക. മഹിളാസമാജങ്ങഠം ഇല്ലാത്ത വാർഡുകളിൽ അതു് രൂപീകരിക്കാനുള്ള നടപടികഠംകൈക്കൊള്ളുക.

7 പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കണം.

8 ജനസാന്ദ്രത കൂടിയ കേന്ദ്രങ്ങളിൽ പൊതുശ്മശാനം സ്ഥാപിക്കണം.

9 കർഷകതൊഴിലാളി, കെട്ടിട നിർമ്മാണ തൊഴിലാളികഠം, കോറതൊഴിലാളികഠം ഖാദിതൊഴിലാളികഠം തുടങ്ങിയവർക്കുവേണ്ടിയുള്ള ക്ഷേമനിധിയിൽ ആ മേഖലയിൽ ജോലിചെയ്യുന്ന മുഴുവൻ ആളുകളെയും അതിൽ അംഗങ്ങളാക്കുകയും ക്ഷേമനിധി പ്രവർത്തനങ്ങഠം ത്വരിതപ്പെടുത്തുകയും ചെയ്യുക.

10 വികലാംഗരെ പുനരധിവസിപ്പിക്കുവാനും അവർക്കുവേണ്ടിയുള്ള പെൻഷനും, വികലാംഗർക്കുള്ള ഉപകരണങ്ങളും സൗജന്യ ചികിത്സാസഹായവും നൽകുവാനുള്ള നടപടി ഉണ്ടാക്കുക.

11 പഞ്ചായത്തിന്റെ അധീനതയിൽ വരുന്ന സ്ഥാപനങ്ങളിൽ പഞ്ചായത്തുമുഖേന നിയമിക്കുന്ന ഒഴിവുകളിൽ പഞ്ചായത്തിനകത്തുള്ള അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത യുവതീയുവാക്കളെ നിയമിക്കണം.

12 പഞ്ചായത്തിൽ കാര്യക്ഷമമായ രീതിയിൽ പ്രവർത്തിക്കുന്ന ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കുക.

13 പഞ്ചായത്തിൽ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ മാവേലിസ്റ്റോറുകഠം സ്ഥാപിക്കണം. (കിനാനൂർ, കരിന്തളം, പരപ്പ എന്നീ വില്ലേജുകളിൽ)

14 റേഷൻകാർഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങഠം പഞ്ചായത്തുതലത്തിൽ വെച്ച് പരിഹരിക്കാൻ കഴിയണം.

''എല്ലാകടകളിലുമെല്ലാവിളക്കുമണയുവാൻ
കാത്തുകൊണ്ടേതെങ്കിലും കടത്തിണ്ണയിൽ
തൻതൊലിമാത്രം പുതച്ചൊന്നുറങ്ങുവാൻ
ദു:സ്വപ്നമെങ്കിലും കണ്ടൊന്നുഞെട്ടുവാൻ
ഞെട്ടിയുണരുമ്പോഴേക്കും പുതിയൊരു
വെട്ടം വിടരുമെന്നാശിച്ചു നിൽപ്പൂ ഞാൻ.''

# സഹകരണം

സമൂഹത്തിൽ ചൂഷണം ഒഴിവാക്കി സാമൂഹ്യനീതി ഉറപ്പാക്കി ജനങ്ങൾക്ക് വികസനത്തിനുള്ള സംയോജിത സേവനപദ്ധതികൾ നടപ്പിലാക്കുന്നതിന് ഭൂരിഭാഗം ജനങ്ങളുടെയും സജീവപങ്കാളിത്തമുള്ള ഒരു പ്രസ്ഥാനമാണ് സഹകരണമേഖല,

1969 മെയ് 15ന് കേരളത്തിൽ പ്രാബല്യത്തിൽ വന്ന സഹകരണ നിയമമാണ് ഇപ്പോൾ തുടർന്നു വരുന്നത്. നമ്മുടെ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം ആരംഭിച്ചിട്ട് അര നൂററാണ്ട് തികയുകയാണ്. ഗ്രാമപ്രദേശങ്ങളിൽ കാർഷിക പ്രവർത്തനം മുഖ്യ ജീവിത മാർഗ്ഗമായി സ്വീകരിച്ചിരുന്നു. ആയിരക്കണക്കിന് കർഷകരെ സ്വകാര്യ പണവ്യാപരികളുടെ നിയന്ത്രണത്തിൽ നിന്നും ക്രമേണ സ്വതന്ത്രമാക്കുക എന്ന ഉദ്ദേശ്യത്തോടെ കാർഷിക വായ്പാ മേഖലയിൽ ആരംഭിച്ച സംഘങ്ങൾ ഇന്ന് പല ഘട്ടങ്ങളും പ്രതിസന്ധികളും തരണം ചെയ്ത് വളർന്നു കഴിഞ്ഞിട്ടുണ്ട്. വായ്പാ പ്രവർത്തനങ്ങൾക്കു പുറമേ സാധാരണ ജനങ്ങളുടെ ദൈനംദിന ജീവിതത്തെ ബാധിക്കുന്ന മേഖലകളിൽ വേണ്ടത്ര സജീവത ഈ രംഗത്ത് ഉണ്ടായിട്ടില്ല എന്നത് ഒരു വസ്തുതയാണ്. വിപണനം, വിതരണം, സംസ്കരണം, ചെറുകിട കുടിൽ വ്യവസായങ്ങൾ, കാർഷികാനുബന്ധ വ്യവസായങ്ങൾ, വിദ്യാഭ്യാസ മേഖലകളിൽ സഹകരണ മേഖലയെ കൂടുതൽ സജീവമാക്കേണ്ടതുണ്ട്.

സഹകരണപ്രസ്ഥാനം ആരംഭിക്കുന്നതിന് മുമ്പ് നമ്മുടെ പഞ്ചായത്തിൽ നിലനിന്ന ജന്മികുടിയാൻ വ്യവസ്ഥയിൽ സാധാരണ ഗ്രാമീണർ സാമ്പത്തികമായി ചൂഷണം ചെയ്യപ്പെട്ടിരുന്നു. ഇതിനുള്ള പരിഹാരമെന്നനിലയിലാണ് 1952 ൽ ആദ്യമായി കിണാനൂർ വില്ലേജ് പരിധിയായി ഐക്യനാണയസംഘം രൂപീകരിച്ചത്. അതോടൊപ്പം കിണാനൂർ II വില്ലേജ് പരിധിയാക്കി വെള്ളരിക്കുണ്ടിൽ വിവിധോദ്ദേശ സഹകരണസംഘം രജിസ്ററർ ചെയ്യപ്പെട്ടു. 1956ൽകരിന്തളം വില്ലേജ്പരിധിയിൽ കരിന്തളം ആസ്ഥാനമായി കരിന്തളം ഐക്യനാണയസംഘം രൂപീകരിച്ചു. 1980ഓട്കൂടി ചായ്യോത്ത്, കാലിച്ചാമരം, ബിരിക്കുളം പരപ്പ, കാട്ടിപ്പൊയിൽ എന്നീ സ്ഥലങ്ങളിൽ ക്ഷീരോൽപാദക സംഘങ്ങൾ രൂപീകരിച്ചു. അതോടൊപ്പം വ്യവസായമേഖലയിൽ കാർപെൻററി & ബ്ലാക്ക് സ്മിത്ത് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേററീവ് ഇൻഡസ്ട്രിയൽ സൊസൈററിയും, നീലേശ്വരം ബ്ലോക്ക് ആസ്ഥാനമായി കോഴിവളർത്തൽ സഹകരണ സംഘം എന്നിവയും റബ്ബർ ഉൽപാദകരുടെ ക്ഷേമത്തിനായി ബിരിക്കുളം. പരപ്പ. കുമ്പളപ്പള്ളി. കരിന്തളം, കിളിയളം എന്നീ സ്ഥലങ്ങളിൽ റബ്ബർ ഉൽപാദക സംഘങ്ങളും, ചായ്യോത്ത് ഗവ:ഹൈസ്ക്കൂൾ, കുമ്പളപ്പള്ളി കരിമ്പിൽ ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ സ്ക്കൂൾ സൊസൈററികളും രൂപീകരിച്ചിട്ടുണ്ട്. നീലേശ്വരം ബിഡി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേററീവ് സൊസൈററിയുടെ ബ്രാഞ്ചുകൾ കൊല്ലമ്പാറ, ചായ്യോം എന്നീ സ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്നുണ്ട്.

പഞ്ചായത്തിലെ സംഘങ്ങൾ ക്രെഡിററ്, നോൺ ക്രെഡിററ് മേഖലകളായി തിരിച്ചുള്ള വിവരങ്ങൾ.

**1. ക്രെഡിററ് മേഖല:**– താരതമ്യേന ശക്തമാണ് ഈ മേഖല കാർഷിക രംഗത്താണ് ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. പൂർണ്ണമായും കൃഷിക്കാരൻെറ സാമ്പത്തികാവശ്യങ്ങൾ നിറവേററാൻ കഴിയുന്നില്ലെങ്കിലും ഒരു പരിധി വരെ കൃഷിക്കാരൻെറ അത്താണിയായി ഇന്നും നിലകൊള്ളുന്നു. ജില്ലാ ബാങ്കുകളിൽ നിന്നും മററു ഏജൻസികളിൽ നിന്നും ലഭിക്കുന്ന പദ്ധതി വായ്പകളാണ് ഇവയിൽ കൂടി വിതരണം ചെയ്യുന്നത്. വായ്പാവിതരണത്തിൽ നിലവിലുള്ള സങ്കീർണ്ണമായ നടപടിക്രമങ്ങൾ മൂലം മററ് ഏജൻസികളുമായി മൽസരിച്ച് വായ്പാസംഘങ്ങളിൽ വായ്പകൾ വിതരണം ചെയ്യുന്നതിന് പ്രയാസം നേരിടുന്നു. മററ് വാണിജ്യബാങ്കുകൾ, ഗ്രാമീണബാങ്കുകൾ

കാർഷികവായ്പാവിതരണ സമ്പ്രദായം ലളിതമാക്കാൻ നടപടി ക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുള്ള അഗ്രിക്കൾച്ചറൽക്യാഷ്ക്രഡിററ്, ഗ്രീൻകാർഡ്, അഗ്രികൾച്ചറൽഓവർഡ്രാഫ്ററ് തുടങ്ങിയ നൂതന പദ്ധതികൾ കർഷകരെ കൂടുതൽ ഇത്തരം സ്ഥാപനങ്ങളിലേക്ക് ആകർഷിക്കുന്നു. സഹകരണസംഘങ്ങളിൽ ഉള്ളതുപോലെ സങ്കീർണ്ണമായ നടപടി ക്രമങ്ങൾ അവിടെ ഇല്ല. വായ്പാ സംഘങ്ങൾ ഇപ്പോൾ നൽകി വരുന്ന കൃഷി വായ്പയ്ക്കു പകരം ക്യാഷ്ക്രഡിററ് സമ്പ്രദായം നടപ്പിലാക്കിയാൽ കൃഷിക്കാർക്ക് അത് ആശ്വാസകരമായിരിക്കും. കാലത്തിന്റെ മാററത്തിനനുസരിച്ച് വായ്പാ വിതരണ നടപടികളിലും മാററങ്ങൾ അനിവാര്യമാണ്. ബഹുസഹരണി വ്യവസ്ഥയിൽ മററു ഏജൻസികളുമായി മത്സരിച്ച് സഹകരണ സ്ഥാപനങ്ങൾ നിലനിൽക്കണമെങ്കിൽ കാലോചിതമായമാററങ്ങൾ വായ്പാവിതരണ സമ്പ്രദായത്തിൽ കൂടിയേ തീരു.

പഞ്ചായത്തിലെ മൂന്ന് സഹകരണബേങ്കുകളിൽ രണ്ടെണ്ണം നഷ്ടത്തിലും ഒന്ന് ലാഭത്തിലുമാണ് പ്രവർത്തിക്കുന്നത്. സംഘങ്ങൾ നഷ്ടത്തിലായാൽ ഓഹരി ഉടമകളായ അംഗങ്ങൾക്ക് ന്യായമായ ലാഭവിഹിതം നൽകാൻ കഴിയുന്നില്ല താരതമ്യേന കാര്യക്ഷമമാണെങ്കിലും ഈ മേഖലയിലുള്ള സ്ഥാപനങ്ങളിൽ കർഷകരുടെ ആവശ്യങ്ങൾ പൂർണ്ണമായും നിറവേററപ്പെടുന്നില്ല. ജില്ലാ ബാങ്കുകളിൽ നിന്നും വാങ്ങുന്ന വായ്പകളിലൂടെയും സംഘങ്ങൾ സ്വരൂപിക്കുന്ന നിക്ഷേപങ്ങളിലൂടെയുമാണ് വായ്പകൾ നൽകിവരുന്നത്. ഭൂരിപക്ഷം ചെറുകിട പരിമിത കർഷകരും കർഷകത്തൊഴിലാളികളും ഉൾക്കൊള്ളുന്ന ഈ പഞ്ചായത്തിൽ നിന്ന് വിഭവസമാഹരണം വേണ്ട രീതിയിൽ നടത്തുവാൻ സാധിക്കുന്നില്ല. സാധാരണക്കാരുടെ ഇടയിൽ സമ്പാദ്യശീലം വളരന്നു വരേണ്ടതുണ്ട്. ഗ്രാമീണമേഖലയിൽ വളർന്നു വരുന്ന കാർഷിക കാർഷികേതര ആവശ്യങ്ങൾ പൂർണ്ണമായി നിറവേററാൻ പഞ്ചായത്തിലെ ക്രഡിററ് സംഘങ്ങൾക്ക് സാധ്യമാകേണ്ടതുണ്ട് ജില്ലാ ബാങ്കുകളിൽനിന്നും പദ്ധതി വായ്പകളുംമററും വേണ്ട സമയത്തുവേണ്ടത്ര ലഭിക്കാത്തതിനാൽ കർഷകരുടെ കാർഷികാവശ്യങ്ങൾക്കു വായ്പകൾനൽകാൻസാധിക്കാത്തസ്ഥിതിവിശേഷം നിലനിൽക്കുന്നു. കാർഷികവായ്പയോടൊപ്പം തന്നെ മേൽ സംഘങ്ങളിൽ നിന്നും കാർഷികേതര ആവശ്യത്തിനുള്ള വായ്പകളും നൽകിവരുന്നുണ്ട്. കൂടാതെ അനുബന്ധ പ്രവർത്തനങ്ങളായി റബർ സംഭരണം, കൊപ്ര സംഭരണം, കൺസ്യൂമർ ഡ്റേറാറുകൾ, വളം ഡിപ്പോകൾ, കൺട്രോൾ തുണിത്തരങ്ങൾ ഓണക്കാലങ്ങളിൽ മാവേലിസ്റേറാറുകൾ, എന്നിവയും നടത്തിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾ ലാഭേച്ഛയിലുപരി ജനസേവനത്തിനാണ് ഊന്നൽ നൽകുന്നത്. സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ നഷ്ടങ്ങൾ സംഭവിക്കുന്നതിനുള്ള കാരണങ്ങൾ പലതാണ്, സഹകരണ സംഘങ്ങളിൽ വർദ്ധിച്ചു വരുന്ന നിക്ഷേപവും ലാഭകരമല്ലാത്ത അതിന്റെ വിനിയോഗവുമാണ് പ്രധാനം. ഉയർന്ന പലിശയ്ക്ക് വാങ്ങുന്ന നിക്ഷേപങ്ങൾ കുറഞ്ഞ പലിശയ്ക്ക് ജില്ലാബാങ്കിൽ നിക്ഷേപിക്കുന്നു, സഹകരണ സാമ്പത്തിക അച്ചടക്കം അനുസരിച്ചും ഡിപ്പാർട്ട്മെൻറിന്റെ നിർദ്ദേശമനുസരിച്ച് സംഘങ്ങളുടെ മിച്ചധനം വാങ്ങിയതിനെക്കാൾ കുറഞ്ഞ പലിശയ്ക്ക് ജില്ലാ ബാങ്കിൽ നിക്ഷേപിക്കുന്നു. സംഘങ്ങളിൽ വിഭവശേഷി വർദ്ധിക്കുമ്പോൾ കുറഞ്ഞ നിരക്കിൽ ജില്ലാ സഹകരണ ബാങ്കിൽ നിന്നും ലഭിക്കുന്ന വായ്പകൾ വാങ്ങാതെ കുറഞ്ഞ നിരക്കിൽ കാർഷിക വായ്പകൾ കൊടുക്കുന്നതായുള്ള പ്രവണതകൾ വർദ്ധിച്ചു വരുന്നു. ഉയർന്ന പലിശയ്ക്ക് വാങ്ങുന്ന നിക്ഷേപങ്ങൾ ഇത്തരം വായ്പകൾ നൽകാൻവേണ്ടി വിനിയോഗിക്കുമ്പോൾ സംഘങ്ങൾക്ക് നഷ്ടം സംഭവിക്കുന്നു. കുറഞ്ഞ നിരക്കിൽ ജില്ലാ ബാങ്കിൽനിന്നും ലഭിക്കുന്ന വായ്പകൾ പരമാവധി വാങ്ങുകയും സ്വന്തംഫണ്ട്ഉപയോഗിച്ച്കാർഷികേതരവായ്പകൾ കൊടുക്കുകയുമാണ് വേണ്ടത്. ജില്ലാ സഹകരണ ബാങ്കിന്നും വാങ്ങുന്ന വായ്പകൾ വിതരണം ചെയ്യുമ്പോൾ കിട്ടുന്ന പലിശ മാർജിൻ വളരെ കുറവായതു കാരണം നഷ്ടം കൂടുന്നു. സംഘങ്ങളുടെ ഭരണപരമായ ചിലവുകൾ വർഷം തോറും ഏറിവരികയും അത് നികത്താൻ കൂടുതൽ വ്യാപാരംചെയ്യുകയും വേണം. പ്രാഥമിക സഹകരണസംഘങ്ങളിൽനിന്നും വിതരണം ചെയ്ത വായ്പകൾക്ക് പലിശ കിട്ടുന്നത് മിക്കപ്പോഴും വായ്പാ കണക്ക് അവസാനിപ്പിക്കുമ്പോഴാണ് എന്നാൽ സംഘങ്ങൾ ജില്ലാ ബങ്കിൽ നിന്നും വാങ്ങുന്ന വായ്പകൾക്ക് ആറു മാസം

കൂടുതൽ പലിശ കൃത്യമായി അടയ്ക്കണം. അംഗങ്ങളിൽ നിന്ന് പലിശ ലഭിച്ചാലും ഇല്ലെങ്കിലും കൂടുതൽ പലിശയ്ക്ക് വാങ്ങിയ നിക്ഷേപം ഉപയോഗിച്ച് നിശ്ചിത സമയത്തു തന്നെ ജില്ലാ ബാങ്കിൽ അടയ്ക്കുകയും ചെയ്യും, സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനെക്കാൾ വളരെ കൂടുതൽ ഓഡിററ് ഫീസ് പല സംഘങ്ങളും നൽകേണ്ടിവരുന്നു. ഡിപ്പാർട്ട്മെൻറിൻെറ സ്ററാററ്യൂട്ടറി ഓഡിററ് സൗജന്യമായി നടത്തണം അല്ലെങ്കിൽ ഈടാക്കുന്ന തുക നാമമാത്രമായിരിക്കണം. വർദ്ധിച്ചുവരുന്ന അവധി ബാക്കികടങ്ങളാണ് മറെറാരു പ്രധാന കാരണം അവധി ബാക്കിയായ മുതലും പലിശയും ഓഡിററിൽ റിസർവ്വ് ചെയ്യുന്നതുകാരണം സംഘങ്ങളുടെ നഷ്ടത്തിൻെറ കണക്ക് വളരെ വലുതാണ്. അവധി ബാക്കി കടങ്ങൾ പിരിച്ചെടുക്കുന്നതിന് സഹകരണ വകുപ്പിൽ നിന്നും ഉണ്ടാകുന്ന നിയമനടപടികളുടെ കാലതാമസം അവധിബാക്കി പെരുകുവാൻ സാഹചര്യമൊരുക്കുന്നു. സംഘാംഗങ്ങൾക്ക് വായ്പ അനുവദിക്കുമ്പോൾ ശരിയായ ആവശ്യത്തിനാണോ വിനിയോഗിക്കുന്നത് എന്നത് പരിശോധിക്കപ്പെടണം. കർഷകർക്ക് ആവശ്യമുള്ള പ്രത്യേക പദ്ധതിക്ക് സംഘത്തിൽ നിന്ന് വായ്പ ലഭിക്കാതെ വരുമ്പോൾ സംഘത്തിലുള്ള പദ്ധതി വയ്പ വാങ്ങി ശരിയായ രീതിയിൽ വിനിയോഗിക്കാത്തതുകാരണം തിരിച്ചടവ് സാധ്യമാവുന്നില്ല. കൃഷിക്കാരന് ശരിയായ സമയത്തും ആവശ്യത്തിനും വായ്പകൾ ലഭ്യമാക്കാൻ കഴിയുകയും പദ്ധതികൾ ഉണ്ടാക്കാനുള്ള അധികാരം കർഷകന് നൽകുകയും വേണം.

**പ്രശ്നങ്ങൾ** – സഹകരണ സംഘങ്ങളുടെ പരിധിക്കകത്ത് ഗ്രാമീണ ബാങ്കുകൾ പ്രവർത്തിക്കുക വഴി സംഘങ്ങൾ നൽകുന്ന അതേ വായ്പകൾ പ്രസ്തുത ബേങ്കുകളുടെ ശാഖകൾ വഴി വിതരണം ചെയ്യുന്നതു മൂലം സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. വായ്പാ കുടിശിക പ്രവർത്തനത്തിൻെറ പുരോഗതിയെ തടസ്സപ്പെടുത്തുന്നു. ജില്ലാ ബേങ്കുകളുടെ ശാഖകൾ തുറയ്ക്കുകയും വ്യക്തികൾക്ക് സ്വർണ്ണപണയ വായ്പകൾ ഉൾപ്പെടെ നേരിട്ട് വിതരണം ചെയ്യുന്നതും സഹകരണ ബേങ്കുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നു. ക്രഡിററ് മേഖലയിലെ സ്ഥാപനങ്ങളുടെ ഒരു ഏകദേശചിത്രം താഴെക്കൊടുക്കുന്നു.

## കിണാനൂർ സർവ്വീസ് സഹകരണ ബാങ്ക്:—

7500 ഓളം ജനസംഖ്യയുള്ള കിണാനൂർ വില്ലേജാണ് പ്രർത്തനപരിധി ജനസംഖ്യയിൽ പകുതിയിലധികം സ്ത്രീകളാണ്. പ്രായപൂർത്തിയായവരുടെ 75%വും ബാങ്കിൽ അംഗങ്ങളാണ് 1952ൽ റജിസ്ററർ ചെയപ്പെട്ട ഈ സ്ഥാപനം .........ൽ സർവ്വീസ് സംഘമായും 1975ൽ സർവ്വീസ് സഹകരണ ബാങ്കായും ഉയർത്തപ്പെട്ടു കിണാവൂർ വില്ലേജിലെ കൃഷിക്കാരുടെ വായ്പാ ആവശ്യങ്ങൾ ഒരളവുവരെ നിറവേററാൻ കുടിശ്ശിക കൂടുതൽ വായ്പ ലഭിക്കുന്നതിന് പ്രതിബദ്ധമാകുന്നു. 1995-96 വർഷത്തിൽ 35 ലക്ഷം രൂപ കാർഷിക വായ്പയായും 65 ലക്ഷം രൂപ കാർഷികേതര വായ്പയായും വിതരണം ചെയ്തിട്ടുണ്ട്. വർഷാവസാനം 115 ലക്ഷം രൂപ വായ്പാ ബാക്കി നിൽക്കുമ്പോൾ 26½ ലക്ഷം രൂപ കുടിശിക നിൽക്കുന്നു വളം വ്യാപാര രംഗത്ത് വില്ലേജിലെ ഏക ഏജൻസി ഈ ബാങ്കാണ്. ശരാശരി ഒരു വർഷം 2ലക്ഷം രൂപയുടെ വളം വിൽപന നടത്തിവരുന്നു. രാസവളത്തിൻെറ അഭൂതപൂർവ്വമായ വിലക്കയററവും വളത്തിൻെറ ദൗർലഭ്യവും വളം വിൽപനയെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ പ്രദേശത്ത് കാർഷികാവശ്യത്തിന് ഉദ്ദേശം ഒരു കോടി രൂപയുടെ ഹ്രസ്വകാല കാർഷിക വായ്പയും 3കോടി രൂപയുടെ പദ്ധതി വായ്പകളും ആവശ്യമുണ്ടെന്ന് കണക്കാക്കുന്നു. ഇതിൻെറ 30% പോലും നിറവേററാൻ ബാങ്കിന് കഴിയുന്നില്ല. കൺസ്യൂമർ രംഗത്ത് ചെറിയ രീതിയിൽ ഒരു കൺസ്യൂമർ സ്റേറാറും നടത്തിവരുന്നു.

## ബിരിക്കുളം സർവ്വീസ് സഹകരണ ബാങ്ക്

1952-ൽ കിണാവൂർ II വില്ലേജ് പരിധിയായി ആരംഭിച്ച ഈ വിവിധോദ്ദേശ്യ സഹകരണ സംഘം 1965ൽ സഹകരണസംഘമായും 1980ൽ സർവ്വീസ് സഹകരണ ബേങ്കായും ഉയർത്തപ്പെട്ടു. ഇപ്പോൾ പരപ്പ വില്ലേജിൽ പ്രവർത്തനം വ്യാപിച്ചു കിടക്കുന്നു. 2650 ഹെക്ടറോളം വിസ്തൃതിയുള്ള പരിധി പ്രദേശത്ത് 150 ഹെക്ടറോളം റിസർവ്വ് ഫോറസ്ററും 125 ഹെക്ടറോളം കൃഷിയോഗ്യമല്ലാത്ത ഭൂമിയുമാണ്. നിലവിലു

ള്ള ഫോറസ്ററ് പ്രദേശം ബേങ്കിൻെറ പരിധിയെ രണ്ടായി പകുത്തിരിക്കുന്നു. ബേങ്കിൻെറ ഓഫീസ് പ്രവർത്തന പരിധിയുടെ ഒരററത്ത് സ്ഥിതി ചെയ്യുന്നു. 26½ ലക്ഷം രൂപ കാർഷിക വായ്പയായും 28½ ലക്ഷം രൂപ കാർഷികേതര വായ്പയായും വിതരണം ചെയ്തിരിക്കുന്നു. വായ്പാവശ്യം കണക്കിലെടുക്കുമ്പോ‍ൾ ബേങ്കിൻെറ വിഹിതം 20% പോലും ആകുന്നില്ല. നിക്ഷേപത്തിൻെറ കാര്യത്തിൽ വലിയ വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഈ ബാങ്കിൻെറ പരിധിയിൽ 2 ഗ്രാമീണ ബാങ്കിൻെറ ശാഖകളുടെ പ്രവർത്തനവും ഫെഡറൽ ബാങ്കിൻെറ ഭാഗികമായ പ്രവർത്തനവും നടത്തുന്നുണ്ട്. വളരെ നാമമാത്രമായ രീതിയിൽ വളം വിൽപന നടത്തുന്നു. അംഗങ്ങളുടെ ഭീമമായ വായ്പാ കുടിശ്ശിക ബേങ്കിൻെറ പ്രവർത്തന വിപുലീകരണത്തിന് തടസ്സമായി നിൽക്കുന്നു.

## കരിന്തളം:
## സർവ്വീസ് സഹകരണ ബാങ്ക്

കരിന്തളം റവന്യൂ വില്ലേജും ചിമേനി II വില്ലേജ് ഉൾക്കൊള്ളുന്നതുമാണ് പ്രർത്തന പരിധി. 1954 ൽ റജിസ്ററർ ചെയ്യപ്പെട്ട് പ്രവർത്തനമാരംഭിച്ച വിവിധോദ്ദേശ്യ സംഘം 1977ൽ സർവ്വീസ് സംഘമായും 1981 ൽ സർവ്വീസ് ബാങ്കായും ഉയർത്തപ്പെട്ടു. 1979 മുതൽ ഈ സംഘം കൂടുതൽ ഊർജ്ജസ്വലമായി പ്രവർത്തിച്ചുവരുന്നു. രണ്ടരലക്ഷത്തോളം പ്രവർത്തനമൂലധനമുണ്ടായിരുന്നതിൽ നിന്നും ഇപ്പോ‍ൾ രണ്ടുകോടി പ്രവർത്തന മൂലധനം സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2400 ഹെക്ടർ വിസ്തൃതമായ സ്ഥലമുണ്ടെങ്കിലും 400 ഹെക്ടറോളം കൃഷിക്കുപയുക്തമല്ലാത്തതാണ്. 6900ഓളം ജനസംഖ്യയുള്ള ഈ പ്രദേശത്ത് പ്രായപൂർത്തിയായവരിൽ 70%ആളുക‍ൾ ബേങ്കിൽ മെമ്പർമാരാണ്. ഈ വർഷം കാർഷിക വായ്പയ്ക്കായി 25.5ലക്ഷം രൂപയും കാർഷികേതരവായ്പയ്ക്കായി 84.8 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. പ്രവർത്തനപരിധിക്കകത്തെ വായ്പാവശ്യം നിറവേററുവാൻ 2കോടിയോളം രൂപ കാർഷിക വായ്പകളും 2 കോടിയോളം രൂപയോടെ കാർഷികേതരവായ്പയും ആവശ്യമുണ്ട്. അംഗങ്ങളുടെ വായ്പയിൽ ബാങ്കിൻെറ വിഹിതം 25%ത്തോളം വരുന്നു. ബേങ്ക് കഴിഞ്ഞവർഷമായി തുടർച്ചയായി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. വിഭവസമാഹരണത്തിന് പ്രത്യേകം താൽപര്യമെടുത്തുവരുന്നുണ്ട്. അവുധിബാക്കിക്കടം മൊത്തം ഡിമാൻറിൻെറ 18%ത്തോളം വരും. ദേശസൽകൃതബാങ്കായ വിജയ ബാങ്കിൻെറ ശാഖ കാലിച്ചാമരത്ത് പ്രവർത്തിക്കുന്നു. കൊപ്രസംഭരണം, റബ്ബർ സംഭരണം, വളം വിൽപന മുതലായവ നടത്തിവരുന്നു.

മേൽപ്പറഞ്ഞ ബാങ്കുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച പട്ടിക താഴെക്കൊടുക്കുന്നു.

സഹകരണ ബാങ്കുക‍ൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങ‍ൾ പലതാണ്. കഴിഞ്ഞ കാലങ്ങളിൽ വിവിധ പദ്ധതിക‍ൾ ഏറെറടുത്ത് നടത്തിയതിൽ ഗുണപരമായ ഒരു മാററവും ഇതിൽ നിന്ന് ഉണ്ടായിട്ടില്ല. കവുങ്ങ്, കശുമാവ്, കുരുമുളക് തുടങ്ങിയ കൃഷികളുടെ സമഗ്ര പദ്ധതിക‍ൾ I R D P വായ്പക‍ൾ എന്നിവ ധാരാളമായി വിതരണം ചെയ്തിട്ടുണ്ട്. പ്രധാനമായും ഈ വായ്പകളിൻമേൽ സൂപ്പർവിഷൻ നടത്താൻ കഴിയാത്തതാണ് പ്രശ്നം. റബ്ബർ കൃഷിയുടെ മേൽ റബ്ബർബോർഡിൻെറ ശ്രദ്ധ ഉള്ളതിനാൽ ഈയിനത്തിൽ ഗുണപരമായ മാററം ഉണ്ടായിട്ടുണ്ട്. IRDP പദ്ധതിക‍ൾ അനുസരിച്ച് നൽകുന്ന വായ്പക‍ൾ ഗുണഭോക്താക്കളുടെ ജീവിത നിലവാരം ഉയർത്താൻ പര്യാപ്തമായിട്ടില്ല.

## പട്ടിക (1)

# സഹകരണ ബാങ്കുകളുടെ സ്ഥിതി വിവര കണക്കുകൾ

| പേര് | രജിസ്ററർ ചെയ്ത വർഷം | മെമ്പർ മാർ | ഓഹരി മൂലധനം (ലക്ഷം) | പ്രവർത്തന മൂലധനം (ലക്ഷം) | ജീവന ക്കാർ | നിക്ഷേ പങ്ങരം (ലക്ഷം) | നില്പു വായ്പകം (ലക്ഷം) | ലാഭം/നഷ്ടം + or — (ലക്ഷം) |
|---|---|---|---|---|---|---|---|---|
| കിണാനൂർ സർവ്വീസ് സഹകരണ ബാങ്ക് | 1952 | 3264 | 11.63 | 187 | 8 | 60 | 151 | — 10 (നഷ്ടം) |
| കരിന്തളം സർവ്വീസ് സഹകരണ ബാങ്ക് | 1956 | 3022 | 12.90 | 200 | 9 | 104 | 141 | + 0.62 (ലാഭം) |
| ബിരിക്കുളം സർവ്വീസ് സഹകരണ ബാങ്ക് | 1952 | 3423 | 6.80 | 112 | 5 | 33 | 82 | — 12 (നഷ്ടം) |

## ക്രഡിറേറതര മേഖല

ക്രഡിറേറതര മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനം പൊതുവെ കാര്യക്ഷമമല്ല. അൽപമെങ്കിലും പ്രവർത്തനം ഉണ്ടെന്നു കാണുന്ന പാൽ ഉൽപാദക സംഘങ്ങരം തന്നെ നിലനിൽപ്പിന് വേണ്ടിയുള്ള കഠിനശ്രമത്തിലാണ്.

### 1 പാൽഉൽപാദക സംഘങ്ങരം:

ഈ പഞ്ചായത്തിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ പാൽ ഉൽപാദകസംഘങ്ങരം പ്രവർത്തിച്ചു വരുന്നു.

a) ചായ്യോത്ത്
b) കാലിച്ചാമരം
c) ബിരിക്കുളം
d) പരപ്പ
e) കാട്ടിപ്പൊയിൽ

ഇവയുടെ പ്രവർത്തനത്തെ കാണിക്കുന്ന ഏകദേശ ചിത്രം ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടിക–2ൽ നിന്ന് വ്യക്തമാക്കുന്നു. പഞ്ചായത്തിലെ ആകെ ഉൽപാദനം കണക്കിലെടുത്താൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങരം വഴി കൈകാര്യം ചെയ്യുന്ന പാലിൻെറ അളവ് വളരെ കുറവാണ്. നിലവിലുള്ള പാൽസംഘങ്ങരം എല്ലാം തന്നെ സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന മിൽമയുടെ നിലനിൽപ്പിന് വേണ്ടി മാത്രമുള്ള സ്ഥാപനങ്ങളായി മാറിയിരിക്കുന്നു. പാൽ ഉൽപാദകർ ഭൂരിപക്ഷവും, സംഘവുമായി ബന്ധപ്പെടുന്നില്ല. അതോടൊപ്പം വർദ്ധിച്ചു വരുന്ന ഉൽപാദനച്ചെലവും പാലിന് കിട്ടുന്ന വിലയുമായി പൊരുത്തപ്പെടുന്നില്ല അതുമൂലം പശുവളർത്തൽ അനാകർഷകമായി ഒന്നായിത്തീർന്നിരിക്കുന്നു. കാലിത്തീററയുടെ ദൗർലഭ്യം അത്യുൽപാദനശേഷിയുള്ള കന്നു കുട്ടികളെ കിട്ടാത്ത സ്ഥിതി മൃഗശുശ്രൂഷാരംഗത്തെ അപര്യാപ്തർ എന്നിവയൊക്കെ പാൽ ഉൽപാദനത്തെ ഗണ്യമായി ബാധിച്ചിട്ടുണ്ട് കൃഷിക്കാർക്ക് പ്രധാന തൊഴിലിനൊപ്പം ഒരു ഉപതൊഴിൽ എന്ന നിലയിൽ പശു വളർത്തൽ നടത്തുന്നതിനുള്ള സൗകര്യവും പ്രോൽസാഹനവും നൽകേണ്ടതുണ്ട്.

## II റബ്ബർ ഉൽപാദക സംഘങ്ങൾ:

ഈ പ്രദേശത്ത് താഴെപ്പറയുന്ന സ്ഥല ങ്ങളിലായി 5 ഉൽപാദക സംഘങ്ങൾ പ്രവർത്തിക്കുന്നു.

a) ബിരിക്കുളം
b) പരപ്പ
c) കുമ്പളപ്പള്ളി
d) കരിന്തളം
e) കിളിയളം

ഇവയിൽ ഒന്നും പ്രവർത്തനക്ഷമമല്ല റബ്ബർ ബോർഡിൽ നിന്നും വിവിധ അനുകൂല്യങ്ങൾ പ്രഖ്യാപിക്കപ്പെടാറുണ്ടെങ്കിലും അവ ഉപയോഗപ്പെടുത്തി അംഗങ്ങൾക്ക് ഗുണം ചെയ്യുന്നില്ല. ഇത്തരം സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്.

## II നീലേശ്വരം ബീഡി വർക്കേഴ്സ് സൊസൈററി.

ഈ സൊസൈററിയുടെ രണ്ടു ബ്രാഞ്ചുകൾ മാത്രമെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളു. ഇവയുടെ പ്രവർത്തനത്തിന്റെ ഏകദേശ രൂപം അന്യത്ര പട്ടികയിൽ ചേർത്തിരിക്കുന്നു. ഇവയുടെ പ്രവർത്തനം കൊണ്ട് പഞ്ചായത്തിലെ 225 പേർക്ക് തൊഴിൽ ലഭിക്കുന്നു.

## IV നീലേശ്വരം ബ്ളോക്ക് ഓടിഷ്ടിക ഗ്രാമവ്യവസായ സഹകരണ സംഘം-തോളേനി:

ആദ്യകാലത്ത് ഖാദിബോർഡിന്റെ സഹായത്തോടെ ഫാക്ടറി കെട്ടിടവും ചിമ്മിനിയും ഉണ്ടാക്കിയെങ്കിലും ഉൽഘാടനം തുടങ്ങാൻ കഴിഞ്ഞില്ല. ക്രമേണ നിർജീവമാവുകയും ചെയ്തു.

## V സ്ക്കൂൾ സൊസൈററികൾ

പഞ്ചായത്തിൽപ്പെട്ട ചായ്യോം ഗവ: ഹൈസ്ക്കൂൾ, ജി. എച്ച്. എസ്. പരപ്പ, കരിമ്പിൽ ഹൈസ്ക്കൂൾ, കുമ്പളപ്പള്ളി എന്നിവിടങ്ങളിൽ ഓരോ സൊസൈററികൾ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ കച്ചവടക്കാരുടെ ചൂഷണത്തിൽ നിന്നും വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും വിമുക്തരാക്കുന്നതിന് ആവശ്യമായ പഠനോപകരണങ്ങൾ, യൂണിഫോം മുതലായവ ന്യായവിലയ്ക്ക് ലഭ്യമാക്കാൻ ഈ സംഘങ്ങൾക്ക് സാധിക്കും. ഇതിനു പകരം ഇത്തരം സംഘങ്ങൾ വർഷാരംഭത്തിൽ പുസ്തകവിതരണിൽ മാത്രം ഒതുങ്ങുകയാണ് ചെയ്യുന്നത്.

## V ഈ പഞ്ചായത്തിൽ റജിസ്ററർ ചെയ്യപ്പെട്ട സഹകരണ സ്ഥാപനങ്ങൾ

a) കോഴിവളർത്തൽ സഹകരണസംഘം-കരിന്തളം
b) കാർപെൻററി & ബ്ലോക്ക്സ്മിത്ത് വർക്കേഴ്സ് കോ-ഓപ്പറേററീവ് സൊസൈററി-ചായ്യോത്ത്
c) വനിതാ സോപ്പ് നിർമ്മാണ സഹകരണ സംഘം-ചായ്യോത്ത്

## ക്ഷീരോൽപാദന മേഖലയിലെ പ്രശ്നങ്ങൾ

ക്ഷീരോൽപാദന മേഖല പൊതുവെ നിർജീവമാണ് പാലുൽപാദക സംഘങ്ങൾ സംഭരിക്കുന്ന പാലിന്റെ അളവ് ഉൽപാദനവുമായി തട്ടിച്ചുനോക്കുമ്പോൾ തുലോം ചെറുതാണ്. കിട്ടിയ പാൽ നാമമാത്രമായ മാർജിനിൽ വാങ്ങി മിൽമക്ക് കൈമാറുകയാണ്. സംഭരിക്കപ്പെടുന്ന പാലിന്റെ സിംഹഭാഗവും ഈ പഞ്ചായത്തിൽ തന്നെ വിററഴിക്കപ്പെടാൻ സാധ്യതയുണ്ടെങ്കിലും വിപണി വേണ്ടത്ര ഉപയോഗപ്പെടുത്തുന്നില്ല. ഇവിടെ നിന്നും കയററി അയ്ക്കുന്ന പാൽ തന്നെ കൂടുതൽ വില നൽകി ഇവിടുത്തെ ജനങ്ങൾ മിൽമയിൽ നിന്നും വാങ്ങുന്ന സ്ഥിതിയാണ് ഇന്നുള്ളത്. പ്രാദേശിക വിപണി പരമാവധി ഉപയോഗപ്പെടുത്തുന്നതോടൊപ്പം ബാക്കി വരുന്ന പാൽ പാലുൽപന്നങ്ങളാക്കി മാററുന്നതിനുള്ള പ്രവർത്തനങ്ങളും സംഘങ്ങൾ ഏറ്റെടുക്കണം. ഇങ്ങനെ പാലുൽപാദകർക്ക് മെച്ചപ്പെട്ട വില ലഭിക്കുകയും പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. ഉൽപാദകർക്ക് കാലിത്തീററ ന്യായമായ വിലയ്ക്ക് എത്തിച്ചു കൊടുക്കാനുള്ള പ്രവർത്തനവും സംഘങ്ങൾക്ക് നടത്താവുന്നതാണ്.

# പാൽ ഉൽപ്പാദകസംഘം പട്ടിക - 2

| പേര് | സ്ഥാപിച്ച വർഷം | മെമ്പർമാർ | ഒാഹരി | പാൽ നൽകുന്ന മെമ്പർമാർ | പാൽ നൽകാത്ത ഉൽപ്പാദകർ | ആകെ പാൽ | പ്രാദേശിക വിൽപ്പന | കയററി അയക്കുന്നത് | ലാഭം/നഷ്ടം |
|---|---|---|---|---|---|---|---|---|---|
| ചായ്യോത്ത് | 1980 | 80 | | 30 | 50 | 29030 | 7685 | 21345 | |
| കാലിച്ചാമരം | 1980 | 55 | | 15 | 40 | 36000 | 9000 | 27000 | |
| ബിരിക്കുളം | 1980 | 197 | | 10 | 30 | 10400 | 3600 | 6800 | |
| പരപ്പ | 1980 | 185 | | 25 | 50 | 28000 | 9000 | 19000 | |
| കാട്ടിപ്പൊയിൽ | 1980 | 168 | | | | 27000 | 6800 | 20200 | |

## പട്ടിക 3

## ദിനേശ് ബീഡി യൂണിററുകളുടെ വിവരം കാണിക്കുന്ന പട്ടിക

| | | ചായ്യോത്ത് | കൊല്ലംപാറ |
|---|---|---|---|
| | തൊഴിലാളികൾ | 111 | 113 |
| 1. | പുരുഷൻമാർ | 21 | 9 |
| 2. | സ്ത്രീകൾ | 90 | 104 |
| 3. | ഉൽപ്പാദനം ശരാശരി ഒരു തൊഴിലാളി | 842 | 870 |
| 4. | പുരുഷ തൊഴിലാളികളുടെ ശരാശരി വേതനം | 50 . 75 | 52 . 75 |
| 5. | സ്ത്രീ തൊഴിലാളികളുടെ ശരാശരി വേതനം | 50 . 00 | 51 . 00 |

### റബ്ബർ ഉൽപാദക സംഘങ്ങൾ :

ഇവ കാര്യക്ഷമമല്ലാത്തകുകൊണ്ട് പഞ്ചായത്തിലെ ഒരു പ്രധാന വാണിജ്യവിളയായ റബ്ബർ മുഴുവൻ സ്വകാര്യ വിപണിയിലേക്ക് പോകുന്ന സ്ഥിതിയാണ് ഉള്ളത്. ഇന്നത്തെ രീതിയിൽ റബ്ബർപാൽ സംസ്കരിക്കുന്നത് ഉൽപാദനച്ചെലവ് വർദ്ധിപ്പിക്കുന്നു. ഉൽപാദിപ്പിക്കുന്ന റബ്ബർപാൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ ശേഖരിക്കാനും തൊട്ടടുത്ത് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ലാററക്സ് ഫാക്ടറിയിൽ എത്തിക്കാനുമുള്ള പ്രവർത്തനത്തിൽ ഏർപ്പെടണം. ഇതിലൂടെ ഉൽപാദനച്ചെലവ് കുറയ്ക്കാനും കൃഷിക്കാർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കാനും സാധിക്കും. മെച്ചപ്പെട്ട നടീൽ വസ്തുക്കളുടെ വിതരണം കർഷകർക്കാവശ്യമായ കാർഷികോപകരണങ്ങൾ, വളം, കീടനാശിനി എന്നിവ ന്യായ വിലയ്ക്ക് എത്തിച്ചുകൊടുക്കാൻ സംഘങ്ങൾക്ക് കഴിയണം. റബ്ബർ ഉപയോഗിച്ച് ചെറുകിട അനുബന്ധ വ്യവസായങ്ങൾ നടത്താനുള്ള ശ്രമം സംഘങ്ങൾ ചെയ്യേണ്ടതുണ്ട്. ഇത് തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നു.

സ്കൂൾ സൊസൈററികളുടെ പ്രവർത്തനം നോട്ടുബുക്കുവിതരണത്തിൽ മാത്രം ഒതുങ്ങുന്നതിനാൽ ന്യായമായ വിലയ്ക്ക് കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭിക്കുന്നില്ല. തോളേനിയിൽ രജിസ്ററർ ചെയ്യപ്പെട്ട നീലേശ്വരം ബ്ലോക്ക് ഇഷ്ടികനിർമ്മാണസഹകരണസംഘം മൃതാവസ്ഥയിൽ കിടക്കുന്നതിനാൽ ഈ പഞ്ചായത്തിൽ നൂറുകണക്കിനാളുകൾക്ക് തൊഴിൽ ലഭിക്കുന്നത് നഷ്ടപ്പെട്ടു. സർക്കാർ ധനസഹായം ദുർവിനിയോഗം ചെയ്യപ്പെട്ട് കിടക്കുകയാണ്. മററു സംഘങ്ങൾ രജിസ്ററർ ചെയ്യപ്പെട്ടതല്ലാതെ കടലാസ് സംഘങ്ങളായി തുടരുന്നതു മൂലം അവയുടെ ലക്ഷ്യങ്ങൾ സാധിക്കപ്പെട്ടിട്ടില്ല.

### സഹകരണ വായ്പാ മേഖല കാര്യക്ഷമമാക്കാനുള്ള നിർദ്ദേശങ്ങൾ

ജില്ലാ ബാങ്കുകളിൽ നിന്നും പ്രാഥമിക സംഘങ്ങൾക്ക് വായ്പ വിതരണം ചെയ്യുമ്പോൾ ലഭിക്കുന്ന പലിശ മാർജിൻ നടത്തിപ്പ് ചിലവിന് തികയുന്നില്ല. കർഷകർക്ക് പലിശ വർദ്ധിപ്പിക്കാതെ തന്നെ സഹകരണ ബാങ്കുകൾക്ക് പലിശ മാർജിൻ വർദ്ധിപ്പിക്കാൻ ഈ രംഗത്ത് ത്രിതലസംവിധാനം ഒഴിവാക്കി ദ്വിതല സംവിധാനം നടപ്പിലാക്കണം. കർഷകർക്ക് വിതരണം ചെയ്യാനാവശ്യമായത്ര തുക സംഘങ്ങൾക്ക് യഥാസമയം കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കണം. വായ്പാ വിതരണ നടപടികൾ ലളിതവൽക്കരിക്കപ്പെടണം വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിലവിലുള്ള ക്രമീകരണം കുടുതൽ ത്വരിതപ്പെടുത്തണം. വായ്പാ വിനിയോഗം ഉറപ്പുവരുത്തുന്നതിന് മേൽനോട്ടം കാര്യക്ഷമമാക്കണം. സ്ഥാപനങ്ങളിലെ ഓഡിററ് വമ്പിച്ച സാമ്പത്തിക ഭാരം ഉണ്ടാക്കുന്നതിനാൽ ഓഡിററിങ്ങ് സൗജന്യമാക്കുകയോ നാമമാത്രമായ ഓഡിററിങ്ങ് ഫീസ് ഈടാക്കുകയോ ചെയ്യണം. കുടിശ്ശിക ഈടാക്കുന്നതിനുള്ള നിയമനടപടികളുടെ ഫീസ് കുറയ്ക്കണം. സഹകരണ സ്ഥാപനങ്ങളിലെ മെമ്പർമാർ വായ്പയെടുക്കുന്നതിന് പ്രമാണങ്ങൾ രജിസ്ററർ ചെയ്യുമ്പോൾ ഈടാക്കുന്ന ഫീസ് കുറയ്ക്കണം വായ്പാ വിതരണവും കാർഷികോൽപന്നങ്ങളുടെ വിപണനവും ബന്ധപ്പെടുത്തി തിരിച്ചടവ് ഉറപ്പുവരുത്തണം. സഹകരണ തത്ത്വം കുടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് പരിധിയിൽ സ്വന്തമായി ഭൂമിയുള്ളവരെയും സ്ഥിരതാമസക്കാരെയും മെമ്പർമാരാക്കണം കുടുതൽ വിഭവസമാഹരണം നടത്തുകയും അവ ജനോപകാരപ്രദവും സംഘത്തിന് ലാഭകരമായ മേഖയിൽ മുടക്കാനുള്ള സംവിധാനവുണ്ടാക്കണം സഹകരണ ബാങ്കുകളുടെ വികസനത്തിന് തടസ്സമുണ്ടാക്കുന്ന സഹകരണ നിയമങ്ങളിൽ മാററം വരുത്തുകയും അവ കുടുതൽ ജനാധിപത്യവൽക്കരിക്കുകയും സഹകരണ സംഘം രജിസ്ററാറുടെ പക്കൽ കേന്ദ്രീകരിച്ചു കിടക്കുന്ന അധികാരങ്ങൾ വികേന്ദ്രീകരിക്കപ്പെടുകയും അവ ജനപ്രതിനിധികളുടെ കൈകളിലേക്ക് എത്തുകയും വേണം. സഹകരണ സ്ഥാപനങ്ങളുടെ വാർഷിക പൊതുയോഗങ്ങൾ രണ്ട് വർഷത്തിലൊരിക്കലും ഭരണസമിതിയുടെ കാലാവധി 5 വർഷമാക്കുകയും വേണം. ഭൂവികസന ബാങ്കുകളിൽ നിലനിൽക്കുന്ന ഗഹാൻ' സമ്പ്രദായം സഹകരണ സംഘങ്ങളിലും ഏർപ്പെടുത്തേണ്ടതാണ്. ദീർഘകാല നിക്ഷേപങ്ങൾക്ക് കൂടുതൽ പ്രാമുഖ്യം നൽകണം. സഹകരണ സംഘങ്ങൾ ജില്ല ബാങ്കിൽനിന്നും വായ്പയെടുക്കുമ്പോൾ നിശ്ചയിച്ചിട്ടുള്ള ഓഹരി

അനുപാതം എന്ന വ്യവസ്ഥ ഒഴിവാക്കപ്പെടണം. ജനങ്ങൾക്ക് സഹായം എത്തിക്കുന്നതിന് വിവിധ സർക്കാർ വകുപ്പുകൾ ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുമ്പോൾ സഹകരണ സംഘങ്ങളുടെ പ്രാതിനിധ്യം ഉറപ്പാണ്ടേതാണ്. പഞ്ചായത്ത് മററു ഗവ: ഏജൻസികൾ എന്നിവകളിലേക്കുള്ള വരുമാനം അതതു സഹകരണ സംഘങ്ങളിൽ കൂടി അടയ്ക്കാനുള്ള സംവിധാനം വേണം. ഉദാ; കെട്ടിടനികുതി, തൊഴിൽനികുതി വിവിധ ക്ഷേമനിധികളിലേക്കുള്ള അടവുകൾ ഓരോ വാർഡിലും വികസന പ്രവർത്തനത്തിനു ചിലവാക്കുന്ന മുഴുവൻ സംഖ്യയും അതത് സഹകരണ സംഘങ്ങൾവഴി നടത്തുകയും സംഘങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യണം. സംഘങ്ങളുടെ വിഭവ ശേഷി വർദ്ധിപ്പിക്കുകയും പ്രവർത്തനങ്ങൾ വൈവിധ്യ വൽക്കരിക്കുകയും വേണം. എല്ലാ നാണ്യവിളകളുടെയും വിപണം ഏറെറടുത്ത് കർഷകർക്ക് ന്യായവില ഉറപ്പുവരുത്തണം അതോടൊപ്പം കർഷകർക്കാവശ്യമായ വിത്ത് വളം കീടനാശിനികൾ മററു സാങ്കേതിക സഹായങ്ങൾ എന്നിവയും ഉപഭോക്തൃ സാധനങ്ങളും ലഭ്യമാക്കണം ആവശ്യമുള്ള കർഷകർക്ക് ക്യാഷ് ക്രഡിററ് സമ്പ്രദായം ഏർപ്പെടുത്തണം സർക്കാർ സഹകരണ സംഘങ്ങൾക്ക് നൽകുന്ന പലിശ സബ്സിഡി യഥാസമയത്ത് ലഭിക്കാൻ നടപടിയുണ്ടാക്കേണ്ടതാണ്. ഭൂമിശാസ്ത്രപരമായി ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ ബാങ്കുകളുടെ ബ്രാഞ്ചുകൾ തുറക്കണം ഉപഭോക്തൃ മേഖല ശക്തിപ്പെടുത്തുന്നതിന് സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൺസ്യൂമർ സ്റേറാർ തുറക്കണം.

## മററു സംഘങ്ങൾ

നിലവിലുള്ള പാൽ സംഘങ്ങൾ പുനഃസംഘടിപ്പിക്കുകയും അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും വേണം. തോളേനി ഓട്-ഇഷ്ടിക ഫാക്ടറി പുന:രുജ്ജീവിപ്പിക്കണം. കോഴി വളർത്തൽസംഘം പ്രവർത്തനക്ഷമമാക്കി ഒരു കുടിൽവ്യവസായമാക്കി വനിതകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കാവുന്നതാണ് ദിനശ് ബീഡി സംഘത്തിൻെറ വൈവിധ്യവൽക്കരണത്തിൻെറ ഭാഗമായി വരുന്ന യൂനിററുകളിൽ രണ്ടെണ്ണമെങ്കിലും ഈ പഞ്ചായത്തിലുണ്ടാക്കാം. ഈ നിർദ്ദേശങ്ങളുടെ പരിഹാരത്തിനായി താഴെപ്പറയുന്നകാര്യങ്ങൾ ചെയ്യാവുന്നതാണ്.

ഒന്നുകിൽ നിലവിലുള്ള 3 ക്രഡിററ് സംഘങ്ങളും താഴെപ്പറയും വിധം ബ്രാഞ്ചുകൾ ആരംഭിക്കണം.

a) കരിന്തളം ബേങ്ക് — പെരിയങ്ങാനം
b) കിനാനൂർ ബേങ്ക് — കാട്ടിപ്പൊയിൽ
c) ബിരിക്കുളം ,, — പരപ്പ

II മാനേജ്മെൻറിനും സ്ററാഫിനും 6 മാസത്തിൽ ഒരിക്കൽ റിഫ്രഷർ കോഴ്സുകൾ നടത്തണം ചീഫ് എക്സിക്യൂട്ടീവിന് ഓഫീസ് അഡ്മിനിസ്ട്രേഷൻ ബുക്ക് കീപ്പിംഗ് എന്നിവയിൽ പ്രത്യേക പരിശീലനം നൽകണം.

III പഞ്ചായത്ത് ഓഫീസിൽ പെട്ടെന്നുബന്ധപ്പെടാൻ കഴിയുന്നതരത്തിൽ കാലിച്ചാമരം ആസ്ഥാനമാക്കി ഒരു ലേബർ കോൺട്രക്ട് സൊസൈററി രൂപീകരിക്കുകയും, പഞ്ചായത്തിൻെറ കീഴിൽ വരുന്നതും അല്ലാത്തതുമായ നിർമ്മാണപ്രവർത്തനങ്ങൾ അവർ ഏറെറടുക്കുകയും വേണം.

IV കരിന്തളമോ ബിരിക്കുളമോ ആസ്ഥാനമാക്കി കശുവണ്ടി സംവരണ സൊസൈററി സ്ഥാപിക്കണം.

V വെള്ളരിക്കുണ്ട് ആസ്ഥാനമാക്കി ഒരു റബ്ബർ അധിഷ്ഠിത ചെറുകിടവ്യവസായ യൂണിററ് സഹകരണമേഖലയിൽ ആരംഭിക്കണം.

VI സൗകര്യപ്രദമായ സ്ഥലത്ത് ഒരു തേങ്ങാ സംസ്കരണ യൂണിററ് സഹകരണ മേഖലയിൽ തുടങ്ങണം.

VII ചായ്യോത്ത് കാട്ടിപൊയിൽ പാൽ സംഘങ്ങളെ സംയോജിപ്പിച്ച് കൊല്ലമ്പാറ ആസ്ഥാനമാക്കുകയും രണ്ട് സ്ഥലങ്ങളിൽ ഡിപ്പോകൾ മാത്രം പ്രവർത്തിക്കണം. ബിരിക്കുളം പാൽ സംഘങ്ങളെയും ഇതുപോലെ സംയോജിപ്പിക്കാവുന്നതാണ്. കാലിച്ചാമരം നിലനിർത്തണം പരമാവധി പാൽലോക്കൽ സെയിൽ ആയി വിൽക്കുകയും, പാൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനുള്ള ഏർപ്പാടുകൾ ചെയ്യണം.

**VIII** ജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കുന്ന വിധത്തിൽ പഞ്ചായത്തിന്റെ ധനാഗമവും വിനിയോഗവും അതത് സഹകരണ ബാങ്കുകൾ വഴിയാക്കണം.

**IX** ജനങ്ങളെ ബോധവൽക്കരിക്കുവാൻ പഞ്ചായത്തടിസ്ഥാനത്തിൽ സെമിനാറുകൾ നടത്തണം.

**X** സഹകരണത്തിന്റെ വികസനത്തിന് തടസ്സമായി നിൽക്കുന്ന നിയമങ്ങൾ മാററപ്പെടുത്തുവാൻ സഹകാരികൾ ശ്രമിക്കണം.

**XI** ഓഡിററു ഫീസ്, അർബിട്രേഷൻ ഫീസ് അഫിലിയേഷൻ ഫീസ് സ്ററാമ്പ് ഡ്യൂട്ടി എന്നിവ കുറക്കണം.

**XII** എല്ലാ ബാങ്കുകളും ചിട്ടി തുടങ്ങണം.

**XIII** തോളേനി ഓട്ടുകമ്പിനി പ്രവർത്തനം സജ്ജമാക്കണം.

**XIV** ദിനേശ് ബീഡി സംഘത്തിന്റെ വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി തുടങ്ങുന്ന ഏതെങ്കിലും രണ്ട് യൂണിററുകൾ ഈ പഞ്ചായത്തതിർത്തിയിൽ തുടങ്ങണം.

**XV** സഹകരണ ബാങ്കുകളുടെ കാലാവധി 5 വർഷമാക്കുകയും പൊതുയോഗം 2 വർഷത്തിൽ ഒരിക്കലും ആക്കണം.

**XVI** റബ്ബർ ഉൽപാദക സംഘ്യ ആളുടെ പ്രവർനം മെച്ചപ്പെടുത്തുകയും കാര്യക്ഷമമാക്കുകയും വേണം.

മേൽക്കാണിച്ച പരിഹാരങ്ങൾ എത്രയും വേഗം നടപ്പിലാക്കുന്നതിനാൽ ഈ മേഖല കുടുതൽ ശക്തിപ്പെടുകയും തദ്ദേശ കർഷകർക്കു മററു അവശതയനുഭവിക്കുന്ന ജനങ്ങൾക്കും അവരുടെ ജീവിതം കുടുതൽ മെച്ചപ്പെടുത്തുവാനും സാധിക്കും. ഈ പഞ്ചായത്തിലെ തൊഴിലില്ലായ്മക്ക് ചെറിയോരു പരിഹാരം ഉണ്ടാക്കുന്നതിന് സഹകരണ മേഖല ശക്തിപ്പെടുത്തുന്നതിലൂടെ നമുക്ക് കഴിയുമെന്ന് പ്രത്യാശിക്കുന്നു.

# പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം

നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയുടെ 9. 27 ശതമാനം പട്ടിക ജാതിക്കാരാണ്. 1991 ലെ ലൈസൻസ് പ്രകാരം 2724 പട്ടിക ജാതിക്കാർ നമ്മുടെ പഞ്ചായത്തിൽ താമസിക്കുന്നുണ്ട് ഇതിൽ 1856 പേർ സ്ത്രീകളും 1368 പേർ പുരുഷൻമാരുമാണ്. ഒന്നാം വാർഡിലെ ചക്കിയ കോളനി ചായോത്ത്, രണ്ടാം വാർഡിലെ കക്കോൽ മൂന്നാം വാർഡിൽ കാറളം, പാലക്കുന്ന്, നാലാം വാർഡിൽ കാളിയാനം, ചേമ്പേന, കോളംകുളം അഞ്ചാം വാർഡിൽ പ്ളാചിക്കല്ല്, തുമ്പപന്നിയെറിഞ്ഞകൊല്ലി. മുണ്ടത്തടം. മാളൂർക്കയം. ആറാം വാർഡിൽ പന്നിത്തടം, കുട്ടിക്കുന്ന്, ആവുളളക്കോട്, ചെമ്പൻകുന്ന്, കറുക്കൂട്ടിപൊയിൽ ഏഴാം വാർഡിൽ മരയിൽ, കുമ്പളപ്പള്ളി, ചീററ പെരിയങ്ങാനം, പുല്ലുമല, പത്താം വാർഡിൽ നെല്ലിയറ. കാരാട്ട്. കൂളിപ്പാറ. പട്ടളം എന്നിങ്ങനെ 25 അംഗീകരിച്ച കോളനികളും ഇവയെ കൂടാതെ അംഗീകരിക്കപ്പെടാത്ത പട്ടികജാതി കോളനികളും ഉണ്ട്. 815 ഓളം കുടുബങ്ങൾ വിവിധ കോളനികളിലായി താമസിക്കുന്നു.

## അടിസ്ഥാന സൗകര്യങ്ങൾ

വെള്ളം, വൈദ്യുതി, കകൂസ്, വീട് എന്നീ അടിസ്ഥാന സൗകര്യങ്ങൾ പല കോളനികളിലും ഇല്ല. വേനൽക്കാലത്ത് കിലോമിററുകളോളം നടന്നു പോയാലാണ് കോളനികളിലേക്കുള്ള വെള്ളം ലഭിക്കുന്നത്. കോളനികളിലെ മിക്കവീടുകൾക്കും കകൂസ് ഇല്ല രണ്ട് വീടിന് ഒരു കക്കൂസ് എന്ന തോതിൽ പോലും സൗകര്യമില്ല. കാറളം, പാലക്കുന്ന്, പട്ടിക ജാതി കോളനിയിലെ 34 പേർക്ക് സ്വന്തമായ വീടില്ല. വീടുള്ള 30 പേർക്ക് കക്കൂസ് ഇല്ല. വരണൂർ, മേക്കാറളം, കാളിയാനം, ചേമ്പേന പ്ലാച്ചിക്കല്ല്, പന്നിയെറിഞ്ഞ കൊല്ലി, മുണ്ടത്തടം. എന്നീ പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്.

## വിദ്യാഭ്യാസം

കോളനികൾ ഇപ്പോഴും വിദ്യാഭ്യാസ നിലവാരത്തിൽ പിന്നോക്കാവസ്ഥയിൽ തന്നെയാണ് കോളനികളിലെ കുട്ടികൾ പൂർണ്ണമായും സ്കൂളിൽ പോകുന്നില്ല. 25 കോളനികൾ ഉള്ളതിൽ കക്കോൽ, കോളംകുളം, പന്നിത്തടം, കോളനികളിലെ കുട്ടികൾ മാത്രമാണ് സ്കൂളുകളിൽ പോകുന്നത്. പഞ്ചായത്തിലെ വിവിധ സ്കൂളുകളിലായി 770 പട്ടികജാതി വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. മററ് വിഭാഗങ്ങളിലെ വിദ്യാർത്ഥികളെ അപേക്ഷിച്ച് ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസത്തിന് പഠിക്കുന്നത് വളരെ വിരളമാണ്. പത്താം ക്ലാസിനു മുമ്പു തന്നെ പലരും കൊഴിഞ്ഞുപോകുന്ന സ്ഥിതി ഉണ്ട്.

31 വിദ്യാർത്ഥികൾക്ക് പഠിക്കാനാവശ്യമായ ഗ്രാൻറും ലഭിക്കുന്നുണ്ട്. ഈ വിഭാഗങ്ങളിലെ മുതിർന്നവർ ഭൂരിഭാഗവും നിരക്ഷരരാണ്. സാമ്പത്തികമായ പിന്നോക്കാവസ്ഥയും വിദ്യാഭ്യാസമുണ്ടാകേണ്ടതിന്റെ ആവശ്യകതയെകുറിച്ച് വേണ്ടത്ര ബോധമില്ലാത്തതും, വിദ്യാഭ്യാസ പിന്നോക്കാവസ്ഥക്ക് പ്രധാന കാരണമാണ്. സ്കൂളുകൾ പലതും പട്ടികജാതി കോളനികളിൽ നിന്നും വളരെ അകലെയാണെന്നതും വിദ്യാഭ്യാസ പിന്നോക്കാവസ്ഥയ്ക്ക് ഒരു കാരണമാണ്.

## തൊഴിൽ

പട്ടികജാതി വിഭാഗക്കാരുടെ പരമ്പരാഗത തൊഴിൽ മേഖലകളായ പായ് നെയ്ത്ത്, കൂട്ടനെയ്ത്ത് തുടങ്ങിയവ ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കയാണ്. ഇതിനാവശ്യമായ അസംസ്കൃത വസ്തുക്കൾ - കൈത, ഓട, തുടങ്ങിയവ വേണ്ടത്ര ലഭിക്കാത്തതാണ് ഇതിന് കാരണം. ഇപ്പോൾ ഇവർ പ്രധാനമായും ആശ്രയിക്കുന്നത് കാർഷിക മേഖലയിലെ തൊഴിൽ മേഖലകളെയാണ്. അന്യരുടെ ഭൂമിയിൽ പകലന്തിയോളം ഇ

വർക്ക് അർഹതപ്പെട്ട വേതനം ലഭിക്കുന്നില്ല. എന്ന പരാതി ഇപ്പോഴും നിലനിൽക്കുന്നു. പട്ടികജാതി കോളനികളിൽ താമസിക്കുന്ന ഭൂരിപക്ഷത്തിനും സ്വന്തമായി ഭൂമിയോ വീടോ ഇല്ല. അന്യന്റെ ഭൂമിയിൽ കുടിൽ കെട്ടി താമസിക്കുന്നവരും ഉണ്ട്, നമ്മുടെ പഞ്ചായത്തിൽ 384 പേർക്കെങ്കിലും വീടില്ലാത്ത അവസ്ഥ നിലനിൽക്കുന്നു.

## സ്മൂഹ്യ പദവി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനങ്ങൾ ഇപ്പോഴും സമൂഹത്തിന്റെ അടിത്തട്ടിൽ തന്നെയാണ് കഴിയുന്നത്. ജാതീയമായ ഉച്ചനീചത്വം പൂർണ്ണമായി മാറി എന്നു പറയാനായിട്ടില്ല. നമ്മുടെ പഞ്ചായത്തിലെ ചുരുക്കം ചില പ്രദേശങ്ങളിലെങ്കിലും തൊട്ടുകൂടായ്മയും നിലനിൽക്കുന്നു ചില സ്ഥലത്ത് ആരാധനാലയങ്ങളിൽ പോലും ഇവർക്ക് പ്രവേശനം നിഷേധിക്കപ്പെട്ടിരിക്കയാണ്. വിവാഹാദി ചടങ്ങുളിൽ മററു മതക്കാർ പങ്കെടുക്കാറുണ്ടെങ്കിലും മററുള്ളവർ ഇവരുടെ വീടുകളിൽ നിന്ന് ഭക്ഷണം കഴിക്കുന്നത് വളരെ അപൂർവ്വമാണ് കാറളം, പാലക്കുന്ന്, നെല്ലിയര, കാരാട്ട്, കൂളിപ്പാറ തോടംചാൽ എന്നീ കോളിനികളിൽ ജാതീയമായ ഉച്ച നീചത്വവും ജാതി പറഞ്ഞു വിളിക്കുന്ന സ്ഥിതിയും നിലനിൽക്കുന്നു. 1992 - ലെ I R D P ലിസ്ററ് പ്രകാരം 90 കുടുംബങ്ങൾ ദാരിദ്ര രേഖക്ക് താഴെയാണ്. നമ്മുടെ പഞ്ചായത്തിലെ 20 കുടുംബങ്ങൾക്ക് മാത്രമാണ് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളത്. ഇതിൽ 7 എണ്ണം പണം അടയ്ക്കുന്നവയും 86 എണ്ണം സൗജന്യവുമാണ്.

## പ്രശ്നങ്ങൾ

### 1 അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

പട്ടികജാതി കോളനികളിൽ ഒന്നിനും പൂർണ്ണമായ അടിസ്ഥാന സൗകര്യങ്ങളില്ല. വെള്ളം വൈദ്യുതി, കക്കൂസ്, വീട് എന്നിവ ഇനിയും ഈ വിഭാഗങ്ങൾക്ക് ലഭ്യമായിട്ടില്ല. നമ്മുടെ പഞ്ചായത്തിലെ 700 ഓളം പട്ടിക ജാതി കുടുംബങ്ങൾക്ക് ഇനിയും വൈദ്യുതി ലഭ്യമായിട്ടില്ല, ധാരാളം കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല. നിലവിലുള്ള വീടുകൾ തന്നെ പലതും അവാസയോഗ്യമല്ല. അടുത്തടുത്ത് സ്ഥിതി ചെയ്യുന്ന വീടുകൾ ശുചിത്വമില്ലായ്മക്ക് കാരണമാവുന്നു.

### 2 ദാരിദ്ര്യവും പട്ടിണിയും

പട്ടിണിയും, ദാരിദ്ര്യവും പട്ടികജാതി കോളനികളുടെ ഒരു നിത്യ ശാപമാണ്. തൊഴിൽ പരമായ പിന്നോക്കാവസ്ഥയും തൊഴിലുകൾക്ക് ലഭിക്കുന്ന വേതനം ഉൾപ്പെടെയുള്ള വരുമാനം വിനയോഗിക്കുന്നതിനുള്ള കാര്യക്ഷമതയുടെ അഭാവം ഇതിന് കാരണമാണ്.

### 3 വിദ്യാഭ്യാസ പിന്നോക്കാവസ്ഥ

വിദ്യാഭ്യാസ പിന്നോക്കാവസ്ഥ കോളനികളിലെ ഒരു മുഖ്യ പ്രശ്നമാണ്. കോളനികളിലെ ജനങ്ങൾ ഭൂരിഭാഗവും നിരക്ഷരരാണ്. സാക്ഷരതാ പ്രവർത്തനത്തിലൂടെ ഇത് ഒരു പരിധി വരെ പരിഹരിക്കാൻ കഴിഞ്ഞെങ്കിലും തുടർ വിദ്യാഭ്യാസത്തിന്റെ അഭാവം മൂലം സ്ഥിതി ഇപ്പോൾ പഴയതുപോലെയാണ്. വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ട് തങ്ങളുടെ കുട്ടികളെ സ്കൂളിൽ പറഞ്ഞയക്കാനും അവർ ശ്രദ്ധിക്കുന്നില്ല.

### 4 തൊഴിൽപരമായ പിന്നോക്കാവസ്ഥ

സാങ്കേതികമായ തൊഴിലുകളിൽ ഏർപ്പെടാതെ പരമ്പരാഗത തൊഴിലുകൾ തന്നെ ചെയ്യുന്നതാണ് ഇവരുടെ തൊഴിൽ പരമായ പിന്നോക്കാവസ്ഥയ്ക്ക് ഒരു കാരണം. ചിലയിടങ്ങളിൽ കുറഞ്ഞ കൂലിനിരക്കിൽ, തമിഴ്നാട്, കർണ്ണാടക എന്നീ അന്യ സംസ്ഥാനങ്ങളിലെ തൊഴിലാളികൾ കാർഷിക മേഖലയിൽ പണിയെടുക്കാൻ തയ്യാറുള്ളതുകൊണ്ട് കാർഷിക മേഖലയിലും ഇവർക്ക് വേണ്ടത്ര തൊഴിൽ അവസരങ്ങൾ ലഭിക്കുന്നില്ല.

### 5 അന്ധ വിശ്വാസങ്ങൾ മൂലമുണ്ടാക്കുന്ന പ്രശ്നങ്ങൾ:-

ചില അന്ധവിശ്വാസങ്ങൾ വെച്ചു പുലർത്തുന്നവരാണ് പല പട്ടികജാതി കുടുംബങ്ങളും, വയറിളക്കം, മഞ്ഞപ്പിത്തം, മലമ്പനി തുടങ്ങിയ രോഗങ്ങൾ വന്നാൽ ചികിൽസിക്കു

ന്നതിന് പകരം മന്ത്രങ്ങളും. ഹോമങ്ങളും, ബലികളും മററും നടത്തുന്ന അവസ്ഥയും ഉണ്ട്. അന്ധവിശ്വാസങ്ങളിലുള്ള അടിയുറച്ച വിശ്വാസം പുരോഹിതൻമാരുടെയും അവരുടെ അടിയാളരുടെയും ചൂഷണത്തിനും ഇവർ വിധേയമാവുന്നു.

## 6. സാമൂഹ്യ ഉച്ചനീചത്വം:-

സമൂഹത്തിൽ നിലനിൽക്കുന്ന ജാതീയമായ ഉച്ചനീചത്വം പട്ടികജാതി വിഭാഗങ്ങളിൽ കഴിവുള്ളവരെ പോലും അപകർഷതാബോധത്തിനിരയാക്കുകയും, തങ്ങൾ അവഗണിക്കപ്പെടുന്നവരാണെന്ന തോന്നൽ അവരിലുണ്ടാക്കുകയും ചെയ്യുന്നു. ഇത് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇവർ വരുന്നതിന് തടസമായി നിൽക്കുന്നു.

## 7. ആനുകൂല്യങ്ങൾ ലഭിക്കുന്നതിലുള്ള തടസങ്ങൾ:-

പട്ടികജാതി വിഭാഗങ്ങളിൽ പെട്ടവർക്ക് അർഹതപ്പെട്ട പല ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. തങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ച് യഥാസമയം വിവരം ലഭിക്കാത്തതും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് മുന്നോടിയായുള്ള നിയമതടസങ്ങളുമാണ് ഇതിന് പ്രധാന കാരണം.

## 8. ആനുകൂല്യങ്ങൾ ഇടത്തട്ടുകാർ തട്ടിയെടുക്കുന്ന പ്രശ്നം:-

പട്ടികജാതി വിഭാഗങ്ങളിൽ പെടുന്നവർക്ക് ലഭിക്കുന്ന പല ആനുകൂല്യങ്ങളും ഇടത്തട്ടുകാർ തട്ടിയെടുക്കുന്നു. ഈ വിഭാഗങ്ങളിലെ ജനങ്ങൾക്ക് ലഭിക്കുന്ന കാർഷികോപകരണങ്ങൾ, തെങ്ങിൻ തൈകൾ, തുടങ്ങിയ പലതും ഇവരെ കബളിപ്പിച്ച് ഇടത്തട്ടുകാർ തട്ടിയെടുക്കുന്നു. ഗവൺമെൻറ് അനുവദിക്കുന്ന പല ആനുകൂല്യങ്ങളും ഉദ്യോഗസ്ഥ മേധാവികളുടെയും ഇടത്തട്ടുകാരുടെയും ഇടപെടൽ മൂലം ഇവർക്ക് ലഭിക്കുന്നില്ല.



# സാദ്ധ്യതകൾ

## 1 ജനസംഖ്യാനുപാതികമായി പദ്ധതി വിഹിതം

നാടിന്റെ വികസനത്തിന് വേണ്ടി ഗവൺമെൻറ് വിവിധ പദ്ധതികൾക്കാവശ്യമായ ഫണ്ട് വകജിക്കുമ്പോൾ പട്ടികജാതി – ജനവിഭാഗങ്ങളുടെ തോത് അനുസരിച്ച് അവർക്ക് അർഹതപ്പെട്ട ഒരു വിഹിതം നീക്കി വെക്കണം.

2 പട്ടികജാതി വിഭാഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഈ വിഭാഗങ്ങളിലെ താൽപര്യമുള്ളവർക്ക് വിവിധ മേഖലകളിൽ പരിശീലനം നൽകണം. ചൂള, ചെരിപ്പ് നിർമ്മാണം തുടങ്ങിയ വ്യവസായങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകണം.

3 കാർഷികോത്പ്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി പണിയായുധങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം. കർഷകർക്ക് നല്ലയിനം വിത്തുകളം, വളങ്ങളും ലഭ്യമാക്കണം. പശു, ആട്, കോഴി എന്നിവ വളർത്തുന്നത് പ്രോൽസാഹിപ്പിക്കുകയും ഇതിനാവശ്യമായ സാമ്പത്തിക സഹായം നൽകുകയും വേണം.

4. പട്ടികജാതി കോളനികളിൽ വൈദ്യുതീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെടാതെ മണ്ണിനെ സംരക്ഷിക്കുകയും വേണം.

5. പട്ടികജാതി വിഭാഗങ്ങളിലെ ജനങ്ങൾക്ക് ആരോഗ്യ വിദ്യാഭ്യാസം നൽകണം. കോളനികളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണം മാസത്തിലൊരിക്കൽ എങ്കിലും ആരോഗ്യ പ്രവർത്തകരും, സന്നദ്ധ പ്രവർത്തകരുമടങ്ങുന്ന സ്ക്വാഡുകൾ കോളനികൾ സന്ദർശിക്കണം.

6 അടുത്തടുത്ത് വീടുകൾ നിർമ്മിക്കുന്നത് ശുചിത്വമില്ലായ്മക്ക് കാരണമാവുന്നു. വീടുകൾ നിർമ്മിക്കുന്നത് ഒരു നിശ്ചിത ദൂരം ഇടവിട്ടായിരിക്കണം.

7 പട്ടികജാതി കോളനികളിലെ ഓരോ വീടിനും ഓരോ കക്കൂസ് എന്ന നിലയിൽ നിർമ്മിക്കണം. ഇതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകണം.

8. പട്ടികജാതി വിഭാഗങ്ങളിലെ വിദ്യാർത്ഥി കൾക്ക് പഠിക്കാനാവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുകയും സൗജന്യമായി പുസ്തകങ്ങളും, വസ്ത്രങ്ങളും നൽകുകയും വേണം.

9. സ്വയം തൊഴിൽ ചെയ്യാൻ താൽപര്യവും കഴിവുമുള്ള ചെറുപ്പക്കാരെ കണ്ടെത്തി തൊഴിൽ പരിശീലനം നൽകുകയും സ്വയം തൊഴിൽ തുടങ്ങുന്നതിനാവശ്യമായ സഹായങ്ങൾ നൽകുകയും വേണം.

10 പട്ടികജാതി വിഭാഗങ്ങൾക്ക് സൗജന്യ നിരക്കിൽ പോഷകാഹാരങ്ങൾ വിതരണം ചെയ്യണം.

11 കോളനികളിൽ തുടർ വിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കുകയും നിരക്ഷരരെ മുഴുവൻ സാക്ഷരരാക്കുകയും വേണം.

12. കോളനികളിൽ പൊതു ശ്മശാനം നിർമ്മിക്കണം.

13. കോളനികളിലെ വ്യാജവാററ് തടയുകയും മദ്യപാനത്തിൻെറ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും വേണം.

14. ഓരോ പട്ടികജാതി കോളനികളിലും ഓരോ ബാലപാടികൾ സ്ഥാപിക്കണം.

15. പട്ടിക ജാതി വിഭാഗക്കാരുടെ പരമ്പരാഗത കലകളായ മായിത്തിക്കളി, മംഗലംകളി, തെയ്യം എന്നിവയെ പ്രോത്സാഹിപ്പിക്കണം.

16. ഈ വിഭാഗങ്ങളിലെ ജനങ്ങളെ തങ്ങൾക്ക് അർഹതപ്പെട്ട അവകാശങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുകയും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നേരിടേണ്ടി വരുന്ന നിയമ തടസങ്ങൾ ലഘൂകരിക്കുകയും വേണം. ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നുണ്ടോയെന്ന് ജനകീയ കമ്മിററികൾ പരിശോധിക്കണം.

17. ചാമ്യോം, കക്കോൽ, കാളിയാനം, ചേമ്പേന കോളംകുളം, കടയം, കയംതട്ട്, വരയിൽ, പന്നിയെറിഞ്ഞകൊല്ലി, പ്ലാച്ചിക്കല്ല്, കുമ്പളപ്പള്ളി എന്നീ കോളനികൾ I H D P കോളനികളാക്കി ഉയർത്തണം.

18 റോഡുകൾ ഇല്ലാത്ത കോളനികളിൽ റോഡുകൾ നിർമ്മിക്കാനും, നിലവിലുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുകയും വേണം. വരയിൽ കോളനിയെ റോഡുമായി ബന്ധിപ്പിക്കുന്നതിന് കൂക്കടവിലും, ചിമ്മത്തോടും ഉള്ള തോടുകൾക്ക് പാലം നിർമ്മിക്കണം.

19 ചക്കിയ കോളനിയിലും കടയംകയം തട്ടിലുമുള്ള കിണറുകൾക്ക് കാററാടിയന്ത്രം സ്ഥാപിക്കണം. വരയിൽ പ്രദേശത്തെ നീരുറവ ഉപയോഗിച്ച് ഈ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കണം.

20 അവശരും വൃദ്ധരുമായ മുഴുവൻ പട്ടികജാതി വിഭാഗക്കാർക്കും പെൻഷൻ അനുവദിക്കണം,

21 പട്ടികജാതി വിഭാഗങ്ങളിലെ യുവതികളുടെ വിവാഹത്തിന് പഞ്ചായത്ത് മുഖാന്തിരം ധന സഹായം അനുവദിക്കണം.

## വിഭവസമാഹരണം

വികസന ആസൂത്രണത്തിന്റെ വിജയകരമായ നടത്തിപ്പിന് സമ്പന്നമായ സാമ്പത്തിക അടിത്തറ ഉണ്ടായിരിക്കേണ്ടതാണ്.

വികസന ആസൂത്രണം പതിനൊന്നോളം വകുപ്പുകളിലായി രൂപീകൃതമായിരിക്കുകയാണല്ലോ. ഈ പ്രക്രിയ പഞ്ചായത്തിന്റെ ബഹുമുഖമായ വികസനം ലാക്കാക്കി തുടങ്ങുമ്പോൾ ആവശ്യമായ ധനവും നമ്മുടെ മുമ്പിലുണ്ടായിരിക്കണം.

[redacted]

ഈ ധനം എങ്ങനെ ഉണ്ടാക്കാൻ കഴിയും അതാണ് നാം പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നത്. വിഭവസമാഹരണത്തിന്റെ വഴികളെക്കുറിച്ച് ആരായുമ്പോൾ കഴിഞ്ഞ വർഷങ്ങളിൽ ഈ പഞ്ചായത്തിന്റെ ധനസ്ഥിതി എന്താണെന്ന് അവലോകനം ചെയ്യുന്നത് ഗുണകരമായിരിക്കുമെന്ന് തോന്നുന്നു. ആയതിനുള്ള ഒരു സംക്ഷിപ്ത വിവരം ചുവടെ പ്രതിപാദിക്കട്ടെ.

വിഭവസമാഹരണം രണ്ടിനങ്ങളായി തരം തിരിക്കാവുന്നതാണ്.

1 നികുതിയിനം 2 നികുതിയേതര ഇനം

I നികുതിയിനം:– ഇതിൽ കെട്ടിടനികുതി, തൊഴിൽനികുതി, വിനോദനികുതി, സംസ്ഥാന നികുതിവിഹിതം.

II നികുതിയേതരഇനം:– ഫീസുകൾ, സർചാർജുകൾ, കച്ചവട ലൈസൻസ് (D&O), പഞ്ചായത്ത് സ്വത്തുകളിൽ നിന്നുള്ള വരുമാനം, ബസ്സ് സ്റ്റാൻറ് വണ്ടിപട്ട, കൃഷിയിടങ്ങളിൽ നിന്നുള്ള വരുമാനം, സ്വത്തു കൈമാററയിനത്തിൽ നിന്നുള്ള വരുമാനം, ഉപാധിരഹിത ഫണ്ട്, ജെ. ആർ വൈ മററു ഗ്രാൻറുകൾ, ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായ്പ മററുവകുപ്പുകളിൽ നിന്നു ലഭിക്കുന്നധനം.

മററു വിധത്തിൽ പ്രധാനമായ വിഭവം സംഭാവന അതിൽ പണമായും അദ്ധ്വാനമായും ലഭിക്കുന്നധനം. ജനങ്ങളിൽ നിന്നും ദാനമായി ലഭിക്കുന്ന അദ്ധ്വാനം നാടിന്റെ വികസനത്തിന്റെ വില മതിക്കാനാവാത്ത വിഭവമാണ്.

വരുംകാലങ്ങളിലേക്കുള്ള വിഭവങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതിനു മുമ്പ് കഴിഞ്ഞകാലങ്ങളിലെ വരുമാന മാർഗ്ഗങ്ങളെക്കുറിച്ച് വിശകലനം ചെയ്യുന്നത് നല്ലതായിരിക്കും. കഴിഞ്ഞ അഞ്ചുകൊല്ലത്തെ പഞ്ചായത്തിന്റെ വരുമാനം സംബന്ധിച്ച പട്ടിക താഴെകൊടുക്കുന്നു. (പട്ടിക 1)

കഴിഞ്ഞ കാലങ്ങളിൽ നിന്നു വ്യത്യസ്തമായി ഇപ്പോൾ പഞ്ചായത്തിന് ധനാഗമമാർഗ്ഗങ്ങൾ കൂടിയിട്ടുണ്ട് പരസ്യനികുതി മുതലായവ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്. മേൽക്കൊടുത്ത പട്ടികയിലെ വരവുതോതു പരിശോധിച്ചാൽ കാര്യമായ വർദ്ധനവ് ഇല്ലെന്ന്മനസിലാവുന്നതാണ്. വിശേഷിച്ചും കെട്ടിടങ്ങളുടെ വർദ്ധനവ് വാടകയിനത്തിലുള്ള വർദ്ധനവിന്റെ തോത് വിലകയററം, കാർഷിക വിളയുടെ വിലവർദ്ധന, നിത്യോപയോഗ സാധനങ്ങളുടെയും നിർമ്മാണത്തിലും, ഉപയോഗത്തിലും വിലയിലുള്ള വർദ്ധനയുടെ തോത് എന്നിവയുടെ അടിസ്ഥാനത്തിൽ. മേൽപ്പറഞ്ഞ ഇനങ്ങളിൽ വർദ്ധനവുണ്ടായിട്ടും കെട്ടിടനികുതിയിൽ വർദ്ധനവില്ലതിരിക്കാനുള്ള കാരണങ്ങൾ കണ്ടുപിടിച്ച് പരിഹാരം കാണേണ്ടത് ആവശ്യമായിരിക്കുന്നു.

വരുമാനം വർദ്ധിപ്പിക്കുന്നതിന് നീതിപൂർവ്വകവും, നിയമപരവും, പ്രായോഗികവുമായ രീതി അവലംബിക്കണം. ആയതിന് ജനകീയാസൂത്രണത്തിന്റേതായ പാതയിൽക്കൂടി എന്തുചെയ്യാൻ കഴിയുമെന്ന് പരിശോധിക്കണം. നികുതി നിർണ്ണയിക്കുന്നതിന് നിലവിലുള്ള രീതി അഴിമതിയും, പക്ഷപാതപരവുമാണ്. എന്ന് നമുക്ക് പരിശോധിച്ചാൽ കാണാൻ കഴിയും. അത് എങ്ങനെ അഴിമതിരഹിതമായി നടത്താൻ കഴിയുമെന്നും അതുവഴി കൂടുതൽ ധനമുണ്ടാക്കാൻ കഴിയുമെന്ന് പരിശോധിക്കണം. നിലവിലുള്ള രീതിയിൽ ലഭിക്കേണ്ടവരുമാനത്തിന്റെ – ചുമത്താൻ അർഹതയുള്ളതിന്റെ 50–60 ശതമാനവും ചോർന്നുപോകുന്നു. ഇത് എല്ലാരംഗത്തും ഉണ്ട്. നികുതിനിശ്ചയത്തിലായാലും, പിരിവിലായാലും വിനോദനികുതി വരവിലായാലും ഇത് കാണാൻ കഴിയും.

ആയത് പരിഹരിക്കുന്നതിന് ഒന്നാമതായി ബോധവൽക്കരണം നടത്തണം. നികുതിനിർണ്ണയം, നികുതിപിരിവ്, നികുതി യഥാസമയം അടക്കാതിരുന്നാലുണ്ടാകുന്ന വ്യക്തിപരവും ദേശീയവുമായ നഷ്ടം എന്നിവയെക്കുറിച്ച് ബോധവാൻമാരാക്കണം. അതിനാവശ്യമായ വ്യാപകമായ പ്രചാരണം നടത്തണം. വളരെ ചെലവുകുറഞ്ഞ രീതിയിൽ വാർഡ് യോഗങ്ങൾ, കുടുംബയോഗങ്ങൾ, നാട്ടുകൂട്ടങ്ങൾ എന്നിവ വിളിച്ച് ചേർത്തു നടത്തണം, വരുമാന മാർഗ്ഗങ്ങളെപ്പോലെ തന്നെ മിതമായ രീതിയിൽ ചെലവഴിക്കുന്നതിനെക്കുറിച്ചും പ്രചരണം ആവശ്യമാണ്. ദുഷ്ചെലവ് വിഭവം ചോർന്നുപോകാൻ ഇടവരുത്തും.

പൊതുമരാമത്ത് പ്രവർത്തിയിലുള്ള അമിതമായ ധനചോർച്ച, അഴിമതി, കൈക്കൂലി എന്നിവയെക്കുറിച്ചും ബോധവൽക്കരണം ആവശ്യമാണ്. ഏതുപ്രവർത്തിയും ഗുണഭോക്താക്കളടക്കമുള്ള ജനകീയകമ്മിയെക്കൊണ്ട് നടത്തിക്കണം. കരാറുകാർ പഞ്ചായത്തു മുതൽ ചോർത്തിക്കൊണ്ടു പോകുന്നത് തടയാൻ കഴിയണം. ഈ ഇനത്തിൽ ഓരോ മരാമത്ത് പ്രവൃത്തിയിൽനിന്നും 50–60 ശതമാനം നാം അറിയാതെ ചോർന്നുപോകുന്നു. ഇത് ഒഴിവാക്കിയാൽ നമ്മുടെ ധനശേഷി വർദ്ധിക്കും. ഇന്ന് ഏതു പ്രവൃത്തിക്കും തൊഴിലാളികളെ കിട്ടുമെങ്കിലും അവരെ ഉപയോഗപ്പെടുത്താൻ ആരും ശ്രമിക്കാറില്ല. ഈ നാട്ടിലെ തൊഴിലില്ലായ്മ ഒരു പരിധിവരെ

## പട്ടിക I വരവുകൾ

| Sl No. | ഇനം | 1991-92 | | 1992-93 | | 1993-94 | | 1994-95 | | 1995-96 | | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | കെട്ടിട നികുതി | 45327 | 00 | 45327 | 00 | 52493 | 00 | 113786 | 00 | 361139 | 00 | |
| 2 | തൊഴിൽ നികുതി | 48580 | 00 | 48600 | 00 | 31254 | 00 | 103275 | 00 | 86050 | 00 | |
| 3 | വിനോദ നികുതി | 24642 | 00 | 33230 | 00 | 31678 | 00 | 37457 | 00 | 41577 | 00 | |
| 4 | സ്റ്റാമ്പ് ഡ്യൂട്ടി | 105798 | 00 | — | | 297603 | 00 | 169978 | 00 | 171982 | 00 | |
| 5 | ലേലം | 450 | 00 | — | | 320 | 00 | — | | 1436 | 00 | |
| 6 | കച്ചവട ലൈസൻസ്ഫീ | 4031 | 00 | — | | 3109 | 00 | 540 | 00 | 5022 | 00 | |
| 7 | ഉപാധിരഹിത നിധി | 222000 | 00 | 222000 | 00 | 226000 | 00 | 311300 | 00 | 324740 | 00 | |
| 8 | അടിസ്ഥാന നികുതി വിഹിതം | 118083 | 00 | — | | 119535 | 00 | 16755 | 00 | 134955 | 00 | |
| 9 | വാഹനനികുതി വിഹിതം | 264053 | 00 | 264053 | 00 | 3000000 | 00 | — | | 661650 | 00 | |
| 10 | റോഡ് പരിപാലന വിഹിതം | 54154 | 00 | 54184 | 00 | 54731 | 00 | 54530 | 00 | 57258 | 00 | |
| 11 | സ്വാശ്രയ പഞ്ചായത്ത് | — | | — | | — | | — | | 200000 | 00 | |
| 12 | ജെ. ആർ. വൈ. | 177000 | 00 | 635000 | 00 | 171872 | 00 | 400000 | 00 | 150000 | 00 | |
| | | 1064518 | 00 | 1302394 | 00 | 1298595 | 00 | 1227621 | 00 | 2195828 | 00 | |

## 4 കച്ചവടം, വ്യവസായം എന്നിവയ്ക്കുള്ള ലൈസൻസ് ഫീസ്

മികച്ച കച്ചവടക്കാരും ചെറുകിട വ്യവസായികളും ലൈസൻസ് എടുക്കാറില്ല. ലോൺ വാങ്ങുന്നതിനുവേണ്ടിമാത്രം ലൈസൻസ് എടുക്കുന്ന സ്വഭാവമാണ് ജനങ്ങൾക്കുള്ളത്. അത് മാററിയെടുക്കാൻ കഴിയണം.കഴിഞ്ഞ കൊല്ലം ചുമത്തിയ ഫീസ് പട്ടികയിൽനോക്കുക എല്ല കച്ചവടത്തിൻെറ ലൈസൻസ് ചുമത്തി വരുമാനം വർദ്ധിപ്പിക്കാൻ കഴിയണം. അനധികൃത കച്ചവടം, വ്യവസായം എന്നിവ നടത്തുന്നവർക്കെതിരെ കർശനമായ ശിക്ഷ നൽകണം. ലൈസൻസ് അവലോകനവും പരിശോധനയും നടത്തുന്നതിന് ജനകീയ കമ്മിററികൾ ഉണ്ടാവണം.

## 5 ഷോപ്പിംഗ് കോംപ്ലക്സ് ബസ്സ്ററാൻറ്

ഈ പഞ്ചായത്തിലെ ചാമ്പ്യോത്ത്, പരപ്പ, വെള്ളരിക്കുണ്ട് മുതലായ സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ് ബസ് സ്റ്റാൻറ് എന്നിവ നിർമ്മിച്ച് വാടകയിനത്തിൽ വരുമാനമുണ്ടാക്കാവുന്നതാണ്. കൂടാതെ വ്യവസായ എസ്റേറുകൾ നിർമ്മിച്ച് വാടകക്ക് കൊടുത്ത് തൊഴിൽ സാധ്യതയും വരുമാനവും ഉണ്ടാക്കാവുന്നതാണ്. തൊഴിൽ രഹിതർക്ക് നാടൻ അസംസ്കൃത സാധനങ്ങൾ ശേഖരിച്ചുകൊടുത്ത് ഉൽപ്പന്നങ്ങളുണ്ടാക്കി വിൽപന നടത്തി പണമുണ്ടാക്കാവുന്നതാണ്.

## 6 ഗ്രാൻറുകൾ

മേൽകൊടുത്ത പഞ്ചായത്തിൻെറ തനതായ വിഭവങ്ങൾക്ക് പുറമെ സർക്കാരിൽ നിന്ന് ലഭിക്കുന്ന ഉപാധിരഹിത ഗ്രാൻറ്, അടിസ്ഥാന നികുതി ഗ്രാൻറ് V T C ഗ്രാൻറ് V R M ഗ്രാൻറ് ജവഹർ തൊഴിൽ ദാന പദ്ധതി പ്രകാരമുള്ള ഗ്രാൻറുകളും പഞ്ചായത്തിൻെറ വരുമാനമാർഗ്ഗമാണ്. മേൽകൊടുത്ത എല്ലാഗ്രാൻറുകളും പഞ്ചായത്തിൻെറ സമഗ്രവികസനത്തിന് ഉപയോഗിക്കാൻ ജനകീയാസൂത്രണം വഴി നമുക്ക് കഴിയണം. ഇതിനെല്ലാംപുറമെ പഞ്ചായത്തുകൾക്ക് സർക്കാർ ഒമ്പതാം പദ്ധതി മുതൽ നീക്കിവെക്കുന്ന മെച്ചപ്പെട്ട പദ്ധതിവിഹിതവും നമ്മുടെ പഞ്ചായത്തിൻെറ വിഭവ സമാഹരണത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

## 7 സംഭാവന

വിഭവ സമാഹരണത്തിൻെറ പ്രധാന ഇനമാണ് സംഭാവന. സംഭാവന പണമായും അദ്ധ്വാനമായും നമുക്ക് നേടാവുന്നതാണ്. സംഭാവന വ്യക്തികളിൽനിന്നോ സ്ഥാപനങ്ങളിൽനിന്നോ മററു സേവന സംഘടനകളിൽനിന്നോ സ്വീകരിക്കാവുന്നതാണ്.

പൊതു ജനങ്ങളിൽ നിന്ന് അദ്ധ്വാനം അല്ലെങ്കിൽ ശ്രമദാനം സംഭാവനയായി സ്വീകരിക്കാവുന്നതാണ്. റോഡ് നിർമ്മാണം, സ്കൂൾ കെട്ടിടനിർമ്മാണം, ആശുപത്രി കെട്ടിട നിർമ്മാണം എന്നീ രംഗങ്ങളിൽ പൂർണ്ണമായോ ഭാഗികമായോ നമുക്ക് ലഭിക്കാവുന്നതാണ്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു ഇത് നമുക്ക് സ്വീകരിക്കാവുന്നതാണ്. ഗൾഫ് നാടുകളിൽ പണിചെയ്യുന്നുള്ള പഞ്ചായത്തിലെ ജനങ്ങളിൽ നിന്ന് പണം സ്വരൂപിച്ച് വിഭവസമാഹരണം നടത്താവുന്നതാണ്.

## 8 വായ്പ

ഇത് ഏററവുമധികം ലഭ്യമാകുന്നത് ബാങ്കുകളിൽ നിന്നാണ്. കൂടാതെ സർക്കാരിൽനിന്നും ലഭ്യമാക്കാവുന്നതാണ്. പഞ്ചായത്തതിർത്തിയിലെ ബാങ്കുകളിൽ നിന്നുകൊടുക്കുന്ന വായ്പകൾ കൂട്ടായ്മയിൽക്കൂടി ബഹുമുഖ വികസന പ്രവർത്തനത്തിന് ഉപയോഗപ്പെടുന്ന സഹകരണ ബാങ്കിൽനിന്നും ദേശസാൽകൃത ബാങ്കുകളിൽനിന്നും മററു പണമിടപാട് സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കാം.

വായ്പ തുകകൾ ഉല്പാദനക്ഷമതയുള്ള രംഗങ്ങളിൽ മുതൽമുടക്കി കൂടുതൽ വരുമാനമുണ്ടാക്കാനും അതുവഴി തിരിച്ചടക്കാനും കഴിയണം.

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ 3 സർവ്വീസ് സഹകരണ ബാങ്കുകളും ഒരു ഷെഡ്യൂൾസ് ബാങ്കും ഒരു ഗ്രാമീൺ ബാങ്കും സേവനരംഗത്തുണ്ട്.

വിഭവസമാഹരണത്തെക്കുറിച്ച് ചർച്ചചെയ്ത് ഭാവിപ്രവർത്തനം ആസൂത്രണം ചെയ്യുമ്പോൾ ചെലവുകളെക്കുറിച്ചും ചർച്ചചെയ്തേ പററൂ. ചെലവിനെക്കുറിച്ചും നമുക്ക് അവലോകനം ചെയ്യാം.

കഴിഞ്ഞ അഞ്ച് വർഷത്തെ പഞ്ചായത്തിൻെറ ചെലവ് സംബന്ധിച്ച വിവരം താഴെ കൊടുത്ത പട്ടികയിൽ കാണുക (പട്ടിക–2)

എന്നാൽ കഴിഞ്ഞ കാലത്തിൽ നിന്നു വ്യത്യസ്തമായി അടുത്ത ഒമ്പതാം പദ്ധതികാലത്ത് ഉല്പാദനക്ഷമതയുള്ള കാര്യങ്ങൾക്ക് മുൻഗണന നൽകാൻ കഴിയണം. അതിനാവശ്യമായ ചർച്ച ഉണ്ടാവണം. ഇതിൽക്കൂടി ഒരു പുതിയ വികസന സംസ്കാരത്തിനും വികസന പദ്ധതിക്കും രൂപം നൽകാൻ കഴിയണം.

കഴിഞ്ഞ അഞ്ചുവർഷത്തെ ചെലവുകളുടെ പട്ടികയിൽ നിന്ന് നമുക്കുകാണാൻ കഴിയുന്നത് ചെലവുകളെല്ലാംകൊല്ലവും കൂടുന്നു എന്നാതാണ്. മാത്രമല്ല ചെലവിനത്തിൽ നല്ലൊരു ഭാഗം ശമ്പളചെലവാണ്. രണ്ടുകൊല്ലത്തെ ചെലവ് മാത്രമേമരാമത്ത് പ്രവർത്തനത്തിന് വന്നിട്ടുള്ളു (പട്ടിക 3)

പരിഹരിക്കാൻ ഇതുവഴി നമുക്ക് കഴിയണം. മേൽ പ്പറഞ്ഞ കാര്യങ്ങൾക്കുവേണ്ടി ജനകീയ കമ്മിററി രൂപീകരിച്ചുകൊണ്ട് പ്രവർത്തിക്കണം. അതുവഴി വിഭവസമാഹരണം വർദ്ധിപ്പിക്കാൻ കഴിയും. ഇതു വഴി നമ്മുടെ പഞ്ചായത്തിനെ മാതൃകാ പഞ്ചായ ത്താക്കാൻ കഴിയണം.

ഈ വിധപ്രവൃത്തിയിൽക്കൂടി ഉല്പാദന വർദ്ധന വും, സാമ്പത്തിക നേട്ടവും ഉണ്ടാക്കാനും പഞ്ചായ ത്തിന്റെ വിഭവ സമാഹരണരംഗത്ത് വമ്പിച്ച നേ ട്ടമുണ്ടാക്കാനും കഴിയുമെന്ന് ഉറപ്പാണ്.

ഇനി നമുക്ക് വരുമാനമാർഗ്ഗങ്ങളെ തരംതിരിച്ച് പരിശോധിക്കാം. മേൽകൊടുത്ത പട്ടിക I പരിശോ ധിച്ചാൽ നികുതി വർദ്ധനയിൽ ഗണനീയമായ വർദ്ധന കാണാനില്ല എന്നു മനസിലായല്ലോ? അതി നുണ്ടായ പോരായ്മകളെക്കുറിച്ചും പരിഹാരമാർഗ്ഗ ങ്ങളെക്കുറിച്ചും നമുക്ക് പരിശോധിക്കാം.

## 1 കെട്ടിടനികുതി

പട്ടികയിലെ അഞ്ച്കൊല്ലത്തെ നികുതിയിൽ നിന്ന് കേവലം അഞ്ചോ ഏഴോ ആയിരത്തിന്റെ വർദ്ധനവ് മാത്രമേ കാണാൻ കഴിയൂ. എന്നാൽ അവ സാനവർഷങ്ങളിലെ വർദ്ധനവാണെങ്കിൽ മുൻകാല കുടിശ്ശിക അടക്കമുള്ള വരവ് കൊണ്ടുമാത്രമാണ് മാത്രമല്ല നികുതികൾ പഞ്ചായത്തുകളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സ്വന്തം അധികാര പരിധിയിൽ നിന്നുകൊണ്ടാണെങ്കിൽപോലും അശാസ്ത്രീയമായി കുറച്ച്കൊടുക്കുന്നത് വരുമാനം കുറയാൻ കാരണമാ കുന്നു. അതുപോലെ, അപ്പീൽ പരിശോധന ശാസ് ത്രീയമായി കൈകാര്യം ചെയ്യാത്തതിനാലും സംഭ വിക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനു ജന പ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ഉൾ പ്പെടുന്ന അപ്പീൽ കമ്മിററി പരിശോധിക്കുന്നത് നന്നായിരിക്കും.

ഇന്ന് കെട്ടിട നികുതി ചുമത്തുന്ന രീതിയിൽ മാററം വരുത്തണം. നിലവിലുള്ള നിയമപ്രകാരം ഉദ്യോഗസ്ഥന്റെയോ ബന്ധപ്പെട്ടവരുടെ താൽപര്യ പ്രകാരം നികുതി ചുമത്താനും കൂട്ടാനും കുറക്കാനും കഴിയും. അതുമാററി ശാസ്ത്രീയമായി കെട്ടിടത്തി ന്റെ നിർമ്മാണ രീതിക്കും തരത്തിനും അനുസരിച്ച് നിർദ്ദിഷ്ട ഫാറത്തിൽ സത്യവാങ്മൂലംവഴി നികു തി ചുമത്താനും ജനകീയ സമിതിയെക്കൊണ്ട് പരിശോധിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. ജനകീയസമിതിയിൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ അംഗീകാരമുള്ള രാഷ്ട്രീയപാർട്ടി പ്രതിനിധികളും ഉണ്ടാകുന്നത് നന്നായിരിക്കും, ഈരീതി എല്ലാതരം നികുതിനിർണ്ണയത്തിനും ബാധകമാക്കാവുന്നതാണ്.

കെട്ടിടത്തിന്റെ വിസ്തീർണ്ണം, മുറികൾ, നില കൾമോടിപിടിപ്പിക്കാൻ ആർഭാടപരമായ മററു ഏർപ്പാടുകൾഎന്നിവ പരിഗണിച്ചുകൊണ്ടായിരിക്കണം നികുതിചുമത്തുന്നത്. എന്നു മാത്രമല്ല കെട്ടിടങ്ങൾ മോടിപിടിപ്പിക്കുന്നതിനനുസരിച്ച് നികുതി പുന: പരിശോധിക്കാനുള്ള സംവിധാനം നിർബന്ധമായും ണ്ടായിരിക്കണം. വാടകക്കെട്ടിടമാണെങ്കിൽ മേൽ പറഞ്ഞകാര്യങ്ങൾക്കു പുറമെ വാടകകൂടി പരിഗണി ച്ചുകൊണ്ടുതന്നെ നികുതി നിശ്ചയിക്കണം. മേൽ പറഞ്ഞകാര്യം സത്യസന്ധമായി വെളിപ്പെടുത്താ ത്തവർക്കെതിരെ കർശനമായ നിയമനടപടികൾ ഉണ്ടാകണം. നികുതി ചുമത്തുന്നതും, നികുതി അടച്ചു തീർക്കുന്നതും ജനങ്ങളുടെ കടമയും നിയമപരമായ ഉത്തരവാദിത്തവുമാണെന്ന് ജനങ്ങളെ ബോധ്യ പ്പെടുത്തണം. ഒരു നിശ്ചിത വിസ്തീർണ്ണ ത്തിന് മേലേവരുന്ന കെട്ടിട നിർമ്മാണങ്ങൾക്ക് (ഉദാ: 25 സ്ക്വ അടി) വാടക വാങ്ങാനുദ്ദേശിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണങ്ങൾക്കും കേരള കെട്ടിട നിർമ്മാണ നിയമം ബാധകമാക്കാവുന്നതാണ്, ഈ ഇനത്തിൽ പഞ്ചായത്തിന് നല്ലൊരു ഭാഗം പണം സ്വരൂപിക്കാൻ കഴിയും.

## 2 തൊഴിൽനികുതി

നിലവിൽ നിയമമുണ്ടെങ്കിൽ തന്നെ പഞ്ചായ ത്തിൽ ഉദ്യോഗസ്ഥൻമാരിൽ നിന്നും കച്ചവടക്കാരി ൽ നിന്നും മാത്രമേ തൊഴിൽ നികുതി പിരിക്കുന്നുള്ളൂ. കൃത്യമായും സത്യസന്ധമായും വരുമാനം ബോദ്ധ്യ പ്പെടുത്താൻ ജനങ്ങൾ തയ്യാറാവാത്തതിനാൽ കൃഷി ക്കാർക്കും മററു തൊഴിലെടുക്കുന്നവർക്കും തൊഴിൽ നികുതി ചുമത്താറില്ല. ആയത് എല്ലാമേഖലയിലും ജോലിചെയ്തോ കൃഷിചെയ്തോ കച്ചവടം ചെ യ്തോ വരുമാനം ഉണ്ടാക്കുന്നവർക്കും തൊഴിൽനി കുതി ചുമത്താവുന്നതാണ്. ആയതിനു നിഷ്പക്ഷ വും നീതിപൂർവ്വവുമായ പ്രവർത്തനത്തിന് ജനകീയ കമ്മിററികൾ ഉണ്ടാക്കണം. ഇന്ന് നിലവിലുള്ള നിയമപ്രകാരം തന്നെ സത്യസന്ധമായി നികുതി ചുമത്താൻ കഴിഞ്ഞാൽ വൻതോതിൽ ധനസമാഹര ണത്തിനു ഈ പഞ്ചായത്തിൽ സാധ്യത ഏറെ യാണ്.

## 3 വിനോദനികുതി

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ വരു മാനത്തിൽ ഏററവും അധികം ചോർച്ച നടക്കുന്നത് വിനോദനികുതി പിരിവിലാണ്. ഈ കാര്യത്തിൽ കാര്യക്ഷമമായി പ്രവർത്തിച്ചാൽ നല്ല നിലയിൽ ധനം സ്വരൂപിക്കാൻ കഴിയും. ഇതിനു നേരിടുന്ന പ്രശ്നം പരിഹരിക്കുന്നതിനു ചില നിർദ്ദേശങ്ങൾ ഇവിടെ ഉന്നയിക്കാൻ ആഗ്രഹിക്കുന്നു. നികുതി കോമ്പൗണ്ടിംഗ് സിസ്ററം ഇതിനു ഏററവും നല്ല നിർദ്ദേശമാണ്. മാസത്തിലൊരിക്കലോ, മൂന്നുമാസ ത്തിലൊരിക്കലോ കോമ്പൗണ്ടിംഗ് സിസ്റ്റം പ്രകാ രം നികുതി നിശ്ചയിക്കാനും പിരിച്ചെടുക്കാനും കഴി യണം. നികുതികൾ ജനകീയ കമ്മിററികളെക്കൊ ണ്ട് അവലോകനം ചെയ്യാനുള്ള സംവിധാനം ഉണ്ടാ ക്കുന്നത് നന്നായിരിക്കും.

ഈ രംഗത്ത് വ്യാപകമായ അഴിമതി നടക്കു ന്നുണ്ട് അതുകൊണ്ട് അഴിമതി, തട്ടിപ്പ് എന്നിവ നടത്തുന്ന സ്ഥാപനഉടകളെയും കൂട്ടുനിൽക്കുന്ന ഉദ്യോ സ്ഥൻമാരെയും കണ്ടുപിടിച്ച് ശിക്ഷിക്കാൻ പഞ്ചാ യത്ത്തലത്തിൽ വിജിലൻസ് കമ്മിററികൾ ഉണ്ടാ ക്കണം. ഇതുസംബന്ധിച്ചുള്ള എല്ലാവിധ നിയമ ങ്ങളെക്കുറിച്ചും പൊതുജനങ്ങളിൽബോധമുണ്ടാ ക്കാൻ നടപടിസ്വീകരിക്കണം. പ്രതിഫലംവാങ്ങി പ്രദർശിപ്പിക്കുന്ന എല്ലാതരം വിനോദ പ്രദർശനങ്ങ ൾക്കും 30%ത്തിൽ കുറയാത്ത വിനോദനികുതി ചുമ ത്തണം. ഇപ്പോൾ നിലവിൽ 15%നിരക്കിലാണ് പഞ്ചായത്തിൽ വിനോദനികുതി പിരിക്കുന്നത്.

പട്ടിക II ചെലവ് [Expenditure]

| Sl. No | ഇനം | 1991–92 | | 1992–93 | | 1993–94 | | 1994–95 | | 1995–96 | | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | ശമ്പളം | 223626 | 00 | 203580 | 50 | 207966 | 90 | 263485 | 00 | 291337 | 00 | |
| 2 | മരാമത്ത് | 150191 | 37 | 133660 | 95 | 188596 | 00 | 308933 | 00 | 483533 | 00 | |
| 3 | മററുവക | 54176 | 55 | 61963 | 00 | 57021 | 20 | 793460 | 00 | 1234070 | 00 | |
| | | 427993 | 92 | 399204 | 45 | 433584 | 10 | 1365878 | 00 | 2008930 | 00 | |

# കിനാനൂർ കരിന്തളം ഗ്രാമ പഞ്ചായത്ത്

വിവിധ സർവ്വീസ് ബാങ്കുകളുടെ വായ്പ സംബന്ധിച്ചവിവരണം പട്ടിക II

| ക്രമ നമ്പർ | ബാങ്കിൻെറ പേര് | വർഷം | വായ്പ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | സർവ്വീസ് സഹകരണ ബേങ്ക് കരിന്തളം | 1995 | 815860-00 | |
| 2 | സർവ്വീസ് സഹകരണ ബേങ്ക് ബിരിക്കുളം | 1995 | 2586831-00 | |
| 3 | സർവ്വീസ് സഹകരണബേങ്ക് കിനാവൂർ | 1995 | 3220939-00 | |

## ഉപസംഹാരം



കാർഷീക വ്യാവസായിക മേഖലകളിലെ ഉൽപാദന വർദ്ധനയും അതിലൂന്നി നിന്നുകൊണ്ട് സേവന സൗകര്യങ്ങരം മെച്ചപ്പെടുത്തുകയുമാണല്ലോ പുതിയ ജനകീയ വികസനതന്ത്രത്തിന്റെ കാതൽ. നമ്മുടെ പഞ്ചായത്തിന്റെ സവിശേഷമായ സാമൂഹിക – സാംസ്കാരിക പശ്ചാത്തലം വ്യക്തമാക്കിക്കൊണ്ട് വിവിധ വികസനത്തുറകളിലെ സ്ഥിതിഗതികളും പ്രശ്നങ്ങളും സാധ്യതകളും പരിശോധിക്കാൻ ശ്രമിക്കുകയാണ് ഈ രേഖയിൽ ചെയ്തിട്ടുള്ളത്. തീർത്തും കേന്ദ്രീകൃതമായ നിലവിലുള്ള രീതികളെ തിരുത്തുന്നതും അതിനുപൂരകവും വികേന്ദ്രീകൃതവും ജനകീയമായതുമാണ് പുതിയശൈലി. അതിനാകട്ടെ നമ്മുടെ പ്രാദേശിക പ്രത്യേകതകരം കണ്ടറിഞ്ഞുള്ള, അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള പദ്ധതിയാസൂത്രണവും നടത്തിപ്പും വേണം.

ഈ പദ്ധതി രൂപീകരണവും നടത്തിപ്പും ഏതാനും വിദഗ്ദൻമാരോ നേതാക്കളോ ചെയ്തു തീർക്കുന്ന ഏർപ്പാടാകാൻ പാടില്ല. പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും പങ്കെടുക്കുന്ന വമ്പിച്ചതും അഭൂതപൂർവ്വവുമായ ജനകീയ കൂട്ടായ്മയും ജനമുന്നേററവും ആകണം

ഉൽപാദന വർദ്ധനവിനാവശ്യമായ സാഹചര്യങ്ങരം സൃഷ്ടിക്കുന്നതിനൊപ്പം കുടിവെള്ളം, കക്കൂസ്, പാർപ്പിടം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങരം ലഭ്യമാക്കുന്നതിനും കഴിയണം. ഇക്കാര്യങ്ങരം സൂക്ഷ്മമായി ആസൂത്രണം ചെയ്യുന്നതിന് വിഭവഭൂപട നിർമ്മാണം' സാമൂഹ്യ സാമ്പത്തിക സർവ്വേ സാനിറേഷൻ സർവ്വ തുടങ്ങിയ സമഗ്രമായ വിവര ശേഖരണ പരിപാടികരം കൂടി നിർവ്വഹിക്കേണ്ടതുണ്ട്.

നമ്മുടെ യഥാർത്ഥ ആവശ്യങ്ങളും പ്രശ്നങ്ങളും കണ്ടറിയുന്നതിനൊപ്പം തന്നെ അവ നിറവേററാനാവശ്യമായ വിഭവങ്ങളുടെ ശേഖരണവും ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ സുപ്രധാനമായ ഘടകമാണ്. ലഭ്യമായ പഞ്ചായത്ത് ഫണ്ടിനെ ആധാരമാക്കി ജനകീയാസൂത്രണ പരിപാടികരം യാഥാർത്ഥ്യമാക്കാനാവില്ല. ഒമ്പതാം പദ്ധതി അടങ്കലിന്റെ ഭാഗമായി പ്രാദേശിക ജനാധികാര സ്ഥാപനങ്ങരംക്ക് നൽകാൻ പോകുന്ന ഉയർന്ന വിഹിതം ഇതിനു വളരെ സഹായകമാണ്. പക്ഷെ പ്രാദേശിക വിഭവ ലഭ്യത കൂടി കൂടുതലായി കണ്ടെത്താൻ കഴിയണം, ഒപ്പം വിവിധ പദ്ധതികരംക്കായി സർക്കാർ – സർക്കാരിതര ഏജൻസികളുടെ സഹായം കൂടി തേടാനും ഉറപ്പു വരുത്താനം നാം പരിശ്രമിക്കേണ്ടതുണ്ട്.

ദേശീയ സാമ്പത്തീക–ആസൂത്രണ സംവിധാനത്തിന്റെ ചട്ടക്കൂടിനകത്തു നിന്നുകൊണ്ട് കേരളത്തിലെ ജനകീയ ആസൂത്രണ പ്രസ്ഥാനം തുറന്നുവെക്കുന്ന പുത്തൻ സാധ്യതകരം ഉപയുക്തമാക്കി മുന്നോട്ടു പോകാനുള്ള ഉറച്ച ഇച്ഛാശക്തിയാണ് നമുക്ക് ആവശ്യം

വസ്തുനിഷ്ഠമായ അടിത്തറയിൽ നാടിന്റെ പ്രശ്നങ്ങരം തിരിച്ചറിയാൻ യാഥാർത്ഥ്യ ബോധത്തോടെ നിശ്ചയ ദാർഢ്യത്തോടെ അവയ്ക്ക് പരിഹാരം കാണാനുള്ള വഴിയൊരുക്കാൻ ഈ സെമിനാറിലെ ചർച്ചകരം സഹായകമായിത്തീരും, അതാനായി ഈ വികസനരേഖ വിശദമായ ചർച്ചയ്ക്കും സമഗ്രമായ പരിഷ്കരണത്തിനും കൂട്ടിച്ചേർക്കലിനും വിധേയമാക്കുന്നതിനായി ഈ സെമിനാർമുമ്പാകെ സമർപ്പിക്കുന്നു.

ഐശ്വര്യപൂർണ്ണമായ കേരളം കെട്ടിപ്പടുക്കാൻ മുന്നോട്ട്,

ഗ്രാമപഞ്ചായത്ത് ഭരണ സമിതിക്കുവേണ്ടി,
കെ. വി. കുഞ്ഞിരാമൻ നായർ,
(പ്രസിഡണ്ട്)

" അരി ആന്ധ്രയിൽ നിന്നു വരും
പച്ചക്കറി പൊള്ളാച്ചിയിൽ നിന്നും
പണം ഗരംഫിൽ നിന്നും
നമുക്കെന്തിന് പുഞ്ചപ്പാടം "

" എന്താണ് ചെയ്തിരിക്കുന്നതെന്ന് നോക്കണം
അല്ലാതെ ആരാണ് ചെയ്തിരിക്കുന്നത്
എന്ന് നോക്കി വിധി കൽപ്പിക്കരുത് "

–ഡോ; സർവ്വേപ്പിള്ളി രാധാകൃഷ്ണൻ–

## ഗ്രാമസഭകൾക്ക് നേതൃത്വം കൊടുത്ത റിസോഴ്സ് പേഴ്സൻമാർ

1. കെ. വി. കുഞ്ഞിരാമൻ നായർ, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്.
2. എം. വി. രാധ, ബ്ലോക്ക് പഞ്ചായത്തംഗം.
3. പി. വി. ചന്ദ്രൻ, ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡൻറ്.
4. ലീലാമ്മ ടീച്ചർ, ഗ്രാമപഞ്ചായത്തംഗം.
5. പി. നാരായണൻ. " "
6. ടി. വി. കാർത്യായനി. " "
7. ഭാസ്ക്കരൻ പള്ളത്താൻ " "
8. കെ. കെ. നാരായണൻ. " "
9. പി. നാരായണിയമ്മ. " "
10. വി. കുഞ്ഞുമാണി. " "
11. ടി. അബ്ദുൾ റഹിമാൻ. " "
12. കെ. അമ്പാടി കുഞ്ഞി, ഗ്രാമപഞ്ചായത്ത് സെക്രട്ടറി.
13. ടി. കെ. രവി, കൺവീനർ, റിസോഴ്സ് പേഴ്സൻ.
14. ഒ. എം. ബാലകൃഷ്ണൻ മാസ്റ്റർ, ഡി. ആർ. പി.
15. വരയിൽ രാജൻ, ഡി. ആർ. പി.
16. പാറക്കോൽ രാജൻ, ഡി. ആർ. പി.
17. എം. വി. പത്മനാഭൻ, ഡി. ആർ. പി.
18. കെ. വി. രാജൻ, ഡി. ആർ. പി.
19. കെ. വി. തങ്കമണി, ഡി. ആർ. പി.
20. കെ. എം. ഷെട്ടി, പി. എച്ച്.സി. കരിന്തളം.
21. സുകേഷ് കുമാർ, സി. വി. കിണാവൂർ.
22. എം. പി. കുമാരൻ, നെല്ലിയടുക്കം.
23. കെ. സതീശൻ, ഓമച്ചേരി.
24. വി. ശശീന്ദ്രൻ, കോളംകുളം.
25. പി. പി. ഗോപി. യു.ഡി. ക്ലാർക്ക്, പഞ്ചായത്ത് ഓഫീസ്.
26. എം. എ. നഫീസ, എൽ. വി. ഇ. ഒ. കരിന്തളം.
27. എ. കെ. കുഞ്ഞിക്കണ്ണൻ, ചാങ്ങാ ട്
28. കെ. വി. കുഞ്ഞമ്പു മാസ്റ്റർ, കിണാവൂർ
29. പി. കരുണാകരൻ, കിണാവൂർ.
30. മധു. പി. പന്നിത്തടം.
31. മധു. പി. പന്നിത്തടം.
32. മുരളി. പി. വി. വെള്ളരികുണ്ട്.
33. വിനോദ്. കെ. പന്നിത്തടം.
34. കെ. വി. വിജയൻ. കാളിയാനം.
35. സക്കീന രാജു. കോളംകുളം.
36. കുഞ്ഞികൃഷ്ണൻ, വരയിൽ
37. കെ. വി. കണ്ണൻ, പെരിയങ്ങാനം.
38. ലതാ. പാറക്കോൽ.
39. സി. നാരായണൻ, താലൂക്ക് ലൈബ്രറി യൂണിയൻ സെക്രട്ടറി.
40. കെ. ബാലൻ, വില്ലേജ് ഓഫീസർ, കരിന്തളം.
41. എ. ആർ. വിജയകുമാർ, ടീച്ചർ, എ.യു.പി.എസ്, ബിരിക്കുളം.
42. കെ. മോഹനൻ, കയനി.
43. കെ. ഭാസ്കരൻ, മയ്യങ്ങാനം, സിവിൽസപ്ലൈസ്.
44. എൻ. മധു കുമാർ, പുതുകുന്ന്.
45. വിദ്യുല്ലത, എൽ.വി.ഇ.ഒ., കിനാനൂർ.
46. കെ. വി. ഭരതൻ, ചായ്യോത്ത്.
47. ശാന്ത. കെ. ചായ്യോത്ത്.
48. കെ. ടി. ബാലകൃഷ്ണൻ.
49. കെ. നാരായണൻ, പരപ്പ.
50. ടി. ത്രിവേണി, പരപ്പ.
51. വി. മാധവൻ, പരപ്പ.
52. എം. രാജൻ, കാരാട്ട്.
53. ഓമന, കാരാട്ട്.
54. പി. എം. നളിനി, പുലിയന്നൂർ.
55. എം. ചന്ദ്രൻ, മുക്കട.
56. ടി. ദാമോദരൻ, കൃഷി അസിസ്റ്റൻറ്.
57. രാധാകൃഷ്ണൻ. കെ. ഫാർമസിസ്റ്റ്, പി.എച്ച്.സി.
58. കെ. വി. ഗോപാലകൃഷ്ണൻ, പരപ്പ.
59. പി. വി. മാധവൻ, വില്ലേജ് അസി. കിനാവൂർ.
60. ഡി. എൽ. സുമ, കൃഷി ഓഫീസർ.
61. കുഞ്ഞിക്കണ്ണൻ മാസ്റ്റർ, വി. ഇ. സി. സെക്രട്ടറി.

"നെല്ലിൻചുവട്ടിൽ മുളയ്ക്കും കാട്ടു -
പുല്ലല്ല സാധു പുലയൻ"

\- ആശാൻ -

"അധികാരം കൊയ്യണമാദ്യം നാം
അതിനുമേലാകട്ടെ പൊന്നാര്യൻ"

\- ഇടശ്ശേരി -

# വികസന റിപ്പോർട്ടിൻെറ അണിയറ ശില്പികൾ

1. കെ. വി. കുഞ്ഞിരാമൻ നായർ, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്
2. ലീലാമ്മ ടീച്ചർ, ഗ്രാമ പഞ്ചായത്തംഗം.
3. കെ. കെ. നാരായണൻ, " "
4. ടി. വി. കാർത്ത്യായനി, " "
5. പി. നാരായണിയമ്മ, " "
6. വി. കുഞ്ഞുമാണി, " "
7. കെ. അമ്പാടികുഞ്ഞി, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി.
8. കെ. ബാലകൃഷ്ണൻ, സംസ്ഥാന, കെ. ആർ.പി.
9. ടി . കെ. രവി,കൺവീനർ
10. ഒ.എം. ബാലകൃഷ്ണൻ മാസ്റ്റർ.
11. പാറക്കോൽ രാജൻ.
12. വരയിൽ രാജൻ
13. വി. കുഞ്ഞിരാമൻ, പെരിയങ്ങാനം.
14. കെ. വി. ഭരതൻ, ചായ്യോത്ത്.
15. പി. എം. കുഞ്ഞിക്കണ്ണൻ, കൃഷി അസിസ്റ്റൻറ്.
16. കെ. ശാന്ത, ചായ്യോത്ത്.
17. ടി. ത്രിവേണി, പരപ്പ.
18. എം. എ. നഫീസ, എൽ.വി.ഇ.ഒ.
19. പി. എം. നളിനി.
20. കെ. ഭാസ്ക്കരൻ, മയ്യങ്ങാനം, സിവിൽസപ്ലൈസ്.
21. കെ. മോഹനൻ, കയനി.
22. എം. രാജൻ, കാരാട്
23. പി. വി. മുരളി, വെള്ളരികുണ്ട്.
24. കെ. ബാലകൃഷ്ണൻ, കരിന്തളം സർവ്വീസ് ബാങ്ക്.
25. കെ. വി. കുഞ്ഞമ്പു മാസ്റ്റർ, കിണാവൂർ.
26. പി. ദാമോദരൻ, കൃഷി അസിസ്റ്റൻറ്.
27. എ. ആർ. വിജയകുമാർ, എ.യു.പി.എസ്. ബിരിക്കുളം.
28. ഡോ. വി. സുരേശൻ, മെഡിക്കൽ ഓഫീസർ പി.എച്ച്സി കരിന്തളം
29. കെ. എം. ഷെട്ടി, പി.എച്ച്.സി. കരിന്തളം.
30. രാധാകൃഷ്ണൻ. കെ, പി. എച്ച്.സി. കരിന്തളം.
31. വി. സുരേശൻ, ഹെൽത്ത് ഇൻസ്പെക്ടർ.
32. വി. എൻ. രാജ്മോഹനൻ. പ്രസി. ബിരിക്കുളം പാൽ സൊസൈറ്റി
33. എം. പി. കുമാരൻ, പ്രസിഡൻറ് കട്ടിപോയിൽ പാൽ സോസൈറ്റി.
34. ഡോ. സജി, വെറ്റിനറി സർജൻ കോയിത്തട്ട.
35. പി. വി. ഭാസ്ക്കരൻ, സെക്രട്ടറി, ബിരിക്കുളം സർവ്വീസ് ബേങ്ക്.
36. കെ. ലക്ഷ്മണൻ, കരിന്തളം സർവ്വീസ് ബേങ്ക് പ്രസിഡൻറ്.
37. കെ. വിജയൻ, കാളിയാനം.
38. എം. ചന്ദ്രൻ, മുക്കട.
39. സി. നാരായണൻ, താലൂക്ക് ലൈബ്രറി യൂണിയൻ സെക്രട്ടറി.
40. പി. രാജഗോപാലൻ മാസ്റ്റർ, ബിരിക്കുളം.
41. ടി. സുരേശൻ, തടിക്കുന്ന്.
42. റിനീവൻ. വി. വി. പുലിയന്നൂർ.
43. പി. പി. ഗോപി, യു. ഡി. ക്ലാർക്ക് ഗ്രാമ പഞ്ചായത്ത്.
44, കൃഷ്ണകുമാർ, ഗ്രാമ പഞ്ചായത്ത് ഓഫീസ്.
45. വി. മധുസൂധനൻ, കരിന്തളം സർവീസ് ബാങ്ക്.
46. കെ. സതീശൻ, ഓമച്ചേരി.
47. കെ. ലക്ഷമണൻ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, ഐ.സി.ഡി.പി. സബ്സെൻറർ ചായ്യോത്ത്

144

> "മാറ്റുവിൻ ചട്ടങ്ങളെ സ്വയ, മല്ലെങ്കിൽ
> മാറ്റു മതുകളി നിങ്ങളെത്താൻ
> മാറ്റൊലികൊണ്ടീമൊഴിതന്നെ സർവ്വതാ
> കാറ്റിരമ്പുന്നിതു കേരളത്തിൽ."
>
> \- ആശാൻ -

**ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് ആശംസകൾ:**

Phone : 640293

# കിനാനൂർ

# സർവ്വീസ് സഹകരണ ബേങ്ക് No (C. F. F) 30

**ചോയ്യംകോട്**



പ്രസിഡണ്ട്: **കെ. പി. നാരായണൻ**

സെക്രട്ടറി: **കെ. വിജയൻ**

---

**ജനകീയ ആസൂത്രണത്തിന് ആശംസകൾ:**

Phone : 613338

# ബിരിക്കുളം

# സർവ്വീസ് സഹകരണ ബേങ്ക് No. C. 44

**വെള്ളരിക്കുണ്ട്**

പ്രസിഡണ്ട്: **വി. ബാലകൃഷ്ണൻ**

സെക്രട്ടറി: **പി. വി. ഭാസ്ക്കരൻ**